to increased production or increased commerce, the prosperity of the people and the State would have been identical. The income from the development departments invariably forms an index of national wealth and the fact that the income from these departments has almost been stationary for some years in the past and is now steadily going down year after year, suggests that there is something radically wrong in that direction. As regards the income from customs items we see that there has been, in spite of a better developed harbour this year, a distinct fall of nearly Rs. 2,40,000. On what data does the Financial Secretary anticipate an increase of revenue from the Cochin Harbour is not clear. Well, Sir, whatever might be our quota on the duty on matches, I might assure you that the income from customs is not going to reach the budgeted revenue. Similar, Sir, will be the case with regard to the income from all other main heads of revenue. More so will be the case with regard to the income from Stamps and Registration. What we see this year is a distinct fall under this item to the extent of Rs. 1,40,000 and odd. But here the Financial Secretary, making a manipulation of the figures by reducing the income under Stamps and by showing an increase of revenue under Registration, anticipates the same figure next year. It is common knowledge that if there is a fall in income under Stamps, there will be a corresponding fall in income under Registration as well. Yet how he arrives at that figure and says that the income from the two items will be equal to the income that we have derived this year is a real mystery.

Mr. R. Nilakanta Pillai: Has the sale of court fee stamps anything to do with registration ?

Mr. Kattiyattu Sivarama Panickar: What I wish to point out, Sir, is this—that acording to conditions obtaining at present there is no likelihood of any transaction becoming better next year unless by a magic wand our Financial Secretary or any other gentleman comes to our rescue and saves the situation.

What I wish to emphasise is that in the present circumstances the anticipated revenue can never be reached next year. The only possible course open will therefore be to curtail all recurring expenditure, to reduce the salaries of high paid officers and to enforce wise economy. The pruning knife must be applied then and there. Even supposing the anticipations of the Financial Secretary are going to be true, I ask why is he so much enamoured of a surplus budget especially in these days of acute economic stringency when every country will even go in for a loan to advance money to the poor ryots of the country to benefit them? Here I ask the same question that was put forward by my friend Mr. K.P. Nilakanta Pillai.

[Mr. Kattiyattu Sivarama Panickar.]

What! has the Government done to combat the evils arising out of the economic depression? What does it show? Does it not show that they do not realise the actual situation of the people in the country and feel for them? They are not taking any steps to solve the present situation. I mean the Government are not proposing to do anything to combat the evils to satisfy the people. They keep silent over the whole question. It is a very hard fact, Sir. They do not seem to sympathise with the hard lot of the people. But here, I shall be failing in duty, if I don't confess that this year's budget makes a departure from its traditionary conservatism and makes a lump provision of Rs. 2½ lakhs for starting a Rubber Factory: Well, this is a step in the right direction. It will go a great way to find work for our unemployed young men and at the same time to find a ready market for the produce of our country. This again is an indication that the Government are slowly opening their eyes towards industrialising our country. But what we want is a more liberal and a bolder policy. Definite schemes must be formulated to turn to good use all the cocoanuts and other staple commodities produced in the country. If this is done we need not be anxious of economic depression. If Government are helpless to find remedy from without, it must be sought from within. All the staple products can be consumed in the country itself. That I suppose, Sir, they are capable of. Sir, there is yet another thing which the Government ought to do immediately to save the people from penury and ruin. Our people are bad economists. They do not know how to adjust themselves with their environments. Their commodities do not sell, their lot is very hard, yet they are never prompt to adjust themselves to live according to the income they derive. I believe some propaganda work has to be done in this direction. The Government with the co-operation of responsible citizens of the country should do propaganda work to educate the masses to make them realise their real situation to enable them to live a life of thrift and economy. Much can be done in this way to improve the financial outlook of individuals constituting the people.

Chairman: Your time is up.

Mr. Kattiyattu Sivarama Panickar: Sir, I shall try to wind up my speech in one minute. I wish that the Officers of Government try to move very freely amongst the people to ascertain their wants and seek means to remedy them. It will go a great way to establish a better and healthier relationship between the ruler and the ruled. It seems

that some of the officers think that they are meant for other purposes. Though I do not wish to mention personalities, yet in order that I may not be misunderstood, I wish to add that the Police Commissioner is a rare person in mofussils and that he seems to think that he has been imported only to coach his assistants. What the nature of the coaching is, the world is yet to know. Coming as I do from a mofussil part, I wish to cite one instance in point.

Chairman : Your time is up.

Mr. P. Padmanabhan Tampi : It was with very great interest and anxiety that we were waiting to see the budget for the ensuing year and it was with still more interest that we heard the speech delivered by the Financial Secretary at the joint session of the Legislature. 'Anxiety and interest were evoked in us for we expected a fair, prosperous and progressive budget—prosperous, progressive and fair to the people to be placed before the Legislature under the able guidance of Sir Muhammad Habibulla, the Dewan of Travancore. But, we regret, the budget was not only not fair and prosperous and progressive but it was rather retrograde in pursuing a policy of enhancing the level of taxation by introducing new taxes and raising the cost of administration by creating new appointments in the teeth of opposition of the non-official members of both the Houses. To speak frankly and sincerely, Sir, there is unrest in every part of Travancore, and there is clamour and murmur in the mind of every Travancorean about the raising of the level of taxes and realising the tax by means of oppressive and coercive methods by heartless Revenue Officers by selling the valuable movable and immovable properties of the agriculturists and spending the money thus realised without any scruple for pomp and pleasure and for obliging the favourites of the State officials. The subjects of His Highness the Maharaja are proverbially loyal and law-abiding. It is high time, Sir, to stop the policy of the Government in trying their patience and driving them to corners so that they may turn their back and become disloyal. We are really proud, Sir, in having a man of allround fame, vast experience and unrivalled capacity to steer the administrative machinery ; and we are still more proud Sir, in having another personage of equal if not more fame and prestige as the Legal and Constitutional Adviser to His Highness the Maharaja. Excuse me, Sir, when I say that these officers are not able to deal with the important political questions of the State and solve them in favour of the Government and enrich the coffers of the State without taxing the people, but by giving them a helping hand and relieving them from their heavy indebtedness. Our vanity in having the services of such officers vanishes and we have begun to feel the high

[Mr. P. Padmanabhan Tampi.]

expenditure met by the Government amounting to Rs. one lakh and twenty-five thousand for maintaining them. The important political questions that I referred to are the revival of the Interportal Convention, the revival of the Periyar Lease and the revival of the Kannan Devan Hills Concession. Instead of the Financial Secretary thanking the Legal and Constitutional Adviser for the representations he is said to have made on behalf of this Government to the Government of India, the whole people of Travancore would have thanked the Legal and Constitutional Adviser and the Dewan of the State if they could bring out any changes in the above conventions and concessions which were brought about by the foreign administrators against the interest of the State and which have been working very hard against the State interests for the last half a century. We are at a loss to know, Sir, whether the Financial Secretary, a subordinate officer of the State, was in order in thanking the Legal and Constitutional Adviser for the representations he is said to have made concerning the railway question when the matter itself is a subject of controversy and on the face of your admission in the Lower House that you yourself feel doubtful as to the matter. A casual reader of the political and constitutional history of Travancore will admit in one moment that there cannot be a medium between His Highness the Maharaja and his Minister on the one side and the Government of India on the other to make representation concerning political matters. Referring to the budget I said that it is not prosperous or progressive. The subject has not provided any tangible relief to the growing population of the State. A mere thought of the growth of the population and the means of their subsistence is alarming. Though Travancore stands 19th in extent when compared to other Indian States she holds the third rank in the matter of population. Hyderabad stands first, Mysore stands second, but Mysore and Hyderabad are 11 times and 4 times bigger than Travancore. Concerning density, Travancore holds the second position to all other Indian States, she heads the list in regard to all other British Indian Provinces and she holds the 4th position when compared with India and other foreign States. Travancore stands next to England and Wales in regard to density—the density in England and Wales is 686 per square mile and Travancore 668 per square mile. Though Travancore is an agricultural country the area per head of population of arable land is only 0·43 of an acre which is the lowest in the whole world other than Japan. Though Japan stands equal in this respect to Travancore the out-turn is 4 times larger than that of Travancore. Concerning the increase of population the increase from Census to Census was phenomenal.

May I question, what provision is made to the growing population for their gloomy future? Travancore may boast of having maintained two white elephants and they are granted; but the provision made for them is scanty—I mean agriculture and industry. Out of the 230 lakhs of rupees paid for the expenditure in the next year only Rs. 1,86,000 and odd and Rs. 1,45,000 and odd are allotted for expenditure of the Agriculture and Industrial Departments. Even out of the whole of this portion, a large portion goes by way of salaries and travelling allowances and other miscellaneous expenses to officers leaving a small balance which is allotted to this department for the development of agriculture. With this scanty provision how can it be possible to show an increase in the out-turn of agriculture. Speaking of industries, all industries undertaken by the department have failed without any exception, not to speak of the silk worm industry, leather tanning industry, honey industry and so on. The Travancore Sugars industry is not coming up chiefly for the reason of failure to get adequate supply of raw materials. Mr. N. S. T. Chari is running about to gather as much raw material as possible, from corner to corner and pillar to pillar. It was only after a very long time that Travancore was able to find that it is not possible to supply raw materials for the sugar factory.

To speak about the Rubber Factory to be established from the next year onwards.

Mr. R. Nilakanta Pillai: Is it not possible for the people in South Travancore to supply all the raw materials that the sugar factory may require?

Mr. P. Padmanabhan Tampi: Yes, Sir, it can be supplied provided the communities other than the Nadar community are also trying to supply. But there is no other hope of getting raw materials.

Mr. Komilezhathu Sankaran: Does the member think that if free licenses are granted for tapping of sweet cocoanut toddy ample raw materials will be available for the sugar factory?

Chairman: You need not answer that question. Please continue to speak about the general discussion.

Mr. P. Padmanabhan Tampi: There was a proposal to cultivate sugar-cane. But that was subsequently dropped. Another proposal was made by Mr. N. S. T. Chari that an experiment may be conducted as to whether it could be possible to take out sugar from cocoanut. I have to point out that matter has not engaged the attention of the Government. And if that proposal is brought into effect, I can say, that the cocoanut cultivators may, to a very great extent, be saved.

[Mr. P. Padmanabhan Tampi.]

Then I have to say a word about the way in which these industries are started and worked out. All industries are started without any data whatsoever or without knowing anything about it. And the way in which these industries are started is also in a half-hearted manner. With regard to the Travancore Sugars, I may say, it was contemplated by Dewan Mr. T. Raghaviah, the foundation stone was laid by Dewan Mr. M. E. Watts, the factory was opened by Dewan Mr. V. S. Subrahmanya Aiyar, and it was worked out byDewan Mr. T. Austin. Now it has become the lot of the present Dewan to find out raw materials for the working of the factory. In the same way, all the other industries are seen to have been proposed in a half-hearted and stingy way. We have a formidable rival in the rubber trade to compete with and that is Japan. Japan has flooded her rubber materials throughout the world, so much so that even England could not compete with her. What are the data for Travancore in regard to the source of raw materials in this direction? What about the capital and at what time these industries can be worked up? Suppose the man who is appointed to work up the factory finds it difficult to work in Travancore. In that case who is the other person to work it up? Even with all the facilities that we may have in the shape of electrical and other appliances and Engineers, who is to do such a big work, if the former refuses to work it up? I earnestly request Government to think over the matter in all these aspects before committing to such a tremendous scheme.

Mr. K. K. Thomas (*Nomniated*): What has the member to say in respect of the recommendations of the Economic Depression Enquiry Committee regarding the rubber production?

Mr. P. Padmanabhan Tampi: I have only to say that these recommendations are made without knowing actually the details of the industry; that is my point. They had no idea of the details of each industry.

Then a word about the administrative machinery. We have been agitating for the last 50 years against the importation of foreigners into our country. Travancore has become a laboratory where experiments are being conducted by the outsiders. For instance the Police Commissioners are always brought from British India and they remain for a short period to be again replaced by a fresh man from outside. It has become the policy of late to import the heads of departments as well. We have to pay even Rs. 32,000 to the Director of Public Instruction, we have to pay Rs, 20,000 to

the Police Commissioner Rs. 21,000 to the Chief Engineer as if Travancore cannot find capable men in her own land. Even after spending one-fourth of the revenue for education what is the use that we derive?

Mr. Komilezhathu Sankaran: Is it not generally the fact that justice is always meted out at the hands of foreigners in Travancore?

Chairman: That question does not arise.

Mr. Komilezhathu Sankaran: Another question, Sir. May I know from the member the defects of importing foreigners as heads of departments in Travancore?

Mr. P. Padmanabhan Tampi: The administration becomes costly. They have no knowledge of the local conditions. They come with certain motives which are quite against Travancore. We find that they are not able to keep the department in such a manner so as to maintain even discipline. We have heard in the Lower House and elsewhere, Sir, how corruption is prevailing in the Police Department and in other departments. If the Commissioner is not able to keep his department free from corruption what is the fun of having such a costly officer as the head of the department? And it is indeed the case everywhere. We have heard our present Dewan having expressed in more places than one that he can tolerate stupidity but not dishonesty. And we pray that the prevailing corruption be put down with an iron hand. With these words I take my seat.

Mr. M. P. Madhavan Pillai (*Tiruvalla* cum *Pattanamtitta*): സർ, ഫിനാൻഷ്യൽ സെക്രട്ടറി ഈ സഭയുടെ പര്യാലോചനക്കായി സമർപ്പിച്ചിരിക്കുന്ന ബഡ്ജററ് അനുസരിച്ച് ൨൦,൦൦൦൦-ൽ പരം രൂപാ മിച്ചം അടുത്തകൊല്ലം ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ ഹൃദയമോ, ദീർഘദൃഷ്ടിയോ, കർത്തവ്യബോധമോ ഉള്ള ഒരു ഗവൺമെൻറാണ് അടുത്തകൊല്ലത്തെ ഭരണം നടത്തുന്നതെങ്കിൽ ഇപ്രകാരമുള്ള ഒരു മിച്ചംവരുത്തുന്നതിനു സാധിക്കയില്ലാ എന്നു നിശ്ചയമായും പറയാവുന്നതാണ്. ഉല്പന്നങ്ങളുടെ വിലക്കുറവുകൊണ്ടും, കാലവൈപരീത്യംകൊണ്ടും, കൃഷിച്ചിലവുകൾപോലും കൃഷിക്കാർക്കു ലഭിക്കാതിരിക്കുന്ന ഈ കാലത്തു ലാൻഡ്റവന്യുവകുപ്പിൽനിന്നും ഒരുകാശുപോലും കുറക്കാതെ മുഴുവൻസംഖ്യയും ഈടാക്കുന്നതു് ഹൃദയശൂന്യതയല്ലേ? ഇങ്ങനെ കൃഷിക്കാരനെ ഞെക്കിഞെരുക്കി ഗവൺമെൻറിനു് ആദായം ഉണ്ടാക്കി അനാവശ്യമായ ഉദ്യോഗംസൃഷ്ടിച്ച് മാസപ്പടിയും സക്കീ

[Mr. M. P. Madhavan Pillai.]

ട്ടപടിയുമായി വീതിച്ചുകൊടുക്കുകയല്ലേ ചെയ്യുന്നത്. അതു ദീർഘദൃഷ്ടിയുള്ള ആരെങ്കിലും ചെയ്യുന്നതാണോ?

ജനങ്ങളുടെ രക്ഷക്കുവേണ്ടി ഭരണംനടത്തുന്ന ഗവൺമെൻറിനു കർത്തവ്യബോധമുണ്ടെങ്കിൽ ഇങ്ങനെയുള്ള പതനത്തിൽ ജനരക്ഷയേ വിഗണിച്ച് അവരുടെ പുരസ്തുവകകളും മററും ലേലംചെയ്തു റവന്യൂ ഈടാക്കാൻ ശ്രമിക്കുമോ? അതുകൊണ്ട് ഏതുവിധത്തിൽ നോക്കിയാലും ലാൻഡ് റവന്യൂവകുപ്പിൽനിന്നുംഈടാക്കുവാൻപ്രതീക്ഷിക്കുന്ന ൩൦൦,൦൦൦ രൂപാ ഈടാക്കുന്നതു് ശരിയല്ലെന്നും, അതിൽ ഗണ്യമായ ഒരുഭാഗം വക വച്ചുകൊടുക്കേണ്ടിവരുമെന്നുമാണ് എനിക്കു പറയാനുള്ളതു്.

ഏററുമതിത്തീരുവയിനത്തിൽ ൫,൫൦൦,൦൦൦-ൽ പരം രൂപാ ഈടാകുമെന്നു ഗവൺമെൻറു പ്രതീക്ഷിക്കുന്നു. ൫൦൦-നാളികേരത്തിൻെറ ഇപ്പോഴത്തേ വിലയായ ൫½ രൂപായിൽ കൂടുതലായ വില ൩൦ കൊല്ലത്തിനുമുൻപ് നാളികേരത്തിന് ഉണ്ടായിരുന്നുവെന്നു തിരുവിതാംകൂർ സ്റ്റേററുമാനുവൽ ൨-ാം വാല്യം ൫൭൩-ാം പുറത്തുനിന്നും കാണാവുന്നതാണ്. നാളികേരത്തിൻെറ വില ഇത്രമാത്രം അധഃപതിച്ചിരിക്കുന്ന ഈ കാലത്തു് ലോകത്തു് മറെറങ്ങും ഇല്ലാത്ത ഏററുമതി തീരുവ നിറുത്തൽചെയ്യേണ്ടതാണെന്നുള്ള ഈ സഭയുടെ അഭിപ്രായത്തെ ഗവൺമെൻറു ഇതുവരെ ഗണ്യമാക്കീട്ടില്ല.

൫൦൩൯-ൽ നാളികേരത്തിൻെറ താരിപ്പുവില കണ്ടിക്കൊന്നുക്കു ൭൫-രൂപാ ആയിരുന്നതു് ക്രമേണ വർദ്ധിപ്പിച്ച് ൫൨൦-രൂപാ ആക്കുകയും പിന്നീടു പലപ്രാവശ്യത്തെ ജനങ്ങളുടെ മുറവിളിയുടെ ഫലമായി ൫൮൩-ൽ ൻ൩-രൂപാ ആയി കുറക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ കൊപ്രായുടെവില ൨൫ രൂപായിൽ കൂടുതൽ ഇല്ലെങ്കിലും താരിപ്പുവില ആ പഴയ ൻ൩-രൂപായിൽനിന്നും കുറക്കാതിരിക്കയാണു ചെയ്യുന്നതു്.

ഏററുമതിത്തീരുവ അഞ്ചുശതമാനത്തിൽ കൂടുതലായി ചുമത്തുകയില്ലാ എന്നു ബ്രിട്ടീഷ്ഗവൺമെൻറുമായുള്ള കരാറിനെ ഈ കൃത്രിമതാരിപ്പുവിലനിമിത്തം തിരുവിതാംകൂർഗവൺമെൻറു ലംഘിച്ചിരിക്കുന്നു.

ഉല്പന്നങ്ങളുടെ വില കൂടുന്നഉടനേ താരിപ്പുവില കൂടുന്നതിനു താല്പര്യംപ്രദർശിപ്പിച്ചിട്ടുള്ള ഗവൺമെൻറു നാളികേരത്തിൻെറ വില ക്രമാതീതമായി ഇടിഞ്ഞുകൊണ്ടിരുന്നിട്ടും മൂന്നുവർഷക്കാലമായി തീരുവകാര്യത്തിൽ യാതൊന്നും ചെയ്യാതിരിക്കുന്നതിൻെറ കാരണം മനസ്സിലാകുന്നില്ല.

കുരുമുളകിനു വിലകൂടിയപ്പോൾ താരിപ്പുവില അഞ്ചുരൂപായിൽ നിന്നും പത്തുരൂപാ ആയി വർദ്ധിപ്പിച്ച ഗവർമ്മെന്റു അതിന്റെ വില കുറഞ്ഞിട്ടു മൂന്നുകൊല്ലത്തിൽ അധികമായിട്ടും ആ വിവരം അറിഞ്ഞതായിട്ടു ഭാവിക്കുന്നില്ല. അതുകൊണ്ടു് ഗവർമ്മെന്റിന്റെ നയം ജനക്ഷേമത്തിനും നീതിക്കും യോജിച്ചവിധം രൂപവൽക്കരിക്കയാണെങ്കിൽ നീരുവഹനത്തിലുള്ള ആദായത്തിന്റെയും ഒരു വലിയ പങ്കു കുറഞ്ഞുപോകുന്നതാണു്.

പള്ളിക്കൂടങ്ങളിലും കാളേജുകളിലും വിദ്യാർത്ഥികളുടെ ഫീസ്സു പകുതി ആക്കണമെന്നുള്ള കഴിഞ്ഞ ശ്രീമൂലംഅസംബ്ലിയുടെ തീർച്ചയേ ഗവർമ്മെന്റു സ്വീകരിക്കുന്നപക്ഷം ആ ഇനത്തിലും വലുതായ ഒരു സംഖ്യ കുറഞ്ഞുപോകുന്നതാണു്.

ഇപ്രകാരം ജനക്ഷേമകരങ്ങളായ പ്രവൃത്തികൾ ചെയ്യുകയും ബഡ്ജററു ബാലൻസ്സു ചെയ്യുകയും വേണമെങ്കിൽ ചിലവിനങ്ങൾ കുറക്കേണ്ടിയിരിക്കുന്നു. അനാവശ്യ ഉദ്യോഗങ്ങൾ കുറക്കുക, തീരെ താണ ശമ്പളക്കാരൊഴിച്ചു് ബാക്കിയുള്ളവരുടെ ശമ്പളത്തിൽ ശരിയായ കുറവുവരുത്തുക, ആഡംബരച്ചിലവുകൾ മാററിവയ്ക്കുക മുതലായകാര്യങ്ങളിൽ ഗവർമ്മെന്റു ഒരു ധീരമായനയം കൈക്കൊള്ളുന്നപക്ഷം ഇവിടത്തെ സാമ്പത്തികവിഷമത്തിനു വളരെ ആശ്വാസം ലഭിക്കുന്നതാണു്.

അടുത്തകൊല്ലത്തിൽ ഒരു റബ്ബർഫാക്ടറി സ്ഥാപിക്കുന്നതിനു ൨ ലക്ഷം രൂപാ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതിൽ ഗവർമ്മെന്റിനെ അഭിനന്ദിക്കുന്നു. ഗവർമ്മെന്റിന്റേയും പ്രജകളുടേയും ശ്രേയസ്സിനു ഉപയുക്തങ്ങളായ ഈവക വ്യവസായസ്ഥാപനങ്ങളിൽ ഗവർമ്മെന്റിന്റെ ദൃഷ്ടി മേല്ക്കുമേൽ പതിയുമെന്നു ഞാൻ ആശിക്കയും വിശ്വസിക്കയും ചെയ്യുന്നു.

തിരുവിതാംകൂർരാജ്യത്തെപോലെ ജനസംഖ്യ വർദ്ധിച്ചുവരുന്ന വേറെ ഒരു രാജ്യം ഉണ്ടോ എന്നുള്ളതു് സംശയമാണു്. ആളൊന്നിനു അര ഏക്കർ ഭൂമിപോലും ഇപ്പോൾ ഇവിടെഇല്ലാതാണിരിക്കുന്നതെന്നു കണക്കുകൊണ്ടു കാണാവുന്നതാണു്. ഈ രാജ്യത്തു കൃഷി ഏററവും അഭിവൃദ്ധിയിൽ ഇരുന്നകാലത്തുതന്നെയും ഉല്പന്നങ്ങളായ ആഹാരസാധനങ്ങളും മററും ജനങ്ങളുടെ ആവശ്യത്തിനു മതിയാകാതെയാണു് ഇരുന്നിട്ടുള്ളതു്. നെല്ലു്, അരി മുതലായ സാധനങ്ങൾ അന്നും നാം വിദേശങ്ങളിൽനിന്നു വരുത്തുന്നുണ്ടായിരുന്നു എന്നുള്ളതു് അനുഭവസിദ്ധമാണല്ലോ. ജനസംഖ്യയുടെ കുറവും തന്നിമിത്തം ആളൊന്നിനു ശരാശരിക്കു ഉണ്ടായിരുന്ന ഭൂമിയുടെകൂടുതലും മണ്ണിന്റെ വീര്യക്കൂടുതലിനാൽ വിളവിന്റെ കൂടു

[Mr. M. P. Madhavan Pillai.]

ഗലും ഉണ്ടായിരുന്ന അന്നത്തേ അവസ്ഥ ഇതായിരുന്നുവെങ്കിൽ ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചും തന്മൂലം ആളൊന്നിനു ഭൂമി വളരെ കുറഞ്ഞും തുടർച്ചയായുള്ള കൃഷിയിൽ മണ്ണിന്റെ വീര്യം കുറഞ്ഞ് വിളവുതീരെ മോശമായും ഇരിക്കുന്ന ഇന്നത്തെ അവസ്ഥ എത്രമാത്രം ശോചനീയമായിരിക്കണമെന്നു ഊഹിക്കാവുന്നതാണല്ലോ.

പരിഷ്കാരങ്ങൾ ഒരു രാജ്യത്തിന്റെ ഉന്നതിക്കു ഒഴിച്ചുകൂടാത്തവയാണെന്നിരുന്നാലും അവയുടെ ഗുണങ്ങൾ ജനങ്ങളിൽ പ്രതിഫലിക്കണമെങ്കിൽ അവയ്ക്കു തക്കതായ പരിതഃസ്ഥിതികൾ കൂടി അവക്ക് ഉണ്ടായിരിക്കേണ്ടതു് എത്രയും അത്യാവശ്യമാണു്. വസ്ത്രധാരണത്തിനും, ആഹാരത്തിനും യാതൊരുവകയുമില്ലാതെ പട്ടിണികൊണ്ട് കാലംകഴിച്ചുകൂട്ടുന്ന ഇവിടത്തെ സാമാന്യജനങ്ങൾക്ക് ഇലക്ട്രിക്കലൈററിന്റേയോ, വലിയതുകകൾ ശമ്പളംകൊടുത്തു വിദേശങ്ങളിൽനിന്നും വരുത്തുന്ന വമ്പിച്ച ഉദ്യോഗസ്ഥന്മാരുടേയോ സാന്നിദ്ധ്യംനിമിത്തം എന്തു പ്രയോജനമാണുണ്ടാകുന്നതു്?

Mr. Tariatu Kunjitomman (*Nominated*): രാജ്യഭരണത്തിന്റെ വിവിധവശങ്ങളെ സംബന്ധിച്ച് ഇവിടെ ദീർഘമായ വിമർശനങ്ങൾ നടന്നുകഴിഞ്ഞിരിക്കുന്നു. അവയെല്ലാം ആവർത്തിച്ചു പറഞ്ഞു് സമയം കളയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഏററവും പ്രധാനമെന്നു വിചാരിക്കുന്ന ചില സംഗതികളെ ജനക്ഷേമത്തിനും രാജ്യത്തിന്റെ ശ്രേയസ്സിനുമായി പ്രത്യേകം ഗവണ്മെന്റിനെ ചൂണ്ടിക്കാണിക്കാമെന്നാണ് വിചാരിക്കുന്നതു്. ജനങ്ങളുടെ നന്മയ്ക്കു് അവശ്യം വേണ്ടതായ ചിലവുകൾക്ക് വലിയ ലുബ്ധുകാണിക്കാതെ മിച്ചം വരുന്ന ഒരു ബഡ്ജററു തയാറാക്കിയിരിക്കുന്നതു് ശ്രേയസ്കരംതന്നെ. മെഡിക്കൽ, സാനിട്ടറി, പബ്ലിക്ക് വർക്സ്, എഡ്യൂക്കേഷൻ മുതലായ ഇനങ്ങൾക്ക് അടുത്തവർഷവും ചിലവിൽ വലിയ കുറവു ബഡ്ജററിൽ വരുത്തീട്ടില്ല. രാജ്യമൊട്ടുക്കു ക്ഷാമം ബാധിച്ചിരിക്കുന്ന ഈ അവസരത്തിൽ ഈവിധം ബഡ്ജററു തയ്യാറാക്കുവാൻ സാധിച്ചതു് ആശ്വാസജനകമാണ്. എന്നാൽ ഈ ബഡ്ജററിൽ പ്രതീക്ഷിക്കുന്ന വരവ് പരിതസ്ഥിതി മേലിലും ഇങ്ങനെതന്നെ തുടർന്നുകൊണ്ടിരിക്കുകയാണെങ്കിൽ ഗവണ്മെന്റിനു ലഭിക്കുമോ എന്നും ഗവണ്മെന്റിനു ചിലവിനങ്ങളിൽ ലുബ്ധു കാണിക്കാതിരിക്കാൻ തരപ്പെടുമോ എന്നും വളരെ സംശയിക്കേണ്ടിയിരിക്കുന്നു. മുതലെടുപ്പു പ്രധാനമായി എക്സൈസു ഡിപ്പാർട്ടുമെന്റിൽനിന്നും ലാൻഡ് റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും ഉണ്ടാകേണ്ടവയാണ്.

ഉല്പന്നങ്ങളുടെ വിലക്കുറവുകൊണ്ടു് കർഷകന്മാർ മിക്ക കൃഷികളേയും കുറച്ചുകളയും. ഇഞ്ചി മുതലായ കൃഷികൾ ഇപ്പോഴെ കുറച്ചിരിക്കുന്നു. ചുക്കു്, മുളകു്, കൊപ്രാ മുതലായവയുടെ തീരുവയിനത്തിലാണു് എക്സൈസിലെ മുതലെടുപ്പധികവും. വിലക്കുറവും വിളവുകുറവുംകൊണ്ടു തീരുവ ഇനത്തിലെ വരവു കുറയാതിരിക്കയില്ല. അബ്കാരി ഇനത്തിലെ വരവും ക്ഷാമം നിമിത്തം കുറയുകതന്നെചെയ്യും. ഭൂനികുതിയും എത്ര നിർബന്ധിച്ചാലും ശരിയായിടാകുമെന്നു വിചാരിക്കാൻപാടില്ല. അതുകൊണ്ടു് കർഷകന്മാരുടെ രക്ഷക്കായി ഇപ്പോൾതന്നെ എന്തെങ്കിലും ശരിയായി ചെയ്തു് അവരുടെ കഷ്ടത തീർത്തെങ്കിൽമാത്രമെ മുതലെടുപ്പു പ്രതീക്ഷപോലെ ഉണ്ടാകു. ജനങ്ങൾ കഷ്ടപ്പെടുന്നെങ്കിലും അവരെ സഹായിക്കത്തക്കവണ്ണം ഗവണ്മെൻറിൻെറ ധനസ്ഥിതി തൃപ്തികരമായിരിക്കുന്നതു് ജനങ്ങൾക്കു് ആശാജനകമാണു്. ഗവണ്മെൻറിൻെറ ധനസ്ഥിതിയെ ആശ്രയിച്ചല്ലാതെ ജനങ്ങൾക്കെന്തെങ്കിലും സഹായം ലഭിക്കുമെന്നു പ്രതീക്ഷിക്കുവാൻ തരമില്ലല്ലോ. രാജ്യം ഒട്ടുക്കു ബാധിച്ചിട്ടുള്ള ക്ഷാമം ഏതുവിധത്തിൽ തടുത്തുനിർത്താമെന്നു ഗവണ്മെൻറു ശരിയായി പര്യാലോചിക്കേണ്ടതാണു്. ഗവണ്മെൻറു പര്യാലോചിക്കുന്നുണ്ടെങ്കിലും അതിലേക്കു ശരിയായ മാർഗ്ഗങ്ങൾ പ്രയോഗിച്ചുകാണാത്തതുകൊണ്ടു് ഗവണ്മെൻറു് ഇതേവരെ അതിനുള്ള മാർഗ്ഗങ്ങളൊന്നും കണ്ടുപിടിച്ചിട്ടില്ല എന്നുവേണം വിചാരിക്കുവാൻ. ഈ ക്ഷാമത്തെ നീക്കംചെയ്യുവാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നു ഗവണ്മെൻറു ഗാഢമായി ആലോചിച്ചു് ഉടനെ നടപ്പിൽ വരുത്തണം. സമയം ഇനിയും നീട്ടിവയ്ക്കരുതു്. എനിക്കു് ഈ വിഷയത്തിലുള്ള അഭിപ്രായങ്ങൾ ഇവിടെ പ്രസ്താവിക്കാം.

കരം ഇളച്ചുകൊടുക്കുക, ശമ്പളങ്ങൾ കുറയ്ക്കുക മുതലായ നിർദ്ദേശങ്ങൾ ക്ഷാമനിവാരണത്തിനായി ഇവിടെ പലരും നിർദ്ദേശിച്ചുകാണുന്നുണ്ടു്. എന്നാൽ ഒരുകൊല്ലത്തേക്കോ രണ്ടുകൊല്ലത്തേക്കോ, ഉള്ള ക്ഷാമമാണെങ്കിൽ ഇവയെല്ലാം ഒരുവിധത്തിൽ മതിയെന്നുവയ്ക്കാം. എന്നാൽ ഈ ക്ഷാമം പല കൊല്ലങ്ങൾ നിലനിൽക്കുന്ന ഒരു ക്ഷാമമായിട്ടാണു കാണുന്നതു്. അങ്ങനെയാണെങ്കിൽ കരം ഇളയ്ക്കുന്നതിനും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുന്നതിനും സംഖ്യയേയും കാലത്തേയും ആശ്രയിച്ചിടത്തോളം ഒരു ലിമിററു വയ്ക്കേണ്ടിവരുമല്ലോ. ഈ സ്ഥിതിക്കു ക്ഷാമനിവാരണത്തിനായി നാം മററു മാർഗ്ഗങ്ങളേയും ആരായേണ്ടിയിരിക്കുന്നു. കർഷകരെയാണു ക്ഷാമം നല്ലവണ്ണം ബാധിച്ചിട്ടുള്ളതു്.

[Mr. Tariatu Kunjitomman.]

ഇവിടത്തെ ജനങ്ങളിൽ ഭൂരിപക്ഷവും കൃഷിക്കാരാണ്. കൂലിക്കാരെപ്പററി പറയുകയാണെങ്കിൽ, കുറേപ്പേർ പട്ടണത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ കൂലിക്കാരായി കഴിയുന്നുണ്ടായിരിക്കും. അതുപോലെതന്നെ, പബ്ലിക്ക് വർക്സിലുംമററും ഏർപ്പെട്ടിട്ടുള്ള കുറെ കൂലിക്കാരേയും കാണും. എങ്കിലും ഭൂരിപക്ഷം കൂലിക്കാരും കൃഷിവേലചെയ്തു കഴിയുന്നു. ഭൂമി ഉടമസ്ഥർമാത്രമല്ല, അവരെ ആശ്രയിച്ചു കഴിയുന്ന ഈ ജോലിക്കാർക്കും, അതായത് കൃഷിക്കാരുടെ ആവശ്യത്തിലേക്കായി വെട്ടുകത്തി, കലപ്പ, മുതലായവ ഉണ്ടാക്കുന്നവർ നിലംപുരയിടങ്ങളിൽ കൂലിവേല ചെയ്യുന്നവർ, പാട്ടക്കാർ ഇവർക്കുമൊക്കെ, വലിയ ക്ഷാമം ഉണ്ട്. ഇതിനെന്താണു നിവൃത്തി? ഇതിലേക്കു ഭൂസ്വത്തുജാമ്യബാങ്കുമുഖേന എന്തെങ്കിലുംചെയ്യാൻ കഴിയുമോ എന്നു ഗവണ്മെൻറു ഗാഢമായി ആലോചിക്കേണ്ടതാണ്. ഗവണ്മെൻറ് ഒരു വലിയ തുക ഇതിലേയ്ക്കു നീക്കിവയ്ക്കുമോ എന്നുചോദിച്ചാൽ തൽക്കാലം ഗവണ്മെൻറിനതുകൊണ്ടു കഴിയുന്നതല്ലായിരിക്കാം. എന്നാൽ ഡിബഞ്ചർലോൺ ഏർപ്പെടുത്തി പിരിച്ചു കൃഷിക്കാരുടെ ഭൂമി ജാമ്യംവാങ്ങി ചുരുങ്ങിയ പലിശയ്ക്കു കൊടുക്കാൻപ്രയാസമില്ല..

Mr. Komilezhathu Sankaran : ഭൂസ്വത്തു ജാമ്യബാങ്കുകൊണ്ട് ഭൂമിഉടമസ്ഥന്മാർക്കല്ലാതെ പ്രയോജനമുണ്ടോ?

Mr. Tariatu Kunjitomman : ഭൂമിയുടമസ്ഥന്മാർക്കുണ്ടാകുന്ന പ്രയോജനമനുസരിച്ചാണ് ഈ രാജ്യത്തെ പൊതു ഐശ്വര്യം സ്ഥിതിചെയ്യുന്നത്.

Mr. Komilezhathu Sankaran : ഇവിടെ ഭൂമിയുടമസ്ഥന്മാർ എത്രപേരുണ്ട്?

Mr. Tariatu Kunjitomman : വളരെപ്പേരുണ്ട്. അതിൻെറ കണക്ക് സെൻസസ്സ് റിപ്പോർട്ടേടുത്തു് നോക്കിയാൽകാണാം.

Mr. Komilezhathu Sankaran: ആകെ ഹ വ ലക്ഷമേ ഉള്ളവെന്നറിയാമോ?

Mr. Tariatu Kunjitomman : അവരെത്രപേരുണ്ടായാലും ശരി, ഞാൻ പറയുന്നതു് ഭൂമിയുടമസ്ഥന്മാരും അവരെ ആശ്രയിച്ചു കഴിയുന്നവരുമാണ് ഈ രാജ്യത്തു മഹാഭൂരിപക്ഷവുമെന്നാണ്.

Mr. Komilezhathu Sankaran : ഭൂസ്വത്തുക്കളുടെ വരവിൽനിന്നും അതിൻെറ ചെലവു തള്ളിയാൽ ഗവണ്മെൻറിലേക്കു ബാക്കിവരുന്ന സംഖ്യ എന്താണെന്നു പറയാമോ?

Mr. Tariatu Kunjitomman : ഇവിടെ അതറിയേണ്ടതില്ല. എന്റെ പ്രസ്താവനകൾ മുഴുവനായിട്ടില്ല. അതുകഴിഞ്ഞു് ചോദ്യങ്ങൾ ചോദിച്ചാൽ ഞാൻ ഉത്തരം പറയാം. ഇപ്പോൾ എനിക്കുകളയുവാൻ സമയമില്ല.

Mr. Komilezhathu Sankaran : ഒരു ചോദ്യംകൂടി, ഭൂമിയുടമസ്ഥന്മാൎക്കുവേണ്ടി ഗവണ്മെന്റിൽനിന്നും എന്തെങ്കിലും ചിലവാക്കുന്നുണ്ടോ? ഭൂമിയിൽനിന്നും ഗവണ്മെന്റിലേക്കു കിട്ടുന്ന ആദായത്തിൽകവിഞ്ഞു് എന്തെങ്കിലും ചെയ്യണമെന്ന് മെമ്പറിന് അഭിപ്രായമുണ്ടോ?

Mr. Tariatu Kunjitomman : ഭൂമിയുടമസ്ഥന്മാൎക്കു ഗവണ്മെന്റിൽനിന്നും ചെയ്യുന്ന ആനുകൂല്യങ്ങൾകൊണ്ടു പ്രയോജനമുണ്ടായാൽ അവരോടു പലപ്രകാരേണ ബന്ധിച്ചിരിക്കുന്നവരായ സകല ആളുകൾക്കും പ്രയോജനമുണ്ടാകുമെന്നാണ് ഞാൻ പറഞ്ഞതു്. ഭൂമിയുടമസ്ഥന്മാൎക്കു ചെയ്യുന്ന ശരിയായ സഹായങ്ങൾകൊണ്ടു് രാജ്യത്തിനു പൊതുവിൽ ഗുണമുണ്ടാകുമെന്നു ഞാൻപറയുന്നു. അതാണ് ഇവിടത്തെസ്ഥിതി. ഇനിയുള്ള ചോദ്യങ്ങൾ അവസാനത്തിൽ ചോദിച്ചാലെ ഉത്തരംപറയൂ.

അതുകൊണ്ടു് ഭൂമിയുടമസ്ഥന്മാരെ സഹായിക്കുവാൻ ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധപതിക്കേണ്ടതാകുന്നു. ഇതിനു ഗവണ്മെന്റു് ഒരു മദ്ധ്യസ്ഥന്റെനിലയിൽ പ്രവൎത്തിച്ചാൽമതി. ഗവണ്മെന്റു് ഒരു ലോൺ ഏൎപ്പെടുത്തുകയാണെങ്കിൽ മൂന്നോ മൂന്നരയോ പലിശയ്ക്കു ആവശ്യമുള്ള സംഖ്യ കിട്ടും. അതു തിരിയെ ജനങ്ങൾക്കു നാലോ നാലരയോ പലിശക്കു ഭൂമിഈടിന്മേൽ കൃഷിക്കാൎക്കു കൊടുക്കാം. അങ്ങനെയാണെങ്കിൽ ജനങ്ങൾ ഇപ്പോൾ കൊടുത്തുവരുന്ന ൧൨ പലിശയിൽനിന്നു ജനങ്ങൾക്കു രക്ഷകിട്ടും; ഗവണ്മെന്റിനു നഷ്ടവുമില്ല. ഉല്പന്നങ്ങളുടെ വിലക്കുറവുകൊണ്ടു് കടത്തിന്റെ പലിശകൊടുക്കുവാനോ കരംപോലും കൊടുക്കുവാനോ ജനങ്ങൾക്കു സാധിക്കുന്നില്ല. കൃഷിക്കാരിൽ വലിയ ഭാഗം ജനങ്ങളും ഇപ്പോൾ കടത്തിൽ ഉൾപ്പെട്ടിരിക്കുകയാണ്. നൂറു് രൂപാ ഭൂമിയിൽനിന്നും ആദായം കിട്ടികൊണ്ടിരുന്നവൎക്കു ഇപ്പോൾ ൨൫ രൂപാ കിട്ടുന്നില്ല. ആയിരംരൂപാ വിലയ്ക്കുള്ള സ്വത്തു് ഇരുനൂറോ മുന്നൂറോ രൂപായ്ക്കു ഈടുകൊടുത്തിരിക്കും. ഇരുനൂറു രൂപായുടെ പലിശകൊടുത്തുതീൎക്കാനുള്ള ആദായംപോലും ഉല്പന്നങ്ങളുടെ വിലക്കുറവുകൊണ്ടു ആ വസ്തുവിൽനിന്നും കിട്ടാതെവരികയും തന്നിമിത്തം നിസ്സാരവിലക്കു വിററുപോകയും ചെയ്യുന്നു. ഈവിധത്തിലുള്ള ഭൂമി വില്പനയാണ് കോൎട്ടുമൂലം ഇപ്പോൾ അധികമായി നടക്കുന്നതു്. ഇതു

[Mr. Tariatu Kunjitomman.]

വലിയ നഷ്ടമാണല്ലോ എന്നുവച്ച് പലരും ചുരുങ്ങിയ വിലക്കു വസ്തുക്കൾ തീറുകൊടുക്കുകയോ നടപ്പു പണയംകൊടുക്കുകയോ ചെയ്യുന്നു. രജിസ്ട്രേഷൻവകുപ്പിലെ കഴിഞ്ഞ രണ്ടു്കൊല്ലത്തെ റിപ്പോർട്ടുകൾ നോക്കിയാൽ ഓരോ ആണ്ടും ൩൦-ആയിരവും ൪൦-ആയിരവും ഏക്കർ ഭൂമികൾ കൃഷിക്കാരല്ലാത്ത ആളുകൾക്കു ചെന്നുചേർന്നുകൊണ്ടിരിക്കുന്നതായി കാണാം. ഈ സംഗതി ആ റിപ്പോർട്ടുകളുടെ രണ്ടാംപേജിൽ വിവരിച്ചിരിക്കുന്നു.

Mr. K. P. Nilakanta Pillai: ഇങ്ങനെ കൃഷിക്കാരുടെ ഭൂമി എല്ലാം പണയംകൊടുത്തു് പണംവാങ്ങുന്നതു് അവർ തുലയാനുള്ള ഒരു പണിയല്ലേ?

Mr. Tariatu Kunjitomman: ആരും നഷ്ടപ്പെടാതെ എല്ലാവർക്കും നല്ലതുവരാനുള്ള പദ്ധതിയാണല്ലോ ഗവണ്മെൻറു സ്വീകരിക്കേണ്ടതു്. അതാണു് പറയുന്നതു്.

Mr. Komilezhathu Sankaran: അതു ഭൂമിയുടമസ്ഥന്മാർക്കു മാത്രം മതിയെന്നാണോ മെമ്പറിൻെറ അഭിപ്രായം?

Mr. Tariatu Kunjitomman: ഒടുവിൽ ഉത്തരം പറയാം.

മഹാരാജാവു് തിരുമനസ്സിൽനിന്നും രാജ്യഭാരം കയ്യേററപ്പോൾ ശ്രീ സ്വാതന്ത്ര്യജാമ്യബാങ്കിലേക്കു ഒരു നല്ല സംഖ്യ തൃക്കൈയിൽനിന്നുതന്നെ കല്പിച്ചുകൊടുക്കയുണ്ടായി. ഈ കർഷകരാജ്യത്തിൻെറ ശ്രേയസ്സിനു ഈ സ്ഥാപനത്തിൻെറ അഭിവൃദ്ധി എത്രയും അത്യാവശ്യമായ ഒരു കാര്യമാണെന്നു് തിരുമനസ്സുകൊണ്ടുതന്നെ ഇതുകൊണ്ടു നമുക്കു മനസ്സിലാക്കിത്തരികയായിരുന്നു എന്നുവേണം വിചാരിക്കുവാൻ. ചെങ്കോട്ട–കൊല്ലം റെയിൽവേ വാങ്ങുന്നതിനായി സൂക്ഷിച്ചുവന്ന ഫണ്ടു് മററുകാര്യങ്ങൾക്കായി; അതായതു് ഇലക്ട്രിക്ക് സ്കീമിലേക്കും മററുമായി, വിനിയോഗിക്കാമെന്നുവച്ചതു അഭിനന്ദനീയംതന്നെ. ഭാവിയിൽ വലിയകാര്യങ്ങളൊക്കെ സാധിച്ചുകൊള്ളാനായി ഒരു വലിയസംഖ്യ സൂക്ഷിച്ചിട്ടുണ്ടെന്നും അതുകൊണ്ടു് ജനങ്ങൾ ഇപ്പോൾ കഷ്ടപ്പെട്ടുകൊള്ളട്ടെ എന്നും പറയുന്നതു് ലുബ്ധംപിടിച്ച ഒരു കാരണവൻെറ നയമാകുന്നു. ആ നയം സ്വീകരിക്കാതെ വേണ്ടകാര്യങ്ങൾക്കുടനെ വിനിയോഗിക്കുവാൻ സൌകര്യമുണ്ടാക്കിയവരെ അഭിനന്ദിക്കതന്നെവേണം. ഹൈഡ്രോ ഇലക്ട്രിക് സ്കീം മദ്ധ്യതിരുവിതാംകൂറിലേയും ഉത്തരതിരുവിതാംകൂറിലേയും കൃഷി

വ്യവസായങ്ങൾക്കും നാനാമുഖങ്ങളായ ജീവിതസൌകര്യങ്ങൾക്കും ഏററം ഉതകുന്ന ഒരു സ്കീമാണെന്നതിനു സംശയമില്ല. അനേകം ജനങ്ങൾക്കു ഇതുകൊണ്ടു ഉപജീവനമാർഗ്ഗം ഉണ്ടാവുന്നതാണ്. ഗവണ്മെൻറ് മദ്ധ്യ തിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും തെക്കെ കോതയാററണക്കെന്നപോലെ വലിയ ചിലവുകൾ ഒന്നും ചെയ്യിട്ടില്ലെന്നുള്ള ആക്ഷേപവും ഈ സ്കീംകൊണ്ട് നീങ്ങീട്ടുണ്ട്. മഹാരാജാ തിരുമനസ്സിലെ ഭരണാരംഭകാലത്തു കല്പിച്ചനുവദിച്ചിട്ടുള്ള ഈ വലിയസ്കീം പൂർണ്ണമായി നടപ്പിൽ വന്നുകഴിയുമ്പോൾ തിരുവിതാംകൂറിനെ ഐശ്വര്യത്തിലും നാഗരീകത്തിലും എത്രയും ഉന്നതമായ നിലയിൽ എത്തിക്കുമെന്നതിനു സംശയമില്ല. കഴിയുന്നതും വേഗത്തിൽ ഇതു പൂർത്തിയാക്കുവാൻ ഗവണ്മെൻറു ശ്രമിക്കുമെന്നു വിശ്വസിക്കുന്നു. മററോരോ വിഷയങ്ങളെപ്പററി എനിക്കു പറയാനുള്ളതു ഓരോവകുപ്പുകളിലേക്കുള്ള ഗ്രാൻറുകൾ വരുമ്പോൾ പറയാമെന്നു വിചാരിക്കുന്നു. ക്ഷാമോദ്ധാരണത്തിനായിട്ടാണു ഇപ്പോൾ ഗവണ്മെൻറ് ഒന്നാമതായി ശ്രമിക്കേണ്ടതു്. അതിലേക്കു ഒരു കോടിയോളം രൂപാതന്നെ ലോൺ ഏർപ്പെടുത്തി ഗവണ്മെൻറു പിരിക്കണം. ഒരു കുളത്തിൽ പത്തു് മത്സ്യം കിടപ്പുണ്ടെന്നുവിചാരിക്കുക, അവ പലസ്ഥലത്തും കൂടക്കൂടെ പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ആ കുളത്തിൽ അനേകം മത്സ്യങ്ങൾ കിടപ്പുണ്ടെന്നു നമുക്കു തോന്നിപ്പോകും. അതുപോലെതന്നെ ഒരുകോടിരൂപാ കടമെടുത്തു ജനങ്ങളുടെയിടയിൽ പുറത്തുവിട്ടാൽ ഇരുപതോ ഇരുപത്തഞ്ചോ കോടിരൂപായുടേ മറിവു രാജ്യത്തുണ്ടാകുന്നതും ക്ഷാമത്തിനു വലിയകുറവും തൊഴിലുകൾക്കഭിവൃദ്ധിയുമുണ്ടാകുന്നതാണ്. അങ്ങിനെ ഉടനെചെയ്തു കൃഷിക്കാരെ സഹായിക്കാതിരുന്നാൽ അവസാനമില്ലാതെ അടിക്കടി കരങ്ങൾ കുറച്ചുതരണമെന്നും ശമ്പളം കുറയ്ക്കണമെന്നും ജനഭാഗത്തുനിന്നു മുട്ടിച്ചുകൊണ്ടുതന്നെയിരിക്കും. എത്ര കുറച്ചാലും മതിയാകയുമില്ല.

Mr. K. P. Nilakanta Pillai : പണം എവിടുന്നുവരും?

Mr. Tariatu Kunjitomman : അതു് സൂക്ഷിച്ചുവച്ചിരിക്കുന്ന ആളുകളുടെ പക്കൽനിന്നും.

Mr. K. P. Nilakanta Pillai : ആരാണ് പണം സൂക്ഷിച്ചിരിക്കുന്നതു്?

Mr. Tariatu Kunjitomman : അങ്ങനെ സൂക്ഷിച്ചുവച്ചിട്ടുള്ളവർ ആരെന്നു ലോൺ ഏർപ്പെടുത്തുമ്പോൾ അറിയാം. കടം വാങ്ങുന്ന ആളിൽനിന്നും കൊടുത്തസംഖ്യ തിരിയെ വാങ്ങുവാൻ പ്രയാസ

[Mr. Tariatu Kunjitomman.]

മെന്നു കരുതി പണം പുറത്തുവിടാതെ അവിടവിടെ പലരും സൂക്ഷിച്ചു വച്ചിരിക്കുകയാണ്. സക്കാരിന്റെ കയ്യിൽ പണം ഏല്പിക്കാൻ ആക്കും മടിയുണ്ടാകയില്ല. രാജ്യത്തിനു പുറത്തുനിന്നായാലും അകത്തുനിന്നായാലും എത്രയുംകുറഞ്ഞ പലിശക്കു പണം ലോൺ ഏർപ്പെടുത്തിയാൽ ആറുമാസത്തിനകം വന്നുചേരുമെന്നതിനു സംശയമില്ല. അസാധാരണമായ ഈ ക്ഷാമത്തിൽനിന്നു പ്രജകളെ രക്ഷിയ്ക്കുവാൻ ഗവൺമെന്റിനു കഴിവുണ്ടാക്കുന്ന ഏകമാർഗ്ഗം ഇതേയുള്ളു എന്നു ഇപ്പോൾ ഞാൻ വിചാരിക്കുന്നു. ഒരുകോടികൊണ്ടു പത്തുകോടിയുടെ കടമടയും. അതാണ് വിനിമയരീതി.

Mr. M. N. Narayana Menon (*Kottayam*) : സർ, ഫൈനാൻഷ്യൽസെക്രട്ടറിയുടെ ബഡ്ജററു വായിച്ചുനോക്കിയതിൽ കൃഷിക്കാരായ ജനങ്ങളുടെ സങ്കടപരിഹാരത്തിന് യാതൊന്നും കണ്ടില്ല. ഗവമ്മെൻറു ഗസററിന്റെ ഓരോ പ്രതിയും പ്രത്യേകം എടുത്തുനോക്കിയാൽ ഇരുനൂറും ഇരുനൂററമ്പതും വശങ്ങളുള്ളതായി കാണാം. അവയെല്ലാം രാജ്യത്തെ സ്ഥാവരവസ്തുക്കൾ ലേലംചെയ്യുന്നതിനുള്ള പരസ്യങ്ങൾകൊണ്ടു നിറച്ചിരിക്കുകയാണ്.

Mr. R. Nilakanta Pillai : ഇപ്പോൾ ഗസററിൽ അത്തരം പരസ്യങ്ങൾ കാണുന്നുണ്ടോ ?

Mr. M. N. Narayana Menon : ഇല്ല. അതാണ് ഞാൻ പറയാൻതുടങ്ങുന്നത്. ഗവമ്മെൻറു ഇപ്പോൾ ഒരു പൊടിക്കൈ പ്രയോഗിച്ചിട്ടുണ്ട്. അതായത് മൂന്നേക്കറോ അതിൽ കുറവൊ ഉള്ള സ്ഥാവരവസ്തുക്കൾ ഗസററിൽ പരസ്യപ്പെടുത്താതെ ലേലംചെയ്യാമെന്നു തീരുമാനിച്ചിരിക്കുന്നു. അതായിരിക്കണം ഉദ്യോഗസ്ഥ ഭാഗത്തുനിന്നും ഇപ്പോൾ കാണുന്നുണ്ടോ എന്നു ചോദിച്ചത്. ഈ രാജ്യത്തെ ശരാശരി കണക്കനുസരിച്ച് ഒരാൾക്കുള്ള ഭൂമി അരഏക്കറിൽ കുറവാകുന്നു. ഈ തത്വമനുസരിച്ച് ഒരു കുടുംബത്തിനു രണ്ടര ഏക്കറിൽ അധികം ഭൂമി ഇല്ല. അതിനാൽ ശരാശരിക്കു മൂന്നേക്കർ ഭൂമിയുള്ള യാതൊരു കുടുംബവും ഇവിടെ കാണുന്നില്ല എന്നാണ് അതിനെനിക്കു മറുപടി പറയാനുള്ളത്. ഭൂസ്വത്തിൽ നിന്നും കിട്ടുന്ന ആദായക്കുറവുകൊണ്ടു ഗവമ്മെൻറിനു കരംകൊടുക്കാൻതന്നെ വളരെ വിഷമമായിരിക്കുന്ന ഈ ഘട്ടത്തിൽ കരത്തിനും പുറമേ ആണ്ടുതോറും എഴുപത്തയ്യായിരത്തോളം രൂപകൂടി നോട്ടീസുപടിയായിട്ടും പിഴ മുതലായവയായിട്ടും ഈടാക്കാൻ

നിശ്ചയിച്ചിട്ടുള്ളതായി ബഡ്ജററു നോക്കിയാൽ കാണാം. ഇങ്ങനെ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞു് തൽക്കാലം ഗവമ്മെൻറിന്റെ ഭരണം മുമ്പോട്ടു കൊണ്ടുപോകാൻ കഴിയും. എന്നാൽ ജനങ്ങളുടെ പ്രധാന ആദായമാർഗ്ഗമായ കൃഷി മുതലായവകയിൽ നിന്നുമുള്ള വരവു് വളരെ വളരെ കുറഞ്ഞിരിക്കുന്നതുകൊണ്ടു ഈ വിധം എത്രനാൾ മുമ്പോട്ടുപോകാൻ സാധിക്കുമെന്നാണാലോചിക്കേണ്ടതു്.

കൊപ്രയുടെ കയററുമതി തീരുവ നിത്തൽചെയ്യണമെന്നു് പലപ്രാവശ്യവും ഞങ്ങൾ റസല്യൂഷൻ പാസ്സാക്കിയിട്ടും ഗവമ്മെൻറു് അതുവകവച്ചിട്ടില്ല. ഇതേപ്പററി ഗവർമ്മെൻറു പറയുന്നതു് "ഇൻഡ്യാഗവമ്മെൻറിലേക്കു് കൊപ്രയുടെ ഇറക്കുമതി തീരുവ കൂട്ടുവാനായി എഴുതീട്ടുണ്ടു്, അവിടെനിന്നും അനുകൂലമായ മറുപടി ഗവർമ്മെൻറു പ്രതീക്ഷിക്കുന്നുവെന്നാണു്". ഗവർമ്മെൻറു് ഇവിടത്തെ കയററുമതി തീരുവ നിറുത്തിയിട്ടു് ഇൻഡ്യാഗവർമ്മെൻറിനോടു മററു സൗജന്യങ്ങൾക്കപേക്ഷിച്ചിരുന്നുവെങ്കിൽ നാം ആവശ്യപ്പെടുന്ന സൗജന്യം അവർ അനുവദിച്ചുതരുമായിരുന്നു. നാം ആദ്യമായി ആലോചിക്കേണ്ടതു് എക്സ്പോർട്ടു ഡ്യൂട്ടി നിറുത്തുകയായിരുന്നു. നമ്മൾ അങ്ങനെചെയ്തിട്ടു് ഇൻഡ്യാഗവർമ്മെൻറിന്റെ അടുക്കൽ ആവശ്യപ്പെടുക. നിശ്ചയമായി എന്തെങ്കിലും അനുകൂലം കിട്ടും.

ദിവാൻജി അവർകൾ ഇവിടത്തെ കൊപ്രയുടെ തീരുവയെ സംബന്ധിച്ചു് ഒരിയ്ക്കൽ പ്രസ്താവിച്ച സന്ദർഭത്തിൽ നമ്മൾ ഡൽഹിനഗരത്തിൽനിന്നും വളരെ ദൂരത്തിൽ ഇരിക്കുകയാണെന്നും അതുകൊണ്ടു നമ്മുടെ നിലവിളി അവിടെ കേൾപ്പാൻ പ്രയാസമാണെന്നും പറയുകയുണ്ടായി. ആ ഭാഗം നമുക്കു് വകവച്ചു കൊടുക്കാം. അതിന്നു സമാധാനമായി എനിക്കു പറയാനുള്ളതു് നമ്മൾ വളരെ ദൂരെയാണെങ്കിലും നമ്മുടെ നിവേദനം അവിടെ കേൾപ്പിക്കത്തക്ക രണ്ടു മഹാരഥന്മാർ ഇവിടെയുണ്ടല്ലോ. അവരുടെ സർവസ്വാധീനശക്തികളും പ്രയോഗിച്ചു് രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി അവർ പ്രവത്തിക്കുന്നില്ലെങ്കിൽ രാജ്യസ്നേഹമുള്ള യാതൊരുത്തനും അവരുടെ ഇവിടത്തെനിലനില്പു് സന്തോഷാവഹമായി വിചാരിക്കാൻ നിവത്തിയില്ല.

രാജ്യമാസകലം സാമ്പത്തികാധഃപതനം മൂലം കുഴങ്ങിയിരിക്കുന്ന ഈ സന്ദർഭത്തിൽ ഗവർമ്മെൻറു് ജനങ്ങളുടെ ഋണമോചനത്തെപ്പററി യാതൊന്നും ചിന്തിച്ചിട്ടില്ല.

Mr. R. Nilakanta Pillai : ദേവധാർ കമ്മിററി ഇതിനെപ്പററി ആലോചിച്ചിട്ടില്ലെ?

Mr. M. N. Narayana Menon : ദേവധാർ കമ്മററി റിപ്പോർട്ട് ഇപ്പോഠം ഗവർമ്മെൻറിലാണല്ലോ. അതുവായിച്ചാൽ അറിയാം. അവർ ആലോചിച്ചിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

സാമ്പത്തികാധഃപതനത്തോടുകൂടി കഷ്ടകരായ ജനങ്ങഠംക്ക് കടത്തിൽനിന്നും കരകേറാൻ നിവൃത്തിയില്ലാതായിരിക്കുന്നു. ഈ അടുത്ത അവസരത്തിൽ എൻെറ നിയോജകമണ്ഡലത്തിലെ ഏററവും മാന്യനായ ഒരാഠംക്കും വീട്ടുവാൻ നിവൃത്തിയില്ലാഞ്ഞിട്ട് ആത്മഹത്യചെയ്തതായി എനിക്കറിയാം. ഇതുപോലെ എത്ര ആത്മഹത്തികളാണ് രാജ്യത്തുനടക്കുന്നതു്. ഗവർമ്മെൻറിൽനിന്നും ഞങ്ങഠംക്കുതന്ന രാജ്യഭരണറിപ്പോർട്ടിൻെറ ചില ഭാഗം വായിച്ചുനോക്കിയാൽ ധാരാളം കൊലപാതങ്ങളും അതുപോലെയുള്ള മററക്രമങ്ങളും വർദ്ധിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്. ൧൦൯ ൽ ൨൯ കൊലപാതകങ്ങഠം നടന്നിരിക്കെ ൧൦൨-ൽ ൧൨൧ ആയിരിക്കുന്നു. കള്ളനാണയകേസുകഠം ൧൩-ൽ നിന്നു ൨൭ ആയി. ക്രിമിനൽ കേസുകഠം ൨൩൦൦൦-ൽ നിന്നും ൩൦,൦൦൦-ൽ ചില്വാനമായി കൂടിയിരിക്കുന്നു. ഇതിലും പരിതാപകരമായ അവസ്ഥ കുററക്കാരായ സ്ത്രീകളുടെ എണ്ണം ൪൨൪-ൽനിന്നു ൧൦ൻ൪ ആയി വർദ്ധിച്ചിരിക്കുന്നു. ഇതിനെല്ലാററിനെയും പ്രധാനമായകാരണങ്ങഠം നാട്ടിൽ ജനങ്ങഠംക്ക് വന്നിട്ടുള്ള ദാരിദ്ര്യവും ക്ഷാമവുമാണെന്നുള്ളതിനു സംശയമില്ല.

ഈ അവസരത്തിൽ ഇൻഡ്യാ സാമ്രാജ്യത്തിലേക്കു നമ്മുടെ കണ്ണോന്നോടിച്ചു് നോക്കാം. കൃഷിക്കാരുടെ കടമോചനത്തിനും സങ്കടപരിഹാരത്തിനുമായി അതാതു ഗവമ്മെൻെറുകഠം മാർഗ്ഗങ്ങഠം ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയുടെ ഏതുഭാഗത്തും കർഷകരുടെ കടബാദ്ധ്യതയ്ക്കു പരിഹാരം ഉണ്ടാക്കാനുള്ള ശ്രമങ്ങഠം ശീഘ്രഗതിയിൽനടക്കുന്നു. North-west Frontier; United Provinces, Central Provinces, Panjab, Bengal, മുതലായ സ്ഥലങ്ങളിൽ Debt Conciliation, ബോർഡുകഠം സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. അതുപോലെയുള്ള മററുപല ബോർഡുകളും ഓരോ സ്ഥലത്തു് ഏർപ്പെടുത്തിട്ടുണ്ടു്. മദ്രാസിൽ തന്നെ മി. ആർ. ഡി.രാമലിംഗം ചെട്ടിയാർ ഇതിലേക്കു ഹാജരാക്കിയ ബിൽ

സിലക്ററു കമ്മിററിയിലായിരിക്കുന്നു. മൈസൂരിലും അടുത്ത അവസരത്തിൽ കർഷകരുടെ അവശതകളെപ്പററി അന്വേഷിപ്പാനും അവയ്ക്കു പരിഹാരം നിർണ്ണയിയ്ക്കുവാനും ഒരു കമ്മിററിഏൎപ്പെടുത്തി. ഇതിലൊക്കയും സർവപ്രധാനമായ സംഗതി ഭവനഗരത്തിലെ Debt Redumption പദ്ധതിയാണ്.

Mr. Tariatu Kunjitomman : അയൽ രാജ്യമായ കൊച്ചിയിൽ ഈ വിധം ഒരു കമ്മിററി ഏർപ്പെടുത്തി റിപ്പോർട്ടുഗവണ്മെൻറിലേക്കു സമർപ്പിച്ചിരിക്കുന്നതറിയാമോ?

Mr. M. N. Narayana Menon : അറിയാം.

ഭവനഗരിൽ ൧൯൩൦-ൽ ആണ് ഈ പദ്ധതിആരംഭിച്ചത്. ഇക്കഴിഞ്ഞ നാലുവർഷംകൊണ്ടു അതു പരിപൂർണ്ണവിജയത്തെ പ്രാപിച്ചിരിക്കുന്നു. ഈ പദ്ധതി ഏർപ്പെടുത്തുമ്പോൾ അവിടത്തെ ജനങ്ങൾക്കു എൺപത്താറു ലക്ഷം രൂപ കടം ഉണ്ടായിരുന്നു. എന്നാൽ ഗവണ്മെൻറു ഇടപെട്ടു ആയതു ൨൧-ലക്ഷമാക്കുകയും ഗവണ്മെൻറു തന്നെ അതു കടമായി കൊടുത്തു കർഷകരെ മോചിപ്പിക്കയുംചെയ്തു. ഇൻഡ്യയിൽ ഇന്നുസകലരുടേയും സുവിശേഷമായ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നതു ഭവനഗരമാകുന്നു. ഇൻഡ്യയിലെ പലപല മഹാന്മാരും അതിനെപ്പററി സൂക്ഷ്മമായി പരിശോധിച്ചു വരുന്നുണ്ടു്. ഭവനഗരം പദ്ധതി ഏറെക്കുറെ ഭേദഗതിയോടുകൂടി ഇവിടെയും സ്വീകരിക്കാവുന്നതാണ്.

റയിൽവേ സിങ്കിംങ്ഫണ്ടിനെപ്പററി പല ആളുകളും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആ ഇനത്തിലുള്ള ന്നൻ ലക്ഷം രൂപയും അങ്ങനെ തന്നെ ഇരിക്കുന്നതു് വളരെ നല്ലതാണെന്നാണ് എൻെറ അഭിപ്രായം. ഈ തുക ഒരു ട്രസ്ററു ജാമ്യബാങ്കുസ്ഥാപിക്കുവാനും അതുവഴി കൃഷിക്കാരുടെ കടത്തിനു പരിഹാരം വരുത്തുവാനും വേണ്ടി ഉപയോഗിക്കേണ്ടതാണ്. ഇപ്പോൾ ഇവിടെയുള്ള ട്രസ്ററുജാമ്യബാങ്ക് അശേഷം മതിയാകുന്നില്ല. ബാംബേയിൽതന്നെ അടുത്തകാലത്തു് ഒരു വലിയ ട്രസ്ററു ജാമ്യബാങ്ക് സ്ഥാപിച്ചു ജനങ്ങളുടെ കടത്തിനു നിവാരണമുണ്ടാക്കുവാൻ ശ്രമിക്കുന്നു. ബംഗാളിലും അങ്ങനെചെയ്യുന്നു. തിരുവിതാംകൂറിലും അതുപോലെ ചെയ്യേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുന്നു.

ഭവനഗരിലെ സ്കീം ഇവിടെ അതേപടി നടപ്പാക്കാൻ സാധിക്കുകയില്ലെന്നു ഞാൻ സമ്മതിക്കാം. എന്നാൽ അവിടത്തെ സർ പ്രഭാശങ്കർപട്ടാണിയേപ്പോലെ വിശാലഹൃദയത്തോടും ദീർഘദൃഷ്ടിയോടുംകൂ

[Mr. M. N. Narayana Menon.]

ടി പ്രവൎത്തിക്കുന്ന ജരു രാജ്യഭരണതന്ത്രജ്ഞൻ തിരുവിതാംകൂറിലുണ്ടെങ്കിൽ–അതുണ്ടെന്നാണെന്റവിശ്വാസം —ഈ രാജ്യത്തെ കർഷകരെ അവരുടെ കടത്തിൽ നിന്നും മോചിപ്പിക്കുവാൻ സാധിക്കും.

Mr. Komilezhathu Sankaran : അവിടത്തെ ദിവാൻജിക്കു എന്തുശമ്പളമുണ്ട്?

Chairman : You need not answer that question. That question does not arise.

Mr. M. N. Narayana Menon : തിരുവിതാംകൂറിൽ ഇപ്പോഴുണ്ട് അതിനെപ്പററിയ അവസരം. നൂറു രൂപാകൊടുക്കാനുള്ള ഒരുത്തൻ ൫൦ രൂപയോ അതിൽ കുറഞ്ഞ ഒരു തുകയോ പണമായിട്ടൊക്കെ കൊടുത്താൽ അതു് കടക്കാർ വാങ്ങിച്ചുകൊള്ളും. അതുകൊണ്ടു് ഇവിടേയും അതുപോലെയുള്ള ഒരു പദ്ധതി സ്വീകരിച്ചു കടമോചനമുണ്ടാക്കേണ്ടതാണ്.

വിദ്യാഭ്യാസത്തെപ്പററി ഞാൻ പ്രത്യേകം പറഞ്ഞു കൊള്ളാം.

ആരോഗ്യരക്ഷയെപ്പററിപറയുകയാണെങ്കിൽ നിർബന്ധിതവാക്സിനേഷൻ ഇവിടെ നടപ്പാക്കീട്ടുണ്ട്. എന്നാൽ അതുകൊണ്ടു ജനങ്ങൾക്കു വലിയ വിഷമം നേരിടുന്നുണ്ട്. എന്റെ വില്ലേജിൽ തന്നെ നിർബന്ധിതവാക്സിനേഷൻ നടപ്പാക്കുന്നതിനായി ഞാൻ തന്നെ ശ്രമിക്കുകയുണ്ടായി. അവിടെ പലരേയും വാക്സിനേഷൻ ചെയ്തു. എന്നാൽ ആറുമാസംകഴിഞ്ഞിട്ടും വാക്സിനേഷൻമൂലമുണ്ടായ പനിയും പഴുപ്പും ഭേദമായിട്ടില്ല.

Mr. K. Madhavan Pillai : ഏതുസ്ഥലത്താണ് അങ്ങനെയുണ്ടായതു്?

Mr. M. N. Narayana Menon : കുമരകം, ഉളശ മുതലായ സ്ഥലങ്ങളിൽ

അധഃകൃതസംരക്ഷണത്തിനായി പതിനായിരം രൂപാ മാത്രമേ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളു. അയൽ രാജ്യമായ കൊച്ചിയിൽ ഒരു ലക്ഷം രൂപഇതിനുവേണ്ടി കൊള്ളിച്ചിട്ടുണ്ട്. രണ്ടുകൊല്ലമായിട്ടും കുമരകം റോഡിന്റെ മൊത്തം തുക അനുവദിച്ചില്ല. വൈക്കംവെച്ചൂർറോഡു കുമരകവുമായി യോജിപ്പിക്കണമെന്നു ആവശ്യപ്പെട്ടിട്ടു് അതിന്റെ സർവെപോലും നടന്നിട്ടില്ല. Temple Entry Enquiry Committee യെപ്പററിയാണ് ഇനി എനിക്കുപറയുവാനുള്ളതു്. ൨൫,൦൦൦ രൂപചെലവുചെയ്തു് ഗവണ്മെൻറിനു് ഒരു റിപ്പോർട്ടു ലഭിച്ചിട്ടുണ്ടു. എ

ന്നാൽ ആ റിപ്പോർട്ട ആവശ്യപ്പെട്ടാൽ വെറുതെയും വിലയ്ക്കും കിട്ടുന്നതല്ല. ഞാൻ ഇതു തിരക്കി ഹജ്ജൂരാഫീസിൽ ചെന്നപ്പോൾ പ്രസ്സിൽചെന്നാൽ കിട്ടുമെന്നു പറഞ്ഞു. അവിടെ അന്വേഷിച്ചതിൽ വിലയ്ക്കും കിട്ടിയില്ല. ഈ റിപ്പോർട്ട ഈ സഭയിൽ കൊണ്ടുവരാത്തതിന്റെ ഉദ്ദേശം ജനങ്ങളുടെ അഭിപ്രായം റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അഭിപ്രായത്തിനു വിപരീതമായിരിക്കുമെന്നു കരുതിയായിരിക്കാം. ഗവൺമെൻറ് ഈ റിപ്പോർട്ടിനെപ്പററി വേണ്ടവണ്ണം ആലോചിക്കേണ്ടതാണ്. ഞങ്ങൾക്കു ആ റിപ്പോർട്ടിന്റെ ഓരോപ്രതിയും തരേണ്ടതാകുന്നു.

Mr. Komilezhathu Sankaran : Temple Entry Enquiry Committee റിപ്പോർട്ടിനെ ഗവൺമെൻറ് എന്തു ചെയ്യണമെന്നാണ് മെമ്പർ പറയുന്നതു്?

Mr. M. N. Narayana Menon : ആ റിപ്പോർട്ടുകണ്ടതിനു ശേഷംഞാൻപറയാം.

Mr. Komilezhathu Sankaran : ഗവൺമെൻറ ഇതിനേപ്പററി ആലോചിക്കേണ്ടതാണെന്നു മെമ്പർ പറഞ്ഞുവല്ലോ.എന്തു ചെയ്യണമെന്നാണുപറയുന്നതു്?

Mr. M. N. Narayana Menon : അതു് റിപ്പോർട്ട കണ്ടതിനുശേഷമേ എനിക്കു പറയുവാൻ നിവൃത്തിയുള്ളു. ഇത്രയും രൂപയ്ക്കുപുറമേ ഒരു നൂറു രൂപാകൂടി ചെലവഴിച്ചിരുന്നെങ്കിൽ ഈ റിപ്പോർട്ടിന്റെ പ്രതികൾ ഞങ്ങൾക്കും ലഭിക്കുന്നതിനു തരപ്പെടുമായിരുന്നു. കഴിഞ്ഞവർഷം ഫൈനാൻഷ്യൽ സെക്രിട്ടറിയുടെ പ്രസംഗത്തിൽ കുമരകത്തും ഒരു ഗ്രാമപ്പഞ്ചായത്തു അനുവദിച്ചതായി പ്രസ്താവിച്ചിരുന്നുവെങ്കിലും ഇതുവരയും നടപ്പിൽ വരുത്തിയിട്ടില്ല. കുട്ടനാട്ടിലെ പുഞ്ചകൃഷിക്കാരുടെ ദയനീയസ്ഥിതി ഗവൺമെൻറിന്റെ പ്രത്യേകശ്രദ്ധയിൽ പെടേണ്ടതാകുന്നു.

Mr. Jacob Hassan Sait (*Commerce and Industry, North*): ഗവൺമെൻറ് എടുത്തിട്ടുള്ള ഡിബെഞ്ചർകടം ഫർസ്റ്റ ലക്ഷം രൂപാ ഇപ്പോൾതന്നെ കൊടുത്തുതീക്കുന്നതായാൽ ഗവൺമെൻറിന് അതിന്റെ പലിശ ഇനത്തിൽനിന്നും തന്നെ അടുത്ത ഏഴുകൊല്ലത്തേക്കുംകൂടി ഉദ്ദേശം രണ്ടുലക്ഷംരൂപാ മിച്ചം ഉണ്ടാകുന്നതാണ്. അതുകൊണ്ടു് സ്വദേശസ്നേഹികളായ മുതലുടമസ്ഥന്മാർ അവർക്കു കിട്ടേണ്ടതായ പണം ഉടൻ

[Mr. Jacob Hassan Sait.]

തന്നെ വാങ്ങികൊള്ളും. മേൽപ്രകാരം മിച്ചം ഉണ്ടാകുന്നതു് സാമ്പത്തികാധഃപതനംനിമിത്തം വലയുന്ന കൃഷീവലന്മാർക്കും മററും കുറഞ്ഞ പലിശനിരക്കിനു കടം കൊടുക്കേണ്ടതാണു്.

കേരോല്പന്നങ്ങളുടെ അഭൂതപൂർവമായ വിലക്കുറവുനിമിത്തം കഷ്ടപ്പെടുന്ന കൃഷിക്കാർക്കു് പഞ്ചസാര ഉണ്ടാക്കത്തക്ക ചക്കര തെങ്ങിൻകള്ളിൽനിന്നും ഉണ്ടാക്കാമെന്നും, അതു് ഇപ്പോഴത്തെ തേങ്ങയുടെ വിലക്കുറവിനെ പരിഹരിക്കത്തക്കവണ്ണം ഒരു മാർഗ്ഗമായിത്തീരുകയും ചെയ്യുമെങ്കിൽ ജനങ്ങൾക്കു് ഒരു ഉദ്ധാരണമാർഗ്ഗം ഉണ്ടാകുന്നതാണു്. അതിലേക്കു് ഗവൺമെൻറു് വേണ്ട പ്രോത്സാഹനം നൽകേണ്ടതാണു്.

വീഥികളിലെ ചവറും അമേദ്ധ്യവുംകൊണ്ടു് നല്ല ഒന്നാംതരം വളം ഉണ്ടാക്കാമെന്നു് ബയോക്കെമിസ്റ്റ് മിസ്റ്റർ കെ. ആർ. നാരായണയ്യർ പരീക്ഷിച്ചുതുടങ്ങിയിരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതായാൽ ഈ നാട്ടിൽ ഒരു കൊല്ലം നാല്പത്തിഅഞ്ചുലക്ഷം രൂപയോളം ലാഭമുണ്ടാകുമെന്നു് അദ്ദേഹം പറഞ്ഞിട്ടുള്ളതിൻെറ യഥാർത്ഥം ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതാണു്. ഇങ്ങനെ ഉണ്ടാക്കുന്ന വളങ്ങൾ കൃഷിഡിപ്പാർട്ടുമെൻറു മുഖാന്തിരം വില്പന നടത്തേണ്ടതുമാണു്.

കരക്കുടിശ്ശികക്കു ലേലംചെയ്യുന്നതിനാൽ പലതരത്തിലുള്ള നഷ്ടങ്ങൾ സംഭവിക്കുന്നതാണു്. ലേലത്തിൻെറ പരസ്യം ഗവൺമെൻറു ഗസററിൽ (മൂന്നേക്കറിൽ കുറവാണെങ്കിൽ) പരസ്യപ്പെടുത്തുകയില്ല എന്നു് തീർച്ചപ്പെടുത്തിയിരിക്കുന്നതു് വളരെ സങ്കടംതന്നെയാണു്. വസ്തു ഈടുവാങ്ങി കടംകൊടുത്തിട്ടുള്ളവർ അവരറിയാതെതന്നെ കരക്കുടിശ്ശികക്കു ഈവസ്തുക്കൾ ലേലംചെയ്യുന്നതായി അറിയുന്നു. അതുനിമിത്തം ഉത്തമർണ്ണന്മാർക്കു് വളരെ നഷ്ടവും പ്രയാസവും നേരിടുന്നതാണു്. കൂടാതെ ഗസററിലെ പരസ്യംകൂടി നിൎത്തിയിരിക്കുമ്പോൾ അതു് ഉത്തമർണ്ണന്മാൎക്കു കുറേക്കൂടി നഷ്ടഹേതുവായിത്തീൎന്നിരിക്കയാണു്. അതിനാൽ സാമ്പത്തികാധഃപതനംനിമിത്തം ലേലനടപടികളുടെ നിഷ്കർഷ വളരെ കുറക്കേണ്ടതാണു്. കൂടാതെ പരസ്യങ്ങൾ ഉത്തമർണ്ണന്മാർ അറിയത്തക്കവണ്ണം ചില പ്രത്യേകസ്ഥലങ്ങളിൽ അതായതു് ഓരോ പകുതിയിലും സ്ഥിതിചെയ്യുന്ന പകുതിക്കച്ചേരികളിലും അഞ്ചലാഫീസുകളിലും വോട്ടർലിസ്റ്റ് പരസ്യംചെയ്യുന്നരീതിയിൽ പരസ്യപ്പട്ടിക പതിക്കത്തക്കവണ്ണം ഏർപ്പാടുചെയ്യേണ്ടതാണു്.

തൊഴിലില്ലായ്മക്കു റബ്ബർഫാക്ററി ഏർപ്പെടുത്തുന്നതുകൊണ്ടു് സ്വല്പമായ പരിഹാരമുണ്ടാകുമെന്നിരുന്നാലും കൂടുതൽ വ്യവസായശാല

കൾ ഏർപ്പെടുത്തി തൊഴിലില്ലായ്മക്കു പരിഹാരമുണ്ടാക്കുന്നതു് നമ്മുടെനാട്ടിന്റ അത്യാവശ്യമായ സംഗതിയാണ്. ബോംബയിൽ ഒരു ട്രെയിഡ് ഏജൻറിനെ ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ടു ഏതുതരത്തിലുള്ള വ്യവസായം ആദായകരമായിത്തീരുമെന്നു കണ്ടുപിടിക്കേണ്ടതും ആയതു് ഏർപ്പെടുത്തി തൊഴിലില്ലായ്മയെ കഴിയുന്നതും പരിഹരിക്കേണ്ടതുമാണ്. സ്കൂളുകളിലും വ്യവസായങ്ങൾ ഏർപ്പെടുത്തി കുട്ടികളെ പരിശീലിപ്പിക്കേണ്ടതാണ്.

Mr. A. N. Visvanatha Pillai (*Quilon cum Karunagapalli*): സർ, സാമ്പത്തികാധഃപതനം ഇത്ര രൂക്ഷമായിരിക്കുന്ന ഇക്കാലത്തു് ഇപ്രകാരം മിച്ചമുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നതു് ഏററവും അത്ഭുതാവഹമാണ്. കാർഷികോല്പന്നങ്ങളുടെ വിലക്കുറവു ബഡ്ജറ്റ് രൂപീകരിച്ചവരുടെ ശ്രദ്ധയിൽപെട്ടിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇക്കൊല്ലം മൂന്നുലക്ഷത്തിൽചില്വാനം രൂപ ഭൂനികുതി പിരിഞ്ഞുകിട്ടുമെന്നു ഗവൺമെൻറ ആശിച്ചിരുന്നു. എന്നാൽ അഞ്ചുലക്ഷത്തോളം രൂപ ഗവൺമെൻറ പിരിച്ചെടുത്തിരിക്കുന്നു. ഇതു് ജനങ്ങളുടെ ഐശ്വര്യത്തേയും രാജ്യത്തിൻെറ ഉൽക്കർഷത്തേയുമാണോ കാണിക്കുന്നതു്? അറുപതുശതമാനത്തോളം കാർഷികോല്പന്നങ്ങളുടെ വില കുറഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ അതിരൂക്ഷമായ കർശനനടപടികൾ നടത്തി കരം ഈടാക്കുന്ന ഗർഹണീയമായ സമ്പ്രദായത്തെ അപലപിക്കാതിരിപ്പാൻ നിവൃത്തിയില്ല. മൂന്നേക്കറിൽ കൂടുതൽ ഇല്ലാത്തസ്ഥലങ്ങൾ കരക്കുടിശ്ശിഖക്കു ലേലംചെയ്യുന്നതിനു ഗസററിൽ പരസ്യംചെയ്യേണ്ട ആവശ്യമില്ലെന്നു തീരുമാനിച്ചിരിക്കുന്നതു് തീരെ ആക്ഷേപാർഹമാണ്. തിരുവിതാംകൂറിലുള്ള അധികം ഭൂമികളും മൂരേക്കർപോലും ഇല്ലാത്ത തുണ്ടുഭൂമികളാണ്. മൂന്നേക്കറോളം വിസ്താരംവരുന്ന ഭൂമികൾ ഇവിടെ വളരെയില്ല. ഭരണച്ചിലവിനു ഗവൺമെൻറ ചെലവാക്കിവരുന്ന വമ്പിച്ചതുകയേപ്പററിയാണ് ഇനി എനിക്കു പറയാനുള്ളതു്.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വളരെ അമിതമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. വ്യയന്യൂനീകരണത്തിനു ജനങ്ങൾ മുറവിളികൂട്ടുമ്പോൾ ഗവൺമെൻറാകട്ടെ വലിയ ശമ്പളമുള്ള ഉദ്യോഗസ്ഥൻമാരെ പുറമെനിന്നും ഇറക്കുമതിചെയ്യുന്നു. വലിയശമ്പളങ്ങൾ കുറയ്ക്കുന്നതിനുപകരം പുതിയഉദ്യോഗങ്ങൾസൃഷ്ടിക്കുന്നു. കഴിഞ്ഞകൊല്ലം ഗെയിംവാഡൻ ഉദ്യോഗം സൃഷ്ടിച്ചതിനെപ്പററി ഈ സഭ ആക്ഷേപിച്ചെങ്കിൽ ഈവഷത്തെ ബഡ്ജററ് സ്റ്റേററ ഗസ്റ്റ് ഡയറക്ടസ്സിൻെറ ഉദ്യോഗവുംകൊണ്ടാ

[Mr. A. N. Visanatha Pillai.]

ണ് വന്നിരിക്കുന്നത്. ഇപ്രകാരം ശമ്പളച്ചിലവിനായി ൯ ലക്ഷം രൂപ ഗവണ്മെൻറു ചെലവാക്കുന്നു. ഇതു് എൻെറ സ്നേഹിതൻ മി. പരമേശ്വരൻപിള്ള പറഞ്ഞതുപോലെ പെൻഷൻെറതുക കൂടാതെയാണ്. മററു പരിഷ്കൃതരാജ്യങ്ങളിലെ ശമ്പളക്രമം നമ്മുടെരാജ്യത്തെ ശമ്പളക്രമത്തോടു താരതമ്യപ്പെടുത്തിനോക്കുക. ഇംഗ്ലണ്ടിലും ഫ്റാൻസിലും ൩.൩ ശതമാനവും ഇററലിയിൽ ൨൩.൯ ശതമാനവും ലോകത്തിലേക്കു് ഏററവും വലിയശമ്പളംവാങ്ങുന്ന ഉദ്യോഗസ്ഥരുള്ള ബ്രിട്ടീഷ് ഇന്ധ്യയിൽ ൨൩.൪ ശതമാനവും ശമ്പളത്തിനായി ചെലവഴിക്കുമ്പോഠം തിരുവിതാംകൂറിൽ ഏതാണ്ടു് ൪൦ ശതമാനം ചെലവാക്കുന്നുണ്ടു്.

Mr. Komilezhathu Sankaran: ഉദ്യോഗസ്ഥൻമാരുടെ ചിലവിലേക്കു ൪൦ ശതമാനത്തേക്കാഠം കുറവായി ചിലവാക്കുന്ന ഏതെങ്കിലും ഒരു നാട്ടുരാജ്യം ഉണ്ടോ?

Mr. A. N. Visvanatha Pillai: ഞാൻ ലോകത്തെ മററു പരിഷ്കൃതരാജ്യങ്ങളെപ്പററിയാണ് പറയുന്നതു്. തിരുവിതാംകൂർ വിദ്യാഭ്യാസത്തിലും പരിഷ്കാരത്തിലും മററു നാട്ടുരാജ്യങ്ങളുടെ മുന്നിൽ നില്ക്കുന്ന ഒരു രാജ്യമാണ്. അപ്രകാരമുള്ള ഒരു രാജ്യത്തെ താരതമ്യപ്പെടുത്തേണ്ടതു അതിനേക്കാഠം പരിഷ്ക്കാരമേറിയ രാജ്യങ്ങളോടാണെന്നു ബഹുമാനപ്പെട്ട മെംബർ മനസ്സിലാക്കണം. ഈ അധഃപ്പതനകാലത്തുപോലും ഇപ്രകാരം ധൂർത്തുകാണിക്കുന്നതു നിരുത്തരവാദിത്വമാണെന്നു പറയേണ്ടിയിരിക്കുന്നു. നീതീകരിക്കാവുന്ന നിലയിൽ ഒന്നരക്കോടിരൂപയുടെ വരവിനുമാത്രം ശക്തിയുള്ള ഇവിടെ ഒരുകോടിരൂപായോളം ഭരണച്ചിലവിലേയ്ക്കായി വിനിയോഗിക്കുന്നതായാൽ ജനക്ഷേമകരങ്ങളായ പദ്ധതികഠംക്കു ചിലവിടാൻ പണം തികയാതെ വരുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. ഇവിടെ അഞ്ഞൂറും അറുനൂറും എഴുനൂറും തുടങ്ങി വമ്പിച്ച ശമ്പളങ്ങഠം വാങ്ങുന്ന എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ടു്? ബ്രിട്ടീഷ് ഇൻഡ്യയിലെ ഒരു ജില്ലയോളംപോലും വലിപ്പമില്ലാത്ത ഈ തിരുവിതാംകൂറിൽ ഇത്രയധികം കൊഴുത്ത മാസപ്പടി വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ആവശ്യമെന്തു്?

Mr. Komilezhathu Sankaran: തിരുവിതാംകൂറിൻെറ ഏകദേശം പകുതിയോളമുള്ള പാട്യാലയിലെ പ്രധാന മന്ത്രിഎന്ന ഉദ്യോഗസ്ഥൻെറ ശമ്പളം ൫ ൦ ൦ ൦ രൂപയാണെന്നു മെമ്പറിനറിയാമോ?

Mr. A. N. Visvanatha Pillai: എനിക്കറിഞ്ഞുകൂട. എന്നാൽ ജപ്പാനിലെ പ്രധാനമന്ത്രി അതിനേക്കാഠം തീരെ തുച്ഛമായ ഒരു ശമ്പളമാണു വാങ്ങുന്നതെന്നെനിക്കറിയാം.

Mr. Komilezhathu Sankaran ; തിരുവിതാംകൂറിന്റെ പകുതിരാജ്യമുള്ള ബിക്കാനിറിലെ പ്രധാനമന്ത്രി എന്ന ഉദ്യോഗസ്ഥൻ ൫൦൦൦ രൂപ വാങ്ങിക്കുന്നുണ്ടെന്നുള്ളതറിയാമൊ?

Mr. A. N. Visvanatha Pillai : എനിക്കറിഞ്ഞുകൂട. ചോദ്യങ്ങൾ ചോദിക്കണമെന്ന നിർബന്ധമുള്ളവക്ക് അവസാനത്തിൽ ഉത്തരം പറയുവാൻ ഞാൻ തയ്യാറാണ്. തിരുവിതാംകൂറിൽ ഇന്നെത്രജനങ്ങളാണ് വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിച്ചു ജീവിതക്ലേശം അനുഭവിക്കുന്നതെന്നു ഈ കൊഴുത്ത ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർ അറിയുന്നുണ്ടൊ? പരീക്ഷായോഗ്യതയുള്ളവരും ഇല്ലാത്തവരുമായ എത്രപേർ തൊഴിലില്ലാതെ അലഞ്ഞുതിരിഞ്ഞു സങ്കടപ്പെടുന്നുവെന്നിവർ ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടൊ? ഒരുനേരത്തെ ആഹാരത്തിനുപോലും വകയില്ലാതെയും അർദ്ധനഗ്നരായും എത്രജനങ്ങൾ ഇവിടെ കഴിയുന്നുണ്ടെന്ന ഇവക്കറിയാമൊ? ഒരുകോടിയോളം ഒന്നോടെ ഗ്രസിക്കുന്ന ഈ ഉദ്യോഗസ്ഥവൃന്ദത്തിൽ ജനക്ഷേമത്തിൽ കാംക്ഷയുള്ള എത്രപേരുണ്ടെന്നു ഞാൻ ചോദിക്കുന്നു.

Mr. Komilezhathu Sankaran : ഉദ്യോഗസ്ഥന്മാക്കു ശമ്പളം കിട്ടുന്ന പണമത്രയും തിരുവിതാംകൂറിൽ തന്നെയല്ലയോ ചെലവഴിക്കുന്നതു്?

Mr. A. N. Visvanatha Pillai : അധികവും പുറത്താണുപോകുന്നതു്.

Mr. Komilezhathu Sankaran :അതെങ്ങനെയാണു്?

Mr. A. N. Visvanatha Pillai : ആഡംബരങ്ങൾ മററും. അതു ഞാൻ വഴിയേ പറഞ്ഞുകൊള്ളാം.

രാജ്യത്തിലെ ജനങ്ങൾ അസഹനീയമായ ഈവക സങ്കടങ്ങൾ അനുഭവിക്കുമ്പോൾ ആറും എട്ടും സിലിണ്ടർ ഉള്ള മനോഹരങ്ങളായ കാറുകളിൽ വളരെ സുഖമായി സഞ്ചരിക്കുന്ന, കൊഴുത്ത സഞ്ചാരപ്പടിയും ശമ്പളവും വാങ്ങുന്ന, നമ്മുടെ ഉയന്ന ഉദ്യോഗസ്ഥന്മാർ ഇതൊന്നുമറിയാത്തതിൽ ഞാൻ അതിശയിക്കുന്നില്ല. മോടിക്കുവേണ്ടി ചിലവഴിക്കുന്ന ഈ പണമെല്ലാം വിദേശങ്ങളിലേക്കാണ പറന്നുപോകുന്നതെന്നവര ഒരിക്കലെങ്കിലും അനുസ്മരിച്ചിട്ടുണ്ടൊ? ഇവർ പുകച്ചുകളയുന്നതു പെട്രോളല്ലെന്നും അതു് സാധുകഷകന്റെ ജീവരക്തമാണെന്നും ഇവർ ഓക്കേണ്ടതാണ്. തിരുവിതാംകൂറിൽ ആവശ്യമില്ലാത്ത അനവധി ഉദ്യോഗങ്ങൾ സ്ഥിതിചെയ്യുന്നുണ്ടു്. പെൻഷൻപററിയവക്കായി പ്രത്യേകം ഉദ്യോഗങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

Mr. Komilezhathu Sankaran : ഇപ്പോൾ ഉദ്യോഗം സ്വീകരിച്ച ആൾ ഈ കൗൺസിലിലെ ഒരു മെമ്പർ ആയിരുന്നുവെന്നറിയാമോ?

യാളഭാഷയാണു കൗൺസിൽ ഭാഷയായി ഉപയോഗപ്പെടുത്തുന്നതു്. ഞാൻ പ്രതിനിധീകരിക്കുന്ന താലൂക്കുകളിൽ ഒന്നായ തൊടുപുഴ താലൂക്കിൽ യഥാൎത്ഥമായ വിദ്യാഭ്യാസത്തിനു പൎയ്യാപ്തമായ വിദ്യാലയങ്ങൾ ഇന്നും ഇല്ലാതിരിക്കുന്നസ്ഥിതിക്കു ഞങ്ങൾ എങ്ങനെ ഇംഗ്ലീഷ് ഭാഷ മനസ്സിലാക്കുമെന്നു് ഊഹിക്കാവുന്നതാണു്. മുമ്പൊരിക്കൽ ഞാൻ മലയാളത്തിൽ സംസാരിച്ച അവസരത്തിൽ ചോദ്യത്തിന്റെ നമ്പർ പോലും മലയാളത്തിലാണു പറയുന്നതെന്നും അതു് ഇംഗ്ലീഷ് അറിയാൻ പാടില്ലാഞ്ഞിട്ടല്ല എന്നുംമററും പ്രസിഡന്റു പ്ലാററ്ഫാറത്തിലിരുന്നു പ്രസ്താവിച്ച വിവരം ഞാൻ ഇപ്പോഴും ഓൎക്കുന്നുണ്ടു്. പ്രസിഡന്റിന്റെ ഈ അഭിപ്രായം തികച്ചും തെററാണു്.

President : If it is the wish of the House that, for the sake of one member, answers must be given in Malayalam also, personally I have no objection. I want to give equal opportunities to all members. I do not want to shut out any member from asking supplementary questions.

Mr. Kayalam Paramesvaran Pillai : What will the European members do, Sir ?

President : They will have to get the Malayalam translated into English, in their turn.

Mr. M. N. Paramesvaran Pillai : The member may be permitted to speak in Malayalam.

President : That, he has always been doing.

Mr. M. N. Paramesvaran Pillai : Official members answering his questions may be allowed to give the answers in Malayalam. That has been the practice hitherto.

President : The rules must, certainly, be made clear in order that that may be done.

Can you follow Malayalam, Mr. Menon ?

Mr. K. P. Padmanabha Menon *(Electrical Engineer to Government)* : Yes, Sir.

President : Then, go on in Malayalam. The President will sit with hands folded.

Tender for "cutting and covering up" called for by the Electrical Department.

23. ***Mr. J. John Kattakayam :** Will the Government be pleased to state :

(*a*) whether any tender, under the item "cutting and covering up", has been called for in 1109, either by the office of the Electrical Engineer or by that of the Resident Engineer;

(*b*) if so, the total amount of the aforesaid work;

(*c*) the name of the contractor whose tender was accepted;

(*d*) whose tender was the lowest; and

(*e*) whether any tender at a lower rate had been offered by any Travancorean?

Mr. K. P. Padmanabha Menon: (*a*) Yes, by the Electrical Engineer to Government.

(*b*) Rs. 56,000 as per original alignment, but reduced to Rs. 21,500 as per final alignment adopted;

(*c*) Messrs. Moylan & Co.

(*d*) Messrs. Moylan & Co.

(*e*) No.

(The answer was read in Malayalam.)

Mr. J. John Kattakayam: രണ്ടാമതു ൨൧,൦൦൦ രൂപായായി കുറയ്ക്കാൻ കാരണമെന്താണ്?

Mr. K. P. Padmanabha Menon: ടണ്ണലിന്റെ നീളം ആദ്യത്തേതിൽനിന്നും കുറച്ചതുകൊണ്ടാണ് ആ തുകയും കുറയാൻ ഇടയായിട്ടുള്ളത്.

Mr. J. John Kattakayam: കുറഞ്ഞ തുകക്ക ടെൻഡർ എടുക്കാൻ തിരുവിതാംകൂർകാരായി ആരെങ്കിലും വന്നിട്ടുണ്ടായിരുന്നുവൊ?

Mr. K. P. Padmanabha Menon: കുറഞ്ഞതുകക്കു ടെൻഡർ എടുക്കാൻ തിരുവിതാംകൂർകാർആയി ചിലർ ഉണ്ടായിരുന്നു. എന്നാൽ ഏറ്റവും കുറഞ്ഞ തുകക്ക ടെൻഡർ എടുക്കാൻ നാട്ടുകാരിൽ ആരും ഉണ്ടായിരുന്നില്ല.

Mr. J. John Kattakayam: ഏറ്റവും കുറഞ്ഞതുക എത്രയാണെന്നു പറയാമൊ?

Mr. K. P. Padmanabha Menon: തിരുവിതാംകൂർകാരിൽനിന്നും വന്നവരുടെ കുറഞ്ഞ തുക ൮൪൮ രൂപ ആയിരുന്നു. എന്നാൽ ഇപ്പോഴും കാൺട്രാക്ട് കൊടുത്തിരിക്കുന്നതു ൭൦ രൂപാ ൨൦ ചക്രത്തിനാണ്.

Mr. J. John Kattakayam: വെളിയിലുള്ളവർ ആരെങ്കിലും ഇതിന് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ?

Mr. K. P. Padmanabha Menon: ഉണ്ടായിരുന്നു.

Mr. J. John Kattakayam: അവർ നിശ്ചയിച്ച തുക എത്രയാണ്?

Mr. K. P. Padmanabha Menon: അതു് ഇപ്പോൾ ഓർമ്മയില്ല.

President: I cannot follow. Have you finished? It must be an embarrassment to some one or other.

Amount sanctioned for the completion of the tunnel at Pallivasal.

24. ***Mr. J. John Kattakayam**: Will the Government be pleased to state:

(*a*) the exact amount sanctioned for the completion of the work under the item "cutting and covering up" of the tunnel;

(*b*) the balance that will be left under this item after the completion of the work;

(*c*) the reasons, if any, that may necessitate the lengthening of the longer tunnel;

(*d*) the rate payable for each additional foot;

(*e*) the rate sanctioned for 1,000 cubic feet in respect of the work "cutting and covering up"?

Mr. K. P. Padmanabha Menon: (*a*) Rs. 56,000.

(*b*) Rs. 34,500.

(*c*) No lengthening of the tunnel will be necessary.

(*d*) Does not arise in view of the answer to (*c*).

(*e*) Rate sanctioned is not per 1,000 cubic feet but per foot length.

(The answer was read in Malayalam.)

Mr. J. John Kattakayam: തുരങ്കത്തിന്റെ നീളം കൂട്ടാൻ ഉള്ള പ്രത്യേകകാരണം എന്താണ്?

Mr. K. P. Padmanabha Menon: നീളം കൂട്ടി എന്നു പറഞ്ഞില്ല.

Mr. J. John Kattakayam: നീളംകുറയ്ക്കണമെന്നു വിചാരിക്കുന്നുണ്ടോ?

Mr. K. P. Padmanabha Menon: നീളം ഇപ്പോൾ കുറച്ചാണു വെച്ചിരിക്കുന്നതു്.

Mr. J. John Kattakayam: ആദ്യം നിർദ്ദേശിച്ചിട്ടുള്ള നീളത്തെക്കാൾ ഇപ്പോൾ കുറവായിട്ടല്ലേ ഇരിക്കുന്നതു്?

Mr. K. P. Padmanabha Menon: ആദ്യംനടത്തിയസർവ്വെ പ്രകാരം നീളം കുറെ കുറവു ചെയ്യേണ്ടതായിട്ടാണു വന്നുചേർന്നതു. അങ്ങനെ കുറവുചെയ്തശേഷം അതിൽപിന്നീടു യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല.

Contract for the tunnel at Pallivasal.

25. ***Mr. J. John Kattakayam**: Will the Government be pleased to state:

(*a*) the rate per foot at which the tunnel was given on contract to the contractors;

(*b*) whether lower rates have been tendered; and

(*c*) whether extra charges are to be paid for the wood works, etc., inside the tunnel?

Mr. K. P. Padmanabha Menon: (*a*) Bh. Rs. 110 per running foot.

(*b*) Yes.

(*c*) No.

(The answer was read in Malayalam.)

Acceptance of tenders for tunnel works.

26. ***Mr. J. John Kattakayam**: Will the Government be pleased to state:

(*a*) the lowest rates offered when tenders were invited for tunnel works;

(*b*) the special reasons which induced them to accept the tender of the present contractors, which was far higher than the lowest tender; and

(*c*) the loss sustained by Government thereby?

Mr. K. P. Padmanabha Menon: (*a*) Bh. Rs. 64-0-0 per running foot.

(*b*) The lowest tenderer had no previous experience in this class of work.

(*c*) No loss has been sustained by Government.

(The answer was read in malayalam.)

Mr. J. Jonn Kattakayam: ഈവക ജോലികൾക്ക് അവക്കു പരിചയമില്ലെങ്കിൽ അവരെക്കൊണ്ടു ഡെമണി കെട്ടിവപ്പിക്കുന്നില്ലേ?

Mr. K. P. Padmanabha Menon: അവർ ഡെമണി വയ്ക്കുന്നതുകൊണ്ടു ഗവണ്മെൻറിനു പ്രയോജനമൊന്നുമില്ല.

Mr. J. John Kattakayam: അവർ ജോലി നടത്തിയില്ലെങ്കിൽ ഡെമണിയിൽനിന്നും ആ നഷ്ടം പരിഹരിക്കാൻ സാധിക്കുകയില്ലേ?

Mr. K. P. Padmanabha Menon: ഡെമണി വയ്പിക്കുന്നുഎങ്കിൽ അതു ൪൦,൦൦൦ രൂപായെ വരികയുള്ളു. എന്നാൽ അവർ ചെയ്തുതീർക്കേണ്ട ജോലി ൯ ലക്ഷം രൂപായ്ക്കുള്ളതാണ്.

Mr. J. John Kattakayam: ജോലി തീരുന്നതിന് ആവശ്യമുള്ള സംഖ്യയുടെ ഇരട്ടി സംഖ്യ സെക്യൂറിട്ടി വയ്പിക്കുന്ന പതിവില്ലേ?

Mr. K. P. Padmanabha Menon: സെക്യൂറിട്ടിവയ്ക്കുന്നതു ൬ ശതമാനമാണ്.

Mr. J. John Kattakayam: ജോലിമുടക്കിയാൽ ആ തുകയെങ്കിലും അയാൾക്കു നഷ്ടം വരികയില്ലേ?

Mr. K. P. Padmanabha Menon: അങ്ങിനെ ഒരു തുക നഷ്ടപ്പെടുത്തിയതുകൊണ്ടു ഗവണ്മെൻറിനു യാതൊരു പ്രയോജനവുമില്ല.

Mr. J. John Kattakayam: ആ മനുഷ്യൻ അപ്രാപ്തനാണെന്നു മെമ്പർക്കു ബോധ്യമുണ്ടോ?

Mr. K. P. Padmanabha Menon: പ്രാപ്തനല്ലെന്ന് എനിക്കു നല്ല ബോധ്യമുണ്ട്.

Engagement of native coolies for work.

27. ***Mr. J. John Kattakayam**: Will the Government be pleased to state:

(*a*) whether any arrangements have been made for appointing Travancoreans to do the several works which are necessary in connection with the tunnel, etc;

(*b*) whether any provision was made in regard to this at the time of the contract; and

(*c*) the number of native coolies engaged in the work?

Mr. K. P. Padmanabha Menon: (*a*) Yes.

(*b*) Yes.

(*c*) 186.

(The answer was read in Malayalam.)

Mr. J. John Kattakayam: തിരുവിതാംകൂറുകാരായ ജോലിക്കാരെ ഏർപ്പെടുത്തണം എന്ന് ഉടമ്പടിയിൽ വല്ല വ്യവസ്ഥയും ഉള്ളതായി അറിയാമോ?

Mr. K. P. Padmanabha Menon: അങ്ങനെ ഉണ്ടെന്നാണു മറുപടി പറഞ്ഞിട്ടുള്ളതു്.

Mr. J. John Kattakayam: ഉടമ്പടിയിലെ വ്യവസ്ഥ എന്താണെന്നു പറയാമോ?

Mr. K. P. Padmanabha Menon: കഴിവുള്ളടത്തോളം പ്രാപ്തിയുള്ള തിരുവിതാംകൂറുകാരെ നിയമിച്ചുകൊള്ളണം എന്നാണ്.

Mr. J. John Kattakayam: ആ രീതിയിൽ തന്നെയാണോ ഇപ്പോൾ പ്രവൎത്തനം നടത്തിവരുന്നതു്?

Mr. K. P. Padmanabha Menon: അതെ.

Mr. J. John Kattakayam: ഇവിടെ ഉള്ള മെക്കാനിക്കൽ ഫിറേറഴ്സ് എന്നീ ഉദ്യോഗങ്ങൾക്കു പുറത്തുനിന്നും ഭീമമായ സംഖ്യ ശമ്പളംകൊടുത്തു് ഇറക്കുമതി ചെയ്തുവരുന്നതായി അറിയാമോ?

Mr. K. P. Padmanabha Menon: അറിഞ്ഞുകൂടാ.

Mr. J. John Kattakayam: സൎവ്വേയേഴ്സായി പുറമേനിന്നും ആൾ എടുത്തിട്ടുണ്ടോ?

Mr. K. P. Padmanabha Menon: ഉണ്ടു്.

Mr. J. John Kattakayam: അവക്കു് എന്താണു ശമ്പളം?

Mr. K. P. Padmanabha Menon: ൨൦൦ രൂപായാണ്.

Mr. J. John Kattakayam: നാട്ടുകാരായ സൎവ്വേയേഴ്സിനു കൊടുക്കുന്ന ശമ്പളം എത്രയാണ്?

Mr. K. P. Padmanabha Menon: നാട്ടുകാരായി ആരെങ്കിലും ടണ്ണൽ സൎവ്വേ ജോലി നടത്തിയിട്ടുള്ളതായി അറിഞ്ഞുകൂടാ. നാട്ടുകാരായിട്ടുള്ള സാധാരണ സൎവ്വേയറമാൎക്കു് ൫൦ മുതൽ ൭൦ രൂപാവരെ ശമ്പളം കൊടുത്തിട്ടുണ്ടു്.

Mr. J. John Kattakayam: താണതരം കൂലിവേല മുതലായ ജോലികൾക്കു തിരുവിതാംകൂറുകാരെയാണോ ഏർപ്പെടുത്തിയിരിക്കുന്നതു്?

Mr. K. P. Padmanabha Menon: താഴ്ന്നതരം ജോലി എന്നു പറഞ്ഞതു് എന്താണെന്നു മനസ്സിലായില്ല.

Mr. J. John Kattakayam: മണ്ണെടുക്കുക മുതലായ ജോലികളെപ്പററിയാണു ഞാൻ ചോദിക്കുന്നതു്.

Mr. K. P. Padmanabha Menon: ആ തരത്തിലുള്ള തിരുവിതാംകൂറുകാരായ ജോലിക്കാർ ൧൮൭ പേരുണ്ടു്. ടണ്ണൽജോലിയിൽ

[Mr. K, P. Padmanabha Menon.]

൩൪ പേരുണ്ടായിരുന്നു. നാട്ടുകാരായ ജോലിക്കാർവരുമ്പോൾ പുറമെനിന്നും എടുത്തിട്ടുള്ള ജോലിക്കാരെ പിരിച്ചുവിടുന്നുണ്ട്. ആദ്യകാലം നാട്ടുകാരായ ജോലിക്കാർ ആരുംതന്നെ ഉണ്ടായിരുന്നില്ല. ഇപ്പോൾ ൨൯൭ പേരുണ്ട്.

Mr. J. John Kattakayam: ഇപ്പോൾ ആകെ എത്രപേർ കൂലിക്കാരായി ഉണ്ട്?

Mr. K. P. Padmanabha Menon: ൪൫൦ പേരുണ്ട്.

Mr. J. John Kattakayam: ഈ ൪൫൦ പേരിൽ ൨൦൭ പേർ മാത്രമേ തിരുവിതാംകൂറുകാരായി ഉള്ളോ?

Mr. K. P. Padmanabha Menon: ൨൦൭ എന്നല്ല ഞാൻ പറഞ്ഞതു്. ൨൯൭ പേർ എന്നാണ്.

Mr. J. John Kattakayam; നെടുമങ്ങാട്ട്, വക്കം, മുതലായ സ്ഥലങ്ങളിൽ ടണ്ണൽജോലിക്കു പരിചയമുള്ള ആളുകൾ ധാരാളമായി ഉണ്ടെന്നുള്ള വിവരം മെമ്പർക്കറിയാമോ?

Mr. K. P. Padmanabha Menon: അങ്ങനെ ഉള്ള ആളുകളും അവിടെ ജോലിക്കുവന്നിട്ടുണ്ട്.

Mr. J. John Kattakayam: ഇനിമേലെങ്കിലും ഇത്തരം ജോലികൾക്കു വിദേശികളെ ഇറക്കുമതിചെയ്യാതെ തിരുവിതാംകൂറുകാരെത്തന്നെ എടുക്കുന്നതിനു മെമ്പർ ശ്രമിക്കുമോ?

Mr. K. P. Padmanabha Menon: ഇപ്പോൾ അങ്ങനെ തന്നെ ചെയ്തുവരുന്നതു്.

Mr. J. John Kattakayam: ഇപ്പോൾ അങ്ങനെ ചെയ്തുവരുന്നില്ല എന്നു മനസ്സിലാക്കിയതുകൊണ്ടാണു, മേലാലെങ്കിലും അങ്ങനെ ചെയ്യുമോ എന്നു ഞാൻ ചോദിക്കുന്നതു്.

Mr. K. P. Padmanabha Menon: ഇപ്പോഴും ചെയ്യുന്നതുപോലെ മേലാലും ചെയ്യുന്നതാണ്.

Mr. J. John Kattakayam: അതു തൃപ്തികരമായ ഉത്തരമല്ല.

Shifting of the headquarters of the Electrical Engineer to Pallivasal.

28. * **Mr. J. John Kattakayam:** Will the Government be pleased to state, whether they propose to shift the headquarters of the Electrical Engineer to Pallivasal from the beginning of next year onward?

Mr. K. P. Padmanabha Menon : Yes, somewhere thereabout.

(The answer was read in Malayalam.—

"Adit" tunnels at Pallivasal.

29. *** Mr. J. John Kattakayam** : Will the Government be pleased to state :

(*a*) the necessity for the two small tunnels ; called "Adit" ;
(*b*) the cost of each of these tunnels ; and
(*c*) the length of each of these tunnels ?

Mr. K. P. Padmanabha Menon : (*a*) This is with a view to obtain more points of attack which will help the contractor to expedite the speedy execution of the tunnel work ;

(*b*) No expenditure has been incurred by the department on these "Adits" which form part of the contract for the whole tunnel.

(*c*) One is 231 feet long and the other 275 feet.

(The answer was read in Malayalam.)

Mr. J. John Kattakayam : മെയിൻടണ്ണലിന്റെ നീളം ഇത്ര അടിയാണെന്ന് കൺട്രാക്ട് കൊടുത്ത കാലത്ത് നിശ്ചയിച്ചിട്ടുണ്ടായിരുന്നോ?

Mr. K. P. Padmanabha menon : ഉദ്ദേശം പതിനായിരം അടിയാണെന്നു നിശ്ചയിച്ചിട്ടുണ്ടായിരുന്നു.

Mr. J. John Kattakayam : പതിനായിരത്തി ഇരുനൂറടി എന്നല്ലേ ആദ്യം നിശ്ചയിച്ചത്?

Mr. K. P. Padmanabha Menon : അല്ല.

Mr. J. John Kattakayam : ടണ്ണൽ ഓപ്പൺചെയ്ത അവസരത്തിൽ ഉണ്ടായ ഒരു പ്രസംഗമദ്ധ്യേ ടണ്ണലിന്റെ നീളം പതിനായിരത്തി ഇരുനൂറടിയാണെന്നു പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ?

Mr. K. P. Padmanabha Menon : അങ്ങനെ പ്രസ്താവിച്ചിരിക്കാം,

ELECTION OF MEMBERS TO THE STANDING FINANCE COMMITTEE AND THE PUBLIC ACCOUNTS COMMITTEE.

President : The House is aware that the non-official members have a right to elect one of themselves to the Public Accounts Committee and another member to the Standing Finance Committee,

[President.]

President has to fix the date of such election and the method of the election. I think it will meet the convenience of the House if I fix Wednesday next, the 15th instant, for the purpose of election. The election will take place immediately after the business of the House is over and it will be presided over by Mr. Balakrishnan Tampi, one of the two on the Panel of Chairmen.

VOTING OF DEMANDS FOR GRANTS.

DEMAND I—EDUCATION.

Mr. R. M. Statham : Sir, I move for a grant not exceeding Rs. 46,04,579 under Demand I—Education.

Mr. Kochikal P. Balakrishnan Tampi : (*Mavelikara and Kartikapalli cum Kunnattur*) : Sir, I move that the total allotment of Rs. 46,04,579 under Education be omitted. In doing so, I want to draw the attention of Government to some of the unwholesome features of the present educational policy of the State. Last year, while the non-official members were offering criticisms on the existing educational system, Government hushed them all to silence by the fact that Mr. Statham and his committee were hard at work and the Government promised that, as soon as the Committee's report was submitted to them, necessary action would be taken on it. But, I am afraid that the Government have not implemented their promises given during the last Budget Session. The Educational Reforms Committee have submitted their report and there has been a discussion on the floor of this House. The Educational Advisory Board also has been formed in pursuance of the recommendations in the report. But I am sorry to point out that education is even now stagnating in the State, without any definite policy or aim. It is true that the report contains many valuable suggestions but I am afraid they are all put under the refrigerator. The salutory reforms, many of them, recommended in the report, which have been accepted by the Government of India, as will be seen in their last quinquennial report, especially as regards wastage and stagnation, are not heeded by the present Government.

I am also sorry to point out that the Government are not paying any great attention to elementary education. While colleges and high schools are attended to, the lot of the elementary schools, both of the teachers and of the boys and girls, is not heeded by the Government. More than 50per cent. of our children are in private schools and the rest are in Government schools. The school buildings and the furniture of these schools are not worthy of any modern civilised state,

The civilisation or the culture of this State will be judged more by the condition of our schools than by the condition of our roads or hotel arrangements. Within a stone's throw of this House, Sir, elementary schools there are, in which children are grovelling in dust, where even the teachers have not any furniture worth speaking about. It is the duty of Government to provide the necessary funds for furnishing these schools and for re-building school houses wherever they are found to be necessary.

I also want to draw the attention of Government to the sad condition of teachers in private schools. As I mentioned earlier, most of the boys and girls under instruction are in private schools and, as such, it is the duty of the State to see that the conditions of service of the teachers in aided schools are made easier and better. As far as the security of tenure is concerned, as far as the revised rules for privilege and extraordinary leave are concerned, the lot of the teacher in the private schools is anything but desirable; and I trust that Government would see that the conditions of service of the teachers in private schools are made easier and more secure.

I now come to the most important aspect. Even the report of the Education Department for the last year will show that there is considerable decrease in the number of boys and girls under instruction in English schools. That will certainly show, and the Director of Public Instruction himself has opined, that it is owing to the financial depression. Therefore I draw the attention of Government to the necessity of granting some reduction in the matter of fee till the depression is over. I do not want to speak at length regarding the necessity. It is so self-evident and I merely want to draw the attention of Government to it and to request the Government to be gracious enough to announce a reasonable reduction in college and school fees this year.

Mr. K. P. Nilakanta Pillai: I second the motion. To offer a general criticism of the policy of the Education Department at the present moment seems to be quite inopportune, because the present Director himself has evaded that question in his report when he says that he was not practically in management of the department during the year 1108. So, that will wait. Yet, Sir, with reference to the report, it is quite fresh in our memory that the report of the Education Reforms Committee was discussed in this House only during the year 1109. The report and the order passed by Government on the report of the Education Department for the year 1108 show that the report of the committee was exhaustively criticised in this House. I do not know how that crept into the report for 1108. Secondly, Sir, it says that an Advisory Board was constituted so as to provide adequate representation to

[Mr. K. P. Nilakanta Pillai.]

the elected elements of the Legislature. I question that statement again. We do not at all approve of the constitution of that Advisory Board or the way in which the members were chosen to serve in that Advisory Board. I do not know from whose point of view the Advisory Board was representative and is working satisfactorily. It is a matter of regret in Travancore. I do not confine myself to the present Board but I would refer to other committees also—that one does not know on what principle the members are chosen to serve on such committees and why members who have taken an opposite view in regard to the formation of the committees are excluded. Sir, in justice, if this deliberative body is to serve any purpose, those members who led the opposition should also be placed on it. They have been purposely ignored not only for the purpose of this Board but for other committees also constituted by Government for so many purposes.

Passing over that, Sir, the reform is now being given effect to and the Director of Public Instruction must be told face to face that very grave defects exist in the department even today. There is a provision after the Inspectorate was formed and given effect to for the appointment of an Inspectress. It will be advantageous for the Director to look into the working of this Inspectress branch of the Education Department for the last twelve years. I can assure the members that the whole department has been made a mess of. Confusion and chaos and corrupt influences in the matter of appointment, promotions and other things that prevail in that department are nothing but deplorable. Whoever may be the Director of Education, he cannot afford these matters to escape his notice. I can assure you, Sir, that teachers are appointed in the department without any principle. The claims of those teachers who have secured the best examination qualifications and have served in the primary branch of the Education Department for girls and who have put in even one to ten years' service, are ignored and that branch of the department is staffed with teachers with lesser qualifications and who have entered service only a year back. When such things take place in the department, I am at a loss to understand what the duty of the Director or the controlling officer is. These grievances must be remedied. Sir, we have been levelling criticisms against corrupt influences being brought to bear upon the several departments in the State. Some years back, at least the Education Department was free from these corrupt influences. Now, every sort of corrupt influence is prevailing in the department where the purity must be kept above suspicion. I do not understand what the object of appointing an Inspectress after the formation of the Inspectorate

is except to roam about the country and claim T. A. I do not know exactly what her business is. In the report for 1108 about the work of the Inspectress it is stated that Miss Rosemeyer inspected schools for a number of days and that she took leave from the 1st of Meenam and that Mrs. Quinless was in charge.

"Mrs. Quinless was on tour for 15 days and visited 5 English High Schools, 3 English Middle Schools, 3 Vernacular High and Middle Schools, 10 Special Schools and one Assistant Inspectress's Office."

If I remember correct, the schools were closed for the summer recess on the 15th of Meenam, and every one knows that annual examinations begin by the 1st week of Meenam. On the 1st of Meenam Mrs. Quinless took charge. It surpasses my imagination how she was able to visit all these schools within a fortnight. If it was a mere matter of visiting the schools for the pleasure of seeing them, then I can understand. But we cannot afford to pay Inspectresses for visiting schools as a matter of pleasure and to satisfy their curiosity. Therefore, that branch of the Education Department has to be very carefully scrutinised. Some order has to be brought out of the chaos in which that branch of the department is working now.

The same is the case with the Vernacular schools. There was a Chief Inspector for the Vernacular branch of the Education Department. In the matter of promotions as Headmasters of Primary schools, every sort—I do not know, Sir, what to call it—of undue influence and corruption—if not in the shape of passing money, other sorts of corruption—is brought to bear. I ask the Director to examine these appointments in which teachers were put as Ag. Headmasters of primary schools and see what their claims are and whether there are any teachers in the department with better claims and what were the special circumstances for preferring others to these people. That also, the Education Director will kindly enquire. The next thing that I want to speak is about the teachers' provident fund. I ask the question, who is responsible for that fund, where that fund is now, whether it is properly accounted for, what is the state of that fund, whether that fund is safe or whether there is any misappropriation? The Director has a right to enquire and we have a right to know about the money collected from these poor teachers and the fate thereof.

We are spending a lot of money for education. The Science College is the most important of the Government colleges in the State and the money we spend for this college is beyond the capacity of the State. Very recently the University Committee visited this college and said that the things got down there are much more

[Mr. K. P. Nilakanta Pillai.]

than what the University College in Madras possesses. All these things are rotting there without any use. Who is responsible for getting down these unnecessary things, and who is liable for their misuse? Now look at the result. They are able to produce 30 per cent. result from the College. When we have magnanimously given everything that they wanted, 30 per cent. is the result. Private colleges for the conduct of which we are not responsible, have produced better results. What are these teachers doing in these colleges? About the selection of teachers and other things, the Director has a right to look into as also the working of these institutions. There are even deaf professors. How can they be asked to teach? These things cannot escape the notice of the Government. How can deaf professors be expected to teach? There are not one but more than that. These are some of the aspects which the Director has to look into. The time at my disposal is very limited. I have to cover a wide sphere.

Then, a word about the disbursement of grants. About Rs. 11 or 12 lakhs are provided for the disbursement of grants. The Director will please note how these amounts are disbursed. Mismanagement of the worst sort is evident in this direction. Schools which were started and approved in the years 1106 and 1107 are not given grants. But, for schools which were opened in 1108 and 1109, grants are given. What do all these things show? Something is wrong somewhere in the department. We are at a loss to know what is taking place in this department.

Now the Education budget comes for criticism in this House. There is no use by jumping headlong into the reforms and carrying them into effect. According to the recommendation, sanction has been given and some of the reforms are given effect to. There also the most important thing which we wanted the Government to look into is the adjustment of schools, that is, how schools should be located so as to satisfy the requirements of every locality. In the case of localities where there are schools more than necessary, some of them should be taken and given to localities where there are not sufficient number of schools. That is not very efficiently carried out. Any how, the Inspectorate is reformed. That, according to me, was the most unimportant item in the report of the committee on education. The idea whether the educational institutions could be closely inspected and supervised by the staff of the Education Department is itself a disputable point. We hold less inspection is better. There is the other aspect also that more and more efficient inspection will advance the cause of education.

That again is a disputable point. The Inspectorate is reorganised and it is given effect to.

President: Your time is up.

Mr. J. John Kattakayam: പ്രാഥമിക വിദ്യാഭ്യാസത്തെ സംബന്ധിച്ചു് രണ്ടുവാക്കു് പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഉദ്ദേശം അൻപതുവർഷത്തിനുമുൻപുവരെ ഈരാജ്യത്തുണ്ടായിരുന്ന സകല ഗവണ്മെന്റു റിക്കാർഡുകളും മലയാളഭാഷയിൽതന്നെ ആയിരുന്നു. മലയാളഭാഷയെ അന്നു രാജഭാഷയായിട്ടാണ് ഉപയോഗിച്ചുവന്നിരുന്നതു്. ആ സ്ഥിതിയിൽ മലയാളഭാഷയുടെ സുവർണ്ണജൂബിലികഴിഞ്ഞുകൂടിയിട്ടുണ്ടു്. എന്നാൽ ഇംഗ്ലീഷ്ഭാഷയുടെ ശതവർഷ ജൂബിലിനാമമാത്രമായി എ. ബി. സി. പഠിച്ചിട്ടുള്ള ചിലകുട്ടികളെ വച്ചുകൊണ്ടിരുന്നതുറപ്പെടുത്തിമാത്രമാണ് കഴിച്ചിട്ടുള്ളതു്. അതു ശരിയായരീതിയിലുള്ള ഒരു ശതവർഷ ജൂബിലിയല്ല. ഇന്ന് ഓരോതരത്തിലായി മലയാളഭാഷയെ തീരെ ഇല്ലാതാക്കിയിരിക്കയാണ്. ഇങ്ങനെ മലയാളഭാഷയെ തീരെ ഉപേക്ഷിക്കപ്പെട്ടതുനിമിത്തം കോടതികളിൽ കക്ഷികൾക്കു വളരെ വിഷമം നേരിടുന്നു എന്നു കഴിഞ്ഞ കൌൺസിൽ സെഷ്യനിൽ ഒരു പ്രശ്നത്തിനിടയിൽ ഞാൻ പ്രകാശിപ്പിച്ചപ്പോൾ ചീഫ്സെക്രട്ടറി പറഞ്ഞതു് അങ്ങനെയുള്ള വിഷമങ്ങൾ ഒന്നും ഉള്ളതായി ഗവണ്മെന്റിനു അറിവില്ലെന്നാണ്. അദ്ദേഹം അങ്ങനെപറഞ്ഞതു ആദ്യതവണ ശീമയിൽപോയിട്ടു തിരിച്ചുവന്ന സമയത്തായിരുന്നുഎങ്കിൽ സങ്കടമില്ലായിരുന്നു. ഇന്ന് ഞങ്ങളെപ്പോലെ അദ്ദേഹവും നാട്ടിൽനടക്കുന്ന സംഗതികളെനോക്കി കണ്ണാടിയിൽ എന്നപോലെ കണ്ടുകൊണ്ടിരിക്കയാണ്. മി. സ്റ്റേത്താം എന്നൊരു മഹാശയൻ ഇവിടെ വന്നിരിക്കുന്നു. അദ്ദേഹം പറയുന്നതു് ഇംഗ്ലീഷ്പഠിച്ചിട്ടുള്ളവർക്കു നല്ല ഉദ്യോഗങ്ങളും മലയാളം പഠിച്ചവർക്കു പങ്കാപിടിക്കുന്ന ജോലിമാത്രവും കൊടുത്താൽമതിയെന്നുംമറ്റുമാണ്. ഇതു് മലയാളഭാഷാഭിമാനികൾ ഒരിക്കലും സഹിക്കത്തക്കതല്ല. ഇത്ര അവമാനകരമായ ഒരവസ്ഥയെ ഭാഷാഭിമാനികളിൽ ആരും എതിർക്കാതിരിക്കുന്നതു തുലോം വിസ്മയാവഹമെന്നേ പറയേണ്ടതുള്ളു. ഇപ്പോൾ മലയാളഭാഷാസാഹിത്യത്തെ പോഷിപ്പിക്കുന്നുണ്ടെങ്കിൽ അതു് മലയാള പത്രങ്ങളും പത്രഗ്രന്ഥങ്ങളും മാത്രമാണ് എന്ന് എവിടെയും സധൈര്യം പറവാൻ കഴിയും. ഇന്നു കാണുന്ന മലയാളപത്രങ്ങളും ഗ്രന്ഥങ്ങളും ഇല്ലായിരുന്നുഎങ്കിൽ മാതൃഭാഷക്കു് യാതൊരുനിലയും വിലയും കാണുകയില്ലായിരുന്നു. എന്റെ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന മി. കുഞ്ഞിത്തൊമ്മൻ ഒരു യഥാ

[Mr. J. John Kattakayam.]

ത്ഥപ്രതിനിധിയാണെന്നുപോലും ചിലർ ഒരുകാലത്തു ഘോഷിച്ചിട്ടുണ്ടായിരുന്നു. മി. കുഞ്ഞിത്തൊമ്മൻ ഉപയോഗിക്കുന്ന ഭാഷ മലയാളമാണ്. ഇന്നു ഞാൻ ഈ സഭയിൽ ചോദിച്ചിരുന്ന ചോദ്യത്തിനു നമ്മുടെ ഇലക്ട്രിക്കൽ എൻജിനീയർ എനിക്കു മറുപടിതന്നതു് ഇംഗ്ലീഷിലായിരുന്നു. അതു് ധിക്കാരംകൊണ്ടോ തനിക്കു മാതൃഭാഷയോടുള്ള അവജ്ഞകൊണ്ടോ എന്താണെന്നു വളരെ ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു് ഇനിയും ഞങ്ങളെപ്പോലുള്ള ആംഗ്ലേയഭാഷാനഭിജ്ഞന്മാരായ ആളുകൾ പ്രതിനിധികളായി കൌൺസിലിൽ വരാതിരിക്കണമെങ്കിൽ ഗവണ്മെന്റു ഒരുകാര്യംചെയ്യണം. ഒരുരൂപാ ഭൂനികുതിയുള്ളവക്കും ഇരുപത്തഞ്ചുരൂപാ കരമുള്ളവക്കും കൌൺസിലിലും അസംബ്ലിയിലും വോട്ടുചെയ്യാൻ അർഹതയില്ലെന്നും ബി. ഏ. ഡിഗ്രികിട്ടിയിട്ടുള്ളവക്കുമാത്രമേ വോട്ടിനു അർഹതയുള്ളു എന്നുംമററും നിശ്ചയിക്കണം. അഞ്ചുരൂപാ നികുതികൊടുക്കുന്നവരേയും ഇരുപത്തഞ്ചുരൂപാ കരമുള്ളവരേയും ബി. ഏ. ഡിഗ്രി എടുത്തിട്ടുള്ളവരേയും ഇപ്പോൾ ഒരേതോതിലാണ് ഗവണ്മെന്റു ഈ സംഗതിയിൽ ഗണിച്ചിരിക്കുന്നതു്. നിരക്ഷരകുക്ഷിയാണെങ്കിലും ഭൂനികുതികൊടുക്കുന്നതുകൊണ്ടുമാത്രം വോട്ടിനർഹനായിത്തീരുന്നു.

Mr. M. Govindan (*Nominated*): ഗവണ്മെന്റിന് മലയാളവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കരുതെന്നോ അതിന്റെ അഭിവൃദ്ധിയെ കുറക്കണമെന്നോ ഉള്ള എന്തെങ്കിലും ഉദ്ദേശം ഉണ്ടോ?

Mr. J. John Kattakayam: എനിക്കു വളരെ കുറച്ചുസമയംമാത്രമേഉള്ളു. ഇപ്പോഴത്തെ നിങ്ങളുടെ നീണ്ടചോദ്യത്തിനുതന്നെ കുറെസമയം നിങ്ങൾ അപഹരിച്ചിട്ടുണ്ടു്. പ്രാഥമികവിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനു വിദ്യാർത്ഥികൾക്കു ഫീസ് സൌജന്യംചെയ്തുകൊടുക്കണം. പകുതിഫീസ് ഇളവുചെയ്യണം എന്ന് ലോവർ ഹൌസിൽ ഒരു പ്രമേയം പാസായതിൽ എനിക്കു വളരെ സന്തോഷം ഉണ്ടു്. ഇംഗ്ലീഷ്, മലയാളം എന്നീ സ്കൂളുകൾ പരിശോധിക്കുന്നതിനു രണ്ടിൻസ്പെക്ടർമാരെ നിയമിക്കണമെന്നു സ്റ്റേറ്റാംകമ്മിററിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ഇപ്പോൾ നാലിൻസ്പെക്ടർമാരെ നിയമിച്ചിരിക്കുന്നു. ഇൻസ്പെക്ടരുടെ ആഫീസിൽഉള്ള ജോലികൾക്കു ഡയറക്ടർ ആഫീസിലുള്ള കൂടുതൽജോലിക്കുമായി കൂടുതൽസ്റ്റാഫിനെ ഏർപ്പെടുത്തിയിരിക്കുന്നു. രാജ്യത്തിൽ നികുതിഭാരം വർദ്ധിപ്പിക്കുവാനുള്ള ശ്രദ്ധമാത്രമല്ലാതെ പൊതുജനോപകാരപ്രദങ്ങളും അത്യാവശ്യമുള്ളതുമായ കാര്യങ്ങളിൽ ഗവണ്മെന്റിന്റെ ശ്രദ്ധ വേണ്ടസമയത്തു വേണ്ടപോലെ പതിയുന്നില്ല.

Mr. Kochikal P. Balakrishnan Tampi: വിദ്യാഭ്യാസ ഡയറക്ടരുടെ അഡ്വൈസറിബോർഡിന്റെ അഭിപ്രായപ്രകാരമുള്ള നാലിൻസ്പെക്ടറന്മാരും വേണമെന്നാണോ മെമ്പറിന്റെ അഭിപ്രായം?

Mr. J. John Kattakayam: മുൻപുചോദിച്ച ചോദ്യത്തിനുകൊടുത്ത മറുപടിതന്നെ ഈ ചോദ്യത്തിനു ഉത്തരമായി പറയേണ്ടിയിരിക്കുന്നു.

Mr. Kochikal P. Balakrishnan Tampi: ചീഫിൻസ്പെക്ടസ്സായി പ്രത്യേകം ഒരാളില്ലെന്നു മെമ്പർക്കറിയാമോ?

Mr. J. John Kattakayam: അതിനെപ്പററി പിന്നീടുപറയാം.

ഡപ്യൂട്ടിഡയറക്ററർ ഉദ്യോഗംവേണ്ടെന്നു കഴിഞ്ഞ അസംബ്ലിയിലും കൌൺസിലിലും വളരെ ശക്തിയായി പലരും വാദപ്രതിവാദം നടത്തി. എന്നാൽ ഗവർമ്മെണ്ടു ആ ഉദ്യോഗത്തെ എതുൽപര്യന്തം പുലർത്തിക്കൊണ്ടുപോരുന്നു. ഇപ്പോൾ ആ ഉദ്യോഗം വേണ്ട എന്നും പറയുന്നു. ഡപ്യൂട്ടിഡയറക്ററെ നിയമിച്ചിരിക്കുന്നതു ഡയറക്ടർജോലി പകുതിയായി കുറയ്ക്കുന്നതിനാണ് എന്നുമററുമാണ് അന്നു ഡയറക്ടർ മറുപടിപറഞ്ഞതു്. ഇപ്പോഴും ഡപ്യൂട്ടിഡയറക്ററുടെ ജോലി എങ്ങിനെയാണു് നിർവഹിക്കുന്നു എന്നുള്ളതു അജ്ഞാതമായിട്ടാണിരിക്കുന്നതു്. ഡപ്യൂട്ടി ഡയറക്ററക്കു ഒരു ഡിപ്രമോഷനും കൊടുത്തിരിക്കയാണെന്നു കേട്ടിരിക്കുന്നു. ഒരു വ്യക്തിചെയ്ത അപരാധത്തിനു് ആ ഉദ്യോഗംതന്നെ വേണ്ടെന്നു വയ്ക്കുന്നതു ശരിയോ?

Mr. Komilezhathu Sankaran: ഈ അറിവുകളെല്ലാം മെമ്പർക്കു എവിടെനിന്നുകിട്ടി?

Mr. J. John Kattakayam: അതിനെപ്പററി പിന്നീടു പറയാം.

സയൻസ്കാളേജിലെ പണാപഹരണം സംബന്ധിച്ചു് പുറമെ പല പ്രസ്താവനകളും കേൾക്കുന്നുണ്ടു്. ഈ ഡിപ്പാർട്ടുമെണ്ടിൽ ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്നവരെ സംബന്ധിച്ചുംമററും അനാശാസ്യങ്ങളും ആക്ഷേപാർഹങ്ങളും ആയ പല അപവാദങ്ങളും അടിക്കടികേട്ടുകൊണ്ടിരിക്കുന്നു. ഉയന്ന ഉദ്യോഗസ്ഥന്മാർ ആക്ഷേപമനഃസ്ഥിതിയോടുകൂടിയവരുമാകുന്നുഎങ്കിൽ മനഃസംസ്കാരം സിദ്ധിച്ചിട്ടില്ലാത്ത താഴ്ന്നതരം ആളുകളുടെ പ്രവർത്തികളെപ്പററി അധിക്ഷേപിക്കേണ്ട ആവശ്യം ഇല്ലതന്നെ. ഉദ്യോഗനിയമനവിഷയത്തിൽ ഡയറക്ററർ പല കുഴ

[Mr. J. John Kattakayam.]

പ്പങ്ങളും കാണിച്ചവരുണ്ടെന്ന് എന്ന അറിയുന്നു. എൻെറ നിയോജക മണ്ഡലങ്ങളിലുള്ള താലൂക്കുകളേയും മററും ഉൾപ്പെടുത്തി ഒരിൻസ്പെക്ടറെ നിയമിച്ചതു് അഞ്ചെട്ടു പേരുടെ ന്യായമായ അവകാശത്തെ അവഗണിച്ചിട്ടാണെന്നു പരാതി മുഴങ്ങിക്കൊണ്ടിരിക്കുന്നു. അങ്ങനെ ചെയ്തതു കാര്യക്ഷമതയ്ക്കുവേണ്ടിയാണ് എന്നാണ് ഡയറക്ടർ പറയുന്നത്. നമ്മുടെ ഗവമ്മെണ്ടിൻെറ കാര്യക്ഷമത റബ്ബർപോലെ യഥേഷ്ടം കൂട്ടാനോ കുറക്കാനോ കഴിയും എന്നാണ് ഞാൻ വിചാരിക്കുന്നതു്.

ഒരു ഭൂമിശാസ്ത്രവിദഗ്ദ്ധനെ പുറമെനിന്നും വരുത്താൻ ഉദ്ദേശിക്കുന്നതായി കേൾക്കുന്നു. ഇന്നു ഡയറക്ടർ വിചാരിക്കുന്ന ഏതുതരത്തിലും യോഗ്യതസമ്പാദിച്ചിട്ടുള്ള ആളുകൾ ഇവിടെ അനേകംഉണ്ട്. ഈ സംഗതിക്കെന്നല്ല ഏതു ഡിഗ്രിയും ഉദ്യോഗംകൊടുക്കാമെന്ന വ്യവസ്ഥയില്ലാതെതന്നെ സ്വന്തചിലവിൽ വിദേശത്തുപോയി കരസ്ഥമാക്കിക്കൊണ്ടുവരുവാൻ ഇവിടെ ആളുകൾ തയ്യാറുണ്ടെന്നു ഞാൻ മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ ഈ വിഷയത്തിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ഈ നാട്ടുകാർ ഉള്ളസ്ഥിതിക്കു അവരെ നിയമിച്ചാൽ മതിയാകുന്നതാണ്. ഇതിലേക്കു പുറമെനിന്നും ആളെ വരുത്തേണ്ടതായ യാതൊരാവശ്യവുമില്ല.

ഭാവിപൌരന്മാരായിത്തീരേണ്ട വിദ്യാർത്ഥികളെ വിദ്യ അഭ്യസിപ്പിക്കുന്ന അദ്ധ്യാപകന്മാർ മാതൃകാപുരുഷന്മാരായിതന്നെ ഇരിക്കേണ്ടതാണ്. അദ്ധ്യാപകൻമാരെ നയിക്കുന്ന മേലദ്ധ്യക്ഷന്മാർ ഈവകശന്മാരേക്കാൾ സർവ്വവിധത്തിലും മാതൃകയായിത്തന്നെ ഇരിക്കണം എന്നുള്ളതിനു യാതൊരു സംശയവും ഇല്ല. ഈ സംഗതികൾ ഗവമ്മെൻറു പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

ഇവിടെ നായർമേധാവിത്വം നടമാടുന്നു എന്നാണ് ചിലർ പറഞ്ഞുവരാറുള്ളതു്. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിൽ ഉയന്നഉദ്യോഗങ്ങളിൽ ഇരിക്കുന്നവരിൽ പകുതിയിലധികവും തമിഴ്ബ്രാഹ്മണരാണ്. ഇവരാണ് കൊഴുത്തശമ്പളം വാങ്ങിക്കുന്നതു് എന്നു സൂക്ഷിച്ചുനോക്കിയാൽ കാണാവുന്നതാണ്. പങ്കാവലിക്കുന്നഉദ്യോഗങ്ങളിൽ സിംഹഭാഗവും നായന്മാക്കാണുള്ളതു്. വലിയഉദ്യോഗങ്ങളുള്ളതിൽ ക്രിസ്ത്രീയസമുദായത്തിൽനിന്നും തമിഴ്ബ്രാഹ്മണരുടെ മൂന്നിലൊന്നുമാത്രമേയുള്ളൂ.

Mr. Komilezhathu Sankaran: ഇവരിൽ കത്തോലിക്കർ എത്രപേരുണ്ട്?

Mr. J. John Kattakayam : വളരെ കുറച്ചുമാത്രമെ വരികയുള്ളൂ.

ഇവിടെ ഒരു ടെക്സ്റ്റുബുക്കുകമ്മിററി ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ ഡയറക്ടറുടെ ഇഷ്ടംഅനുസരിച്ചു മാത്രമാണ് ആളുകളെ എടുത്തിരിക്കുന്നതു്. ഡയറക്ടറക്കു മാതൃഭാഷാജ്ഞാനം തീരെയില്ല. കമ്മിററിമെമ്പറന്മാർ സ്വകൃത്യനിർവ്വഹണവിദഗ്ദ്ധന്മാരായി കാണപ്പെടുന്നില്ല പുസ്തകങ്ങൾ പ്രായേണ മോശമായിട്ടാണിരിക്കുന്നതു്. കത്തോലിക്കാലോകത്തേയും അതിലെ ബഹുമാന്യരായ വൈദികമേലദ്ധ്യക്ഷന്മാരേയും മററുംപററി അപലപിച്ച്എഴുതിയിട്ടുള്ള ഗലിലയൊ എന്ന പുസ്തകം പാഠ്യപുസ്തകമാക്കിയതു ശരിയല്ല. ഈ സംഗതി അധികൃതന്മാരുടെ ദൃഷ്ടിക്കു അചിരേണ അർഹമാകുമെന്നു വിശ്വസിക്കുന്നു.

എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറിൻെറ ചിലവു കൊല്ലംതോറും ക്രമാതീതമായി വർദ്ധിച്ചുതന്നെയാണുവരുന്നതു്. ഈ സാമ്പത്തികാധഃപതനകാലത്തു അതിൻെറ നിവാരണത്തിനായി ഒന്നുംതന്നെ നിർദ്ദേശിച്ചുകാണാത്തതിൽ വ്യസനിക്കുന്നു. ഇക്കാര്യത്തിൽ ഒരു നിയന്ത്രണം വരുത്തേണ്ടതു വളരെ അത്യാവശ്യമാണ്. മൂവാററുപുഴ, തൊടുപുഴ മുതലായ ഉൾനാടുനിവാസികൾക്കു് പ്രാഥമികവിദ്യാഭ്യാസം ലഭിക്കുന്നതിനുപോലും യാതൊരു സൌകര്യവും ലഭിക്കാതിരിക്കുന്നു. തൊടുപുഴത്താലൂക്കിൽ സാമാന്യമായ സ്കൂളുകൾമാത്രമേയുള്ളു. കാർത്തികപ്പള്ളിത്താലൂക്കിനേക്കാൾ അതിന് ആറിരട്ടിവലിപ്പമുണ്ടു്. ആസ്ഥിതിക്കു ഏതുതരത്തെ ആസ്പദമാക്കിയാണ് ഇപ്പോഴുള്ള സ്കൂളുകൾകൊണ്ടു് തൃപ്തിപ്പെടാമെന്നു ഡയറക്ടർ നിശ്ചയിച്ചിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. ആ താലൂക്കിൽ ഇപ്പോൾ ഒരുലക്ഷത്തിൽപരം ജനങ്ങൾ അധിവസിക്കുന്നുണ്ടു്. ഇവർക്കു മാതൃഭാഷാഭ്യസനത്തിനുപോലും മാർഗ്ഗമില്ലാതിരിക്കുന്നു. ഈ ശോചനീയാവസ്ഥയെ എങ്കിലും പരിഹരിക്കേണ്ടതാണ്.

Mr. M. N. Paramesvaran Pillai : Sir, I am reminded of the statement that our present Dewan made when he first set foot on this soil. He has said in the Secretariat Association that he would tolerate stupidity and even inefficiency in his officers but not corruption and dishonesty. But in the Education Department one finds inefficiency, corruption, misappropriation, dishonesty and all the rest of it. Almost every day, we happen to read in the papers or hear something undesirable about this department. The morale of this department has gone down very much, so much so respecta-

[Mr. M. N. Paramesvaran Pillai.]

ble and self-respecting citizens are now afraid of sending their boys and girls to schools and Colleges. The "Temples of Learning" are no longer pure temples of learning but are in several cases being presided over by deities of questionable character. If Government cannot improve the tone of this department, I strongly maintain that there is no use in spending anything like 46 lakhs of rupees every year on education.

Mr. Statham may, no doubt, have a reputation as an educationist and he, it appears, has been got down by Government at heavy cost to effect radical changes in our educational system. We have, by this time, seen enough of his reforms and activities. In my view he appears to be more an idealist and a visionary than a practical educationist. The first reform that he effected on assuming charge of the department was to reduce the number of holidays for the schools. In this matter he has shown himself to the public that his knowledge of arithmetic is poor; and in accepting his recommendation the Government have placed themselves in a position in which they continue to remain as the laughing stock of the world. The proceedings on the recommendation of the Director have been published at Page 645 of part I of Government Gazette dated 16-7-1109. The argument advanced for reducing the number of holidays is that, at present, some of the English and Vernacular Schools are not able to hold classes for 175 and 170 days respectively a year, as prescribed by rule 100 of the Education Code. The Director makes the following calculation as the basis of his recommendation and that is :—

Saturdays	52
Sundays	52
Onam holidays	13
Christmas holidays	23
Midsummer Vacation	47
New Moon	12
H. H. the Maharaja's Birthday	1
Pujavaippu	3
Other holidays	15
Total	218

In this, Sir, he makes a fundamental miscalculation. During the 13 Onam holidays there will be 2 Saturdays and 2 Sundays. So also during Christmas holidays there will be not less than 3 Saturdays and 3 Sundays. During the Midsummer Vacation we have 7 Saturdays and 7 Sundays. How could the Director then

contend that the department has been getting 52 Saturdays and 52 Sundays, over and above the 13 days for Onam, 23 days for Christmas and 47 days for the Midsummer vacation. Then again some of the New Moon and otherh olidays in the year fall either on Saturdays or on Sundays. From a perusal of the Almanac for 1110, one finds that *Avaniavittam* and *Gayatharijapam* holidays fall during the Onam holidays. Similarly, *Sivarathri* on 19-7-1110 falls on a Sunday; the New Moon on 23-1-1110 is on a Saturday; the New Moon on 21-6-1110 is on a Sunday; the New Moon on 18-10-1110 is on a Saturday and the New Moon on 16-11-1110 is on a Sunday. I hope the Government will take early action to rectify these mistakes into which they have been led by the Director.

The next thing he has done is to change the working hours for schools on Fridays. Formerly the classes were held on Fridays, just as on other days in the week, from 10 A. M. to 12-30 P. M. and from 1-30 P. M. to 4 P. M., but the new Director has changed the afternoon hours on Fridays into 2-30 P. M. to 5 P. M. Evidently he seems to have not realised the difficulties arising out of this change.

Mr. R. M. Statham: That order is an order of Government dated 19th July 1934.

Mr. M. N. Paramesvaran Pillai; I know it was issued on the recommendation of the Director of Public Instruction. Even if it was not issued on the recommendation of the Director but was made by the Government on their own initiative, I say the order is wrong for various reasons. Both in this town and in the mofussil we find that very many of the school-going children attend the schools from distant places, walking 6 to 10 miles both in the morning and in the evening. By this change they are put to considerable hardship. This change of programme is said to have been made for the sake of a few school-going Mahomedan boys and girls.

Mr. Komilezhathu Sankaran: May I know whether the member has any objection in treating all Fridays as holidays?

Mr. M. N. Paramesvaran Pillai: Certainly I have no objection.

But as it is, the large majority of students who belong to other communities are put to serious hardship for the sake of one or two Mahomedan students in their classes. In some classes we many not find any Mahomedan students at all.

Sir, the next change that the Director has effected is the reorganisation of the Inspectorate. A lot of confusion has been brought about by this new change. For want of time I do not propose to go into details. I shall content myself with citing one or two instances.

The Government of His Highness the Maharaja do deserve our congratulations for having decided once for all to abolish the posts of the Deputy Director of Public Instruction and the Vice Principal of the Training College. Whatever interested persons may write in the papers or say in the Assembly for the restoration of these two places, I am sure, Sir, you will be held in high esteem by the people at large if you do not retrace the steps that you have once taken after due deliberation. I need hardly point out that the establishment charges in the Education Department could still be considerably reduced without affecting efficiency. For instance, most of the professors and lecturers in the Education Department who have to work only a couple of periods on some days in the week are given very big salaries. If the expenditure in the Education Department is properly husbanded, it would be extremely easy and possible for Government to reduce the cost of education.

Before I finish, I wish to offer a few remarks with regard to the constitution and working of the Text-Book Committee. In the first place very few literary talents are in the committee. It would appear that the Text-Book Committee and the Education Advisory Board are meant for the Director of Public Instruction to exercise a sort of patronage even over the members of the legislature.

Mr. Kochikal P. Balakrishnan Tampi: May I request the member to withdraw the remark as regards the statement that the members "are meant for the D. P. I. to exercise a sort of patronage?" It is an insult.

Mr. M. N. Paramesvaran Pillai: It is my personal view.

It must be said to the credit of the present Director of Public Instruction that he has never missed any opportunity to use this bait to hush opposition from whatever quarter it may proceed. It is scandalous, Sir, that this committee should be composed mostly of men who have not the requisite qualification and ability to pronounce a correct opinion on any book. Decency prevents me from mentioning the names. What this committee has done is to select the books written by some of its own members in preference to books written by standard and recognised authors like Messrs. Vallathol, P. K. Narayana Pillai, Olloor and others.

Mr. R. M. Statham: There is a book written by one of these authors prescribed.

Mr. M. N. Paramesvarau Pillai: I am not unaware of that fact, but the majority of the books selected by the committee are books written by inferior class of writers. For instance there is one book, Nalabahukam written by a member of the Text-Book Committee and the same is prescribed for the IV Form. There are very few correct sentences in that book,

Mr. Kochikal P. Balakrishnan Tampi : May I know how many works of Milton and Shakespeare are accepted as text-books in English schools?

Mr. M. N. Paramesvaran Pillai : I am now speaking of Vernacular Schools only.

In the matter of English text-books, History, Geography and similar other books in English, Headmasters of the various schools are given the option of selecting the books they like from the approved list. Two serious difficulties arise out of this. In the first place transfer of a student from one school to another in the course of the academic year becomes practically impossible. Even a transfer of a student from the Vanchiyoor School to the Model School cannot be had, because the text-books selected by the Headmasters of these schools do not happen to be the same. Then again, since the whole matter was left in a state of uncertainty no book-seller was able to stock the necessary books. Consequently even today in very many schools in the State the students have not equipped themselves with all the necessary text-books.

I hope that, at least in future, the Government will look into the recommendations of the Director carefully before they are sanctioned and given effect to.

Mr. M. N. Narayana Menon : ഇന്നത്തെ വിദ്യാഭ്യാസഡയറക്ടറർ വളരെ സമർത്ഥനായ ഒരാളാണ്. വിദ്യാഭ്യാസപരിഷ്കരണക്കമ്മിററിയുടെ പ്രസിഡണ്ടായിരുന്ന മിസ്റ്റർ സ്റ്റേത്താമിനെത്തന്നെ എഡ്യൂക്കേഷൻഡയറക്ററരാക്കിയാൽ ഈ രാജ്യത്തെ വിദ്യാഭ്യാസരീതി വളരെ മെച്ചനിലയിൽ ആയിത്തീരുമെന്നാണ് ജനങ്ങൾ ആശിച്ചിരുന്നതു്. എന്നാൽ "മലയെലിയെ പ്രസവിച്ചതു"പോലെയാണ് ആ സംഗതി പര്യവസാനിച്ചിട്ടുള്ളതു്. ഇതു് അദ്ദേഹത്തിൻെറ കുററമല്ലായിരിക്കാം. ഡിവിഷൻ ഇൻസ്പെക്ററൻെറ പരിഷ്കാരത്തെപ്പററിയാണ് എനിക്ക ആദ്യമായി പറയുവാനുള്ളതു്. രണ്ടിൻസ്പെക്ടർമാർ മാത്രം മതിയെന്നായിരുന്ന റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നതു്. ഇപ്പോൾ രണ്ടിനുപകരം നാലുപേരെ നിയമിച്ചിരിക്കുന്നു. ഒരു ഇൻസ്പെക്ടറുടെ ഉദ്യോഗപ്പേരാണിപ്പോഴുള്ളതു്. ഇപ്പോഴത്തെ പരിഷ്കാരം അനുസരിച്ച ഇൻസ്പെക്ടറേഴ്സിൻെറ അധികാരാതൃത്തി നിർണ്ണയിച്ചിരിക്കുന്നതുനോക്കിയാൽ തിരുവിതാംകൂറിനെപ്പററി എന്തെങ്കിലും ജ്ഞാനമുള്ളവരോ തിരുവിതാംകൂറിൻെറ പടം കണ്ടിട്ടുള്ളവരോ ആയി ആരെങ്കിലും ആ ആഫീസിൽതന്നെ ഉണ്ടായിരുന്നോ എന്നു സംശയം തോന്നുന്നതാണ്. അതിലേക്കു് ഉദാഹരണം പറയാം. തിരുവല്ലാ ഇൻസ്പെക്ട

രുടെ അധികാരാതൃത്തി കോട്ടയം കടന്നു വൈയ്ക്കവും വൈക്കത്തിനു പടിഞ്ഞാറുള്ള ചേർത്തലയും ഉൾപ്പെട്ടിരിക്കുന്നു. മൂവാററുപുഴഇൻസ്പെക്ടർ കോട്ടയംകടന്നു പീരുമേട്ട മുതലായ സ്ഥലങ്ങളിലേയ്ക്കു പോകേണ്ടിയിരിക്കുന്നു. ഇതു സകലക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു സംഗതിയാണ്. കോട്ടയംഡിവിഷനെ മുൻപിലത്തെപ്പോലെ ഒരു ഹെഡ്കചാട്ടേഴ്സ് ആക്കേണ്ടതു അത്യാവശ്യമാണ്. രാജ്യം ഒട്ടുക്ക സഞ്ചരിക്കത്തക്കവിധത്തിൽ ഇൻസ്പെക്ടറന്മാർ ഇപ്പോൾ ധാരാളം ഉണ്ട്. ഇൻസ്പെക്ടർമാരുടെ കീഴിൽ അസിസ്റ്റൻറിൻസ്പെക ടർമാരുമുണ്ട്. അസിസ്റ്റൻറിൻസ്പെക്ടറന്മാക്ക് മിഡിൽസ്കൂളുകളും പ്രൈമറിസ്കൂളുകളും പരിശോധിക്കാമെന്നുവച്ചിരിക്കെ, അസിസ്റ്റൻറിൻസ്പെക്ടറസ്സുകൾക്കു മിഡിൽസ്കൂൾ പരിശോധിക്കാൻ പാടില്ലാ എന്നു നിശ്ചയിച്ചിരിക്കുന്നതിൻെറ കാരണം മനസ്സിലാകുന്നില്ല. തിരുവനന്തപുരത്തുള്ള ഇൻസ്പെക്ടറസ്സിൻെറ പേസനൽ അസിസ്റ്റൻറു രാജ്യം ഒട്ടുക്ക സഞ്ചരിക്കണം എന്നു വച്ചിരിക്കുന്നു. അതാതുസ്ഥലത്തുള്ള അസിസ്റ്റൻറിൻസ്പെക്ടറസ്സുകൾ വർണാക്കുലർ മിഡിൽസ്കൂൾ പരിശോധനകൂടി നടത്താൻ സാധിയ്ക്കുന്നതുകൊണ്ട് ഇൻസ്പെക്ടറസ്സിൻെറ അസിസ്റ്റൻറ് രാജ്യം ഒട്ടുക്ക സഞ്ചരിച്ചു പരിശോധനനടത്തേണ്ട ആവശ്യം ഇല്ല. വിശേഷിച്ചും അതു ഒരു അധികച്ചിലവായിവരുന്നതാണ്. അതിനുംപുറമെ മററു അസിസ്റ്റൻറിൻസ്പെക്ടറസ്സുകൾക്കു സങ്കടകാരണവുമാകുന്നു. നാലിൻസ്പെക്ററന്മാർ ഇപ്പോൾ ഉള്ള സ്ഥിതിയ്ക്കു ഒരു ഇൻസ്പെക്ടറസ്സിൻെറ ആവശ്യം അശേഷം ഇല്ലെന്നു ഇതിൽനിന്നും തെളിയുന്നതാണ്. ഈ സ്ഥിതിയ്ക്കു ഈ ഇൻസ്പെക്ടറസ്സ് ഉദ്യോഗം നിറുത്തൽചെയ്യുന്നതു നന്നായിരിക്കും.

ഈ അവസരത്തിൽ ഫീസു ഇളവുചെയ്തുകിട്ടേണ്ടതു് അത്യാവശ്യമാണ്. കഴിഞ്ഞവർഷത്തെ ഡയറക്ററുടെ റിപ്പോർട്ടിൽ ൧൧൦൭ ലെ-നെക്കാൾ ൧൧൦൮-ൽ ഇംഗ്ലീഷ്സ്കൂളുകളിൽ ൨൨൪൬ വിദ്യാർത്ഥികൾ കുറവുണ്ടെന്ന് പറഞ്ഞുകാണുന്നു. മറെറാരുഭാഗത്തു് ഭൂസ്വാത്തുടമസ്ഥന്മാരുടേയും കൃഷിക്കാരുടേയും കുട്ടികൾ ൧൪൦൦൦ കുറഞ്ഞിട്ടുണ്ട് എന്നും അതിനുള്ള പ്രധാനകാരണം സാമ്പത്തികാധഃപതനമാണെന്നും അദ്ദേഹം പരിപൂർണ്ണമായി സമ്മതിക്കുന്നുണ്ട്. ഇങ്ങനെ സമ്മതിക്കുന്നതല്ലാതെ ഈ സാമ്പത്തികാധഃപതനത്തിൻെറ പരിഹാരത്തിനു ഗവൺമെൻറിൽനിന്നും യാതൊന്നും നിർദ്ദേശിച്ചുകാണുന്നില്ല. അതുകൊണ്ട് ഫീസ് ഇളവുചെയ്തുകൊടുക്കുന്നതിനു ഉദ്യോഗസ്ഥഭാഗത്തേക്കുതന്നെ വളരെ

[Mr. M. N. Narayana Menon.]

ന്യായങ്ങളുണ്ട്. എന്നാൽ ഫീസു കുറയ്ക്കണം എന്നുള്ള സംഗതി കേൾക്കുമ്പോൾതന്നെ ഒരു ഭീമമായ സംഖ്യ അതുനിമിത്തം നഷ്ടംവരികയില്ലേ എന്നു തോന്നിയേക്കാം. ഈ രാജ്യം ഒട്ടുക്കുള്ള വിദ്യാലയങ്ങളിൽനിന്നും കിട്ടുന്ന ഫീസ് ഉദ്ദേശം ഏഴുലക്ഷം രൂപാമാത്രമേയുള്ളു. അതിൽനിന്നും മൂന്നു ലക്ഷംരൂപാ കുറയ്ക്കുന്നതു് ഒരു വലിയ കുറവായിവരാനിടയില്ല. ൨൩൦ ലക്ഷം രൂപാ വരവുള്ള ഗവണ്മെൻറിനു ഒരു മൂന്നുലക്ഷംരൂപ കുറയ്ക്കാൻ സങ്കടപ്പെടേണ്ട ഒരാവശ്യവും ഇല്ല. ഈ രാജ്യം വിദ്യാഭ്യാസവിഷയത്തിൽ വളരെ മുന്നോക്കം നില്ക്കുകയാണുചെയ്യുന്നതു്. രാജ്യത്തിൻെറ പ്രശസ്തിയെ മുന്നോട്ടു കൊണ്ടുപോകുന്നതിന് വിദ്യാഭ്യാസം അത്യന്താപേക്ഷിതമായിരിക്കുന്നതിനാൽ വിദ്യാഭ്യാസംചെയ്യുന്നതിനുള്ള സൌകര്യത്തിനെ ഉദ്ദേശിച്ചെങ്കിലും ഫീസ് പകുതികുറച്ചുകൊടുക്കണമെന്നു ഞാനപേക്ഷിക്കുന്നു.

എൻെറ ഒരു മാന്യസ്നേഹിതൻ പറഞ്ഞതുപോലെ കാളേജിലെ പ്രൊഫസ്സേഴ്സിൻെറ ശമ്പളം കുറയ്ക്കുന്നതുകൊണ്ട് യാതൊരനൌചിത്യവും വരാനില്ല. മുൻപ് ഈ പ്രൊഫസ്സേഴ്സിൻെറ ശമ്പളം രണ്ടു ഗ്രേഡിൽ ആയിരുന്നു. അന്ന് യൂറോപ്യൻ പ്രൊഫസ്സേഴ്സും ഉണ്ടായിരുന്നു. അവർക്ക് ബ്രിട്ടീഷ് ഇൻഡ്യയിലുംമററും കിട്ടിവന്നിരുന്ന തോതനുസരിച്ച് ഉയർന്ന ശമ്പളവും നാട്ടുകാർക്ക് ചുരുങ്ങിയ തോതിലുള്ള ഒരു ശമ്പളക്രമവും ആണ് ഉണ്ടായിരുന്നതു്. സർ. പി. രാജഗോപാലാചാരി ഇവിടെ ദിവാൻജിയായിരുന്നകാലത്താണെന്നു തോന്നുന്നു നാട്ടുകാരായ പ്രൊഫസ്സേഴ്സിൻെറ ശമ്പളം യൂറോപ്യൻ പ്രൊഫസ്സേഴ്സിൻെറ ശമ്പളത്തിനനുസരിച്ച് ഉയർത്തിക്കൊടുത്തിട്ടുള്ളതു്. ഇന്നിവിടെ യൂറോപ്യൻപ്രൊഫസ്സേഴ്സ് ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് ഈ സാമ്പത്തികാധഃപതനകാലത്തു് പ്രൊഫസ്സേഴ്സിൻെറ ശമ്പളം കുറയ്ക്കുന്നതിൽ യാതൊരു അനൌചിത്യവും വരാനില്ല. അങ്ങിനെ കുറച്ചുകിട്ടുന്ന തുകകൊണ്ട് ഫീസ് ഇളവുചെയ്യുന്നതുനിമിത്തമുള്ള നഷ്ടത്തെ പരിഹരിക്കാവുന്നതാണ്. ഏതു രീതിയിലെങ്കിലും ഫീസ് ഇളവുചെയ്തുകിട്ടേണ്ടതു് അത്യാവശ്യമാണ്. സർവകലാശാലാപരീക്ഷാഫലത്തെപ്പററിയാണ് എനിക്ക് അടുത്തതായി പറയുവാനുള്ളതു്. ഇൻറർമീഡിയററ് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എൻെറ മരു മാന്യസ്നേഹിതൻ പറഞ്ഞതുപോലെ സയൻസ് കാളേജിലെ പരീക്ഷാഫലം തീരെ തൃപ്തികരമായിരിക്കുന്നില്ല. എത്രയോ പണം ചിലവാക്കി ഇവിടെ നടത്തിവരുന്ന പരീക്ഷകളുടെ ഫലം മററു സ്കൂളുകളെ അപേ

ക്ഷിച്ചു വളരെ മോശമായിരിക്കുന്നതു് തീരെ ആശാസ്യമായിരിക്കുന്നില്ല. മദ്രാസ് സർവ്വകലാശാലാപരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തുമ്പോൾ പ്രസിഡൻസിയിലെ മററു കാളേജുകളുടെ പരീക്ഷാഫലവുമായി താരതമ്യപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കും. ബി. എ. പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുമ്പോഴും അതുപോലെതാരതമ്യവിവേചനം—Comparative statement-വേണം. സ്കൂൾഫൈനൽ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തുമ്പോൾ ഓരോ കൊല്ലത്തിലും ഓരോ സ്കൂളിൽ ൰-ാം ഫാറത്തിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്ര എന്നും അവരിൽ എത്രപേരെ പരീക്ഷയ്ക്കു് അയച്ചുവെന്നും അവരിൽ എത്രപേർ പാസായി എന്നും വിശദമായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. തിരുവിതാംകൂറിലെ ഗവൺമെൻറുവിദ്യാലയങ്ങളുടെ പരീക്ഷാഫലം മൊത്തത്തിൽ പ്രൈവററു വിദ്യാലയങ്ങളെ അപേക്ഷിച്ചു വളരെ മോശമാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഗ്രാൻറു പ്രതിവർഷം പതിനായിരക്കണക്കിനു കുറയ്ക്കുന്നതും ശരിയല്ല. ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരേയും ഗവൺമെൻറുസർവീസിൽ എടുക്കണം. ൧൦൦-നം ൧൦൩-ന്നാംമദ്ധ്യേ പകരംനോക്കിയവരെ മാത്രമെ നിയമിക്കാവു എന്നുള്ള ഉത്തരവു റദ്ദുചെയ്യണം. മലയാളം സ്കൂളിലെ S. S. L. C. ക്കാർക്കു ഇംഗ്ലീഷുസ്കൂളിലേക്കു പ്രമോഷൻ നൾകണം. ആദ്യനിയമനം മലയാളം സ്കൂളുകളിൽ കൊടുക്കണം. ജോലിക്കുള്ള അപേക്ഷകളിൽ ആദ്യമാദ്യം പാസായവർക്കു പ്രാഥമ്യം നൾകണം. ഹിൻഡിക്കൂടി എല്ലാ വിദ്യാലയങ്ങളിലും പഠിപ്പിക്കണം. വായനശാലകൾക്കു നൾകുന്ന ഗ്രാൻറു് അശേഷം തൃപ്തികരമാകുന്നില്ല. ചുരുങ്ങിയതു് ഒരുപകുതിയിൽ ഒരു വായനശാലവീതം ഉണ്ടാക്കണം. പ്രൈവററു വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെ മാററുന്നതിനെ സംബന്ധിച്ചു പല പരാതികളും ഉണ്ടാകുന്നുണ്ടു്. ഗവൺമെൻറുസ്കൂൾ അദ്ധ്യാപകന്മാരെപ്പോലെ ഇവർക്കും അവരുടെ ശമ്പളത്തിനായി ഗവൺമെൻറിൽനിന്നും ഗ്രാൻറുകൊടുത്തുവരുന്ന സ്ഥിതിക്കു് അവരുടെ സങ്കടപരിഹാരത്തിനു് ഒരു വ്യവസ്ഥയുണ്ടാക്കേണ്ടതും ഗവൺമെൻറുസ്കൂൾ അദ്ധ്യാപകന്മാർക്കുള്ളതുപോലുള്ള അവധി മുതലായ സംഗതികൾ അവർക്കു കൊടുക്കേണ്ടതുമാണ്.

Mr. M. Govindan : I had not thought of making a speech on this subject before I heard the discussion here. I was sorry to find personal attacks being made against the present Director. There have been all manner of irrelevant statements which did not directly concern the motion before the House.

Mr. K. P. Nilakanta Pillai: Is it open to the member to say that what other members said was irrelevant when the Chair has not ruled so?

President: That is *his* opinion, and not the Chair's.

A word more about the land assignment policy adopted by the Land Revenue Department. Of late, it has come to our notice that Government lands are considered to be the private lands of officers. Registry of Government lands is made according to the will and pleasure of the officers of the department. Take, for instance, the *kuthakapattom* given by Government to one ex-officie member of the old Legislative Council. The answers given by the Land Revenue Commissioner to the interpellations in the last session will convince the House how deliberately and against the interests of the State the land was given on *kuthakapattom*. A few figures about the income of the land and the way in which the matter was treated will not be out of place. In Survey No. 5473 in Neendakara pakuthi 27 acres of land were sold in public auction and the bid went up to Rs. 45,000 per 1,000 sq. yds. Then the Government thought that the auction bid was low and that the property was ordered to be sold again in auction to fetch a higher price. At the second auction the bid came down to Rs. 29,320. Again, the Government was not satisfied with the amount and proposed to hold another auction. At the third auction the amount went down to Rs. 25,080. The Government was not satisfied with this amount and stopped the auction. This tank bed was occupied by the depressed classes who had cultivated the land and had put up sheds over the property. They were living there and they applied for the registry in their own names and they were prepared to pay Rs. 25,000, the last bid. Government also gave word for the registry of the land to the depressed classes. It was at this time that an ex-officio member of the old Council asked for *kuthakapattom*. There was the clear order of the Government that, until final orders were passed on the recommendations of the Minor Irrigation Committee, no Sirkar land should be registered or given on *kuthakapattom* to anybody. The land was given for *kuthakapattom* for Rs. 259. Approximately the tax assessed on the land (which was treated as a first class land) amounted to Rs. 570 per year. Even if the property were sold in auction it would fetch Rs. 25,000, and the Government would get Rs. 540, by way of land tax and Rs. 140 by way of water cess. And the Rs. 25,000 at the rate of six per cent. will yield an interest of Rs. 1,500. But now the Government gets only Rs. 259 per year.

Mr. K. Madhavan Pillai: Was the ex-member's constituency in favour of such a grant to that member?

Mr. P. Padmanabhan Tampi: That matter was not brought to the notice of the Council or even to the notice of the Dewan Peishkar or the Tahsildar concerned. Certainly the people of the locality knew nothing about it. All this was done in secret and the Government was defrauded.

Mr. K. Madhavan Pillai: I am asking if the ex-member's constituency knew it?

Mr. P. Padmanabhan Tampi: It was done so privately that neither his constituency nor anybody else knew it.

Chairman: Is the member referring to the present Council?

Mr. P. Padmanabhan Tampi: I am referring to the old Council. In a recent registry of land, I was told that a certain member of Nedumangad has got some registry and that that member is even now trying for some registry of forest lands.

Mr. M. N. Paramesvaran Pillai: May I know from the member whether it is his opinion that the present Council is in any way better than the previous Council?

Chairman: That question does not arise.

Mr. P. Padmanabhan Tampi: It is high time that these matters are brought to the notice of the House or are published in the Government Gazette before registries are made, so that the House and the public may be aware of these. The policy adopted by the revenue officers in registering land to the depressed classes is simply deplorable. There are so many people without lands, without houses and living in other's property with a great deal of trouble. With these words, I oppose the grant and press for the omission of the whole allotment.

Mr. M. N. Paramesvaran Pillai: Sir, I rise to oppose this demand and I do so with a view to bring home to Government the imminent necessity of granting a remission of at least 50 per cent of the land tax, recoverable from all kinds of lands. The Assembly has given its verdict, and I do not think any argument is necessary to establish the justice and soundness of this claim. Even the Financial Secretary has, at page 6, paragraph 6, of his Budget speech frankly admitted that "the economic depression which has been correctly described as unprecedented alike in its extent, its duration and its intensity still persists. Commodity prices, subject to minor recoveries *i. e.*, in tea and rubber, still remain low". But in spite of this admission we do not see in his speech any proposal calculated to relieve the ryots of their growing

miseries and appalling poverty. Even the trifling concession of a 12½per cent. remission allowed in 1109 in respect of tax due from ayacut wet lands, the Government do not propose to extend for the ensuing year.

Owing to the heavy fall in prices of agricultural products the people are now unable to pay their taxes. But the attitude of Government seems to be that of an avaricious man who has got not only sufficient for his present needs, but also something to lay by for the future, and yet wants his poor and helpless neighbour to part with his morsel of food. This is indeed cruel. There is no justification for the continuance of the land tax, when the people do not get any margin of profit from the land they cultivate. On one side they are now hard hit by the economic depression and on the other side they are mercilessly harassed by the revenue authorities. According to the revised estimate of 1109 we find that the department has collected Rs. fortyfive thousand more than the budget estimate. It is admitted in the Administration Report of the department for the year 1108 that more coercive steps were resorted to during the year. From this, one could more or less infer how many coercive steps and sale of lands had to be resorted to for collecting a bigger amount in 1109 than what was actually forecasted by the Financial Secretary at the time of the framing of the budget. The ryots need immediate relief of a substantial nature. Unless something is done to save them, I fear that, in spite of all precautionary methods that the Government may adopt—they may stop publication of the sale notifications in the Gazette or do anything else—an agrarian revolution is bound to disturb the tranquillity and peace in the country. The Government must cease to think that its people are mere grapes fit to be crushed into wine for their officers' drinking. There is a feeling in the country which is gaining currency every day that the Government forcibly take the property of this man for the purpose of giving gratis benefit to that man. Money is exacted from the poor so that the children of their less impoverished neighbours may have cheap lessons and that various people mostly better off may read newspapers and novels for nothing. It may be argued in this connection that the greater part of the money exacted by Government comes from those who are relatively well off. Assuming it to be true, I think, as Herbert Spencer has said, it is no consolation to the ill off from whom the rest is exacted. If the comparison be made between the pressures borne by the two classes respectively, it becomes manifest that the case is even worse than at first appears, for, while to the well off the exaction means loss of luxuries, to the ill off, it means, loss of necessaries.

[Mr. M. N. Paramesvaran Pillai.]

As it is, the poor tax-payer always views with extreme dissatisfaction and discontent the alarming growth of expenditure under State patronage and implores that the conditions be improved without further delay. There is a limit to the increase of taxation and coercion resultant upon such increasing expenditure, and I may assure you, Sir, there will come a time when resistance by the tax-payer will become his duty and submission treason. The tax-payers insist upon due economy in the performance of Governmental functions.

In conclusion, Sir, I would most strongly appeal to Government to take note of the present situation and try to ease it without losing time. If Government do not show any preparedness or willingness to accede to our demand, which, in this case, is truly the country's demand, I would most fervently and earnestly appeal to my honourable friends on this side of the House, both young and old, elected and nominated, to completely forget at least for the time being all the natural and artificial barriers and differences and with one voice throw out this demand for grants, without the least compunction.

Mr. Komilezhathu Sankaran: How many people are actually benefited by the remission of tax?

Mr. M. N. Paramesvaran Pillai: All people are benefited. Those who pay the tax and those depending upon them will be benefited.

Mr. Komilezhathu Sankaran: How many tax-payers are there in the State?

Mr. M. N. Paramesvaran Pillai: I have not taken statistics. How else could we effectively record the feelings of the thousands and thousands of poor and helpless souls crying for food and help? We must remember that we have come here not to lecture to the official benches or listen to their sermons and lullabies but to achieve something tangible for the people whom we have the good fortune or the misfortune to represent. Everyone of us should realise that he owes a sacred duty to his constituency. If he fails to discharge that, he is guilty of the highest breach of trust and confidence which his constituency has placed on him. With these words, Sir, I support the motion.

(Messrs. John Kattakayam and Piraviperumal Pillai both stood up one after another to speak)

Mr. S. Piraviperumal Pillai: Sir, I also wish to speak a few words.

Chairman: Mr. John Kattakayam may speak.

Mr. J. John kattakayam: "പുരകെട്ടും കരംകെട്ടും കഴിഞ്ഞെങ്കിൽ കിടക്കപ്പൊറുതിയുണ്ട്" എന്നൊരു പഴഞ്ചൊല്ലുണ്ട്. പുരാതനകാലങ്ങളിൽ നികുതി ഈടാക്കുന്നതിനു പലതരത്തിലുള്ള വിഷമങ്ങൾ ഉണ്ടായിരുന്നു. കരം തവണക്ക് കെട്ടാത്തവനെ പിടിച്ചുകൊണ്ടുവന്നു കുനിച്ചുനിറുത്തി മുതുകത്തു കല്ലുവച്ചുവിഷമിപ്പിച്ചുവന്നു. ഇപ്പോഴത്തെ രീതി അതിലും കഷ്ടതരമാണ്. കരത്തിനുവേണ്ടി ആഹാരസാധനങ്ങളും കിടപ്പാടുതന്നെയും നഷ്ടപ്പെട്ടുപോകുന്നു. നാട്ടിൽ ഇപ്പോൾ നികുതിയിൽ കുടിശിഖവരുന്നുണ്ട്. അതിനുകാരണം ജനങ്ങളുടെ സാമ്പത്തികസ്ഥിതി അനുകൂലമല്ലാത്തതുകൊണ്ടാണ്.

ഇപ്പോൾ ഗവണ്മെൻറിൽ നിന്നും പ്രസിദ്ധപ്പെടുത്താറുള്ള ഗസററുകണ്ടാൽ രണ്ടുമൂന്നുലക്കം ഒരുമിച്ചു വരുന്നതുപോലെ തോന്നും. ചുരുക്കം ചില പത്രങ്ങൾ അനേകലക്കം ഒരുമിച്ചുകെട്ടി അയക്കാറുണ്ട്. സാമ്പത്തികാധഃപതനം പ്രമാണിച്ചു സക്കാരും പ്രസ്തുതാദർശത്തെ അനുകരിച്ചുതുടങ്ങിയൊ എന്നു സംശയിച്ച് പൊട്ടിച്ചുനോക്കുമ്പോഴല്ലെ കാര്യം മനസ്സിലാകുന്നത്. കരക്കുടിശിഖക്കുള്ള വസ്തുലേലങ്ങൾ അധികരിച്ചതുകൊണ്ടാണ് ഗസററു ആകൃതിയിൽ ഇത്രയധികം ഭാരമേറിയിരിക്കുന്നതെന്നുകാണാം. അതിനെപ്പററി പറയാൻതുടങ്ങിയപ്പോൾ ഗവണ്മെൻറിന് ശല്യമായിത്തീന്നു. അതിൻെറ പരിഹാരത്തിനായി ഇപ്പോൾ കരക്കുടിശിഖക്കായുള്ള ലേലപരസ്യം ഗസററിൽ വേണ്ടെന്നു നിശ്ചയിച്ചുപോലും. അതുനിമിത്തമാണു സംഗതികൾഒക്കെ എല്ലാവരും അറിയുന്നത്. .അതുവേണ്ട,; പട്ടണവാസികളായി ഇലക്ട്രിക് പങ്കായുടെ കീഴിലിരുന്ന് വിശ്രമിക്കുന്ന ഉദ്യോഗസ്ഥന്മാർ കരംപിരിയാത്തതു എന്തുകൊണ്ടാണെന്നറിയുന്നുണ്ടോ? ലേലം ചെയ്യേണ്ടതായി വന്നാൽ മേലാൽ ഗസററിൽ പരസ്യംചെയ്യേണ്ട ആവശ്യമില്ലെന്നു തീർച്ചചെയ്തു. കരക്കുടിശിഖനിമിത്തം എന്താണുവരാൻപോകുന്നത്. ഗത്യന്തരമില്ലാതാകുമ്പോൾ കിടപ്പാടം ഇല്ലാതാകും. കിടപ്പാടം ഇല്ലാതായാൽ പിന്നെ എന്താണു ചെയ്യുന്നത്. "അടികൊണ്ടാൽ ആനയും വീണുപോകും". തങ്ങളുടെ നിലയും വിലയും പോയാൽ എന്താണ് സംഭവിക്കുന്നത്,വിപ്ലവം, ഇതിനു നിവാരണം ഉണ്ടാക്കാൻ ഗവണ്മെൻറു നേരത്തെതന്നെ ഒരു പട്ടാളത്തെ ഏർപ്പെടുത്തണം. വനം കൺസർവേററരേ ഏർപ്പാടുചെയ്തു കുറേലാത്തിയും വരുത്തിവക്കണം.

ഇപ്പോൾ പുതുവൽ ഭൂമികൾ ലേലംചെയ്താൽ പിടിക്കാൻ ആളുകൾ തയ്യാറില്ല. എനിക്കുവിശ്വാസമില്ല. ശരിയായപരസ്യത്തോടുകൂടി നേരിയമംഗലം മുതൽ പള്ളിവാസൽവരെയുള്ള റോഡിൻെറ രണ്ടു

[Mr. J. John Kattakayam]

സൈഡിലുമുള്ള സ്ഥലം തുണ്ടുതുണ്ടായി ലേലം ചെയ്തുകൊടുക്കാൻ ഗവണ്മെന്റ തയ്യാറാകുന്നപക്ഷം ലേലത്തിൽ പിടിക്കാൻ ധാരാളം ആളുകളും ഉണ്ടാകും. നമ്മുടെ രാജ്യത്തു ഇപ്പോൾ മൂന്നിൽ ഒരുഭാഗം വനമാണ്. ഈ വനത്തിൽ നിന്നു് ഇപ്പോൾ ഗവണ്മെന്റിനു കിട്ടുന്ന ആദായം തുലോം തുഛമാണ്. വനങ്ങൾ പതിച്ചുകൊടുക്കുന്നപക്ഷം ഏക്കറിന് ഫ്രുപാകരം തന്നെ കിട്ടും. വനത്തിൽ നിന്നു് ഇപ്പോൾ കിട്ടുന്ന ആദായത്തെക്കവിഞ്ഞു് ഒരാദായം തടിവില, തറവിലക്കുപുറമെ ഭൂനികുതിയിനത്തിൽനിന്നുതന്നെ സിദ്ധിക്കും. വനം പോയാൽ നമ്മുടെ കാര്യങ്ങളൊക്കെ നശിച്ചു പോകുമെന്നു പറയുന്നു. മഴ ഉണ്ടാകയില്ല, വെള്ളപ്പൊക്കം ഉണ്ടാകും പോലും! ഇപ്പോൾ വനം പോയിട്ടാണൊ ഇവിടെ വെയിൽകൊണ്ടു് സഹിക്കാൻ പാടില്ലാതിരിക്കുന്നതു്? ഇക്കഴിഞ്ഞ കൊല്ലങ്ങൾവരെ തുടർച്ചയായി വെള്ളപ്പൊക്കമുണ്ടായതു വനത്തിന്റെ അഭാവത്താലൊ ആവൊ. ഞാൻ പറയുന്നതു് വർഷവും മററും ഉണ്ടാകുന്നതു് പ്രകൃതിയുടെ ശക്തികൊണ്ടാണെന്നാണ്. കൺസർവേററർക്കു വയ്ക്കോൽതുറുവിൽ കിടക്കുന്ന പട്ടിയുടെ സ്വഭാവമാണുള്ളതു്. അന്യനുകൊടുക്കുകയുമില്ല താൻ ഭക്ഷിക്കയുമില്ല. വനങ്ങൾ പതിച്ചുകൊടുത്തു് ജനങ്ങൾ അതിൽ കൃഷിചെയ്യാത്തതുകൊണ്ടു് നമ്മുടെ ആഹാരസാധനത്തിനുള്ള നെല്ലു മുഴുവൻ ബർമ്മായിൽനിന്നു വരേണ്ടതായിട്ടിരിക്കുന്നു. ഇവിടെ ചതുപ്പുനിലങ്ങൾ ധാരാളമുണ്ട്. അവയിൽ കൃഷിചെയ്യാം. ഭൂമി ഇല്ലാത്തതിനാൽ ജനങ്ങൾ വിഷമിക്കുകയാണ്. അതുകൊണ്ടു് ജനക്ഷേമത്തെ ഉദ്ദേശിച്ചു പുതുവൽ റൂളിലെ വിഷമങ്ങളെമാററി തറവിലയും തടിവിലയും കുറച്ചു വനം ആവശ്യാനുസരണം പതിച്ചുകൊടുക്കേണ്ടതാണ്. മലബാർജില്ലയിലേക്കു ഇവിടെനിന്നും ആളുകൾ ധാരാളമായി പോകുന്നു. ഭൂമിയില്ലാതേയും ഭൂനികുതികൊടുക്കാൻ നിവൃത്തിയില്ലാതേയും പോകുന്നവരും ഈ കൂട്ടത്തിൽ ഉണ്ടു്.

ഇനിയും ഒന്നു പറയാനുള്ളതു് റബ്ബർ കോട്ടായെ പററിയാണ്. നാം നേരത്തേകൂട്ടി കണ്ടിരുന്നെങ്കിൽ ഇതരരാജ്യക്കാർക്കു കിട്ടിയതു പോലുള്ള കോട്ടാ നമുക്കും കിട്ടാൻ സാധിക്കുമായിരുന്നു. കള്ളൻ പോയ ശേഷം പട്ടി കുരച്ചിട്ടു എന്തു ഫലമാണുള്ളതു്? ഈ സംഗതിയെപ്പററി ഞാൻ മുമ്പു് തന്നെ പ്രസ്താവിച്ചിരുന്നു. ഇന്നു റബ്ബർ കൃഷി ചെയ്യുന്നതിനുള്ള ചിലവു് പോലും കിട്ടുന്നില്ല. തിരുവിതാംകൂർ ഗവണ്മെന്റു ഒരു സ്വതന്ത്ര ഗവണ്മെന്റാണെന്നാണ്. ഈ സംഗതിയെപ്പററി ബ്രിട്ടീഷ ഗവണ്മെന്റു് തിരുവിതാംകൂർ ഗവണ്മെന്റിനോടു് അഭിപ്രായം ചോദിച്ചിട്ടില്ല. അങ്ങിനെ ചോദിക്കാത്തതുകൊണ്ടു് നമ്മെ നിയന്ത്ര

ണം യാതൊരു തരത്തിലും ബാധിക്കുന്നില്ല. ഇൻഡ്യാ ഗവണ്മെൻറിൻെറ ൧൯൩൪-മേയ് ൧൪-ാം തീയതിയിലെ പ്രസ് കമ്മ്യൂനിക്ക് നോക്കാം. ഇൻഡ്യാഗവണ്മെൻറ് ൧൯൩൪ മേ. ൭ ാംനു- ഒപ്പിട്ട സർവ്വരാജ്യ ഉടമ്പടി അനുസരിച്ച്, ബ്രിട്ടീഷ് ഇന്ത്യയിൽ ൧൯൩൪-ജൂൺ ൧-ാംനു- മുതൽ ബ്രിട്ടീഷ് റബ്ബർ നിയന്ത്രണം നടപ്പാക്കിയിരിക്കുന്നു.

Mr. Komilezhathu Sankaran: റബ്ബർ കൃഷി സ്ഥലങ്ങളുടെ കരം കുറച്ച് തന്നിട്ടില്ലേ?

Mr. J. John Kattakayam: അതു തന്നെ വലിയകാര്യമായി കരുതാനില്ല.

Mr. Tariatu Kunjitomman: പതിഞ്ഞു കിട്ടിയിട്ടുള്ള റബ്ബർ കൃഷി സ്ഥലങ്ങൾക്ക് കരം കുറവു ചെയ്തതല്ലാതെ പതിയാത്ത റബ്ബർ ഭൂമികൾക്ക് കരം കുറച്ചിട്ടില്ല എന്നുള്ളത് മെമ്പർക്കറിയാമൊ?

Mr. J. John Kattakayam: ഓഹോ, അതും നേരത്തെ മനസ്സിലായിട്ടുള്ളതാണ്.

റബ്ബർ നിയന്ത്രണത്തെ സംബന്ധിച്ച് തീർച്ച ചെയ്തിട്ടുള്ള ഇൻടർ നാഷണൽ കമ്മിററി എങ്ങിനെ ഉണ്ടായി എന്നു നോക്കാം. റബ്ബർ സംബന്ധിച്ച ധാരാളം മുതൽ മുടക്കിയിട്ടുള്ള രാജ്യക്കാർ ചേർന്ന് ഒരു കമ്മിററി രൂപീകരിച്ചു. ഈ കമ്മിററിക്കാരുടെ നിശ്ചയങ്ങളെ നടപ്പു വരുത്തണമെന്നും മററും ഇവർ അതതു ഗവണ്മെൻറുകളോടപേക്ഷിച്ചു. ഇവരുടെ അപേക്ഷ ഗവണ്മെൻറുകൾ സ്വീകരിച്ചു. അല്ലാതെ ശരിയായ പ്രാതിനിദ്ധ്യമുള്ള ഒരു കമ്മിററി അല്ല ഇൻടർ നാഷണൽ റബ്ബർ റസ്ട്രിക്ഷൻ കമ്മിററി. പ്രസ്തുത കമ്മിററിക്കാർ ബ്രിട്ടീഷ് തുറമുഖങ്ങളിൽ നിന്നുള്ള റബ്ബർ കയററുമതിയെ സംബന്ധിച്ചുള്ള കണക്കുകൾ എടുത്തിട്ടുണ്ട്. എന്നാൽ ആലപ്പുഴ തുറമുഖത്തുനിന്നുള്ള കയററുമതിയുടെ കണക്ക് എടുത്തിട്ടില്ല. എന്നാൽ നമ്മുടെ തോട്ടം പ്രതിനിധിയും ഈ കൌൺസിലിൽ ഒരു മെമ്പറുമായ മിസ്റ്റർ ലാംബാർഡ് ഈവക സംഗതികളെ ഇൻടർ നാഷണൽ കമ്മിററിയെയോ, നമ്മുടെ ഗവണ്മെൻറിനേയോ, ജനങ്ങളേയോ ഗ്രഹിപ്പിച്ചിട്ടുമില്ല.

Chairman: മെമ്പർ ലാൻഡുറവന്യുവിനേ സംബന്ധിച്ച് സംസാരിക്കണം.

Mr. J. John Kattakayam: അതിനെപ്പററി തന്നെയാണ് സംസാരിക്കുന്നത്.

അന്യദേശങ്ങളിൽ ഉള്ളവരുടെ സൌഖ്യത്തിനു വേണ്ടി നമ്മുടെ ആദായത്തെ ബലി കഴിക്കുന്നതു കഷ്ടമാണ്. ഇന്ത്യക്കു ആകപ്പാടെ ക

[Mr. J. John Kattakayam.]

യററുമതിക്ക അനുവദിച്ചിട്ടുള്ള ക്വോട്ടാ ൩൬,൮൭൦ ടൺ ആണ്. ഇതിൻെറ ൧/൫ ഭാഗം ൩൬,൮൭൦ ടൺ മാത്രമേ നമുക്കു കയററി അയക്കാൻ അനുവാദമുള്ളു. ഒരു ലക്ഷം ഏക്കർ സ്ഥലം റബ്ബർ കൃഷി ഇവിടെ നടത്തുന്നുണ്ട്. ഏക്കറിന് ൩൭൦ റാത്തൽ കിട്ടിയാലും ൧൭,൭൨൭ ടൺറബ്ബർ കിട്ടേണ്ടതാണ്. അതിൻെറ മൂന്നിലൊരുഭാഗം തള്ളി ബാക്കിയുള്ളതുപോലും ഇൻഡ്യക്കു മുഴുവനും ആയികയററി അയക്കുവാൻ അനുവാദം കിട്ടിയിട്ടില്ല. ഇതു് വളരെ നഷ്ടമാണ്.

Mr. M. N. Narayana Menon (*Kottayam*): സർ, സാമ്പത്തികാധഃപതനംകൊണ്ടു ജനങ്ങളുടെ ധനസ്ഥിതി വളരെ വളരെ മോശമാകുന്നുണ്ടെങ്കിലും ഗവൺമെൻറിൻെറ ധനസ്ഥിതിക്കുയാതൊരു കുറവുമില്ല എന്നു പറയുന്നതു് സന്തോഷാവഹം തന്നെ. ഫൈനാൻഷ്യൽസെക്രട്ടറിയുടെ ബഡ്ജററു പ്രസംഗത്തിൽ ഇപ്രകാരം കാണാം.

"The financial position is unquestionably sound".

ഇതിൽ നിന്നും ഗവൺമെൻറു ഭണ്ഡാഗാരത്തിനു യാതൊരു കുഴപ്പവും ഇല്ലെന്നു കാണാൻ കഴിയും. ജനങ്ങളിൽനിന്നും പിരിയാനുള്ള കരം കുറവായിട്ടേ പിരിയുന്നുള്ളുവെന്നും, കുട്ടികളുടെ ഫീസു പിരിയുന്ന കാര്യം കുഴപ്പമാണെന്നും ഗവൺമെൻറു പറയുന്നു. ൩൫ ശതമാനത്തിൽ കൂടുതൽ കരം ഇപ്പോഠം നടപടികൂടാതെ പിരിയുന്നില്ല. ബാക്കി ൬൫ ശതമാനം പിരിക്കുന്നതിന് വളരെ വിഷമമായിരിക്കുന്നു. ഈ അവസരത്തിൽ ൧൭,൦൦൦ രൂപാ ജനങ്ങളിൽനിന്നു പിഴ മുതലായ ഇനത്തിൽനിന്നും പിരിക്കുന്ന ഗവൺമെൻറിൻെറ ഭയമില്ലായ്മയെപ്പററി എന്താണ് പറയേണ്ടതു? വാസ്തവത്തിൽ നികുതികൊടുക്കുന്ന വസ്തു ഉടമസ്ഥന്മാരാണ് വളരെ വിഷമിക്കുന്നതു്. വിദ്യാഭ്യാസഡയറക്ടരുടെ റിപ്പോർട്ടിൽ ഭൂസ്വത്തു ഉടമസ്ഥന്മാരുടെ ൩൦൦൦-ത്തിൽ പരം ഇംഗ്ലീഷ്സ്കൂഠം കുട്ടികഠം ഫീസ് കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് സ്കൂളിൽനിന്നും പിൻമാറിയിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. ഇങ്ങനെ ജനങ്ങഠം വളരെ വിഷമിക്കുന്നുണ്ടെന്നു ഗവൺമെൻറും സമ്മതിക്കുന്നുണ്ടെങ്കിലും അതിനു യാതൊരു പരിഹാരവും ഉണ്ടാക്കിക്കൊടുത്തിട്ടില്ല.

കൃഷിവായ്പ ഇനത്തിലേക്കു ഏതാനും സംഖ്യ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ൧൩൦൦ ആളുകളുടെ കൃഷിവായ്പക്കുള്ള അപേക്ഷകഠം തള്ളിയതായി റിപ്പോർട്ടിൽ പറയുന്നുണ്ട്. സാധാരണയായി അനുവദിച്ച തുക തീർന്നുപോയാൽ അപേക്ഷകളെ തള്ളുകയാണ് പതിവ്. ആണ്ടവസാനത്തിൽ നോക്കുന്നതായാൽ ഏകദേശം ൭൦,൦൦൦ രൂപാ ലാപ്സായി പോയിട്ടുള്ളതായും കാണാം. ഗവൺമെൻറിൽനിന്നും ജനങ്ങഠംക്കു കൃഷിവായ്പമൂലം ഒരു സഹായം

ചെയ്യുന്നുണ്ടെങ്കിലും അതു് മുഴുവൻ ജനങ്ങൾക്കു ഫലിക്കുന്നില്ല. ലാൻഡു് റവന്യൂ റിപ്പോർട്ടിനേ സംബന്ധിച്ചു പറയുമ്പോൾ കുടിശിക പിരിയാത്തതു് ജനങ്ങളുടെകഷ്ടപ്പാടു കൊണ്ടാണെന്നു ഗവണ്മെൻറു സമ്മതിക്കുന്നു; എന്നാൽ അവരോടു യാതൊരു ദാക്ഷിണ്യവും കാണിക്കുന്നില്ല. കൃഷിവായ്പ എടുത്തിട്ടുള്ളവരുടെ അപേക്ഷ അനുസരിച്ചു് അവധി നീട്ടിക്കൊടുക്കാറുണ്ടെങ്കിലും അതിനുള്ള പിഴ കുറക്കാൻ അനുവദിക്കുന്നതായി കാണുന്നില്ല. അവധിനീട്ടുമ്പോൾ നിശ്ചയമായും പിഴ കുറക്കേണ്ടതാണ്. കൃഷിവായ്പയുടെ അവധി നീട്ടിക്കൊടുക്കുന്നതോടുകൂടി പിഴ ഇളവു ചെയ്യുകയും പലിശയിൽ രണ്ടു ശതമാനമെങ്കിലും കുറക്കുകയും ചെയ്യേണ്ടതാണ്.

കുട്ടനാട്ടിലേ കർഷകന്മാരേ സംബന്ധിച്ചു ഗവണ്മെൻറു ചില സൌജന്യങ്ങൾ ചെയ്തിട്ടുള്ളതായി കണ്ടു. ഇടവമാസത്തിലെ തവണക്കു പകരം ഇടവം, മിഥുനമാസമാക്കിയപ്പോൾ രണ്ടു് പ്രാവശ്യം നോട്ടീസുപടി ഈടാക്കിവരുന്നു. അതു് ഒരു അനീതിയാണെന്നു പറയേണ്ടതായിട്ടിരിക്കുന്നു. കുട്ടനാട്ടിലേ പുഞ്ചകൃഷിക്കാരുടെ നില വളരെ പരിതാപകരമാണ്. രണ്ടു മൂന്നു വർഷക്കാലമായി അവർ ദുരന്തദുരിതം അനുഭവിക്കുന്നു. അവരുടെ സങ്കടാവസ്ഥയേ സംബന്ധിച്ചു ഗവണ്മെൻറു അന്വേഷിക്കേണ്ട കാലം ഏററവും അതിക്രമിച്ചിരിക്കുന്നു. കുറേ നാളുകൾക്കു മുൻപു് നാളികേരത്തിനു ൧൦൦-ന്നു ൭ രൂപാ വില കിട്ടിക്കൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ ൧൦൦-ന്നു ഒരു രൂപയും, ഒന്നേകാൽ രൂപയും മാത്രമേ വില കിട്ടുന്നുള്ളു. എന്നിട്ടും നാളികേരവൃക്ഷങ്ങളുടെ കരം കുറക്കുന്നില്ല. ഭൂമിക്കല്ലാതെ വൃക്ഷങ്ങൾക്കു കരം ചുമത്തുന്ന പതിവു ഗവണ്മെൻറു നിറുത്തണം. സാമ്പത്തികാധഃപതനം തീരുന്നതുവരെ എങ്കിലും കർഷകരിൽനിന്നും ഇപ്പോൾ ഈടാക്കിവരുന്ന ആയക്കെട്ടുകരത്തിൽനിന്നും ൩൦ ശതമാനം നികുതി ഇളവുചെയ്തു കൊടുക്കണം. തുലാമാസം അവസാനംവരെ എങ്കിലും കുടിശികകരത്തിനുള്ള അവധി നീട്ടിക്കൊടുക്കണം. ഈവക കാര്യങ്ങളെപ്പററി ആലോചിച്ചു ഗവണ്മെൻറു് ഒരു തീരുമാനം ചെയ്യാത്തപക്ഷം രാജ്യത്തു ഒരു വലുതായ വിപ്ലവം ഉണ്ടാകുമെന്നു പറയാതിരിക്കാൻ നിർവാഹമില്ല. ഈവക സംഗതികളെ ഗവണ്മെൻറിൻെറ ഗാഢമായ ശ്രദ്ധയിൽ കൊണ്ടുവരേണ്ട ചുമതല എനിക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നു. റബ്ബറിൻെറ വില കുറഞ്ഞപ്പോൾ റബ്ബർഭൂമിക്കുള്ള കരം പകുതിയാക്കി. എന്നാൽ നാളികേരത്തിൻെറ വില കുറഞ്ഞപ്പോൾ തെങ്ങിൻെറ കരം എന്തുകൊണ്ടു കുറച്ചില്ല?

Mr. S. Piraviperumal Pillai: Sir, my friends who spoke just before me have dilated in strong terms the woes and miseries of the agriculturists in general and they have appealed very strongly that some sort of substantial help should be done to the agriculturists and tax-payers, to relieve them of the sufferings they are now undergoing. A 50 per cent. cut in the tax has already been passed on the floor of the lower House and I believe the Government—I do not know what they propose to do—may do something in this matter. But I ask, is this enough and will this serve the purpose? Government ought to do something more than this so that they (taxpayers) may be able to get a higher price for their agricultural products and thus be able to pay the tax at least in future. However I do not think that this reduction in the payment of tax cannot give him any relief at all. But at any rate it cannot be, Sir, that this is relief adequate and relief enough. But what we find from the Administration Report of the department is that the department is anxious very much to get as much as it could from the people. Sir, they do not spend the amount which they collect for improving the lot of the people. They collect as much as they could and do nothing adequate for what the people pay. That can be seen from the fact as to what they have been doing with the amount realised from the markets under the Markets Regulation. When that Market Regulation was promulgated Government said that this was not a fiscal measure but with the collection they intended to make the markets clean, improve the condition of the markets and to provide the necessities of those who attended the markets by sinking wells and so on. But from what we find from the Report it is seen they are not satisfying the purpose for which they made the Regulation and honoring the pledge they gave before the House. From the Administration Report we find that in 1104 the Government collected a revenue of Rs. 91,201 from markets and they spent only Rs. 36,000 and odd. In 1105 the collection was Rs. 95,000 and odd and the amount spent was only Rs. 29,000 and odd. In 1106 they collected Rs. 92,000 and odd and spent only Rs. 17,899. In 1107 the collection was Rs. 76,422 and they spent only Rs. 5,449. In 1108 they collected Rs. 81,000 and spent Rs. 7,146. From this it will be clearly seen that they squeeze the taxpayer and collect as much as they could and they do not really give adequate benefit to the taxpayer as they promise to.

Mr. K. Madhavan Pillai: Is not the member aware that when the Markets Regulation was introduced, the Dewan-President replied that the whole amount collected from the markets will be utilised for their improvement?

Mr. S. Piraviperumal Pillai : Exactly, Sir, that is wha I have been saying That is why I said Government are not honoring the pledge that they gave before this House when the Regulatioi was enacted and the fun of it is that in the Administration Repor they say that in the year 1107 they collected Rs. 76,000 and odd but no amount was spent for permanent improvements "on account of the financial stringency." I wonder, Sir, what the financia stringency has got to do with this. They have collected Rs. 76,000 and odd. I ask why not they spend all that amount as they pledged on the floor of this House? They plead that no amount has been spent on account of the financial stringency. I ask what Government meant by that pledge? At any rate, it was during the financial stringency that they ought to have spent all this sum and something more. Sir, as I said at the general discussion of the budget, the Government who form the Directorate of the Company do not bestow as much attention as they ought to, on the taxpayers who form the share-holders of the company.

Sir, coming now to the tax question, a reduction of 50 per cent. for which there has been a token motion passed on the floor of the other House, has been accepted. Now my friend Mr. Paramesvaran Pillai while he closed his arguments asked how we could record our protest against Government.

Mr. M. N. Paramesvaran Pillai : I did not say we should record our protest. I only said that these are only the ways for pleading the cause of the country.

Mr. S. Piraviperumal Pillai : I thank him, Sir ; it only strengthens my case. It is more important that we should record a protest against Government and in doing so, we are doing the duty which we owe to the constituency. The other House has recorded a strong protest by carrying a token cut and making Government do what they ought to do.

Chairman : Reference to the proceedings of the other House may not be allowed on the floor of this House.

Mr. S. Piraviperumal Pillai : I beg pardon, I am not making any reference. I only said with reference to what the Financial Secretary has said in presenting the budget as passed in the Assembly..........

Chairman : You cannot base your arguments on the proceedings of the other House.

Mr. M. N. Paramesvaran Pillai: I rise to a point of order. When the Financial Secretary placed the budget before us he said that the cuts made by the lower House have all been accepted by Government and so I think we will be justified in referring to the proceedings of the Assembly relating to that cut.

Mr. S. Piraviperumal Pillai: Sir, I beg to submit respectfully that......

Mr. M. N. Paramesvaran Pillai: No ruling has been made as to whether reference may be made to the proceedings of the other House.

Chairman: You can refer to it, but you cannot base your arguments on the proceedings of the other House and it will be considered an infringement of the rights and privileges of the other House. That is the parliamentary procedure.

Mr. S. Piraviperumal Pillai: Sir, as I said, we want now Government to do something for the agriculturist and the taxpayer, to relieve his sufferings and could that be achieved by throwing out this demand? We want that something substantial should be done and for that purpose, I think, we should not throw out this demand but should see that Government do something and the effective way of doing that would be to speak strongly and unanimously and see that they do something to relieve the agriculturists and tax-payers.

Mr. A. N. Visvanatha Pillai (*Quilon* cum *Karunagapalli*): ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ച ബഡ്ജററനുസരിച്ച് ൯,൩൦,൫൪൦ രൂപാ ലാൻറ്റവന്യു ഡിപ്പാർട്ടുമെൻറിന്റെ ഭരണച്ചെലവിലേയ്ക്കായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ റവന്യൂഡിമാൻഡിൽ ആവശ്യപ്പെട്ടിരിക്കുന്നത് ൯,൩൦,൫൦൫ രൂപാ മാത്രമാണ്. ഈ രണ്ടുതുകകളും തമ്മിൽ അല്പംവ്യത്യാസമുണ്ട്. മറെറവിടേയോ ഈ ഡിമാൻഡിൽ ഏതാനും സംഖ്യ കുറച്ചിട്ടുണ്ടെന്നുവേണം ഇതിൽനിന്നും അനുമാനിക്കേണ്ടതു്. ഇതു സംബന്ധിച്ച് അറിയേണ്ട ഒരു പ്രധാന കാര്യം മറെറവിടെയോ ൫ രൂപാ കുറച്ചു എന്നു പറഞ്ഞതിൽ അന്തർഭവിച്ചിട്ടുള്ള തത്വം ഗവർമ്മെൻറ് അംഗീകരിക്കുവാൻ തയാറുണ്ടോ എന്നാണ്. ആ തത്വം ഗവർമ്മെൻറ് അംഗീകരിച്ചിരിക്കയാണെങ്കിൽ എനിക്ക് ഈ ഡിമാൻറിനെപ്പററി യാതൊന്നും പറയുവാനില്ല. നേരെ മറിച്ച് ആ തത്വം ഗവർമ്മെൻറ് അംഗീകരിച്ചിട്ടില്ലെങ്കിൽ എനിക്കു ഈ ഡിമാൻറിനെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. ഗവർമ്മെൻറിൽ നിന്നും അതു സംബന്ധമായി സുനിശ്ചിതമായ യാതൊരു മറുപടിയും കിട്ടിയിട്ടില്ലാത്തതിനാലാണു ഞാൻ ഈ ഡിമാൻറിനെ എതിർക്കുവാൻ നിർബന്ധിതനായിരിക്കുന്നതു്. സാമ്പത്തികാധഃപതനം ജനങ്ങളുടെ മുഖത്തു് ഏററവും രൂക്ഷമായി തുറിച്ചു

നോക്കിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ തവണത്തെ സഭയിൽ വെച്ചു റവന്യമെമ്പർ പറഞ്ഞിട്ടുള്ളതു് "The Government do not deny that there is economic distress among the people." എന്നാണ്. കഴിഞ്ഞ കൊല്ലം ൨൫ ശതമാനം കരം കുറയ്ക്കണമെന്നു് ഈ സഭയിൽ ആവശ്യപ്പെട്ടിരുന്നിട്ടും ൧൨½ ശതമാനം—അതും നിലങ്ങൾക്കു മാത്രം—കരമേ കുറച്ചിട്ടുള്ളു. ഇപ്പോൾ അടുത്ത കൊല്ലത്തെ ബഡ്ജററു് ഈ സഭമുമ്പാകെ സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഈ ഒരു കൊല്ല കാലത്തിനിടയിൽ ജനങ്ങളുടെ സാമ്പത്തികനില നന്നാവുകയാണൊ ചെയ്തിട്ടുള്ളതെന്നു ഞാൻ ഗവർമ്മെൻറിനോടു വിനീതമായി ചോദിച്ചുകൊള്ളട്ടെ. അങ്ങനെയല്ല, നേരേ മറിച്ചു അതു പല മടങ്ങു ക്ഷയിച്ചിരിക്കയാണെങ്കിൽ നികുതിയിൽ കുറവുകൾ വരുത്താതെ (കഴിഞ്ഞ തവണ കുറച്ച ൧൨ അര ശതമാനം പോലും ഇല്ലാതെ) ഇപ്രകാരമൊരു ബഡ്ജററു് ജനപ്രതിനിധികളുടെ മുമ്പാകെ അവതരിപ്പിക്കുവാൻ എങ്ങനെ ധൈര്യപ്പെട്ടുവെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

നമ്മുടെ അയൽരാജ്യമായ കൊച്ചിയിലെ ബഡ്ജററ് തയാറാക്കിയിരിക്കുന്നതു് ൧൨½ ശതമാനം കരം കുറച്ചാണ്. സാധനങ്ങളുടെ വിലക്കുറവും കർഷകരുടെ കഷ്ടസ്ഥിതിയും പരിഗണിച്ചു ബഡ്ജററിൽ കൊള്ളിച്ച ൧൫ ലക്ഷത്തിനു പുറമെ പഞ്ചാബ് ഗവണ്മെൻറു ലയൽപ്പൂർഡിസ്ട്രിക്ടിൽ കർഷകരക്ഷയ്ക്കു വേണ്ടി ൧൦ ലക്ഷം കൂടി ഭൂനികുതി ഇളവു ചെയ്‌വാൻ തീരുമാനിച്ചു.

Mr. J. John Kattakayam: തിരുവിതാംകൂറിലും കഴിഞ്ഞ കൊല്ലം കരം കുറയ്ക്കുകയുണ്ടായില്ലെ?

Mr. A. N. Visvanatha Pillai: ചോദ്യങ്ങളെല്ലാം അവസാനത്തിൽ ചോദിച്ചാൽ ഞാൻ ഉത്തരംപറയാം.

സർ, തിരുവിതാംകൂറിലെ കല്പകവൃക്ഷമായിട്ടാണു തെങ്ങിനെ കരുതിപ്പോരുന്നതു്. ഇന്നാട്ടുകാരുടെ ജീവിതസന്ധാരണം നാളികേരഫലപുഷ്ടിയേയും അതിൻെറ വിലയേയും ആശ്രയിച്ചാണിരിക്കുന്നതു്. സകല ആവശ്യങ്ങളും തെങ്ങിൽനിന്നുണ്ടാകുന്ന സാധനങ്ങളെ അന്യരാജ്യങ്ങളിൽ അയച്ചു വിററുകിട്ടുന്ന പണംകൊണ്ടാണു നിർവഹിക്കേണ്ടിയിരിക്കുന്നതു്. എത്ര സമൃദ്ധിയായി നാളികേരം ഉണ്ടായാലും അതു് വിദേശവാണിജ്യശാലകളിൽ പ്രവേശിച്ചില്ലെങ്കിൽ അതുകൊണ്ടു യാതൊരു പ്ര

[Mr. A. N. Visvanatha Pillai.]

യോജനവും ഉടമസ്ഥനില്ല. ഈ സന്ദർഭത്തിലെങ്കിലും ഗവൺമെൻറു കർഷകർക്കു ഭൂനികുതിയിൽ സാരമായ ഒരംശം ഇളവുചെയ്തുകൊടുക്കാതിരിക്കുന്നതു വളരെ കഷ്ടമാണ്. ഈ സന്ദർഭത്തിൽ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ വേറൊരു കാര്യംകൂടി ഞാൻ കൊണ്ടുവന്നുകൊള്ളുന്നു. ഇൻഡ്യാ ഗവൺമെൻറിൽനിന്നും തെങ്ങുകൃഷിയെപ്പററി അന്വേഷിപ്പാൻ നിയുക്തനായ മി: പട്ടേലും ആയി ഞാൻ നടത്തിയ അഭിമുഖസംഭാഷണമദ്ധ്യേ തിരുവിതാംകൂറിലെ തെങ്ങുകൃഷിസ്ഥലങ്ങളുടെ ഭൂനികുതി കുറയ്ക്കേണ്ട കാര്യവും കേരോല്പന്നങ്ങളുടെ ഏററുമതിതീരുവ നിർത്തേണ്ട കാര്യവും തിരുവിതാംകൂർ ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതാണെന്നദ്ദേഹം പറഞ്ഞു. ആ വസ്തുത ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനു ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. ഇപ്പോൾ നിലവിലിരിക്കുന്ന ഏററുമതിത്തീരുവ എടുക്കേണ്ടതാണെന്ന് ഇവിടത്തെ നിയമസമിതിയുടെ രണ്ടു മണ്ഡലങ്ങളും തീരുമാനം ചെയ്തിട്ടുണ്ട്. മുമ്പിലത്തെ സഭയും അങ്ങിനെ തീരുമാനിച്ചുവെന്നാണ് എൻെറ ഓർമ്മ. ഈ കാര്യങ്ങളെപ്പററി ഒരക്ഷരംപോലും ബഡ്ജററിൽ പ്രസ്താവിച്ചുകാണുന്നില്ല. കാർഷികോല്പന്നങ്ങളുടെ വിലക്കുറവുകൊണ്ടു ജനതതിക്കു നേരിട്ടിരിക്കുന്ന വിഷമങ്ങളെ തീർക്കുന്നതിനു യാതൊരു സഹായവും ഗവൺമെൻറു ചെയ്യുന്നില്ല. താരിപ്പ്, തീരുവ, വിദേശവാണിജ്യമത്സരം ഈവക കാര്യങ്ങളിൽ ജനങ്ങൾ കേവലം നിരാശ്രയരാണ്.

കരംകൊടുക്കുവാൻ വളരെ പ്രയാസമുള്ള ഈ കാലത്തുപോലും ഒരു വലിയ തുക ജനങ്ങൾ പുകയില മുതലായ ഇനങ്ങളിലുംമററുമായി ചെലവാക്കുന്നുണ്ടെന്നും അതുകൊണ്ടു് ജനങ്ങൾക്ക് നികുതികൊടുക്കുവാൻ പ്രയാസമുണ്ടായിരിക്കുകയില്ലെന്നും ഗവൺമെൻറുഭാഗത്തുനിന്നും ഒരു വാദം പുറപ്പെടുവിച്ചേക്കാൻ എളുപ്പമുണ്ടു്. എന്നാൽ ഈ പുകയില ഇനത്തിൽത്തന്നെ ഒരു നല്ല സംഖ്യ തീരുവയായി ഗവൺമെൻറിനു കിട്ടുന്നുണ്ടു്. ഗവൺമെൻറിൻെറ തടസ്സം ഒന്നുകൊണ്ടുമാത്രമാണ് ഇവിടെ പുകയില കൃഷിചെയ്യുവാൻ സാധിക്കാതെയിരിക്കുന്നതു്. ഒരു വമ്പിച്ച തുക ആ ഇനത്തിൽ പ്രതിവർഷം രാജ്യത്തിനുപുറത്തു പോകുന്നു. പുകയില കൃഷിചെയ്യുന്ന സ്ഥലത്തിനു ലൈസൻസു ചുമത്തി ഈവക നികുതി ഗവൺമെൻറിന്നീടാക്കാവുന്നതാണ്. അതിൻെറ വിലവകയിൽ രാജ്യത്തിനു വെളിയിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കുന്ന ധനത്തെ തടഞ്ഞു് ജനങ്ങളുടെ സാമ്പത്തികനില അത്രമാത്രമെങ്കിലും ഉയർത്തുവാനും ഗവ

ണ്മെൻറിനാഗ്രഹമില്ല. ആ അഭിവൃദ്ധിയും ഗവണ്മെൻറുതന്നെയാണു തടഞ്ഞിരിക്കുന്നത്.

റബ്ബർ കൃഷിചെയ്യുന്ന സ്ഥലങ്ങളുടെ കരം ൫൦ ശതമാനം കുറച്ചിരിക്കുന്നു. റബ്ബറിനുവന്ന വിലക്കുറവിനേക്കാൾ വളരെ മടങ്ങു വിലക്കുറവ് നാളികേരത്തിനുണ്ടായിട്ടുണ്ട്. ഇതിനു ഞാൻ കാണുന്ന ഒരു കാരണം റബ്ബർകൃഷിക്കാർ സംഘടനയുള്ളവരാണെന്നുള്ളതാകുന്നു. അനേകം ഏക്കർവീതം വിസ്തീർണ്ണമുള്ള എസ്റ്റേറ്റുകളിലാണ് ഇവിടെ റബ്ബർകൃഷി നടത്തുന്നത്. എന്നാൽ നാളികേര കൃഷി നടത്തുന്നത് തുണ്ടുതുണ്ടായ ചെറുപറമ്പുകളിലും ആകുന്നു. നാളികേര കൃഷിക്കാർ ഇതുവരെ സംഘടിച്ചുനിന്നിട്ടില്ല. അവർക്കു റബ്ബർകൃഷി ഉടമസ്ഥന്മാരായ യൂറോപ്യന്മാരെപ്പോലെ ഗവണ്മെൻറിൻെറമേൽ സ്വാധീനശക്തിയുമില്ല. തിരുവിതാംകൂറിലെ സാർവത്രികമായ കൃഷി തെങ്ങാണെന്നുള്ള സംഗതി നാം വിസ്മരിക്കരുത്. ഈ സന്ദർഭത്തിൽ നാളികേരത്തിൻെറ വില ൭൫ ശതമാനം കുറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഭൂനികുതിയും ൭൫ ശതമാനം കുറവുചെയ്യണമെന്നാണ് ജനങ്ങൾ ആവശ്യപ്പെടേണ്ടത്. എന്നാൽ ഞാൻ ആവശ്യപ്പെടുന്നത് ൫൦ ശതമാനംമാത്രം കുറയ്ക്കണമെന്നേയുള്ളു. കഴിഞ്ഞകൊല്ലം മൂന്നുലക്ഷം രൂപാ ലാൻഡു വന്യൂവിൽ പിരിയുമെന്നു കണക്കാക്കിയിരിക്കെ അഞ്ചു ലക്ഷംരൂപാ പിരിച്ചെടുത്തിരിക്കുന്നു. ഇതുകൊണ്ട് ജനങ്ങൾ ക്ഷേമമായിരിക്കുന്നുവെന്നാണോ ഗവണ്മെൻറു വിചാരിക്കുന്നത്? എത്ര ഭയങ്കരങ്ങളായ കർശനനടപടികൾകൊണ്ടാണ് ഈ തുക പിരിച്ചെടുത്തിരിക്കുന്നതെന്നു ഗവണ്മെൻററിയുന്നുണ്ടോ? ജനങ്ങൾക്കു നിത്യവൃത്തിക്കുപോലും തീരെ കഴിവില്ലാതെ പട്ടിണികൊണ്ടു വലയുന്ന ഈ സന്ദർഭത്തിൽ ആഹാരസാധനം പാകം ചെയ്യുന്ന മൺപാത്രങ്ങൾ തുടങ്ങിയ ജംഗമങ്ങൾ ഏററവും നിഷ്ഠുരമായി ജപ്തിചെയ്താണ് ഈ തുക പിരിച്ചിട്ടുള്ളതെന്നു ഗവണ്മെൻററിയുന്നുണ്ടോ?

ഇതിനുംപുറമെ ഞാൻ പ്രതിനിധീകരിക്കുന്ന കരുനാഗപ്പള്ളിതാലൂക്കിൽതന്നെ ൨൫൦൦-ൽപരം വസ്തുക്കൾ കരക്കുടിശിഖയ്ക്കായി ലേലത്തിനുപോയിട്ടുണ്ട്. ഞാൻ പ്രതിനിധീകരിക്കുന്ന മററൊരു ഭാഗമായ കൊല്ലംതാലൂക്കിൽ ൧൩രൂപാ വിലയ്ക്ക് അനവധി പറ നിലങ്ങൾ വിററുപോയിരിക്കുന്നു. ഇതെല്ലാം ജനങ്ങളുടെ ക്ഷേമത്തെയാണോ കാണിക്കുന്നതെന്നു ഗവണ്മെൻറു ഗാഢമായി ആലോചിക്കേണ്ടതാണ്.

Mr. Tariatu Kunjitomman: റവന്യൂവകുപ്പിനെഗവൺമെൻറിനും ജനങ്ങൾക്കും ശ്രേയസ്കരമാംവണ്ണം നയിക്കുന്നതിനുവേണ്ട ചില കാര്യങ്ങളെ ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ വിചാരിക്കുന്നത്. ഈ വകുപ്പ് പലവിധത്തിൽ കുഴഞ്ഞുകിടക്കുന്ന ഒന്നാണ്. സാമാന്യജനങ്ങളോടു ഇത്ര അധികമായി അടുത്തുപെരുമാറുന്ന മറെറാരു വകുപ്പില്ല. ഇതിലെ കീഴ് ഉദ്യോഗസ്ഥന്മാരിൽനിന്നും ജനസാമാന്യം വളരെ സങ്കടം അനുഭവിക്കുന്നുണ്ട്. ക്ഷാമംനിമിത്തം കരംപിരിയുന്നതിനുള്ള വൈഷമ്യങ്ങൾകൊണ്ടു വസ്തുക്കൾലേലമാണല്ലോ ഇപ്പോൾ നടക്കുന്നത്. പല പകുതികളിലും ഉദ്യോഗസ്ഥന്മാർ ജനങ്ങളിൽനിന്നും കരംവാങ്ങിച്ചുകൊണ്ടു വരവുവയ്ക്കാതെ കൃഷിക്കാരെ വളരെ കഷ്ടപ്പെടുത്തുന്നുണ്ട്. ഇതു ഗവൺമെൻറു പ്രത്യേകം ശ്രദ്ധിച്ചുനിറുത്തണം. ഇതുകൊണ്ടു ഗവൺമെൻറിനുയാതൊരുലാഭവും ഉണ്ടാകുന്നില്ല. അങ്ങനെ ചെയ്യുന്നവരെ കണ്ടുപിടിച്ച് ശരിയായി ശിക്ഷിച്ചില്ലെങ്കിൽ ഗവൺമെൻറിൻെറ നല്ലപേരിനുതന്നെ കളങ്കംവരും.

Mr. J. John Kattakayam: തഹശീൽദാരന്മാരും പേഷ്കാരന്മാരും പരിശോധിക്കുവാനായി ചെല്ലുമ്പോൾ ഈ കണക്കുകളെല്ലാം പ്രത്യേകംശ്രദ്ധയോടുകൂടി ചെക്കുചെയ്യണമെന്ന് ഈയിടെ ഒരു ആർഡർ ഉണ്ടായിട്ടുള്ളതായി അറിയാമോ?

Mr. Tariatu Kunjitomman: ഉണ്ടായിരിക്കും; നാട്ടിൻപുറത്തുള്ളവക്കാണ് ഇങ്ങനെയുള്ള സങ്കടങ്ങൾ അധികമായി ഉണ്ടാകുന്നത്. ഞാൻ നാട്ടിൻപുറത്തുനിന്നും വരുന്ന ആളാണ്. മേലുദ്യോഗസ്ഥന്മാരുടെ കണ്ണിൽ പെടാതെതന്നെ പലരും ഈമാതിരി പ്രവർത്തിച്ചു നല്ലവരായികഴിയുന്നു.

Mr. M. P. Madhavan pillai: (*Tiruvalla* cum *Pattanamtitta*): കരംകൊടുത്തുകഴിഞ്ഞാൽ ഉടനെ കണക്കിൽ വരവുവയ്ക്കാതിരിക്കുന്നപക്ഷം സങ്കടക്കാർ അതിനെപ്പററി പരാതിപ്പെടാറില്ലേ?

Mr. Tariatu Kunjitomman: പരാതിപ്പെടുന്നവരുമുണ്ട്. എന്നാൽ സാധുക്കൾ അതിനു തയ്യാറാകുകയില്ല. പകുതിയിലുള്ള അക്കൌണ്ടന്മാരോടും പാർവത്യകാരോടും വിരോധമായിനിന്നാൽ വെറുതെ വല്ല പുറമ്പോക്കുകേസോ മറെറാ എടുത്ത് തങ്ങളെ ഉപദ്രവിച്ചേക്കുമെന്നുള്ള ഭയം കൃഷിക്കാർക്കു പരക്കെയുണ്ട്.

Mr. K. George: രസീതു് എഴുതിക്കൊടുക്കാതെ കരം കൊടുക്കുമോ?

Mr. Tariatu Kunjitomman: പലതും കൊടുക്കും. നാട്ടിൻപുറങ്ങളിലുള്ള ആളുകൾക്ക് അതാതു പകുതികളിലെ അക്കൌണ്ടന്മാരും പ്രവർത്ത്യാരന്മാരും വലിയ യജമാനന്മാരാണ്. അവർ വിചാരിച്ചാൽ ഈ സാധുക്കളെ ഉപദ്രവിക്കാൻകഴിയും. ഇവർ ആവശ്യപ്പെട്ടാൽ രസീതു കൊടുക്കാതെതന്നെ പണംകൊടുക്കും. കരംപിരിക്കാൻവന്നാൽ വളരെ ഉപചാരമായിട്ടാണപെരുമാറുന്നത്. പണം വരവ് വച്ചില്ല എന്ന് ഒടുക്കം ലേലംവരുമ്പൊഴെ അറിയൂ.

Mr. J. John Kattakayam: പ്രവർത്ത്യാരങ്ങന്മ വന്നുവെന്നു പെൺപിളമാരുടെ അടുക്കൽ പറഞ്ഞാൽ കരംകൊടുത്തയക്കുന്ന ആളുകളും നമ്മുടെ ഇടയിൽ ഇല്ലേ?

Mr. Tariatu Kunjitomman: അങ്ങനെയുള്ള ആളുകൾ നാട്ടിൻപുറങ്ങളിൽകണ്ടേയ്ക്കും. ഇപ്പോൾ കരക്കുടിശ്ശികയ്ക്കു ഗസററിൽ പരസ്യപ്പെടുത്താതെ വസ്തുക്കൾ ലേലത്തിൽവിൽക്കാൻ തുടങ്ങിയിരിക്കുന്നു. ലേലത്തെസംബന്ധിച്ച പകുതിക്കച്ചേരികളിൽനിന്നും താലൂക്കുകച്ചേരികളിൽനിന്നും പരസ്യപ്പെടുത്താനായി അയക്കുന്ന നോട്ടീസുകളുടെ നാലുമൂലയും, അവ എവിടെയോ ഒട്ടിച്ചിരുന്നതാണെന്നറിയിക്കാൻവേണ്ടി കീറിക്കളഞ്ഞു മേശയുടെ കീഴിൽ ഇട്ടുകളക ചിലപ്പോഴൊക്കെ പതിവാണ. വസ്തുവിൻെറ പേരും സ്ഥലവും ലേലത്തീയതിയും തുകയും ഒക്കെ അടങ്ങിയ നോട്ടീസുകൾ ഒരിടത്തും പതിക്കാതെ അതിൻെറ നാലുമൂലകളും കീറി ഇട്ടിരിക്കുന്ന നോട്ടീസുകൾ പതിച്ച നോട്ടീസാണെന്നു പാർവ്വത്യകാരന്മാർക്കു തെളിവു കാണിക്കാൻ സാധിക്കും. ഇതുപോലെയുള്ള അനീതികൾ പല വിധത്തിൽ ഉൾനാട്ടുകളിൽ നടക്കുകയും ഈ ക്ഷാമകാലത്തു കൃഷിക്കാർ വളരെ കഷ്ടപ്പെടുകയും ചെയ്യും. ഗവൺമെൻറിനു വിശേഷാൽ ലാഭവുമില്ല. അതിനാൽ ഗസററിൽ പ്രസിദ്ധപ്പെടുത്താതെ സ്ഥാവരസ്വത്തു ലേലം ചെയ്യരുതു എന്നു എത്രയും വേഗത്തിൽ എല്ലാതാലൂക്കിലേക്കും ഗവൺമെൻറുത്തരവയക്കേണ്ടതാണ. കമ്മിമാറ്റംതന്നെ അറിയിച്ചാൽകൊള്ളാം.

കരം കൊടുക്കുന്നകാര്യത്തിൽ ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. ഗവൺമെൻറു ഇതേപ്പററി ദയവായി ആലോചിക്കേണ്ടതാണ. ഉല്പന്നങ്ങളുടെ വിലക്കുറവു നിമിത്തം ക്ഷാമംകൂടി കൊണ്ടുവരുന്നു. ദീർഘകാലം കരം ഇളവുചെയ്തുകൊടുത്താൽ ഗവൺമെൻറു എന്തുചെയ്യുമെന്നൊരു ചോദ്യം ഇവിടെ ഉണ്ടായേക്കാം. തന്നെയു

[Mr. Tariatu Kunjitomman.]

മല്ല, എല്ലാ കൃഷിസ്ഥലങ്ങൾക്കുമുള്ള കരം മുഴുവനും ക്ഷാമം തീരുന്നതുവരെ ഇളച്ചുകൊടുക്കണമെന്നുള്ള അപേക്ഷ ജനപക്ഷത്തുനിന്നുമുണ്ടായിക്കൊണ്ടിരിക്കും. അതുകൊണ്ടു കൃഷിക്കാരെ സഹായിക്കാൻ മററുചിതമായ മാററങ്ങളാലോചിച്ചുടനേ നടപ്പിൽകൊണ്ടുവരണം. ഗവൺമെൻറിൻെറ ധനസ്ഥിതിനന്നായിരിക്കുന്ന ഈ അവസരത്തിൽ ലോൺ ഏർപ്പെടുത്തിയും മററും ജനങ്ങളെ സഹായിക്കാം. ആയതിനുള്ള മാററങ്ങൾ വിശദമായിപൊതുവിമർശനാവസരത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉടനെ വേണ്ടതുചെയ്തില്ലെങ്കിൽ പിന്നീടു ജനങ്ങളും ഗവൺമെൻറും വിഷമത്തിലായിട്ടു വിചാരിച്ചാൽ ഫലമില്ല. കരമിളച്ചും മററും ഗവൺമെൻറിൻെറ സാമ്പത്തികനില വിഷമത്തിലായാൽ ഗവൺമെൻറിനു ജനങ്ങളെ സഹായിക്കാൻ പ്രയാസമാകും. ചെറിയ സഹായംകൊണ്ടു ഇപ്പോൾ ഫലമില്ല.

Mr. G. Narayana Aiyar : I oppose the Demand. That the taxpayer is very hard hit and is in need of relief, nobody can deny. The Government records show clearly that there are only .36 per cent. of the tax-payers who are able to pay without any processes and the others pay only after obtaining processes on some of their properties. That thecondition of the tax-payer has not improved since last year is admitted by the Government. The attitude of the Government to realise the last pie even though they admit. the difficulty of the taxpayer is also difficult to explain. What were the circumstances that actuated the Government not to allow the remission which was allowed last year is also difficult of explanation. In this connection it is advisable to know what our sister government placed in similar circumstances have done. It may not be out of place to read a few lines from the budget speech of the Cochin Finance Member in introducing the budget for 1110:

> "Before I conclude, I may be allowed to refer to the measures taken by us to afford relief to the agriculturists affected by the phenomenal fall in the price of agricultural products. Consistent with our financial position we have granted a liberal remission of $18\frac{3}{4}$ per cent. in land revenue this year and proposed $12\frac{1}{2}$ per cent. for the next year."

The Administration Report of the Land Revenue Department goes to show that the number of coercive processes as well as sales of movables and immovable properties for the arrears of tax due, was on the increase. Non-payment of tax in our State is not due to any political causes but due simply to inability to pay and want

of funds for the same. In the nature of the prevailing distress it would be advisable to stop all coercive processes and grant a decent reduction of tax.

I would support the proposal of Mr. Kunjitomman that the G. O refusing publication of revenue sales in the Government Gazette should be cancelled, and the cancellation order communicated to the various Tahsildars at once by wire, or else serious difficulties may arise. Charge holders and hypothecatees who have no liability to pay tax as well as land holders and Government servants and business-men who are away from the property having entrusted the properties to their agents or lessees directing them for the payment of tax, will be put to serious difficulties by the stopping of the Gazette proclamation. Revenue processes as a rule are never conducted legally and openly on the property or on the person and it will be unjust to stop the gazette proclamation for arrears of land tax. There is no provision in the Revenue Recovery Regulation for such Gazette proclamation for selling properties for arrears of land revenue. It was by repeated representations and requests that Government thought it advisable to give due publicity to revenue sales also by publishing them in the Government Gazette, thus giving an opportunity to the land holders to prevent such sales. As regards the practice now followed by the Jenmikaram Settlement Officer I have to bring to the notice of the responsible officers two important points equally affecting the *jenmi* as well as the *kudiyan*. Properties actually included in the *kanam* and held as *kanam* by the tenant, but for which *patta* as *pandarapattom* was wrongly given during settlement to the tenant are not taken into account for fixing *jenmikaram*. Properties within the area of a *kanam* deed and forming part of the *jenmom* land and *kanam* demise were treated differently by the settlement authorities during settlement operations by giving *patta* to some portions of the holding as *jenmom* property and the other portion as *pandaravagai pattam* or *otti* or some other such tenure. Under the existing law in force in Travancore the *jenmi* has no duty to take *patta* or to see that *patta* is properly issued and it is the look out of the *kudiyan* to take *patta* for the *kanam* property as *jenmom* in his name. But if mischievously inclined tenants with a view to injure the *jenmi* take *patta* for the part of the property as *puduval* in his name or if the Sirkar issues *patta* to a tenant for the excess within the registered holding as *puduval* of the tenant, how can *jenmi* be made to suffer for that. In this connection I should like to know whether the *jenmi* is competent to file a suit to recover that portion of the property from the tenant which though included in the *kanam* demise is treated otherwise by the settlement authorities and *patta*

[Mr. G. Narayana Aiyar.]

issued to the tenant in that capacity. I should like to know also what are the respective rights and liabilities of the *jenmi* and *kudiyan* so far as such properties are concerned, and where the *jenmi* is to go to remedy these grievances.

Mr. K. George: Why not the *jenmi* or *kudiyan* apply to Government to rectify the mistake in *patta.*

Mr. G. Narayana Aiyar: *Pattas* were issued in 1095 and it is too late now to apply for a correction of the same to the Government. Under the then existing law the *jenmi* had no responsibility to take *patta* or to see to the correct issue of *patta* and the late application of the *jenmi* now to get it corrected may not do any good.

Mr. Kayalam Paramesvaran Pillai (*Additional Head Sirkar Vakil*): Will such properties be treated as *kanam* properties coming under the Regulation?

Mr. G. Narayana Aiyar: They ought to be treated certainly as *kanam* properties since it has been held by the High Court that excess within the registered area should not be treated as *puduval* and the tenant should not be given *patta* in that capacity behind the back of the *jenmi. Patta* by itself has been held to create no right over the properties. The *jenmikaram* officers ignore such properties included in the *kanam* and this is causing great hardship to *jenmies.* Another fact which I would bring to the notice of the authorities concerned is the manner in which perquisites are valued and entered in the jenmikaram register. Under Section 46 of the Jenmikudiyan Regulation the appointment of the committee for fixing the value of perquisite, has been contemplated and such a committee was appointed only very recently.

Mr. A. Kumara Pillai: Does the member know that the Jenmikudiyan Regulation specifies the prices to be fixed for customary dues?

Mr. G. Narayana Aiyar: That may not include all perquisites.

We have Sections 3 and 46 on this subject. Section 3 is controlled by Section 46. It is the provisions of Section 46 that has to be finally accepted. Supposing the Settlement Register is prepared fixing a certain valuation as is now adopted, and the committee under Section 46 fix another valuation, there will be confusion in the valuation. We do not know which will prevail. I am liable to be corrected if my position is not correct.

I would also bring to the notice of the responsible officers that due weight should be given to statements in the partition deeds in

the tenants family as regards appropriation in fixing *jenmikaram* of various plots of land comprised in a *kanam* deed.

Mr. N. K. Padmanabha Pillai: നമ്മുടെ കർഷകരുടെ ദാരിദ്ര്യത്തിന്റെ സ്ഥിതി നോക്കിയാൽ അവർക്ക് കരയ്ക്കു കയറുവാൻ നിവൃത്തിയില്ലാത്തവിധം വളരെ ആഴത്തിൽ ആണ്ടുകിടക്കുന്നുവെന്നു പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ സന്ദർഭത്തിൽ സാധുക്കളായ കർഷകന്മാർക്കു ശരിയായ സഹായങ്ങളൊന്നുംതന്നെ ഗവൺമെന്റിൽനിന്നും ചെയ്തുകൊടുക്കാതിരിയ്ക്കുന്നതു വളരെ സങ്കടമാണ്. മററു രാജ്യങ്ങളിൽ കരം ഇളവു ചെയ്തു കൊടുക്കുക, കുടിശിഖയ്ക്കു പിഴ മുതലായതു വസൂലാക്കാതിരിക്കുക മുതലായ വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. ഇവിടെയാകട്ടെ സർക്കാരിനു കൊടുക്കുവാനുള്ള ആദായം പോലും ഭൂമിയിൽ നിന്നും കിട്ടാതിരിക്കുന്ന ഈ സന്ദർഭത്തിൽ സാധുക്കളായ കൃഷിക്കാരുടെ ഭൂമി വിററു കരമീടാക്കുക എന്ന നയം സ്വീകരിച്ചിരിക്കുന്നു. ഇതു് ഒരിക്കലും ആശാസ്യമല്ല. ഇപ്പോഴും സർക്കാർ ഗസററിൽ കരക്കുടിശിഖയ്ക്കു ഭൂമി വിൽക്കുവാനായി ലേലത്തിൽ വച്ചിരിക്കുന്ന കണക്കില്ലാത്ത വസ്തുക്കളെ പരസ്യപ്പെടുത്തിക്കാണുന്നുണ്ട്. മേലാൽ ഗസററിൽ ലേലപരസ്യങ്ങൾ വേണ്ടെന്നു ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളതാണല്ലോ. എന്നാൽ വേറെ എവിടെയോ വെച്ച് ഇനി മേലാലും ഗസററിൽ പരസ്യം ചെയ്യുന്നതിനെപ്പററിയും നടപടി നടത്തുന്ന ചട്ടങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തേണ്ടതിനെപ്പററിയും ആലോചിക്കാമെന്നു ഗവൺമെന്റുമെമ്പർ സംസാരിച്ചതായി ഞാൻ ഓർമ്മിക്കുന്നുണ്ട്. അതിനെപ്പററി ഞാൻ വീണ്ടും പറയുകയാണെങ്കിൽ, ആ ആലോചന കൂടി പൊയ്പോവുകയില്ലേ എന്നാണെന്റെ സംശയം.

ലേലത്തിനായി ഈയിടെ വച്ചിട്ടുള്ള വസ്തുക്കളുടെ എണ്ണം വളരെ കൂടുതലാണെന്നു റവന്യൂകമ്മീഷണർ തന്നെ സമ്മതിച്ചിട്ടുണ്ട്. ൧൧൦൯-ൽ പ്രതീക്ഷയിൽ കവിഞ്ഞു നാലയ്യായിരം രൂപാ കൂടുതൽ കരക്കുടിശിഖ ഈടാക്കിയതിൽ നിന്നും കിട്ടിയെന്നു ഫൈനാൻഷ്യൽ സെക്രട്ടറിതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ തുക എങ്ങിനെയാണ് ഈടാക്കിയതെന്നാലോചിച്ചു നോക്കുക. സാധുക്കളായ ജനങ്ങളെ ഇടിച്ചു പിഴിഞ്ഞിട്ടും കരം ഈടാക്കി എടുക്കുവാൻ സാദ്ധ്യമാകാഞ്ഞിട്ട് അവർ താമസിക്കുന്ന ഭൂമിയിൽനിന്നും അവരെ ആട്ടി ഓടിച്ച് ഈടാക്കിയ തുകയാണിതു്. പാശ്ചാത്യരാജ്യങ്ങളിലാണെങ്കിൽ കൃഷിക്കാരുടെ ഭൂമി വിററുകൂടാ എന്നു ചട്ടങ്ങൾ ഉണ്ടായി

[Mr. N. K. Padmanabha Pillai.]

രിക്കുന്നു. ദാരിദ്ര്യാവസ്ഥ ഇത്ര ദുർഘടാവസ്ഥയിൽ എത്തിയിട്ടില്ലാത്ത മൈസൂരിൽ പോലും ജനങ്ങളുടെ ക്ഷാമനിവാരണത്തിനും വസ്തുക്കൾ അന്യാധീനപ്പെട്ടുപോകാതിരിക്കുവാനുമായി ഒരു കമ്മിററി ഏർപ്പെടുത്തുകയും ആ കമ്മിററി ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇവിടെയോ, ഏതെങ്കിലും വിധത്തിൽ വസ്തുക്കൾ വിററായാലും കൊള്ളാം, മററു രീതിയിലായാലും കൊള്ളാം കരമീടാക്കണമെന്നുള്ള ഒരു മനസ്ഥിതിയാണു പ്രദർശിപ്പിക്കുന്നതു്.

ഈയിടെ ഗവൺമെൻറു ചെയ്തിട്ടുള്ള മറെറാരു കടുകയ്യിനെപ്പററിയും രണ്ടു വാക്കു പറയാതിരിക്കുവാൻ നിവൃത്തിയില്ല. കണ്ടുകൃഷിവസ്തുക്കളുടെ അനുഭവമീടാക്കുന്ന കാര്യത്തിൽ ചില പുതിയ ചട്ടങ്ങൾ ഈയിടെ ഉണ്ടായിരിക്കുന്നു. ആ ചട്ടംമൂലം സാധുക്കളായ കണ്ടുകൃഷി വസ്തു ഉടമസ്ഥന്മാർക്കു വളരെ വിഷമതകൾ നേരിട്ടിട്ടുണ്ടു. ഒരു നൂററാണ്ടിനു മുമ്പു പട്ടയം കിട്ടി തന്റെ സ്വന്തം പോലെ വിചാരിച്ചു കെട്ടിടങ്ങൾ കെട്ടി വിലയേറിയ ദേഹണ്ഡങ്ങൾ ചെയ്തു താമസിച്ചുവരുന്ന കണ്ടുകൃഷി ഉടമസ്ഥന്മാർക്കു ഈ പുതിയ ചട്ടം ഒരു വലിയ കണ്ഠകോടാലിയായിട്ടാണു വന്നിരിക്കുന്നതു്. അതായതു കുടിശിഖ മുഴുവനും അതിനും പുറമേ ഒരാണ്ടത്തെ കരം മുമ്പേറായും ഉടനെ കൊടുക്കണമെന്നും അങ്ങിനെ ചെയ്യാതിരിക്കുന്നപക്ഷം അവർ ഉടൻ തന്നെ അവരുടെ കണ്ടുകൃഷിസ്ഥലങ്ങളിൽനിന്നും പൊയ്ക്കൊള്ളണമെന്നും വിവരിച്ചു പലർക്കും നോട്ടീസു കിട്ടിയിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ ഒരു നൂററാണ്ടിനു മുമ്പു മുതൽ തന്നെ പട്ടയങ്ങളും കിട്ടി കെട്ടിടങ്ങളും വച്ചു താമസിച്ചുവരുന്ന കണ്ടുകൃഷി ഉടമസ്ഥന്മാർ രണ്ടായിരത്തിൽ പരമുണ്ടു്.

Mr. A. Kumara Pillai : ഏതു സന്ദർഭത്തിലാണു് ഇപ്രകാരം വസ്തു ഒഴിഞ്ഞുപോകണമെന്നു പറഞ്ഞിരിക്കുന്നതു?

Mr. N. K. Padmanabha Pillai : അവർക്കു നോട്ടീസു കിട്ടിയിരിക്കുന്നതു തന്നാണ്ടത്തെ കുടിശ്ശിക തീർക്കണമെന്നും ഒരാണ്ടത്തെ കരം മുമ്പേറായി കിട്ടണമെന്നും ഇല്ലെങ്കിൽ ഇറങ്ങി പോകണമെന്നും കാണിച്ചാണു്. ആ മാതിരി നോട്ടീസു ഞാൻ കാണിച്ചുതരാം. അതെപ്പററി നിവേദനപ്പെടുവാൻ ഒരു ഡപ്യൂട്ടേഷൻ ഇവിടെ വന്നിട്ടുമുണ്ടു്. ഈ മാതിരി ഒരു ചട്ടം ഉണ്ടായിരിക്കുന്നതു സാധുക്കളായ കൃഷീവലന്മാർക്കു് ഇപ്പോൾ കുരുനിന്മേൽ കുരു എന്നപോലെ ആയിരിക്കുന്നു. നമ്മുടെ ഗവൺമെൻറിനു സാധുക്കളായ ജനങ്ങളുടെ പേരിൽ എത്രമാത്രം അനുകമ്പയുണ്ടെന്നുള്ളതു് ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണല്ലോ.

Mr. P. Padmanabhan Tampi : നെയ്യാററിൻകരയിൽ പോലീസ് സഹായത്തോടുകൂടി കരക്കുടിശ്ശിഖയ്ക്കു ജംഗമജപ്തികൾ നടത്തിവരുന്നു എന്നു പറഞ്ഞില്ലേ?

Mr. N. K. Padmanabha Pillai: കഴിഞ്ഞ സഭയിൽ ഞാൻ അതിനെപ്പററി സംസാരിച്ചിട്ടുണ്ട്. അതു മാത്രമല്ല, ടൌണിൽ കന്നുകാലികളേയും ആടുമാടുകളെയും യാതൊരുവനും അഴിച്ചു വിടുവാൻ പാടില്ലെന്ന് ഏർപ്പാടു ചെയ്തിട്ടുണ്ട്. അതിനാൽ കന്നുകാലിഉടമസ്ഥന്മാർ വല്ലവൻേറയും പുരയിടത്തിൽ കൊണ്ടുപോയി കന്നുകാലികളെ കെട്ടി മേയ്ക്കുന്നു. ആ പുരയിടത്തിൻെറ കരക്കുടിശ്ശിഖയ്ക്കുവേണ്ടി അതിൽ നിൽക്കുന്ന കന്നുകാലികളേയും കൂടി ജപ്തി ചെയ്തുകൊണ്ടുപോകുന്നു. കരക്കുടിശ്ശിഖകൾ ഈടാക്കുന്ന കാര്യത്തിൽ അക്കൌണ്ടന്മാർ എത്ര പിരിച്ചു പ്രവൃത്ത്യാരന്മാർ എത്ര പിരിച്ചു എന്ന് അവർ തമ്മിൽതന്നെ മത്സരിക്കുകയാണ്. അതിനാൽ ഞാൻ മുമ്പു പറഞ്ഞതുപോലെയുള്ള ജംഗമജപ്തികൾ ധാരാളം നടക്കുന്നുണ്ട്.

Mr. M. N. Narayana Menon : ഇങ്ങനെ കൂടുതൽ തുക പിരിക്കുന്നവർക്കു പ്രമോഷൻ കൊടുക്കാറില്ലേ?

Mr. N. K Padmanabha Pillai : കൊടുക്കുന്നുണ്ട്. ഇവർക്കു തന്നെയാണു അതാതു പകുതികളിലെ ഭരണാധികാരവും.

൫൦ ശതമാനം കരം കുറവു ചെയ്യണമെന്നുള്ള ജനങ്ങളുടെ അപേക്ഷയെ അസംബ്ളിമൂലം ഗവൺമെൻറിനെ ധരിപ്പിക്കുന്ന ഈ സന്ദർഭത്തിൽ അതിനെ ദയവായി വിചാരിച്ചു ശരിയായ വിധത്തിൽ നടപ്പിൽ വരുത്തണമെന്നാണു് എനിക്കു പറയാനുള്ളതു്. അങ്ങിനെ ചെയ്യുന്നതുകൊണ്ടു് ഗവമെൻറിനു് ഒരു നല്ലസംഖ്യ കുറവുവരാമായിരിക്കാം. അതിനുപകരം ഇപ്പോൾ രാജ്യത്തു അനേകം പ്രൈവററു ചന്തകൾ ഉണ്ടു്. അവയെ എല്ലാം പബ്ലിക്കു ചന്തകളാക്കുന്നപക്ഷം മൂന്നു് നാലു് ലക്ഷം രൂപായെങ്കിലും ഗവണ്മെൻറിനു കൂടുതൽ ആദായം കിട്ടുന്നതാണ്. ഇപ്പോൾ തുച്ഛമായ ലൈസൻസുഫീസും മറേറതാനും സംഖ്യകളും മാത്രമേ പ്രൈവററു ചന്തകളിൽനിന്നും കിട്ടുന്നുള്ളു.

Mr. Komilezhathu Sankaran : സാധാരണ പ്രൈവററുചന്തകളിൽ സാധനങ്ങൾ വിൽക്കാൻകൊണ്ടുവരുന്നതു ഭൂസ്വത്തുടമസ്ഥന്മാരാണൊ അതോ, സാധുക്കളോ?

Mr. N. K. Padmanabha Pillai : എല്ലാവരും കൊണ്ടുപോകും. നെയ്യാററിൻകര ടൌണിൽതന്നെ രണ്ടു് പ്രൈവററു മാർക്കററുകൾ ഉണ്ട്.

[Mr. N. K. Padmanabha Pillai.]

അവയിൽനിന്നും ആണ്ടുതോറും ൨൦ രൂപാവീതം മാത്രമാണു ഗവൺമെൻറിലേക്കു കിട്ടിക്കൊണ്ടിരുന്ന ആദായം. എന്നാൽ ഗവൺമെൻറിൻെറ സന്മനസ്സുകൊണ്ട് അവ രണ്ടും മുനിസിപ്പാലിററിക്കു വിട്ടുതരികയുണ്ടായി. ഇപ്പോൾ ഏകദേശം ൨൦൦൦ രൂപായോളം മുനിസിപ്പാലിററിക്കു അവയിൽ നിന്നും ആദായം കിട്ടുന്നുണ്ട്. ഇതുപോലെയുള്ള ചന്തകൾ പല സ്ഥലങ്ങളിലായി അനവധിയുണ്ട്. അവയെ പബ്ളിക് ചന്തകൾ ആക്കിയാൽ നല്ല സംഖ്യ ആദായം കിട്ടും.

Mr. K. K Thomas : ഈ ആണ്ടത്തെ ചന്തക്കരം പിരിക്കുന്നതിനുള്ള ലേലം കഴിഞ്ഞുപോയില്ലേ?

Mr. N. K. Padmanabha Pillai: ഈ ആണ്ടത്തേതു കഴിഞ്ഞുപോയെങ്കിൽ അടുത്ത ആണ്ടിൽ മതിയാകും.

Mr. M. N. Paramesvaran Pillai : ഈ ചന്തകൾ നെയ്യാററിൻകര മുനിസിപ്പാലിററിക്കു വിട്ടുതരാതിരിക്കുവാനായി പേഷ്കാർ വളരെ തക്കം പുറപ്പെടുവിച്ചില്ലേ?

Mr. N. K. Padmanabha Pillai: തക്കമുണ്ടായിരുന്നതു മുമ്പാണ്. എന്നാൽ ഇപ്പോൾ അദ്ദേഹത്തിൻെറ ആനുകൂല്യവും സന്മനസ്സും ഇല്ലായിരുന്നുവെങ്കിൽ, ഇത്ര എളുപ്പം ഈ ചന്ത മുനിസിപ്പാലിററിക്കു വിട്ടു കിട്ടുകയില്ലായിരുന്നു.

Mr. K. P. Nilakanta Pillai : I want to make a few observations on the working of the Land Revenue Department. The necessity of a remission to the extent of 50 per cent. has been stressed by the previous speakers. There is a lot of leakage in the revenue of the department and that matter has already been brought to the attention of the Government. Mr. Kunjitomman has already referred to those two points.

Mr. R. Nilakanta Pillai: In respect of land revenue I have already stated that the whole accounts will come up for review at the time of the annual Jamabandi and there is no necessity to have a separate audit staff to check these accounts independent of the staff of the Land Revenue Department. Coming to the Excise Department, so far as the Abkari branch is concerned, it is all a matter of D. C. B. statements and watching the collections. For these items of work no separate audit staff is necessary. There is however some scope for audit in the Customs branch. But there also an audit staff, independent of the Customs Department, can hardly do any substantial work. As already mentioned by me, the audit staff should form part of the C. I. D. staff of the Customs Department.

Chairman: Your time is up.

The Council rose for lunch at 1 P. M. and reassembled at 2 P. M. with Mr. K. K. Thomas, one of the panel of Chairmen, in the Chair.

Mr. R. Nilakanta Pillai: Sir, I have not finished my speech.

Mr. K. P. Nilakanta Pillai: Sir, I rise to a point of order. It has been ruled by the Chair that the Financial Secretary's time was over, and I was called upon to speak. Therefore, I submit that the member is not in order.

Mr. R. Nilakanta Pillai: Sir, I want just one minute more. With special permission of the Chair———

Mr. K. P. Nilakanta Pillai: In view of the fact that no assurance is coming forth from the member who is in charge of the department with regard to the desirability of the separation of Finance from Accounts I wish to press the motion to a division.

Mr. R. Nilakanta Pillai: Sir, the question of separation of Finance from Accounts will be seriously considered by Government.

About the supply of Civil List to the Honourable members, that also will be considered.

Chairman: Only it will be considered?

Mr. R. Nilakanta Pillai: That is all that I can say just at present.

The motion was, by leave, withdrawn.

Chairman: I put Demand XIV—General Administration—Account Office, for Rs. 1,64,216

The grant was made.

DEMAND XV—MEDICAL.

Mr. James Simpson: Sir, I rise to move for a grant not exceeding Rs. 8,44,996 under Demand XV—Medical.

Mr. M. N. Paramesvaran Pillai: Sir, I oppose the Demand. With regard to the administration of the Medical Department I wish to say a few words. Reforms like the change of designation of the controlling officers are not going to improve the proficiency and efficiency of the department. The affairs of the General Hospital do require immediate attention. The out-patients are not properly attended to. In the case of the compounding section, it consists mostly of raw hands and the dispensing of medicine is done in the most unsatisfactory manner. As regards the in-patients, their lot is even worse than that of the out-patients. I know they are not even properly fed. The greedy steward in the General Hospital shows no spark of human kindness towards these suffering people. The be-all and the end-all of his life seems to be Mammon worship. Whatever objection and charges the Out side Audit Department may level against him, Mammon protect-him from all dangers. No proper accounts and diet registers are maintained in the General Hospital so much so that there is no chance to check the expenditure We know there is delay in remittance of receipts of Government money, misappropriation of room rents of pay wards, of ambulance car hire and lease rents. We also find extravagant expenditure in contingent charges for hospital necessaries. The night attendance in the hospital has to be improved. Most of the nurses have time only to attend to the conveniences of the warders and the doctors and they find very little leisure to attend upon the patients.

Mr. James Simpson: May I ask the member what he means by "convenience of the doctors"?

Mr. M. N. Paramesvaran Pillai: The member can more or less imagine. I don't wish to put it bluntly.

The General Hospital is the biggest medical institution in the State. Yet, in spite of that, arrangements have not been made there for all methods of scientific and up-to date treatment. Radium treatment is recognised to be a successful method of treatment for cancer, but our Hospital is not equipped with necessary arrangements for such treatment.

For the X-ray examination a fee is now levied from the patients. X-ray, as I understand, is a sure means of diagnosing a disease and I do not find any justification for realising a fee from the patients for the examination. Is it not the duty of the doctors to properly diagnose the disease before he decides to treat the patient? That being so, the levy of a fee for X-ray examination can, on no account, be justified.

Although the post of the Manager in the Darbar Physician's Office was abolished, the incumbent is still allowed to continue in the Darbar Physician's Office as supernumerary and control the destinies of the Medical Department. In spite of the fact that the department is presided over and controlled by high paid officers, the Darbar Physician and the Deputy Darbar Physicians, the medical men and the whole staff of the department have been left at the entire mercy of the manager.

Sir, if the affairs of the General Hospital are so hopeless, one could more or less imagine what would be the conditions prevailing in the various District and other hospitals in the State.

With regard to the affairs of the hospitals in the mofussil, Sir, my information is that they have not got even sufficient quantities of medicines. By the end of Medam or Edavam the whole stock of medicines will be exhausted and after that, wo e to the patients who go there ; they are supplied only water.

I hope, Sir, the present Darbar Physician and Superintendent, General Hospital, will see that this state of affairs does not continue in his department and that before we meet next he will have put his department in order.

Mr. P. Padmanabhan Tampi : Sir, I support Mr. Paramesvaran Pillai's motion to omit the whole allotment under the head 'Medical'. From the very outset I beg to thank the Government for abolishing the trio administration by removing the two Deputy Darbar Physicians. Last year, I pointed out the defects of the Medical administration and I had the strongest opposition of honourable members on this side of the House including the venerable member, Dr. Madhavan Pillai. Subsequently what has happened in the Women and Children's Hospital at Taikad and the criticisms levelled against that department will convince anybody who is going on there.

I beg to point out that the medical aid at Vilavankod is not proper. We have no medical institutions at Vilavankod. The whole people of Vilavankod have to wait upon the courtesy of the London Mission Hospital at Kuzhitturai. A recent motor accident to a boy happened. He was the son of a very respectable person of the locality. The boy was taken to the hospital at Vilavankod, but no adequate relief was given to him. The doctor said that he could not give much aid. So he was taken to the Neyyoor Hospital. When taken there the doctor was absent. He was kept there for three days. On the third day the doctor came and he demanded a sufficiently high fee for treatment. For a motor

[Mr. P. Padmanabhan Tampi.]

accident the boy had to be taken to the Trivandrum hospital to get the treatment. I beg to point out that the Government are not having proper check over these grant-in-aid hospitals especially the Neyyoor Hospital and the Putteri Hospital.

Another point that I want to point out is the opening of the Leper Hospital at Colachel in the teeth of the opposition of the people of the locality. Representatives of the people had even to stand for a prosecution for holding meetings

Mr. M. N. Paramesvaran Pillai: May I know whether he was one of the accused?

Mr. P. Padmanabhan Tampi: I was prosecuted and I can say that the Government without assigning any reason had to withdraw the case.

Sir, this matter was brought to the notice of the Darbar Physician. Even the Dewan had to open the Hospital against the expressed promise and against the terms of the Leper Regulation that Leper Hospitals could be opened only with the sanction of the Government. Sanction in this case was obtained only after several months it was opened.

Another point to which I want to draw the attention of the House is the appointment of Medical Officers in the Department. Last year I had to point out the unfortunate complaint of one Mr. S. S. Oonithan whose application was rejected in preference to others. Another application of one Mr. Arumukham Pillai who had put in 7 years' practice and who had passed M. B. B. S. was rejected. He belonged to Chetty community which is not adequately represented in the department. He was not provided with a post though he took his degree7 years ago. Once he was asked whether he was prepared to accept a post for Rs. 100. He replied that he was prepared to accept the post. Even though that reply was received for the last two years he was not provided with a post.

Mr. James Simpson: Will the member speak the name of that person?

Mr. P. Padmanabhan Tampi: Arumukham Pillai.

Last year the Ag. Darbar Physician said that there was a high percentage of Christians in the department because the department was administered by European Heads. The answer will show that there is a large number of Christians in that department. Fortunately or unfortunately we have now a European Head. I hope he will not follow the precedent of taking in Christians in large numbers. There are other men unrepresented in the department. With these words I oppose the demand.

Mr. J. John Kattakayam: ജനങ്ങളുടെ സാമ്പത്തികസ്ഥിതി വളരെ മോശം ആയിരിക്കുന്ന ഈ അവസരത്തിലും മെഡിക്കൽഡിപ്പാർട്ടുമെൻറിലെ കൈക്കൂലിക്കു യാതൊരുകുറവും ഇല്ല. മററുള്ളഡിപ്പാർട്ടുമെൻറുകളിലേപ്പോലെയല്ല ഇവിടത്തെ കൈക്കൂലി. ജനങ്ങൾ ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാൎക്കു കൈക്കൂലികൊടുക്കാൻ സ്വയംനിർബന്ധിതരായിത്തീരുന്നു. തങ്ങളുടെ ജീവൻ പണയത്തിൽ ആണു എന്നു വിചാരിച്ചു ഈ കൂട്ടരെ പ്രസാദിപ്പിക്കാൻ ഇപ്പോൾ കൂടുതൽ ക്ലേശം അനുഭവിക്കുന്ന കർഷകന്മാരുടെ സ്ഥിതി അത്യന്തം ദയനീയമായിത്തീർന്നിരിക്കുന്നു. ഉല്പന്നങ്ങളുടെ വിലക്കുറവുനിമിത്തം സാധുകർഷകർ വിഷമിക്കുന്ന സ്ഥിതിയിൽ മുൻപോലെ ഡാക്ടർമാരെ പ്രസാദിപ്പിക്കുവാൻ സാധിക്കാതെ വരുന്നതിനെ കാര്യമായികരുതി ഷൈലോക്കനയം അനുഷ്ഠിക്കുന്ന നയം തുലോം ഗർഹണീയംതന്നെ.

ജനങ്ങളുടെ ജീവരക്തം ഗവൺമെൻറു വിവിധവിധത്തിൽ ഊററിക്കുടിച്ചു കഴിഞ്ഞിരിക്കുന്നു. അതിനുശേഷം ഇപ്പോഴും സാമ്പത്തികാധഃപതനംമൂലം വിഷമിക്കുന്ന ഈ അവസരത്തിലും ഡാക്ടറന്മാരുടെ അടുക്കൽ ജനങ്ങൾ ചെല്ലുമ്പോൾ അവർ മുമ്പിലത്തെപ്പോലെതന്നെ സംഭാവന ആവശ്യപ്പെടുന്നു. അതു് കൊടുക്കാൻ നിവൃത്തിയില്ലാത്തവരുടെ കാര്യത്തിൽ ഡാക്ടറന്മാർ പിന്നോക്കം നിൽക്കുന്നു. അതുകൊണ്ടു് ഈ കൂട്ടരെ പ്രസാദിപ്പിക്കാൻ ഇപ്പോൾ വളരെ വിഷമമാണെന്നു വീണ്ടും വീണ്ടും പ്രസ്താപിക്കാതിരിപ്പാൻ നിവൃത്തിയില്ല.

ഞാൻ പ്രതിനിധീകരിക്കുന്ന തൊടുപുഴ താലൂക്കിൽ ഒരു ഡിസ്പെൻസറി ഉണ്ടു്. കാൎത്തികപ്പള്ളിതാലൂക്കിനെക്കാളും നാലു്മടങ്ങിലധികം വലിപ്പമുള്ള ഒരു താലൂക്കാണു് തൊടുപുഴ. അവിടത്തെ വൈദ്യസഹായത്തെ സംബന്ധിച്ചു നോക്കുന്നപക്ഷം വളരെ പരിതാപകരമാണു്.

Mr. K. Madhavan Pillai: അവിടത്തെ ജനസംഖ്യ എങ്ങിനെയിരിക്കുന്നു.

Mr. J. John Kattakayam: കാൎത്തികപ്പള്ളിതാലൂക്കിനോടടുത്തുതന്നെ വരുമായിരിക്കും. ഞങ്ങളുടെ പ്രതിനിധിയായിരുന്ന മിസ്റ്റർ തയ്യിൽ കുഞ്ഞിത്തൊമ്മൻ അനേകനാളായി തൊടുപുഴത്താലൂക്കിലുള്ള ഏകഡിസ്പെൻസറിയെ ആശുപത്രിയാക്കി രൂപാന്തരപ്പെടുത്തണമെന്നു ഉൽബോധിപ്പിച്ചുകൊണ്ടിരുന്നിട്ടും ഏതാവൽപര്യന്തം അതു നടപ്പിൽവരുത്തിയിട്ടുള്ളതായി കാണുന്നില്ല. തൊടുപുഴത്താലൂക്കിനോ

[Mr. J. John Kattakayam.]

ട തൊട്ടുകിടക്കുന്ന താലൂക്കുകളിൽ മൂന്നും നാലും ഇംഗ്ലീഷ് ആതുരാലയങ്ങൾ ഉള്ള സംഗതിയും ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണ്. തൊടുപുഴത്താലൂക്കിനോളം മലമ്പനിക്കു പ്രസിദ്ധപ്പെട്ട രണ്ടാമതൊരു താലൂക്കു നമ്മുടെ രാജ്യത്തില്ലെന്നുള്ളതും നിശ്ചയമാണ്. ഞാൻ താമസിക്കുന്നതു തൊടുപുഴത്താലൂക്കിന്റെ തലസ്ഥാനമായ തൊടുപുഴയിൽ നിന്നും പത്തിരുപതുമൈൽ അകലമുള്ള ഒരു മലംപ്രദേശത്താണ്. അവിടെ മലമ്പനി സുലഭമാണ്. തിരുവിതാംകൂറിൽ മലമ്പനി അധികമുള്ള താലൂക്കുകളിൽ തൊടുപുഴ പ്രഥമസ്ഥാനത്തെ അർഹിക്കുന്നു എന്നു ൧൧൦൯-ലെ ബഡ്ജറ്റുപ്രസംഗത്തിൽ ഫിനാൻഷ്യൽസിക്രട്ടറി പ്രസ്താവിച്ചിട്ടുണ്ട്. മലമ്പനിക്കുള്ള സിദ്ധൌഷധമായ കയിനാപോലും സാധുജനങ്ങൾക്കു സിദ്ധിക്കുന്നില്ല. തിരുവിതാംകൂറിൽ മലമ്പനിക്കു പ്രഥമസ്ഥാനം തൊടുപുഴക്കും തൊടുപുഴയിൽ മലമ്പനിക്കു പ്രഥമസ്ഥാനം അറക്കുളത്തിനുമാണുള്ളതു്. പനിപിടിച്ചതുമൂലമൊ അതല്ലെങ്കിൽ അമിതമായി കയിനാ കുടിച്ചതുമൂലമൊ "കണ്ട" എന്നൊരുസുഖക്കേട് പലർക്കും കാണുന്നു. ഇതു് വിവിധസുഖക്കേടുകൾക്കും കാരണമത്രെ. അവിടെ പൊതുജനാരോഗ്യത്തിനു പര്യാപ്തമായ യാതൊരു സ്ഥാപനവും ഇല്ല. അവിടെ ഉള്ള ആളുകൾക്കു പൊതുജനാരോഗ്യം എന്നാൽ എന്താണെന്നുതന്നെ അറിഞ്ഞുകൂടാ. അങ്ങിനെ ഉള്ള ആ സ്ഥലത്തു ഒരു ഡിസ്പെൻസറിയുടെ ആവശ്യം ഉണ്ടോ എന്നു ഞാൻ ചോദിച്ചചോദ്യത്തിനു മറുപടിയായി ഉണ്ടു എന്നാണു ഗവൺമെന്റിൽനിന്നു മറുപടി തന്നിട്ടുള്ളതു്. എന്നാൽ സാമ്പത്തികാധഃപ്പതനം തീരുമ്പോൾ തന്നുകൊള്ളാമെന്നായിരിക്കാം ഗവൺമെന്റു വിചാരിക്കുന്നതു്.

തിരുവിതാംകൂറിനെ രണ്ടായി ഭാഗിച്ചു നോക്കുന്നതായാൽ ദക്ഷിണതിരുവിതാംകൂറിലുള്ളവരെല്ലാം നെയ്യൂർ ആശുപത്രിയിലും ഉത്തരതിരുവിതാംകൂറിലുള്ളവർ എറണാകുളം ആശുപത്രിയിലുമാണു വൈദ്യസഹായത്തിനായി അഭയംപ്രാപിച്ചുവരുന്നതു്. ഡർബാർ ഫിസിഷ്യനോടു് ഉത്തര തിരുവിതാംകൂറിൽനിന്നു എറണാകുളം ആശുപത്രിയിൽ ചികിത്സക്കു പോകുന്നവരുടെ സംഖ്യ എത്ര ആണെന്നറിയാമോ എന്നു ഞാൻ ഈ കൌൺസിലിൽ ചോദിച്ചപ്പോൾ എറണാകുളം ജനറലാശുപത്രിയിൽ ചികിത്സാർത്ഥം അഭയംപ്രാപിച്ചുവരുന്നതായി അറിവില്ല എന്നാണു മറുപടി പറഞ്ഞതു്. ഇതു തികച്ചും വാസ്തവസ്ഥിതി മറച്ചുവച്ചുസംസാരിച്ചതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇപ്പോൾ

തന്നെ തിട്ടപ്പെടുത്തുന്നതായാൽ തിരുവിതാംകൂറുകാരായ അനേകംരോഗികളെ അവിടെ കാണാൻ കഴിയും. ഇങ്ങിനെ അന്യസ്ഥലങ്ങളിലുള്ള ആശുപത്രികളെ അഭയംപ്രാപിക്കുന്നതിന്റെ രഹസ്യം എന്താണെന്നു ഡിപ്പാർട്ടുമെന്റുമേലുദ്യോഗസ്ഥനൊ ഗവമ്മെന്റൊ അന്വേഷിച്ചിട്ടുണ്ടോ?

എന്റെ പിറകിൽ ഇരിക്കുന്ന മി. കുഞ്ഞിത്തൊമ്മൻ ഡാക്ടറന്മാരുടെ പടിയെ സംബന്ധിച്ച ശരിയായി ഒരു പട്ടിക എല്ലാ ആശുപത്രികളിലും ബോർഡിൽ രേഖപ്പെടുത്തിവയ്ക്കണമെന്നു അനേകംപ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഗവമ്മെന്റു ഇതുവരേയും തദനുസരണം പ്രസിദ്ധപ്പെടുത്തീട്ടില്ലാത്തതു ഏറ്റവും ശോചനീയംതന്നെ. ഡാക്ടർമാർ ജനസാമാന്യത്തോടു ക്രൂരമായവിധം പെരുമാറുന്നു. പണയംവച്ചോ വസ്തു എഴുതിവിറ്റോ എങ്ങിനെ എങ്കിലും പണംകൊണ്ടുകൊടുത്താലും "അങ്ങുള്ളിലേതും പ്രസാദമില്ലേതുമേ" എന്നു പറഞ്ഞതുപോലെയാണു ഡാക്ടറന്മാരുടെ അവസ്ഥ.

സിവിൽജയിലിൽ പോകേണ്ട കടക്കാരൻ നല്ല തുക സംഭാവന ചെയ്യുന്നപക്ഷം ഈ ഡാക്ടറന്മാർ അവക്കു ന്യായരഹിതമായ സർട്ടിഫിക്കേററു കൊടുത്തു അതിൽനിന്നും വിടുത്തിവരുന്നു.

രണ്ടുമൂന്നുകൊല്ലത്തിനുമുൻപു മാവേലിക്കര ഒരു ടി. എസ്സ്. ആർ പിള്ളയെ അസിസ്റ്റൻറു സർജൻ ആയി നിയമിച്ചു. ആ ആൾക്കു മെഡിക്കൽസംബന്ധമായി ഒരു സംഗതിയും അറിഞ്ഞുകൂട. ഇംഗ്ലീഷൊ ഒട്ടുംതന്നെ വശമായിരുന്നില്ല. ചുരുക്കിപറയുന്നപക്ഷം അക്ഷരാഭ്യാസം സിദ്ധിച്ചിട്ടില്ലാത്ത ഒരാൾ ഡാക്ടരായി. എന്താണു് ഇങ്ങനെ നിയമിച്ചതെന്നു് അറിഞ്ഞുകൂടാ. ഈ തരത്തിലാണ് ഡിപ്പാർട്ടുമെൻറിൽ നടക്കാറുള്ള നിയമനങ്ങൾ. മററുഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതു പോലെ ആണൊ ഈ ഡിപ്പാർട്ടുമെൻറിലേ നിയമനം എന്നാണു ഞാൻ ചോദിക്കുന്നതു്. ഈ ഡിപ്പാർട്ടുമെൻറിൽ ഉള്ളവരുടെ കൈവശം ആണു പൊതുജനങ്ങളുടെ ജീവൻ ഇരിക്കുന്നതു്. ഇങ്ങനെയുള്ള നിയമനങ്ങൾ നടക്കുന്നതുതന്നെ ഡിപ്പാർട്ടുമെൻറു മേധാവിയുടെ കുററംകൊണ്ടല്ലയോ?

ഈ ഡിപ്പാർട്ടുമെൻറു ആദ്യമായി തുറന്നതു് സേതുലക്ഷ്മീഭായിയുടെ കാലത്താണു്. നാട്ടുവൈദ്യത്തെ സംബന്ധിച്ചുള്ളത് പിന്നീടുപറഞ്ഞുകൊള്ളാം.

[Mr. J. John Kattakayam.]

ഇനിയും അല്പം പറയാനുള്ളത് ഹോമിയോപ്പതി ചികിത്സയെ സംബന്ധിച്ചാണ്. ഈ ചികിത്സക്കുള്ള ഒരു പ്രധാനഗുണം ഈ മരുന്നു കുഞ്ഞുങ്ങൾക്കും മററും കൊടുത്താൽ പഞ്ചസാര ആണെന്നുവച്ച് അവർ വേഗം സേവിച്ചുകൊള്ളും. ഈ ചികിത്സ കുട്ടികൾക്കു ഏററവും പററിയതാണെന്നു അനുഭവിച്ചറിഞ്ഞിട്ടുണ്ട്. മരുന്നിന് വില വളരെ കുറവാകയാൽ സാധുജനങ്ങൾക്കു അതു വലിയ ഒരനുഗ്രഹമാണ് ഈ ചികിത്സ ഇപ്പോൾ നാട്ടിൽ പ്രചാരത്തിൽ വന്നുതുടങ്ങീട്ടുണ്ട്. ഇതിനെ പ്രോത്സാഹിപ്പിക്കണമെന്നു കഴിഞ്ഞ കൌൺസിലുകളിൽ പല മെമ്പറന്മാരും വാദിച്ചിട്ടുണ്ട്. അതിനേ സംബന്ധിച്ച് ഗവൺമെൻറു അന്വേഷിക്കാമെന്നും മറുപടി പറഞ്ഞിട്ടും ഉണ്ട്. ഇതുവരെ ആയിട്ടും അന്വേഷണഫലം വെളിക്കു വന്നിട്ടുമില്ല. ഇതു മഹാ കഷ്ടംതന്നെ.

Mr. A. N. Visvanatha Pillai : ഹോമിയോപ്പതി ചികിത്സക്കു ഗ്രാൻറുകൊടുക്കണമെന്നു ഒരു പ്രമേയം ഈ കൌൺസിലിൽ പാസ്സായിട്ടുള്ളതായി മെമ്പർക്കറിയാമോ?

Mr. J. John Kattakayam : അതിനേ സംബന്ധിച്ചു എനിക്കറിവാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെൻറു ഇതിനേ സംബന്ധിച്ച് എന്താണ് ചെയ്യാൻ പോകുന്നതെന്നു ഞങ്ങൾ ഉൽകണ്ഠയോടുകൂടി നോക്കിക്കൊണ്ടിരിക്കുന്നു.

അനേകലക്ഷംരൂപാ പ്രതിവർഷം വ്യയംചെയ്യുന്ന ധാരാളം ആശുപത്രികൾ നമ്മുടെ രാജ്യത്തു ഉണ്ടായിരുന്നിട്ടും ഇവിടത്തെ ജനങ്ങൾ ആവക അനേകം ആശുപത്രികളെ തരണംചെയ്തു നെയ്യൂർ മിഷൻ ആശുപത്രിയേയും എറണാകുളം ജനറലാശുപത്രിയേയും അഭയംപ്രാപിക്കുന്നതിൻെറ കാരണം മനസ്സിലാകുന്നില്ല. അതിനെ സംബന്ധിച്ച് ഗവൺമെൻറ് ഗാഢമായി ചിന്തിച്ച് അചിരേണ ഈ ഡിപ്പാർട്ടുമെണ്ടിലുള്ള ഭരണവൈകല്യങ്ങളെ പരിഹരിക്കണം.

തൊടുപുഴ ഡിസ്പൻസറിയെ ഒരു ശരിയായ ആശുപത്രി ആക്കിത്തരണം. തിരുവിതാംകൂറിലെ ഇതരതാലൂക്കുകളെ അപേക്ഷിച്ചു തൊടുപുഴ ഒരു വലിയ താലൂക്കായതുകൊണ്ട് അവിടെ വൈദ്യസംബന്ധമായ വേണ്ട സഹായങ്ങൾ ഗവൺമെൻറിൽനിന്നും ചെയ്തുതരണം. തൊടുപുഴത്താലൂക്കിലാണ് മലമ്പനി അധികമായി ഉള്ളതു്. തൊടുപുഴത്താലൂക്കിൽ അറക്കുളത്തു കൂടുതൽ മലമ്പനിയുണ്ടെന്നും ഉണ്ടാകാറുണ്ടെന്നും ഗവൺമെൻറിനു അറിയാം. അതുകൊണ്ട് അവിടെ ഉടനെ ഒരു ആശുപത്രി

സ്ഥാപിച്ചുതരണം. ഉടനടി അങ്ങിനെ സ്ഥാപിച്ചുതരുന്നതിനു സാധിക്കാത്തപക്ഷം ആഴ്ചയിൽ രണ്ടുപ്രാവശ്യമെങ്കിലും നടത്തത്തക്കവിധത്തിലുള്ള ഡിസ്പെൻസറികൾ തരുന്നതിന് വേണ്ട ഏർപ്പാടുചെയ്യണം. ഇതിനെ സംബന്ധിച്ച് അനേകം അപേക്ഷകൾ അയച്ചിട്ടും മറുപടി കിട്ടിട്ടില്ല. ഈ സംഗതിയിൽ ദർബാർ ഫിസിഷ്യൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

Mr. H. O. L. Marikar: Sir, it was not my intention to speak on the subject of communal represen ation in the verious departments under Government, but since one member has already touched upon that subject, I would also make a few observations. I would invite the attention of the Darbar Physician to the fact that although there are about 300 appointments carrying a pay below Rs. 50 in his department, there is only one Mahomedan among them.

Mr. Kochikal P. Balakrishnan Tampi: Are there qualified Mahomedans for Medical service.

Mr. H. O. L. Marikar: What I say is there is only one Mahomedan at present and he is qualified.

Mr. Kochikal P. Balakrishnan Tampi: May I know from the member whether there are other qualified Mahomedans waiting for service in the Medical department.

Mr. H. O. L. Marikar: I am not aware of any other qualified Mahomedans waiting for service in the Department. There is not a single Mahomedan in the Allopathic Service. I am not asking that a graduate or a School Final passed man should be appointed as a Doctor.

Mr. M. N. Paramesvaran Pillai: May I know whether one M. D. was appointed recently and to which community he belongs?

Mr. H. O. L. Marikar: I do not know from which all communities such appointments are made. What I want to say is this. In all the 300 pos s on Rs. 50 and below, there is only a single Mahomedan. When a duly qualified Mahomedan applies, then the question of efficiency is raised. Appointments are refused to members of unrepresented communities on the ground that they are not efficient. I do not know where efficiency could be purchased. We could only get some certificate regarding our qualification. If we pass the B. A. from the college we get the B. A. Degree certificate: if we pass B. L. we get the B. L. Degree certificate. When half a dozen people come up for a post with the same certificate, I do not know how their efficiency is to be tested. If a Mahomedan applies for a post in the Medical Department, the Darbar Physician need appoint

[Mr. H. O. L. Marikar.]

him only if he possesses the requisite qualification for that post. I know of an instance of a Mahomedan who has passed the Compounders' Test some two years ago, and has been an applicant for a compounder's place in the department since then. But till now his application has not been considered in spite of the fact that there is only one Mahomedan in all the 300 appointments. I do not want this man to be made a doctor because I myself will have to go to him one day for medicine. That is not what I want. I do not want any member of an unrepresented community such as the Ezhava, Mahomedan, the Depressed Classes, etc, in Travancore to be appointed to any post in Government service if he is not fit for the post. Our request is only this much. If there are half a dozen applicants from different communities with the necessary qualification for a post, then preference must be given to that community which is not represented in Government service.

There are certain manipulations done so that communal representation may not be worked up. For instance there is the acting list. What the Head of the department does is, he takes a number of people from his own community, gives them acting service for a few days on Rs, 15 or 20. Thus there will be a hundred acting men with 2 day's and 3 day's service. Then if a candidate belonging to the unrepresented or not well represented or inadequately represented community in Government service applied for a post, it is pointed out that there are in the waiting list 100 men. If one duly qualified Mahomedan comes forward, then he will have to wait till these 100 men are absorbed by which time he will have grown old and barred for any post in Government service.

Mr. K. Madhavan Pillai: What test has this Mahomedan who is an applicant for a Compounder's post passed?

Mr. H. O. L. Marikar: The Government Test held in Travancore.

Sir, I have to say only this much. If a Muslim candidate, or candidates belonging to any other community which is not properly represented in the Government service, apply for a post, some sort of preference should be given to them for appointment in that department provided they are fit for the service for which they apply.

Mr. M. N. Narayana Menon (*Kottayam*): സർ, മെഡിക്കൽഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു സ്വല്പം പറയേണ്ടതായിട്ടിരിക്കുന്നു. ആണ്ടിൽ അധികസമയവും ആശുപത്രികളിൽ മരുന്നു ഇല്ലാതെ വിഷമിക്കുന്നു എന്നുള്ള സംഗതി പ്രതിവർഷവും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഒരോ കൊല്ലംചെല്ലുംതോറും ആശുപത്രികളിൽ ചികിത്സിപ്പി

ക്കുന്ന ആളുകളുടെ സംഖ്യകുറഞ്ഞും മരണത്തിന്റെ സംഖ്യക്കൂടിയും വരു ന്നു എന്ന് ഓരോ കൊല്ലത്തേയും റിപ്പോർട്ടു നോക്കിയാൽ കാണാം. ൧൧൦൭-ൽ ആശുപത്രിയിൽ കിടന്നുമരിച്ചിട്ടുള്ളവരുടെ ശതമാനം ൩.൭൨. ൧൧൦൮-ൽ, ൬.൩ ആണ്. ഇങ്ങനെ ഓരോ കൊല്ലവും മരിക്കുന്നവരുടെ സംഖ്യ കൂടിക്കൂടിവരുന്നു. ഇതു ആശുപത്രിയിൽ ഉള്ളവരുടെ സൂക്ഷ്മക്കുറവുകൊണ്ടാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടേണ്ടതാണ്.

മദ്രാസ്സ് മെഡിക്കൽകാളേജിൽ പഠിക്കുന്ന കുട്ടികൾക്കു ആണ്ടുതോറും ഗവണ്മെന്റിൽനിന്നും ഒരുതുക ചിലവുചെയ്യുവരുന്നു. ഇതേഅവസരത്തിൽ തന്നെ വെല്ലൂരും ഒരു തുക കൊടുക്കുന്നു.

Mr. P. Padmanabhan Tampi: വെല്ലൂരിൽ ഒരു തുക കൊടുക്കുന്നതു് സ്ത്രീകളുടെ വൈദ്യശാലക്കാണെന്നറിയാമോ?

Mr. M N Narayana Menon: അതിനെസംബന്ധിച്ച റിപ്പോർട്ടിൽ നോക്കീട്ടു എനിക്കു ഒന്നും മനസ്സിലായില്ല.

കൂടാതെ ഗവണ്മെന്റു നടത്തുന്ന ചില ആശുപത്രികളും വാടകക്കെട്ടിടത്തിലാണ് ഇരിക്കുന്നതു്.

Mr. Kayalam Paramesvaran Pillai: ആശുപത്രികളിൽകിടന്നു പ്രതിവർഷം മരിക്കുന്ന രോഗികളുടെ സംഖ്യ കൂടി വരുന്നു എന്നു മെമ്പർ പ്രസ്താവിച്ചുവല്ലൊ. അതു് റിപ്പോർട്ടിന്റെ എത്രാമത്തെ വശത്താണ് പ്രസ്താവിച്ചിട്ടുള്ളതു്?

Mr. M. N. Narayana Menon: Page 2 of the Report says:

The percentage of mortality of inpatients is 3-72 in the year 1107 and 6·3 in the year 1108.

പതിന്നാലു സ്ഥലങ്ങളിൽ വാടകക്കെട്ടിടത്തിൽ ആശുപത്രിനടത്തിവരുന്നു. ഇതിലേക്കു പ്രതിമാസം ഗവണ്മെന്റിലേക്കു ൨൨൫ രൂപാചിലവുവരുന്നു. ഇങ്ങനെ ഒരാണ്ടിൽ ൩൦൦൦ രൂപായ്ക്കുമേൽ ഗവണ്മെന്റു വാടകകൊടുക്കുന്നു. ഇതിനു ഒരു പരിഹാരമായി ആണ്ടുതോറും ഒന്നോ രണ്ടോ കെട്ടിടങ്ങൾ ഗവണ്മെന്റിൽനിന്നും ഉണ്ടാക്കുന്നതായാൽ ആറു എഴ വർഷംകൊണ്ടു് നമുക്കു പതിനാലു കെട്ടിടങ്ങൾ ഉണ്ടാക്കാൻകഴിയുന്നതാണ്. അതിനുശേഷം ഈ പാഴ്ചിലവു ഉണ്ടാകുകയും ഇല്ല.

ഈ റിപ്പോർട്ടിന്റെ ഒടുവിൽ നോക്കുന്നതായാൽ ഓരോ സ്ഥലങ്ങളിലും ഉണ്ടാകാറുള്ള സുഖക്കേടുകളുടെ സ്വഭാവം കാണിച്ചിരിക്കുന്നതായി കാണാം. അതിൽ ചിലസ്ഥലങ്ങളിൽ ചില പ്രത്യേക സുഖക്കേ

[Mr. M. N. Narayana Menon.]

ടുകഠ കൂടുതലായി ഉണ്ടായിക്കാണുന്നു. ഇതെന്തുകൊണ്ടാണ് എന്നു നോക്കുന്നില്ല. അതിനുവേണ്ട പരിഹാരങ്ങഠ ഉണ്ടാക്കുന്നതുമില്ല.

ജനങ്ങളുടെ ആരോഗ്യം കുറഞ്ഞുകുറഞ്ഞാണ് വരുന്നത്. ഈ സാമ്പത്തികാധഃപതനംകൂടി ആയതുകൊണ്ട് അതു കൂടുതലായിവരുന്നു. അങ്ങനെ ആരോഗ്യത്തിനു ഹാനിവരുമ്പോഠ മരണങ്ങളുടെ സംഖ്യയും കൂടിവരുന്നതാണ്. ശരാശരി ഒരു ഇൻഡ്യാക്കാരൻ ൨൪ വയസ്സിൽകൂടുതൽ ഇരിക്കുന്നില്ല. പാശ്ചാത്യർ ആണെങ്കിൽ ൫൦ വയസ്സുവരെ ഇരിക്കുന്നുണ്ട്. തിരുവിതാംകൂറിന്റെ പ്രത്യേകം കാര്യം നോക്കുന്നതായാൽ ഇതിൽ എല്ലാം കഷ്ടമാണ്. ഈ നാട്ടിൽ സുഖക്കേടില്ലാത്തവർ കുറയും. ഈ നാട്ടിന്റെ സ്ഥിതി മനസ്സിലാക്കിക്കാൻ ആയിരിക്കും ഡർബാർഫിസിഷന്റെ കൈവിരലിൽതന്നെ ഒരു സുഖക്കേടു കാണിച്ചിരിക്കുന്നത്. ജനങ്ങളുടെ ആരോഗ്യകരമായ കാര്യത്തിൽ ഗവണ്മെന്റു കൂടുതൽ ശ്രദ്ധിക്കണം.

Mr. M. P. Madhavan Pillai (*Tiruvalla* cum *Pattanamtitta*): തിരുവിതാംകൂറിലെ വൈദ്യസഹായം പൊതുജനങ്ങഠക്കു തീരെ മതിയാകുന്നില്ല. സർക്കാർ ആശുപത്രികഠ കൊണ്ടുള്ള പ്രയോജനം ഗ്രാമവാസികഠക്കു സുലഭമല്ല. ഉഠനാടുകളിൽ താമസിക്കുന്ന കർഷകന്മാർക്ക് പ്രതിഫലംകൊടുത്തു വല്ല പ്രൈവറ്റു വൈദ്യന്മാരെയുംകൊണ്ടു ചികിത്സിപ്പിക്കുവാനല്ലാതെ വളരെദൂരെ ടൌണിൽ സ്ഥിതിചെയ്യുന്ന ആശുപത്രിയെ അഭയംപ്രാപിക്കുവാൻ വിഷമമാണ്. ഭയങ്കരമായ സാമ്പത്തികാധഃപതനം നിമിത്തം ക്ഷാമവും, രോഗവും ബാധിച്ചിട്ടുള്ള കർഷകലോകം ഈ വകയ്ക്കും പണമുണ്ടാക്കണമെന്നു വന്നിരിക്കുന്നതു വലിയ സങ്കടമാണ്. ഇന്നത്തെ സൌജന്യവൈദ്യസഹായത്തിന്റെ ഫലം ഭാഗ്യവാന്മാരായി ടൌണിൽ താമസിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും, പ്രഭുക്കന്മാർക്കും മാത്രമേ ലഭ്യമാകുന്നുള്ളു. ഉഠനാടുകളിൽ താമസിക്കുന്ന ജനങ്ങഠക്കുകൂടി സൌജന്യ വൈദ്യസഹായം ലഭിക്കത്തക്കവണ്ണം ഈ ഡിപ്പാർട്ടുമെന്റിനെ പരിഷ്കരിക്കണം. പെട്ടെന്നു ഫലപ്രദമാകുന്നതും ദോഷലേശമില്ലാത്തതുമായ ഹോമിയോപ്പതി ചികിത്സയെ പ്രോത്സാഹിപ്പിക്കുന്നപക്ഷം വലിയ ചെലവുകൂടാതെ നാട്ടിൻപുറങ്ങളിൽകൂടി സൌജന്യ വൈദ്യസഹായം നഠകാവുന്നതാണ്. അമേരിക്ക, ജർമ്മനി മുതലായ പരിഷ്കൃത രാജ്യങ്ങളിൽ ഈ ചികിത്സയെ ഗവണ്മെന്റു പ്രോത്സാഹിപ്പിക്കുന്നുണ്ട്. നമ്മുടെ നാട്ടിലും ഈ ചികിത്സയ്ക്കു പ്രോത്സാ-

ളും പ്രചാരവും, മതിപ്പും ഉണ്ടായിട്ടുണ്ട്. ഈ ചികിത്സാരീതിയെ ഗവൺമെൻറ പ്രോത്സാഹിപ്പിക്കണമെന്നുള്ള പ്രമേയം തിരുവിതാംകൂർനിയമസഭയിൽ പാസ്സായിട്ടുകാലം വളരെ കഴിഞ്ഞിരിക്കുന്നു. തഹശീൽദാരന്മാർമുഖാന്തിരം തിരുവിതാംകൂറിലേ ഹോമിയോപ്പതി ഡാക്ടർമാരുടെ ഒരു ലിസ്ററു എടുത്തതിൽ കൂടുതലായിട്ട് ഇതിനേക്കുറിച്ച് എന്തെങ്കിലും ഗവൺമെൻറു ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല. മററുള്ള മരുന്നുകളെ അപേക്ഷിച്ചു ഹോമിയോപ്പതി മരുന്നുകൾക്കു വിലകുറവാകയാൽ ഈ ചികിത്സാരീതിയെ പ്രോത്സാഹിപ്പിക്കുന്നതു പൊതുജനങ്ങൾക്ക്, പ്രത്യേകിച്ചും സാധുക്കൾക്ക്, ഒരു ഗണ്യമായ പുണ്യമായിരിക്കും. ജനങ്ങളുടെ ആരോഗ്യപാലനത്തിനു മാത്രമല്ലാ ജീവരക്ഷയ്ക്കുംകൂടി സ്ഥാപിച്ചിട്ടുള്ള ഈ ഡിപ്പാർട്ടുമെൻറിലെ ചില കെട്ടിടങ്ങൾ നേരേവിപരീതമായ ഫലം നൾകത്തക്ക നിലയിലായിട്ടും ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധ പതിഞ്ഞുകാണാത്തതു കഷ്ടമാണ്.

Mr. K. Madhavan Pillai : അങ്ങനെ നിലംപതിക്കാറായ ആശുപത്രികെട്ടിടങ്ങൾ ഏതെല്ലാമാണ്?

Mr. M. P. Madhavan Pillai : ഞാൻ പ്രധാനമായി ചൂണ്ടിക്കാണിക്കുന്നതു മല്ലപ്പള്ളി ആശുപത്രികെട്ടിടത്തെ സംബന്ധിച്ചാണ്. ഇതിനെ സംബന്ധിച്ച് ജനങ്ങൾ ഗവൺമെൻറിലേക്കു പല ഹർജികളും അയച്ചതിൻെറ ഫലമായി ദിവാൻ മിസ്റ്റർ ആസ്റ്റിൻ അവിടെവന്ന് ആശുപത്രികെട്ടിടം സന്ദർശിക്കുകയും ജനങ്ങൾ അവരുടെ സങ്കടങ്ങളെ അദ്ദേഹത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഉടനെതന്നെ ആ കെട്ടിടം പണികഴിപ്പിച്ചുതരാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു.

Mr. K. Madhavan Pillai : ഇപ്പോൾ ഉള്ള കെട്ടിടം ജനങ്ങൾ പണിയിച്ചിട്ടുള്ളതാണൊ?

Mr. M. P. Madhavan Pillai : അതെ ഗവൺമെൻറിൽനിന്നും ചില കേടുപാടുകൾ തീർത്തിട്ടുണ്ട്.

Mr. K. Madhavan Pillai : എളുപ്പം താഴെ വീഴത്തക്കവിധത്തിലാണൊ ജനങ്ങൾ കെട്ടിടം പണിചെയ്യിച്ചു കൊടുത്തിട്ടുള്ളതു്?

Mr. M. P. Madhavan Pillai : അല്ല.

Mr. K. Madhavan Pillai : അടുത്തയാണ്ടത്തെ ബഡ്ജററിലാണൊ ഈ കെട്ടിടം പണിക്കു തുക അനുവദിച്ചിട്ടുള്ളതു്?

Mr. M. P. Madhavan Pillai : കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിൽ ഈ കെട്ടിടം പണിവകക്ക് ൩൦൦൦ രൂപാ കൊള്ളിച്ചിരുന്നു. ആ തുക ഒടുവിൽ ലാപ്സായിപ്പോയി. എന്നാൽ ഇതേവരെയായിട്ടും ആ കെട്ടിടത്തിന്റെ ജീർണ്ണോദ്ധാരണം നടത്തിയിട്ടില്ല. ഈ കെട്ടിടത്തിന്റെ ശോച്യാവസ്ഥ ഗവൺമെന്റിന്റെ ദൃഷ്ടിക്കു വിഷയീഭവിച്ചിട്ടും ഇപ്രകാരമുള്ള ഉദാസീനത പ്രദർശിപ്പിക്കുന്നതു് അനീതിയാണെന്നല്ലാതെ എന്താണു് പറയേണ്ടതു്.

Mr. Tariatu Kunjitomman: മെഡിക്കൽ വകുപ്പു് ജനങ്ങൾക്കു് കൂടുതൽ ഉപയോഗപ്രദമായി ഭവിക്കത്തക്ക ചില മാറ്റങ്ങൾ നിർദ്ദേശിക്കണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഈ വകുപ്പിനെ ഏകത്ധ്യക്ഷന്റെ ഉത്തരവാദിത്വത്തിൻകീഴിൽ ആക്കിയതു വളരെ നന്നായി. ഇപ്പോൾ ഇതിലെ ന്യൂനതകളെ പരിഹരിക്കാൻ ഒരാൾതന്നെ പ്രത്യേകം ബാദ്ധ്യസ്ഥനാകയാൽ ഒഴിവുകഴിവു പറയാൻ ഇനി സാദ്ധ്യമല്ല. പലരായിരുന്നകാലത്തു് ഒരാളിന്റെ അല്ലെങ്കിൽ മറ്റൊരാളിന്റെകുറ്റംകൊണ്ടാണു് ഓരോ തെറ്റുകൾവരുന്നതെന്നു് ഭാവിച്ചുകഴിക്കാം. ഇനി അതു സാധിക്കുകയില്ല.

ഒന്നാമതായി നമ്മുടെ ജനറൽ ആശുപത്രിയെതന്നെ കൂടുതൽഗുണകരമായ വിധത്തിൽ പരിഷ്കരിക്കണം. കൊച്ചിയിലും മദ്രാസിലും നെയ്യൂരിലുമായിരുന്നു ശസ്ത്രക്രിയക്കു നാട്ടുകാർ അധികം പോയിരുന്നതു. ഇപ്പോൾ ആ നിലമാറീട്ടു ഓപ്പറേഷൻ സംഖ്യ വളരെ ഇവിടെ വർദ്ധിച്ചിട്ടുണ്ടു. എങ്കിലും മുൻപറഞ്ഞസ്ഥലങ്ങളിലെ ആശുപത്രികളെ അപേക്ഷിച്ചു എന്തോചില ന്യൂനതയുണ്ടെന്നു ഈ ജനറൽആസ്പത്രിയിൽ ചെന്നാൽതോന്നും. ശുചിത്വം തന്നെ ഇവിടത്തെ ആശുപത്രിയിൽ വളരെ കുറവാണു്. ഒന്നാമതായി ഇവിടത്തെ ആശുപത്രിക്കു കുഴൽവെള്ളം ഇല്ല. ഈ പട്ടണത്തിൽ കുഴൽവെള്ളം നടപ്പാക്കിയപ്പോൾ അതു് ആദ്യമായി ആശുപത്രികളിൽ വേണ്ടതായിരുന്നു. അതു ചെയ്തിട്ടില്ല. അനേകം രോഗികൾ അഭയം പ്രാപിക്കുന്ന ആശുപത്രിയിൽ ശുചിത്വം പാലിക്കേണ്ടതെത്രയോ ആവശ്യകമാണു്. അതിനു കുഴൽവെള്ളം ഏർപ്പെടുത്തുന്നതുപോലെ മറ്റൊന്നും പറ്റിയതല്ല. എമീബിക്ക് ഡിസന്ട്രി, ടൈഫോയിഡ്ഫീവർ മുതലായ പലരോഗങ്ങളും വെള്ളംവഴിയാണല്ലോ പകരുന്നതു. ഈ രോഗങ്ങൾ പിടിപെട്ടവർ ആശുപത്രിയിൽ അഭയം പ്രാപിക്ക സാധാരണമാണു്. അവിടെവച്ചുതന്നെ ഈ രോഗങ്ങൾ മറ്റുള്ളവക്കു് പകർന്നു എന്നുവരാം. കക്കൂസുകളിൽപോലും കുഴൽവെള്ളം ഏർപ്പെടുത്തേണ്ടതാണു. അതു് ഉട

നെവേണം. ശസ്ത്രക്രിയ സംബന്ധിച്ച വലിയ പരീക്ഷയായ എഫ്. ആർ. സി. എസ്സ്. പാസ്സായിട്ടുള്ള ഒരാളിനെ ജനറൽ ആശുപത്രിയിൽ നിയമിച്ചിട്ടുള്ളതുകൊണ്ടു് നമ്മുടെ ജനറൽ ആശുപത്രിയുടെനില ഉയൎന്നിട്ടുണ്ടു്. രാജ്യത്തെ പ്രധാനികളായ പൌരന്മാരും ഉദ്യോഗസ്ഥന്മാരും ശസ്ത്രക്രിയസംബന്ധിച്ച് മററു സ്ഥലങ്ങളിൽപോയിക്കൊണ്ടിരുന്നതു നമ്മുടെ രാജ്യത്തിൻെറ അഭിമാനത്തിനുതന്നെ പോരായ്മയായിരുന്നു നമ്മുടെ മെഡിക്കൽ വകുപ്പിൽ എഫ്. ആർ. സി. എസ്. പാസ്സായിട്ടുള്ള രണ്ടുപേരാണല്ലൊ ഉള്ളതു. അവരെ രണ്ടുപേരേയും ഒരു സ്ഥലത്തു വയ്ക്കാൻ പോകുന്നതായി കേൾക്കുന്നു. അതു് നല്ലതല്ല. അവരെ രണ്ടു പ്രധാനസ്ഥലങ്ങളിൽ വച്ചാൽ ജനങ്ങൾക്കു അധികം പ്രയോജനമുണ്ടു്.

Mr- Kattiyattu Sivarama Panickar : ഇപ്പോൾ ഇവിടെ ഇരിക്കുന്ന ആളിനെ അങ്ങോട്ടു മാററീട്ടു അവിടെ ഇരിക്കുന്ന ആളിനെ ഇങ്ങോട്ടു മാററിയാൽ മതിയോ ?

Mr. Tariatu Kunjitomman : ആരെമാററിയാലും വിരോധമില്ല. അതു ഗവൺമെൻറു അദ്ധ്യക്ഷന്മാരുംകൂടി ആലോചിച്ചു തീർച്ചപ്പെടുത്തിക്കൊള്ളട്ടെ. രണ്ടാളും ഒരിടത്തുവേണ്ടെന്നേ പറയുന്നുള്ളു.

Mr. Komilezhathu Sankaran : ഇവർ രണ്ടു പേരും എഫ്. ആർ. സി. എസ്സിനു പഠിച്ചതു് ഒരു കാളേജിൽ ആണോ?

Mr. Tariatu Kunjitomman : അതിനെ സംബന്ധിച്ച് പറയേണ്ടയാവശ്യമില്ല. അതൊക്കെ അധികൃതന്മാൎക്കും മററും അറിയാം.

ഇനിയും എനിക്കു പറയുവാൻ ഉള്ളതു് ഗവൺമെൻറു വിലകൂടിയ മരുന്നുകൾ വരുത്തുന്നതു എല്ലാ ആശുപത്രികളിലേക്കും ശരിയായി വീതിച്ചുകൊടുക്കുന്നില്ലെന്ന പരാതിയെപ്പററിയാണ്. വിലകൂടിയ മരുന്നുകൾ നാട്ടിൻപുറത്തുള്ള ആശുപത്രികളിൽ ഇല്ലെന്നു പറഞ്ഞു് ഡാക്ടർമാർ ആശുപത്രികളിൽ ചികിത്സക്കു ചെല്ലുന്നരോഗികൾക്കു് കുറിച്ചുകൊടുത്തു് പുറത്തുനിന്നും വാങ്ങിപ്പിക്കുന്നു. ഈ സാമ്പത്തികാധഃപതനകാലത്തു് ആസ്പത്രിയിൽ ചെല്ലുന്ന സാധുക്കൾ വിലകൊടുത്തു മരുന്നു വാങ്ങിക്കേണ്ടതായി വരുന്നതു് കഷ്ടംതന്നെ. ഡാക്ടറന്മാൎക്കുതന്നെ ചില മരുന്നുഷാപ്പുകാരുമായി ബന്ധമുണ്ടായിരിക്കും. അവരുടെ ഷാപ്പുകളിലേക്കാണ് കുറിപ്പു കൊടുക്കുക. അതിന് കമ്മീഷനും കിട്ടും. അതുകൊണ്ടു് മേലാലെങ്കിലും മരുന്നുകൾ ആസ്പത്രികളിൽ ഇല്ലെന്നു രോഗികളോടു പറയാൻ ഇടയാക്കരുതു്.

[Mr. Tariatu Kunjitomman.]

ഇനിയും ഒന്നു പറയാനുള്ളതു് ഡാക്ടറന്മാർക്കു് പടികൊടുത്തു് ചികിത്സിക്കാൻ വിളിച്ചുകൊണ്ടു പോകുന്നതിനെ സംബന്ധിച്ചാണു്. ന്യൂമോണിയാ, പ്രസവക്കേസ്സ് മുതലായവയുള്ള രോഗികളെ ആശുപത്രികളിൽ കൊണ്ടുവരാൻ റോഡുകളില്ലാത്ത ഉൾപ്രദേശങ്ങളിൽ വിഷമമാണു. കെട്ടിയെടുത്തു വലിയ അവശതയിലിരിക്കുമ്പോൾ കൊണ്ടുവന്നാൽ ചിലപ്പോൾ മാർഗ്ഗമദ്ധ്യേതന്നെ അപകടം നേരിടാൻ ഇടയുണ്ടു്. അങ്ങിനെ വിഷമകരമായ അവസ്ഥയിൽ ഡാക്ടറന്മാരെ, സാധാരണ വാസസ്ഥലത്തേക്കു പടികൊടുത്തുകൊണ്ടുപോകയാണു പതിവു. ഇങ്ങിനെ കൊണ്ടുവരുന്നവർക്കു കൊടുക്കേണ്ടപടി സംബന്ധിച്ചു് ഒരു വ്യവസ്ഥയില്ലാത്തതുകൊണ്ടു പലപ്പോഴും സാധുക്കൾ വിഷമിക്കുന്നുണ്ടു്. ഗവണ്മെന്റിൽനിന്നും ഒരു മൈലിന് ഇത്രരൂപായെന്നോ മറ്റോ ഒരു ക്ലിപ്തം ചെയ്തു എല്ലാ ആസ്പത്രികളുടേയും ഭിത്തിമേൽ പരസ്യം വയ്ക്കിച്ചാൽസാധുക്കൾക്കു രക്ഷയായിരിക്കും. ധനവാന്മാരിൽനിന്നു ഇതിനുപുറമെ ഡാക്ടർക്കു് നല്ല സംഖ്യയും കിട്ടും. അതു പ്രത്യേകം ആണല്ലോ. ഈ കാര്യത്തിൽ ഗവണ്മെന്റു ഉടനെ ശ്രദ്ധിക്കണം. ഡാക്ടറന്മാരുടെ പൊതുവിലുള്ള അത്യാഗ്രഹം വർദ്ധിച്ചുവരുന്നു എന്നു ജനസാമാന്യത്തിന്റെ ഇടയിൽ പരക്കെ സംസാരം ഉണ്ടു്. ഇവർക്കു ഗവണ്മെന്റിൽനിന്നും നല്ല ശമ്പളം ഉണ്ടു. അതിനു പുറമെ ഒരു നല്ലതുക ജനങ്ങളിൽനിന്നുംകൂടി കിട്ടുകയും ചെയ്യും. എങ്കിലും ഇവർ സ്ഥിതിനോക്കാതെ പണം കൊടുക്കാൻ ദരിദ്രരോടും ആവശ്യപ്പെട്ടു് അവരെ വിഷമിപ്പിക്കുന്നുണ്ടു്. എന്നാൽ എല്ലാഡാക്ടർമാരും ഈ വിധമാണെന്നു ഞാൻ പറയുന്നില്ല. അവരിൽ ഭൂതദയയുള്ള ആളുകളും ഉണ്ടു്. എന്റെ ഓർമ്മയിലുള്ള ഒരു സംഗതി പറയാം. ഉദ്ദേശം ഇരുപത്തഞ്ചു വർഷങ്ങൾക്കുമുമ്പു എന്റെ സ്വദേശത്തിരുന്ന ഒരു ഡാക്ടർ ഒരു രോഗിയെ നോക്കാൻപോയി. അവിടെ ചെന്നു രോഗിയെനോക്കി മരുന്നു നിശ്ചയിച്ചു. ആ രോഗി വളരെക്ഷീണിച്ചിരുന്നതിനാൽ മരുന്നു ഉപയോഗിക്കുന്നതിനു പുറമെ സൂപ്പുകൂടി കഴിക്കണമെന്നു പറഞ്ഞു. അതിനു രോഗിക്കു പണം ഇല്ലായിരുന്നു. എന്നാൽ ഡാക്ടർ കയ്യിൽനിന്നും അയാൾക്കു സൂപ്പുകുടിക്കാൻ ആവശ്യമുള്ളപണം ഉടനെ കൊടുത്തു. പടിയും ആവശ്യപ്പെട്ടില്ല. അതുകൊണ്ടു് ഡാക്ടറന്മാരിൽ ഉദാരന്മാരായവരില്ലെന്നു പറയുന്നില്ല. അവർ അത്യാഗ്രഹികൾ ആകാതെ ഗവണ്മെന്റു നോക്കണം. ഡാക്ടർക്കു എന്തെങ്കിലും കൊടുക്കുന്നതിൽ പണമുള്ളവർ ആരും മടികാണിച്ചുവരുന്നില്ല. പക്ഷെ സാധുക്കളെക്കൊണ്ടു കഴിയാഞ്ഞാൽ എന്തുചെയ്യും. ഡിപ്പാർട്ടുമെ-

ൻറമേലദ്ധ്യക്ഷൻ സൎക്കീട്ടിൽ ഇക്കാൎയ്യം പ്രത്യേകം അന്വേഷിച്ചറിയണം. ഡാക്ടർമാരെ ശരിയായി നിയന്ത്രിക്കയും വേണം.

ഞാൻ പറയുന്നതെല്ലാം ഡർബാർ ഫിസ്സിഷന മനസ്സിലായോ എന്നു സംശയമാണ്. അതു മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു.

Mr. Kochikal P. Balakrishnan Tampi: Sir, I rise to oppose the Demand. It is a strange irony that there are so many medically qualified men in our country and yet there are many people who are suffering for want of medical aid. The reason is that there is no co-ordination of the work of these qualified men. There is no agency to facilitate proper use being made of the services of these qualified hands. I must say, Sir, that it is not possible to look up to the State in the years to come for all medical help, especially because there is sure to be greater demands upon the public purse in the future.

The only way out of the difficulty is by making use of the qualified men by private agencies and by Government. The Government have to encourage the practice of having honorary surgeons and physicians in our hospitals. So far, it did not work well for two reasons. The Government Doctors there would be much too domineering and there is the natural professional jealousy of the Government Doctors that these honorary surgeons would come in and rob them of their practice. Secondly, these honorary surgeons who come in ostensibly with altruistic motives to serve humanity would later try to lay claim to Government service. I suppose it is owing to these reasons that the entertainment of honorary surgeons and physicians has not come into vogue in our State. I trust that the Government would look hereafter to the possibility of engaging properly qualified people as honorary surgeons and physicians throughout the State. I would use Shakesperian language and say that the system would be thrice blessed. It would bless the medical men in service because there will be considerable relief in their work. It is again blessed because our young men who come out of the Universities and also our esteemed retired doctors as Dr. Madhavan Pillai or as Dr. Padmanabha Panickar who was of the Indian Medical Service, would get an opportunity to serve humanity. The people also who want medical relief would be blessed.

That leads me to speak about the necessity for growing up a greater sense of professional etiquette among the doctors of our country. Even England-returned people, people who belong to the British Medical Association, so soon as they come into Travancore develop tendencies which are opposed to the rules laid down by the British Medical Association. There are doctors who are not averse

[Mr. Kochikal P. Balakrishnan Tampi.]

to advertisement and there are doctors who are averse to co-operating with other doctors in treatment. The doctors in Government service are the leading men in the profession in our State, and as such the Government must co-operate with the non-official members in forming a Travancore Medical Association on the model of the British Medical Association or the Indian Medical Association.

I must not close my short speech without congratulating the Government on the abolition of the Deputy Durbar Physicianship. But although I congratulate the Government on not being obliged to have in service that medical gentleman who belongs to the Red Jacket Community, yet it is a matter of very great concern to this House in particular that he is made a physician to the Palace. Sir, the most important thing, the matter of the greatest concern to this House, is the health of the Royal House and when a man is not found to be fit for the post of a Deputy Darbar Physician, it passes my understanding why he must be thrust on the Palace.

Mr. P. Padmanabhan Tampi: On a point of order, I want to know whether the member is right in referring to the Palace here.

Mr. Kochikal P. Balakrishnan Tampi: Sir, I am referring only to a reasonable anxiety regarding the health of the Royal House. Therefore I would most respectfully and emphatically request Government to see that the best available help is given.

Mr. James Simpson: Sir, I would like to thank the members of the House for the criticisms they have offered and the suggestions they have made. But they are so numerous that I am afraid I may not be able to go through all of them. However, one of the chief topics mentioned was the General Hospital. This, Sir, I think, is in a much more healthy condition than it has been for sometime. One of the complaints was regarding the dispensing of medicines by the compounders. A Deputy Surgeon is now placed in charge of the compounding room and he is keeping a constant eye on the compounders. So far, since I have been in charge, I have not received any complaint from the public in connection with that.

Then again, Sir, the steward was mentioned. In that connection, I may say that the defalcation and the misappropriation mentioned really did not amount to any act of fraud or anything which could be treated as a serious offence. What was found was that there was a temporary misappropriation and the man was asked to explain; and then he was punished by the department.

Mr. M. N. Paramesvaran Pillai: What is the sort of punishment that was meted out to the steward?

Mr. James Simpson: He was fined.

Mr. M. N. Paramesvaran Pillai: How many rupees?

Mr. James Simpson: Rs. 5.

Mr. M. N. Paramesvaran Pillai: Was it meted out to him before the audit report or after?

Mr. James Simpson: Before.

Mr. M. N. Paramesvaran Pillai: May I know whether any action was taken after the audit report was received.

Mr. James Simpson: No action was taken. I was in charge of the department at the time of the audit report. After it was received, I had a meeting with the audit officer concerned, whereby new instructions were given so that the same thing may not occur again.

Mr. H. O. L. Marikar: May I know the nature of the crime committed and the punishment given

Mr. James Simpson: It was a case of temporary misappropriation.

Regarding the work turned out in the General Hospital, we have been told that the Mission Hospitals are doing all the surgical work in Travancore. That, Sir, is not correct. In the General Hospital we are treating cases which have not been treated in Travancore before and which have certainly not been treated at the Mission Hospitals. We are having good results. As a matter of fact, for the major operations that are being carried out I have some figures to show that the total for 1109 has almost doubled that for the best of all the previous years. The number of operations has gone up considerably and the death rate has come down so much so that the death rate in 1109, taking all operations into account, has come to the figure of 1.36 per cent., a figure which is unprecedented in any place even in England.

Mr. Kattiyattu Sivarama Panickar: May I know from the member whether any attempt has been made to institute radium treatment in the General Hospital?

Mr. James Simpson: That, Sir, has been under the consideration of Government. It is a big proposition and the Government do not think it possible to introduce it at present.

Mr. Kattiyattu Sivarama Panickar: Is the member aware that the radium treatment is given in the Neyoor Hospital?

Mr. James Simpson: Yes, I am aware.

Mr. Kattiyattu Sivarama Panickar: When a private hospital does not grudge to spend money for it, is it fair that a Government like ours should grudge money for such a nice treatment?

Mr. James Simpson : The member evidently is not aware of the details whereby Neyoor got radium and I cannot give the member the information.

Mr. M. N. Paramesvaran Pillai : What will be the approximate cost of instituting radium treatment ?

Mr. James Simpson : It is not so much the cost that counts. It is a question of the building to be obtained, the chambers and the precaution that will have to be taken. Provision must be made against a patient going away during the night, for instance, with radium worth Rs. 10,000. The scheme as a whole has to be considered.

To continue, the members have brought up the question of appointments in the department. Here, Sir, the answer given to the House last year still holds. That the Medical Department has more of one community than others is due to the fact that in the early days the Christians were about the only people who took up medical studies. Sir, I think that the Medical Department should be treated rather differently from other departments in as much as it is a highly scientific department. In suggesting to Government several appointments, I have considered first of all the qualifications and by qualification I mean not only the degree held by the applicant but also his under-graduate and post-graduate career. You may find that one person takes nine years to get a degree while another person does it in the minimum of 5 or 5½ years and gets the first prize in Surgery and the first prize in medicine. I consider the latter to be the more suitable candidate for the medical service, although he is of an over-represented community than the person who has taken 9 years and who belongs to an unrepresented community. Secondly, we consider the position in the waiting lists. They have been kept for a number of years. They must be considered but only secondarily. Otherwise, a man applying now, even if he is specially qualified and has done some special work, will not be allowed to enter the department until the waiting list is thoroughly exhausted. It leads me to consider whether the waiting list should be kept on.

Mr. Komilezhathu Sankaran : May I know from the member on what principle the persons from the waiting list were recruited formerly ?

Mr. James Simpson : The waiting list was not always considered formerly at the time of appointments. If Government have at their disposal well-qualified men, exceptionally qualified men, I think it is up to them to take advantage of that fact. If they find a person who, after graduating, has done some research

work in Madras or elsewhere, they must appoint him because he ought to know more of medicine and will be able to prove more useful to the people of Travancore than the raw graduate who comes out after five years knowing no more than that he has been taught to learn. He may know diagnosis but very little treatment. The qualification, Sir, must be the sole consideration in the matter of appointments in my department.

The motion was, by leave, withdrawn.

Chairman : I put Demand XV—Medical, for a sum of Rs. 8,44,996.

The grant was made.

DEMAND XVI—AYURVEDA

Mr. A. Kumara Pillai : Sir, I rise to move for a grant of Rs. 66,054 under Demand XVI—Ayurveda.

Mr. J. John kattakayam : സർ, ആയുർവേദ ഡിപ്പാർട്ടുമെൻറു ശക്തിപ്പെടുത്തിക്കൊണ്ടുവരേണ്ട ആവശ്യത്തെ സംബന്ധിച്ചു ഗവന്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതാണ് ഈ ഉപക്ഷേപംകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നതു്. ശരിയായി നിയന്ത്രിച്ചാൽ ആയുർവേദംപോലെ ഫലപ്രദമായ മറെറാരു ചികിത്സ നമ്മുടെ ഇൻഡ്യാമഹാരാജ്യത്തിൽ ഉണ്ടോ എന്നു സംശയമാണ്. ഈ ചികിത്സ ഇവിടത്തെ ശീതോഷ്ണസ്ഥിതിക്ക് ഏററവും പററിയതാണ്. നേരേമറിച്ചു ഭീമമായ തുക ചിലവുചെയ്തു വിദേശങ്ങളിൽനിന്നും അലോപ്പതി മരുന്നുകൾ വരുത്തി ഉപയോഗിക്കുന്നതുനിമിത്തം ജനങ്ങൾക്കു ബുദ്ധിമുട്ടും ധനച്ചിലവും വർദ്ധിക്കുകയാണ് ചെയ്യുന്നതു്. അങ്ങിനെ ഉള്ള മരുന്നുകൾ വരുത്തിയാൽതന്നെയും ജനങ്ങൾക്ക് സമയത്തു് കിട്ടുവാൻ വിഷമമാണ്. ആയുർവേദം ആണെങ്കിൽ കുറെ കഷായവെള്ളം വററിക്കണമെന്നേ ഉള്ളു. അതിനു ആവശ്യമുള്ള വിറകും ചട്ടിയുംമററുമൊക്കെ നമുക്കു സുലഭമാണ്. എന്നാൽ ഈ ആയുർവേദമരുന്നുകൾക്കുള്ള സ്ഥാനം വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന അലോപ്പതി മരുന്നുകളുടെ വരവോടുകൂടി അധഃപതിച്ചുപോയി ലോകൈകവിശ്രുതനായ മി. ഗാന്ധി പറയുന്നതു് സ്വദേശി സാമാനങ്ങൾ നാം സ്വീകരിക്കണമെന്നാണ്. എന്നാൽ നാമിപ്പോൾ ആയുർവേദവിഷയത്തിൽ അദ്ദേഹത്തിൻെറ ഉപദേശത്തെ ധിക്കരിച്ചു് സ്വദേശി സാമാനങ്ങൾ ബായിക്കോട്ടുചെയ്യുകയാണ് ചെയ്യുന്നതു്. നമുക്കു പററിയ ചികിത്സ ആയുർവേദംതന്നെയാണ്. തിരുവനന്തപുരത്തെ ആയുർവേദകോളേജിനു പുറമേ തിരുവി

[Mr. J. John Kattakayam.]

താംകൂറിൽ നാലു ആയുർവേദ ഹൈസ്കൂളുകൾ ഉണ്ടു്. ആയുർവേദ ആശുപത്രികളും തിരുവിതാംകൂറിൽ സർവ്വത്ര ഉണ്ടെങ്കിലും ഉത്തരതിരുവിതാംകൂറിൽ ഇതിനെ സംബന്ധിച്ച വിപരീതനയമാണു് ഗവണ്മെൻറു കൈക്കൊണ്ടിരിക്കുന്നതു്. കൊല്ലം, നാഗർകോവിൽ, കിളിമാനൂർ, തിരുവനന്തപുരം, ഈ സ്ഥലങ്ങളിൽ നാലു ആയുർവേദ ഹൈസ്കൂളുകൾ ഇപ്പോൾ നടന്നുവരുന്നുണ്ടു്?

Mr. A. Kumara Pillai : മെമ്പർ ഈ പറഞ്ഞ സ്ഥലത്തെല്ലാം ഉള്ളതു് ആയുർവേദ ഹൈസ്കൂളുകളാണോ, അതോ ആയുർവേദ ആശുപത്രികളാണോ ഉള്ളതു്?

Mr. J. John Kattakayam : എനിക്കു തെററിപ്പോയതാണു്. ആയുർവേദ ആശുപത്രികളാണുള്ളതു്. കണ്ണാടി വെക്കാതെ നല്ലപോലെ കാണാൻ വയ്യാ. എന്നാൽ കണ്ണാടി വെച്ചാൽ വയസ്സൻ ആണെന്നു വല്ലവരും പറകയും ചെയ്യും. അതുകൊണ്ടാണു് കണ്ണാടി വെക്കാത്തതു്. (ചിരി)

Mr. A. N. Visvanatha Pillai : മെമ്പർ ചെറുപ്പക്കാരൻ ആണെന്നാണോ പറയുന്നതു്?

Mr. J. John Kattakayam : ചെറുപ്പക്കാരൻ ആയാൽ കൊള്ളാമെന്നാണു് എൻെറ മോഹം. തലമുടി അവിടവിടെ നരച്ചുകാണുന്നതു് കാച്ചിയ എണ്ണയുടെ ദൂഷ്യംകൊണ്ടാണു്. എണ്ണ മൂത്തുപോയാൽ കാലമായിട്ടില്ലെങ്കിലും തല നരച്ചുപോകുമെന്നു് കളിയായി കരുതിക്കൊൾക.

Mr. Komilezhathu Sankaran: അതിലേക്കാണോ ആയുർവേദംതന്നെ വേണമെന്നു് പറയുന്നതു്?

Mr. J. John Kattakayam : എണ്ണക്കു മുറുക്കു കൂടിയതുകൊണ്ടു് ആയുർവേദത്തെ കുററപ്പെടുത്തുവാൻ പാടില്ല. അതു എണ്ണ കാച്ചി അരിച്ചവൻെറ ദൂഷ്യംതന്നെയാണു്. ഉത്തരതിരുവിതാംകൂറിൽ എന്നുമാത്രമല്ല നമ്മുടെ രാജ്യത്തെ എല്ലാ പകുതികളിലും ഓരോ ഗ്രാൻറു വൈദ്യശാലയെങ്കിലും സ്ഥാപിച്ചുകിട്ടണമെന്നാണു് ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നതു്.

ഇന്ത്യയിൽ ധാരാളം ബാലമരണങ്ങൾ ഉണ്ടാകുന്നുണ്ടു്. ബാലമരണം തിരുവിതാംകൂറിലും ഒട്ടും കുറവല്ല. സെൻസസ്സ് കമ്മീഷണരുടെ റിപ്പോർട്ടു നോക്കുന്നപക്ഷം ഇതിനെസംബന്ധിച്ച അറിയാവുന്നതാണു്. എന്നാൽ അങ്ങിനെയുള്ള ബാലമരണത്തെ തടുക്കുന്നതിനു് ആയുർവേ

ദംപോലെ പററിയ ചികിത്സ വേറെ ഇല്ല. ബാലചികിത്സക്ക ഇംഗ്ലീഷ്മരുന്നിനേക്കാറം പററിയതു ആയുർവേദമരുന്നാണ്. ചില ഇംഗ്ലീഷ് വൈദ്യന്മാർതന്നെ നാട്ടുവൈദ്യന്മാരേക്കൊണ്ടു് ബാലചികിത്സ ചെയ്യിച്ചിട്ടുള്ളതായി എനിക്കറിയാം. വാതരോഗത്തിൽ ഇംഗ്ലീഷ് ഭിഷഗ്വരന്മാർ ആയുർവേദ വൈദ്യരെ അഭയംപ്രാപിക്കുക സർവ്വസാധാരണയാണ്.

ആയുർവേദ ആശുപത്രികളുടെ സംഖ്യ കൊല്ലംതോറും വർദ്ധിപ്പിക്കണമെന്നു ഇവിടെ ഒരു നിശ്ചയം പാസാക്കിയിരുന്നു. ഇപ്പോറം അതിനെ സംബന്ധിച്ചു ഒന്നും കേൾക്കുന്നില്ല. അല്ലെങ്കിലും നല്ലകാര്യങ്ങറം ചെയ്യുന്നതിൽ ഗവമെൻറു പല അവസരത്തിലും പിന്നോക്കമാണെല്ലോ. കുറഞ്ഞപക്ഷം പ്രതിവർഷം പതിനഞ്ച് വൈദ്യശാലകറം എങ്കിലും ഉണ്ടാക്കാൻ ശ്രമിക്കുന്നതാണ് എന്നു ആയുർവേദഡയറക്ടർ ഇതിനുമുൻപു പ്രസ്താവിച്ചിട്ടുള്ളതിനെ ഈ അവസരത്തിൽ പ്രത്യേകം പ്രസ്താവിക്കേണ്ടതാണ്. എന്നാൽ ഗവമെൻറിനു പണമില്ലെന്നുള്ള പല്ലവി എപ്പോഴും ആവർത്തിക്കുന്നു. നല്ല സംഗതികറംക്കുവേണ്ടി പണം ചിലവുചെയ്യാൻ പണമില്ല. ഭീമസംഖ്യകറം വ്യയംചെയ്തു വല്ല ജിറാഫിനേയും മററും കൊണ്ടുവരാനാണെങ്കിൽ പണത്തിനു വിഷമം ഇല്ല.

അതുകൊണ്ടു് ആയുർവേദം പററിയ ഒരു വൈദമാണെന്നുള്ളതിനാൽ ഇംഗ്ലീഷ് വൈദ്യത്തേക്കാറം ഗവമെൻറു രണ്ടു കൈകൊണ്ടും ആയുർവേദത്തെ ആശ്ലേഷിച്ചു പ്രോത്സാഹിപ്പിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. A. N. Visvanatha Pillai : സർ, ഞാനും എൻെറ മുൻ പ്രാസംഗികന്മാരുടെ അഭിപ്രായത്തോടു യോജിക്കുന്നു. എനിക്കു പറയാനുള്ളതു് തിരുവിതാംകൂറിൽ അലോപ്പതി ചികിത്സയേക്കാറം ജനങ്ങറംക്കു ഇഷ്ടമുള്ളതു് ആയുർവേദ ചികിത്സയാണെന്നാണ്. ആയുർവേദചികിത്സക്ക് ചിലവു കുറവാണ്. അതുകൊണ്ടു ചിലവു ചുരുങ്ങിയതും ഈ നാട്ടുകാർക്കു കൂടുതൽ പ്രയോജനമുള്ളതുമായ ആയുർവേദചികിത്സയെ പ്രോത്സാഹിപ്പിക്കണം. ഇപ്പോറം ഫ ൨ ൭ ഗ്രാൻറ് വൈദ്യശാലകളും ഫ ൨ വ്യ റക്കഗ്നൈസ്ഡ് വൈദ്യശാലകളും മാത്രമേ തിരുവിതാംകൂറിൽ ഉള്ളു. ഇതു് ജനങ്ങളുടെ വൈദ്യസഹായത്തിനു തീരെ പര്യാപ്തമല്ല. ഓരോ കരകളിലും ഓരോ വൈദ്യശാലഎങ്കിലും അനുവദിച്ചു നടപ്പാക്കി ആയുർവേദവൈദ്യത്തെ പ്രോത്സാഹിപ്പിക്കണം. ആയു

[Mr. A. N. Visvanatha Pillai.]

ർവേദചികിത്സയെ അലോപ്പതിചികിത്സയുമായി താരതമ്യപ്പെടുത്തി നോക്കുന്നതായാൽ ആയുർവേദത്തിന് ചിലവു വളരെ കുറവാണെന്നു കാണുവാൻ കഴിയും. അലോപ്പതിചികിത്സക്കു ചിലവാകുന്ന പണത്തിന്റെ വളരെ ചുരുങ്ങിയ ഒരു ശതമാനംകൊണ്ട് ആയുർവേദചികിത്സയെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നതുമാണ്. ഇനിയും ഒരു കാര്യം കൂടിപറയാം. അലോപ്പതി മരുന്നുകൾക്കും അതിന്റെ ഉപകരണങ്ങൾക്കുംവേണ്ടി ചിലവഴിക്കുന്ന പണം മുഴുവൻ ഈ രാജ്യത്തിനു വെളിയിലേക്കാണ് പ്രയാണം ചെയ്യുന്നതു്. നേരെമറിച്ച് ആയുർവേദത്തിനുവേണ്ടി ചിലവഴിക്കുന്ന ഒരു പൈപോലും രാജ്യത്തിനു വെളിയിൽ പോകുന്നില്ല. ഈ കാരണംകൊണ്ടും ആയുർവേദം പ്രോത്സാഹനാർഹമാണ്.

ഈ ചികിത്സയിൽ ജനങ്ങൾക്ക് പ്രതിപത്തി കൂടികൂടിവരുന്നു എന്നു് ആയുർവേദഡിപ്പാർട്ടുമെന്റിൽ നിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടിൽനിന്നു കാണുവാൻ കഴിയും. കഴിഞ്ഞകൊല്ലം ഗ്രാന്റ് വൈദ്യശാലകളിലും റക്കഗ്നൈസ്ഡ് വൈദ്യശാലകളിലും തിരുവനന്തപുരത്തുള്ള ആയുർവേദ ആശുപത്രിയിലുംകൂടി ഏഴുലക്ഷം ജനങ്ങളെ ചികിത്സിച്ചിട്ടുള്ളതായി കാണാം.

ഇനിയും ആയുർവ്വേദത്തെപ്പറ്റി വളരെയധികം പറയാനുണ്ട്. സമയച്ചുരുക്കംനിമിത്തം ഒരു സംഗതികൂടിമാത്രം പ്രസ്താവിക്കാമെന്നേ വിചാരിക്കുന്നുള്ളു.

ആയുർവ്വേദം അതിപുരാതനവും ഇൻഡ്യയിലെ ശീതോഷ്ണസ്ഥിതിക്കു ഏററവും യോജിച്ചതുമായ ഒരു ചികിത്സാസമ്പ്രദായമാണ്. സർജറിയും മിഡ്‌വൈഫ്‌റിയും ഒഴിച്ച് താരതമ്യപ്പെടുത്തിയാൽ ആയുർവ്വേദമാണ് അലോപ്പതിയിലും ശ്രേഷ്ഠമായിട്ടുള്ളതു്. ആയുർവ്വേദകാളേജിൽ വിഷവൈദ്യംകൂടി പഠിപ്പിക്കേണ്ടതത്യാവശ്യമാണ്. ഇന്നുള്ള ആയുർവേദവൈദ്യന്മാർക്ക് വിഷചികിത്സയിലുള്ള പാടവക്കുറവുമൂലം ഒരേസ്ഥലത്തുതന്നെ ചിലപ്പോൾ ആയുർവേദവൈദ്യനും വിഷവൈദ്യനും ഗവണ്മെന്റു ഗ്രാന്റു കൊടുക്കേണ്ടതായി വന്നുകൂടുന്നു. ഇതു് ഗവണ്മെണ്ടിന് ഒരു നഷ്ടവുംകൂടിയാണ്. ആകയാൽ അതിനെ പരിഹരിക്കുന്നതിനും ഉഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്ന നമ്മുടെ രാജ്യത്തു അനവധി വിഷജന്തുക്കൾ ഉള്ളതിനാൽ ഭാവി വൈദ്യന്മാർക്കു വൈദ്യകലയുടെ ആ ശാഖയിൽകൂടി പാണ്ഡിത്യമുണ്ടായിരിക്കുന്നതിനും ആയി ആയുർവ്വേദകാളേജിൽ വിഷവൈദ്യംകൂടി പഠിപ്പിക്കേണ്ടതാണെന്നുകൂടി ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Mr. Tariatu Kunjitomman: സർ, ഞാനും ഉപക്ഷേപത്തെ പിൻതാങ്ങുന്നു. വാതം മുതലായ മഹാരോഗങ്ങൾക്കു ആയുർവേദ ചികിത്സയാണ് ഏററവും ഫലപ്രദമായികണ്ടുവരുന്നതു്. ജനങ്ങൾക്കുള്ള വിശ്വാസവും അങ്ങിനെ തന്നെആണ്. എന്നാൽ അലോപ്പതി ചികിത്സയിലുംവിശ്വാസമുള്ളവർ ധാരാളംഉണ്ട്. ശസ്ത്രക്രിയ മുതലായ കാര്യങ്ങൾക്കു അലോപ്പതിആണ് പ്രധാനം, എന്നാൽ ഔഷധങ്ങളുടെ കാര്യത്തിൽ ആയുർവേദത്തിനാണ് പ്രധാന്യം എന്നുഞാൻ വിചാരിക്കുന്നു. അതുകൊണ്ട് ഇതുരണ്ടുംഗവമെൻറിൻെറ പ്രോത്സാഹനത്തെ ശരിയായി അർഹിക്കുന്നു. എന്നാൽ ആയുർവേദത്തെ സംബന്ധിച്ചിടത്തോളം ഗവമെൻറു നേരിട്ടു അധികം ഒന്നും ചെയ്തിട്ടില്ല; വെറും അംഗീകരണംകൊണ്ടുമാത്രം സഹായിക്കുന്നതെ ഉള്ളു.

ഗവമെൻറിൽ നിന്നും ഈ വൈദ്യത്തെ പോഷിപ്പിക്കാൻ ഔഷധത്തോട്ടങ്ങൾ ഉണ്ടാക്കിക്കണം. ഇപ്പോൾ എവിടെ നിന്നെങ്കിലും കിട്ടിവരുന്ന മരുന്നുകൊണ്ടുമാത്രമാണ് ഔഷധങ്ങൾ ഉണ്ടാകാറുള്ളതു്. 'രസം' 'വീര്യം' 'പാകം' 'പ്രഭാവം' ഇങ്ങനെ നാലു സംഗതികളെ ആശ്രയിച്ചാണ് രോഗത്തിനു ഔഷധംഫലിക്കുന്നതെന്നു മഹർഷിമാർ പറഞ്ഞിട്ടുണ്ട്. ഔഷധങ്ങൾ പലവിധത്തിലുള്ളവആയാൽ അവയ്ക്കുയോജിച്ച സ്ഥലങ്ങളിൽ അതിനേനട്ടുവളർത്തി ഉപയോഗിക്കണം. ചിലതു തണുപ്പുള്ള സ്ഥലങ്ങളിലും, മററുചിലതു ഉഷ്ണഭൂമികളിലും, പിന്നെ ചിലതു് സമുദ്രതീരങ്ങളിലും, ചിലതു് പർവ്വതത്തിൻെറ ഉപരിഭാഗത്തിലും, വളരുന്നവയായിരിക്കും നമുക്ക് ഇവിടെ പല ശീതോഷ്ണസ്ഥിതികളുള്ള ഭൂമികൾഉണ്ട്. അതിനാൽ മിക്കമരുന്നുകളും ഈ നാട്ടിൽ തന്നെ നട്ടുണ്ടാക്കാൻ സൌകര്യം ഉണ്ടു. ശരിയായ ഔഷധതോട്ടങ്ങൾ ഏർപ്പെടുത്തി മരുന്നുകൾ നട്ടുവളർത്തി ഔഷധങ്ങൾക്ക് ഉപയോഗിച്ചാലെ വേണ്ടഫലം കാണുകയുള്ളു. വല്ലടത്തുനിന്നും വല്ലവരും തരുന്നവകൊണ്ടു ഔഷധങ്ങൾ ഉണ്ടാക്കിയാൽ അവയ്ക്കു ശരിയായ രസവീര്യാദികൾ ഉണ്ടായിരിക്കയില്ല. രോഗത്തിനു ശരിയായി ഫലിക്കയുമില്ല. അപ്പോൾ ആയുർവേദത്തെ കുററം പറഞ്ഞിട്ടു എന്തുഫലം? ഇപ്പോൾ മററു ചികിത്സാസമ്പ്രദായങ്ങൾ പോലെ ഉത്തരവാദിത്വമുള്ളവരിൽ നിന്നു മരുന്നുകൾ വാങ്ങിയല്ലാ ഔഷധങ്ങൾ ഉണ്ടാക്കിവരുന്നതെന്നു വലിയൊരുദോഷം ഈ വൈദ്യക്രമത്തിനുണ്ട്. കടകളിൽ നിന്നു ഒന്നിനു മറെറാന്നായും കയ്യിൽ കിട്ടുന്നതും മരുന്നായി വാങ്ങി എണ്ണ കഷായം മുതലായവ ഉണ്ടാക്കിയാൽ അവക്കു ആയുർഷികൾ നിശ്ചയിച്ചിട്ടുള്ള ഗുണം കാ

ണാത്തതിൽ ആശ്ചയ്യപ്പെടാനില്ല. ഓരോമരുന്നുകറം ഇന്നിന്നവിധത്തിലുള്ള സ്ഥലത്തുവളന്നവയായിരിക്കണമെന്നും ചിലതുപച്ചയും ചിലതു ഉണക്കയും ചിലതിൻെറ ഇലയും ചിലതിൻെറവേരും ചിലതു സമൂലവും വേണമെന്നൊക്കെ വിധിയുണ്ടെങ്കിലും അങ്ങിനെ ഒന്നും ചേത്തല്ല ഇപ്പോറം അധികവുംഔഷധം പാകംചെയ്യാറുള്ളതു്. ചില ഔഷധങ്ങറംപാകംചെയ്യുന്നതിനു ചില യന്ത്രങ്ങറം വേണമെന്നു പറയുന്നുണ്ടു്. യന്ത്രമെന്നു പറഞ്ഞാൽ പാശ്ചാത്യസമ്പ്രദായ പ്രകാരമുള്ള യന്ത്രങ്ങളാണെന്നു ധരിച്ചേക്കാം, അതല്ല. ഡോളായന്ത്രം, ധമരുയന്ത്രം, വാലുകയന്ത്രം മുതലായവയാണ്. അവ ഉണ്ടാക്കേണ്ട വിവരങ്ങളും ആയ്യമഷികറം പറഞ്ഞിട്ടുണ്ടു്. അതെല്ലാം ശരിയായി ചെയ്താലെ ഫലം ശരിയായിരിക്കു. മഹാചിന്തകന്മാരായ ഇവർ പുരാതന കാലത്തുതന്നെ മനോവികാരങ്ങറക്കു് രോഗങ്ങളെഉണ്ടാക്കാൻ ശക്തിയുണ്ടെന്നു പറഞ്ഞിരിക്കുന്നു. രാഗാദികറം രോഗങ്ങറം തന്നെയാണെന്നാണ് ആയുൎവ്വേദം പറയുന്നതു്.

Mr. A. N. Visvanatha Pillai : മെമ്പർഒരു വൈദ്യനാണോ?

Mr. Tariatu Kunjitomman : വൈദ്യ സംബന്ധമായും കുറച്ചൊക്കെ പഠിച്ചിട്ടുണ്ടു്.

ഇനിയും അഷ്ടാംഗഹൃദയം ആരംഭിക്കുന്നതു തന്നെ ഇങ്ങനെയാണ്.

"രാഗാദിരോഗാൻ സതതാനുഷക്താൻ-
അശേഷകായ പ്രസൃതാൻ അശേഷാൻ
ഔൽസുക്യമോഹാരതിദാൻ ജഘാന-
യപൂർവവൈദ്യായനമോസ്തുതസ്മൈ"

ഈ ആയുവേദം എത്രയോ പുരാതനമാണ്. ബ്രഹ്മാവു ആയുസ്സിൻെറ വേദത്തെ സ്മരിച്ചുഎന്നാണ് അഷ്ടാംഗഹൃദയം പറയുന്നതു്. ഉണ്ടാക്കിയെന്നല്ലാ വിധിപ്രകാരം ഔഷധനിർമ്മാണം ചെയ്‌വാൻവ്യവസ്ഥ ചെയ്യണം. അതിനു ഒന്നാമതായി ഗവണ്മെൻറിൽ നിന്നും ഔഷധതോട്ടങ്ങറം ഉണ്ടാക്കണം. അതിലേക്കു വിദഗ്ദ്ധന്മാരായ വൈദ്യന്മാരുടെ അഭിപ്രായം അറിഞ്ഞുപററിയ സ്ഥലങ്ങറം നിർണ്ണയിച്ചുവേണം ഈ ഔഷധങ്ങറം നട്ടുണ്ടാക്കിക്കാൻ. പിന്നെ സിന്ദൂരങ്ങറം ഭസ്മങ്ങറം മുതലായവ ഉണ്ടാക്കാൻ മഹർഷിമാർ നിദ്ദേശിച്ചിട്ടുള്ള പ്രകാരം ഉള്ള യന്ത്രങ്ങളും ഉണ്ടാക്കിക്കണം. വിദഗ്ദ്ധന്മാരുടെ അഭിപ്രായം അനുസരിച്ചു ഈ വിധമെല്ലാം ചെയ്തു് ഈ ചികിത്സയെ പുഷ്ടിപ്പെടുത്തിക്കൊണ്ടുപോകണം.

Mr. Komilezhathu Sankaran: സിന്ദൂരം, ഭസ്മം, മുതലായ നീററു മരുന്നുകൾ ആയുർവേദത്തിൽ ഉൾപ്പെട്ടതല്ലെന്നുമെമ്പക്കറിയാമോ?

Mr. Tariatu Kunjitomman: അതുകൾ ചിന്താമണി പ്രകാരം ഉള്ള മരുന്നുകളാണെന്നു സാധാരണപറയാറുണ്ട്. എന്നാൽ അതൊക്കെ ആയുർവേദത്തിൽ പെട്ടവതന്നെയാണ്. അഷ്ടാംഗഹൃദയം മാത്രമല്ല ഭാരതവർഷത്തിൽ ഓരോഭാഗങ്ങളിൽ ആയുർവ്വേദ ഗ്രന്ഥങ്ങളിൽ ചിലതിനു കൂടുതൽ പ്രചാരമുണ്ടായിരിക്കും. അഗസ്ത്യമഹർഷിയുടെ ഗ്രന്ഥങ്ങൾ അനുസരിച്ചുള്ള ഔഷധങ്ങളാണ് ചിന്താമണി മരുന്നുകൾ എന്നുപറയുന്നത്, അതും ആയുർവ്വേദഔഷധങ്ങൾ തന്നെയാണ്. ഓരോസ്ഥലത്തു് ഓരോമഹർഷിമാരുടെ ഗ്രന്ഥങ്ങൾക്കു പ്രചാരമുണ്ടെങ്കിലും അതിന്റെ എല്ലാം മൂലം ബ്രഹ്മാവിനാൽ ഉപദേശിക്കപ്പെട്ട ആയുർവ്വേദമാണെന്നും അഗ്നിവേശാദികളായ മഹർഷിമാർ അതിനെ വെവ്വേറെ ഗ്രന്ഥങ്ങളായി എഴുതിയെന്നും വിസ്താരമേറിയ അവയിൽനിന്ന് നാതിസംക്ഷേപവിസ്താരമായി അഷ്ടാംഗഹൃദയം ഉണ്ടാക്കുന്നെന്നും അഷ്ടാംഗഹൃദയകാരൻ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ആദ്യമെ പറയുന്നു. കേരളത്തിൽ പച്ചമരുന്നുകൾ സുലഭമാകയാൽ അദ്ദേഹം സസ്യൗഷധങ്ങളെഅധികം വിവരിച്ചിട്ടേയുള്ളൂ. ഇതെല്ലാംആയുർവേദംതന്നെ.

Mr. Komilezhathu Sankaran: ഈവക കാര്യങ്ങളെല്ലാം ഇവിടെ ഏർപ്പാടുചെയ്താൽ അതിനെ ശരിപ്പെടുത്താനുള്ള ആളുകൾ ഈ ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ ഉള്ളതായി മെമ്പക്കറിയാമൊ?

Mr. Tariatu Kunjitomman: വിദഗ്ദ്ധന്മാർ തിരുവിതാംകൂറിൽ ചിലർ ഉണ്ടെന്നറിയാം. ഈ ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ ഉണ്ടൊ എന്നു നിശ്ചയമില്ല.

Mr. G. Narayana Aiyar: Sir, this department is not receiving as much encouragement as it deserves. Public have confidence in this system of treatment. This system of treatment is not costly also. Mr. Kunjitomman has mentioned in detail the necessity for further encouragement in this department. Since the public have confidence in this system of treatment it is advisable to have more Ayurveda dispensaries at Government cost in all import-

[Mr. G. Narayana Aiyar.]

ant centres. Even in the matter of grants it is regretful to find that the Government are taking much time to allot grants. If you refer to my constituency you will learn that there were repeated prayers for grants to Vaidyasalas from Puthenchira, Ankamali and other pakuthies which have no means of medical assistance. Notwithstanding the repeated prayers we see that the prayers or petitions are still under investigation only. Grants that will be made will be comparatively small amounts. In such cases of medical relief it is absolutely necessary to see that the matter is taken up by Government themselves without any motion from the people of the locality. It should be the look out of Government to see that at least a particular grant-in-aid Vaidyasala is started in each and every pakuthi. This being the case, to say it is under consideration even after repeated complaints is not at all encouraging. I have to bring to the notice of Government that it is high time for them to take action in the matter and see at least each and every pakuthi is given a grant to maintain a Vaidyasala.

Mr. M. N. Narayana Menon : സർ, ആയുർവേദവകുപ്പിനെ വേണ്ടവിധത്തിൽ ഗവർമ്മെൻറു പോഷിപ്പിക്കുന്നില്ലെന്നു പറയാതെ തരം ഇല്ല. ഓരോ വർഷവും ഈ സഭയിലും ഇതരസഭയിലും മററുപല സ്ഥലത്തും ആയുർവേദത്തെ പോഷിപ്പിക്കണമെന്നു മുറവിളികൂട്ടുന്നുണ്ട്. ഗവൺമെൻറു അതിനെ അത്രകാര്യമായി കരുതീട്ടില്ല.

ആകപ്പാടെ ഈ രാജ്യത്തു് ൧൨൨-ആയുർവേദ ഗ്രാൻറുവൈദ്യശാലകളാണുള്ളതു്. ചുരുങ്ങിയതു ഒരു പകുതിയിൽ ഒരു വൈദ്യശാലയെങ്കിലും വേണ്ടതാണ്. പ്രജാസഭയിലോ കൗൺസിലിലോ ഗവൺമെൻറു പറഞ്ഞിട്ടുള്ളതായി ഞാൻ ഓർക്കുന്നു പ്രതിവർഷം ൧൦-വൈദ്യശാലകൾ എങ്കിലും ഉണ്ടാക്കിത്തരുന്നതാണെന്ന്. അതൊക്കെ ഇപ്പോൾ ഗവർമ്മെൻറുമറന്നു പോയിരിക്കുന്നു. ആയുർവേദചികിത്സക്കു കേരളത്തെപോലെ കീർത്തികേട്ട സ്ഥലം ഇന്ത്യയിൽ ഒരിടത്തും ഇല്ല. അതിലും തിരുവിതാംകൂറിനാണ് വളരെ പ്രാധാന്യം. ഒളശമൂസ്സ് വയസ്കരമൂസ്സ് ഇവർ പ്രധാനപ്പെട്ട വൈദ്യന്മാരാണ്. അതു നമുക്കു അഭിമാനകരമായസംഗതിയും ആണ്. ഇങ്ങനെയൊക്കെ ഇരുന്നിട്ടും ഗവൺമെൻറു ഈ ആയുർവേദത്തെ വേണ്ടവിധം പോഷിപ്പിക്കുന്നില്ല. പല വലിയ രോഗങ്ങൾക്കും ഇംഗ്ലീഷു ചികിത്സയെക്കാൾ കൂടുതൽ പ്രയോജനം ആയുർവേദചികിത്സകൊണ്ടു് ഉണ്ടാകുന്നുണ്ട്. ഒരു ഉദാഹരണം പറയാം. വാതരോഗത്തെ സംബന്ധിച്ചിടത്തോളം അനേകം ആളുകളും ഇഷ്ടപ്പെടുന്നതു്

നാട്ടുവൈദ്യത്തെ ആണ്. ആയുർവേദഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തീട്ടുള്ള റിപ്പോർട്ടിൽ ന്ന൦,൦൦൦-ത്തിൽപരം വിധത്തിൽ വാതരോഗം ബാധിച്ചവരെ ചികിത്സിച്ചിട്ടുള്ളതായി കാണുന്നു ഇങ്ങനെ ഉള്ള വൈദ്യശാലകളെ പ്രോത്സാഹിപ്പിക്കണം. മുൻപ് ഞാൻ ഇവിടെ പ്രസ്താവിച്ചതു് ഗവർമ്മെൻറ് ആശുപത്രികളിൽ ൧൯൦൭-നേക്കാൾ ൧൯൦൮-ൽ കൂടുതൽ മരണങ്ങൾ ഉണ്ടായിട്ടുള്ളതായിട്ടാണ്. അതു് പ്രുതാണ്ട് ന്ന,൧൦൦-ൾ കൂടുതൽ എന്നും പറഞ്ഞു. ആയുർവേദത്തെസംബന്ധിച്ച നോക്കുമ്പോൾ ൧/൧൦൦ പോലും മരിച്ചതായികാണുന്നില്ല. അതു് എങ്ങിനേയും ഇരിക്കട്ടെ. ആയുർവേദചികിത്സിക്ക് ഗവർമ്മെൻറു വേണ്ടതരത്തിൽ പ്രാധാന്യംകൊടുക്കേണ്ടതാകുന്നു. ആണ്ടുതോറും ഇതു വൈദ്യശാലകൾ കൂടുതലായി ഉണ്ടാക്കുന്നതാണെന്ന് ഗവർമ്മെൻറിൽനിന്നും ഒരു നയം സ്വീകരിക്കണം. അതനുസരിച്ചപ്രവർത്തിക്കുകയും വേണം. ഒരു വൈദ്യശാലക്കു കൊടുക്കുന്ന സംഖ്യ പ്രതിമാസം പതിനഞ്ചോ, ഇരുപതോ രൂപാമാത്രമാണ്. വാസ്തവം പറഞ്ഞാൽ ഒരു ആശുപത്രിക്കു ചിലവാകുന്ന തുക ഉണ്ടെങ്കിൽ അനേകം വൈദ്യശാലകൾ നടത്താൻ കഴിയുന്നതാണ്. അങ്ങിനെഉള്ള നാട്ടുവൈദ്യത്തെ ഇവിടെ പ്രോത്സാഹിപ്പിച്ചില്ലെങ്കിൽ പിന്നെഎവിടെ ആണു പ്രോത്സാഹിപ്പിക്കുന്നതു്.

തിരുവനന്തപുരത്തെ ആയുർവേദ ആശുപത്രിയോടു ജനങ്ങൾക്കു വളരെ ബഹുമാനം ഉണ്ട്. പതിനായിരകണക്കിനാണ് ഇവിടെ രോഗികളെ ചികിത്സിക്കുന്നതു്. ഇവിടെ ഒരു ഔഷധത്തോട്ടം എത്രയും ആവശ്യമാണ്. മരുന്നു പാചകംചെയ്യാനുള്ള സൗകര്യവും അത്യാവശ്യമാണ്. വൈദ്യശാലകളുടെ എണ്ണം പ്രതിവർഷം ഗവണ്മെൻറു വർദ്ധിപ്പിക്കണം.

Mr. M. P. Madhavan Pillai : ഓരോ സ്ഥലത്തും ഒരു ആയുർവേദഡിസ്പെൻസറികൂടി വേണമെന്നു അഭിപ്രായം ഇല്ലേ ?

Mr. M. N. Narayana Menon : ഓരോ ആയുർവേദവൈദ്യശാല എങ്കിലും ആദ്യം തരട്ടെ. പിന്നെ മററുകാര്യം നോക്കാം.

Mr. A. Kumara Pillai : Sir, the honourable members on the other side of the House neither criticised the Ayurveda system nor did they stress any important point against the working of the department. The only thing they brought to the notice of the Government is that there is want of sufficient patronage to Vaidyasalas and herbariums for preparation of good medicines. They also stressed the need for the award of more grants to the Vaidyasalas. About this I have to speak a few words. Mr. John Kattakayam

[Mr. A Kumara Pillai]

praises Ayurveda system and supports the demand. He says that in North Travancore there are no Ayurveda Hospitals. Ayurveda Hospitals are not started by Government in any mofussil parts. Ayurveda Hospitals are started by private physicians who apply for grants for their institutions. The Government did not institute hospitals in any place except at Trivandrum. Then another point stressed is about Vaidyasalas for children.

Mr. J. John Kattakayam : തൊടുപുഴ താലൂക്കിൽ ഒരു വൈദ്യശാലയ്ക്കു മാത്രമേ ഗ്രാൻറു കൊടുത്തിട്ടുള്ളു എന്നറിയാമോ ?

Mr. A. Kumara Pillai : അറിയാം.

In Travancore there are three Vydiasalas for treatment of children Mr. Narayana Menon, Mr. Kunjtomman and Mr. Visvanatha Pillai said that Government are not giving sufficient patronage to the Vaidyasalas and that they don't establish a herbarium for planting medicinal herbs. Speaking about patronage I have to say that there are 127 grant-in-aid Vaidyasalas, three grant-in-aid hospitals and 147 recognised Vaidyasalas in the State. Government called for a scheme for allocation of Vaidyasalas from the Inspector of Vaidyasalas and he has submitted a scheme and it is under consideration of Government. When the financial condition of the State improves that scheme may be brought into effect and more grant-in-aid Vaidyasalas opened in the State. About the starting of a herbarium I have to say that that question is also under the consideration of Government and that Government will pass orders very soon on it.

Mr A. N Visvanatha Pillai : ഈ ഡിപ്പാർട്ടുമെൻറിൽ ഒരു ഡയറക്ടർ വേണമെന്നുള്ള സംഗതി ഗവർമ്മെൻറ് ആലോചിക്കുന്നുണ്ടോ ?

Mr. A. Kumara Pillai : ഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെ ഭരണം എങ്ങിനെയിരിക്കുന്നു എന്ന് സൂക്ഷ്മാവലോകനം ചെയ്തതിനു ശേഷം ആ സംഗതിയെപ്പററി ആലോചിക്കുന്നതാണ്.

And for the supply of good medicines Government have started a Sales Depot where good Ayurvedic medicines are sold cheaply. Government hope that it will be a model Ayurveda Sales Depot.

Mr: A. N. Visvanatha Pillai : വൈദ്യന്മാരുടെ ഗ്രാൻറു വർദ്ധിപ്പിക്കണമെന്നു ഗവർമ്മെൻറു വിചാരിക്കുന്നുണ്ടോ ?

Mr. A. Kumara Pillai : അതു് ഗവർമ്മെൻറിൻെറ കോശസ്ഥിതിയെ അനുസരിച്ചിരിക്കും.

Mr. A. N. Visvanatha Pillai : വൈദ്യന്മാർ രോഗികൾക്കു മരുന്നു വെറുതെ കൊടുക്കുകയാണെന്നറിയാമോ ?

Mr. A. Kumara Pillai : വെറുതേയും വിലക്കം കൊട്ടക്കം.

Chairman ; I put Demand XVI—Ayurveda for Rs. 66,054. The grant was made.

DEMAND XVII—PUBLIC HEALTH AND SANITATION.

Mr. A. Kumara Pillai : Sir, I beg to move for a grant of Rs. 2,45,985, under Demand XVII—Public Health and Sanitation.

Mr. J. John Kattakayam: നമ്മുടെ രാജ്യത്തിന്റെ തലസ്ഥാനമായിരിക്കുന്ന ഈ തിരുവനന്തപുരത്തു് ഏതു തരത്തിലാണു് സാനിട്ടേഷൻവർക്ക നടക്കുന്നതു്? ഇവിടത്തെ മെയിൻറോഡു് ഒഴിച്ചു് മററുറോഡുകളിൽക്കൂടി നടന്നിട്ടുള്ളവർക്ക ഇതു നല്ലതുപോലെ അറിയാവുന്നതാണു്. ഈ ജൂബിലിഹാളിന്റെ അടുത്തു് കാളേജ് കെട്ടിടത്തിന്റെ പുറകുവശം നോക്കുക. അവിടെക്കൂടിയുള്ള ഗതാഗതം മൂക്കു പൊത്തിപ്പിടിച്ചുകൊണ്ടല്ലാതെ സാദ്ധ്യമല്ല. മെയിൻറോഡൊഴിച്ചുള്ള പലഭാഗങ്ങളും ഏറെക്കുറെ ഇങ്ങിനെ തന്നെയാണു്.

Mr. R. Nilakanta Pillai: ഇവിടത്തെ റോഡുകളെല്ലാം മുൻസിപ്പാലിററിയുടെ കൈവശത്തിൽപെട്ടതാണെന്നു മെംബറിനറിയാമോ?

Mr. J. John kattakayam: ആരുടെ കൈവശത്തിൽപെട്ടാലും അതു് ഇവിടത്തെ ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്ന ഒരു കാര്യമാണു്.

Mr. M. N. Paramesvaran Pillai : റോഡുകളെല്ലാം മുൻസിപ്പാലിററികളുടെ കൈവശത്തിലിരുന്നാലും ഓടകളും അതിനു പുറകുവശത്തുള്ള വഴികളും ഗവമെൻറു് മുൻസിപ്പാലിററിക്ക വിട്ടുകൊടുത്തിട്ടില്ലെന്നു് മെമ്പർക്കറിയാമോ?

Mr. J. John Kattakayam: അങ്ങനെയാണെങ്കിൽ ഞാൻ ജയിച്ചു. സാമ്പത്തികാധഃപതനംകൊണ്ടു് കർഷകന്മാരുടെ കവിളൊട്ടി, കണ്ണുകുഴിഞ്ഞു്, ഇപ്പോഠം തോലുമാത്രമേയുള്ളു. ആ നിലയിൽ ദാരിദ്ര്യം പിടികൂടി ജനങ്ങളുടെ ആരോഗ്യം നശിച്ചുപോകാൻ തുടങ്ങിയിരിക്കുന്നു. റൂചിയിൽ കോക്കാൻ പര്യാപ്തമാകുന്ന ചടച്ച നാല്ക്കാലികഠം പോലെ നടക്കുന്നു. ജീവരക്തം വററിയവരെ പകച്ചവ്യാധികഠക്കു് ഗ്രസിക്കുവാൻ വളരെ സൗകര്യമുണ്ടു്. ചില റോഡുകളുടെ കഥയും ഏററവും ശോചനീയമാണു്. എന്റെ പിറകിൽ ഇരിക്കുന്ന മിസ്റ്റർ.

[Mr. J. John Kattakayam.]

കുഞ്ഞിത്തൊമ്മൻ പറയുംപോലെ ചളപളായമാനമായിട്ടാണു അവിടം മുഴുവൻ കിടക്കുന്നതു്.

Mr. A. N. Visvanatha Pillai: അതുകൊണ്ടല്ലയോ അവിടെ അധികം കൊതുകുണ്ടാകുന്നതു്?

Mr. J. John Kattakayam: അതെ, അവിടെ ധാരാളം വെള്ളം കെട്ടിനിൽക്കുന്നു. ചാലുവെട്ടി വെള്ളമെല്ലാം പുറത്തുകളയണമെന്നാണു് ഞാൻ പറയുന്നതു്.

Mr. Komilezhathu Sankaran: തിരുവനന്തപുരത്തു് ഇപ്പോൾ കൊതുകു വർദ്ധിച്ചിട്ടുണ്ടെന്നറിയാമോ?

Mr. J. John Kattakayam: അതെനിക്കറിഞ്ഞുകൂടാ.

Mr. P. Padmanabhan Tampi: തിരുവനന്തപുരത്തു് കൊതുകിനെ നശിപ്പിക്കുന്നതിനുള്ള ഏർപ്പാടുകളെല്ലാം ചെയ്തുവരുന്നതുകൊണ്ടു് മുമ്പിലത്തെപോലെ കൊതുകിപ്പോൾ ഇല്ലെന്നു മെമ്പർക്കറിയാമോ?

Mr. J. John Kattakayam: അതു കൊണ്ടായിരിക്കാം ഇപ്പോൾ കൊതുകു് അധികമായി എന്നെ കടിക്കാതിരിക്കുന്നതു്.

Mr. Komilezhathu Sankaran: മെമ്പർ തിരുവനന്തപുരത്തെവിടെയാണു് താമസം?

Mr. J. John Kattakayam: അതു പറയാതിരിക്കുകയാണു് ഭേദം. നിങ്ങൾ ഭയപ്പെടുകയില്ലെങ്കിൽ പറഞ്ഞേക്കാം പേടിപ്പെട്ടിക്കുന്നില്ല?

ഇവിടെയുള്ള റോഡുകളിൽ ഏതവസരത്തിലും മലമൂത്രങ്ങൾ കിടക്കുന്നതായികാണാം. രാജധാനിയിലെ രാജവീഥിയിൽ ഇങ്ങനെ മലമൂത്രവിസർജ്ജനം ചെയ്യുന്നു എങ്കിൽ മററു സ്ഥലങ്ങളിലെ സ്ഥിതി ഏതുതരത്തിലിരിക്കുമെന്നു ഞാൻ പറയാതെതന്നെ അറിയാമല്ലൊ? അമേരിക്കക്കാരനായ മി. ജഡ്സൺ്റ്റൂം ഇവിടെ ഒരു പബ്ലിക്ഹെൽത്ത്ഡിപ്പാർട്ടുമെൻറു് ഏർപ്പെടുത്തി. അതോടുകൂടി ഹെൽത്ത്ഡിപ്പാർട്ടുമെൻറും സാനിട്ടറിയും ഒന്നായിത്തീർന്നു.

മസൂരിയെ കുത്തിവയപ്പുകൊണ്ടു തടുക്കാം. അതുപോലെ പകരുന്നതും എന്നാൽ കുത്തിവയ്പുകൊണ്ടു തടുക്കാതിരിക്കുന്നതുമായ മററു പല ദീനങ്ങളും ഇവിടെയുണ്ടു്. സന്നിപാതജ്വരം, മലമ്പനി, വിഷൂചിക, മുതലായവ അവയിൽ ഉൾപ്പെടുന്നതാണു്. ഇതുകൾക്കും കുത്തിവയ്ക്കുന്നുണ്ടു്. പക്ഷെ, മസൂരിക്കുള്ള കുത്തിവയ്പുപോലെ അതു ഫലിക്കുന്നില്ലന്നേയുള്ളു. അമേരിക്ക, ഫ്റാൻസ്, ഇംഗ്ലണ്ടു മുതലായ രാജ്യങ്ങളിൽ ഹെൽത്ത്യൂണിററുകൾ സ്ഥാപിക്കുന്നതിനു് അവിടത്തെ

ഗവണ്മെൻറ് അക്ഷീണപരിശ്രമം ചെയ്യുന്നുണ്ട്. ഇവിടെ ഒരു ഹെൽത്ത് യൂണിററ് സ്ഥാപിച്ചിട്ടുണ്ട്. പുറമേനിന്ന് നോക്കിയാൽ അതു വളരെ ഭംഗിയായിത്തോന്നും. അകത്തുകടന്നു നോക്കുമ്പോൾ ആ വിശ്വാസം നശിച്ചുപോകുന്നു.

Mr. K. Madhavan Pillai : ഹെൽത്തുയൂണിററിനകത്താണോ ഈ അവസ്ഥ?

Mr. J. John Kattakayam : അന്ന് ഞാൻ പറഞ്ഞിട്ടില്ല.

Mr. K. Madhavan Pillai : മെമ്പർ നെയ്യാററിൻകരയിൽ പോയിട്ടുണ്ടോ?

Mr. J. John Kattakayam : നെയ്യാററിൻകര അനേകം പ്രാവശ്യം പോയിട്ടുണ്ട്.

Mr. A. N. Visvanatha Pillai : നെയ്യാററിൻകരയിൽ ഒരു ഹെൽത്തുയൂണിററ് ഉണ്ടെന്നു മെമ്പർക്കറിയാമോ?

Mr. J. John Kattakayam : അവിടെ അതിൻെറ പ്രവൎത്തനം നടക്കുന്നുണ്ട്.

ഉത്തരതിരുവിതാംകൂറിൽ ഒരു ഹെൽത്ത് യൂണിററ് സ്ഥാപിക്കാമെന്ന് കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജററുപ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ ഞാൻ മുൻപൊരിക്കൽ പറഞ്ഞതുപോലെ ജിറാഫിനെവാങ്ങിക്കാനുംമററും ഗവണ്മെൻറ് കണക്കില്ലാതെ പണം ചില വാക്കുന്നതല്ലാതെ ഇതിനൊന്നിനും പണമില്ല. എതാദൃശകാൎയ്യങ്ങളിൽ കൂടി ഗവണ്മെൻറിൻെറ ശ്രദ്ധ അടിയന്തിരമായി പതിയണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു.

Mr. C. M. Joseph (*Changanachery cum Peermade*) : പബ്ളിക്ഹെൽത്തും സാനിട്ടറിഡിപ്പാർട്ടുമെൻറും ഈ സംസ്ഥാനത്ത് നടപ്പിലാക്കിട്ടു കുറച്ചുകാലമായി. എന്നാൽ അടുത്തകാലങ്ങളിലായി അനേകം ആളുകളെ ബാധപ്പെടുത്തുകയും വളരെ അധികം ആളുകളെ യമപുരിയാത്രയാക്കുകയും ചെയ്തിട്ടുള്ള മസൂരി, വിഷൂചിക, ഇവയുടെ പരിഹാരത്തിനായി ഈ കൊല്ലം പബ്ളിക്ഹെൽത്ത്ഡിപ്പാർട്ടുമെൻറ് വളരെ ഊർജ്ജിതമായ പ്രവൎത്തനങ്ങൾ നടത്തിക്കൊണ്ടാണിരിക്കുന്നത്. ഇക്കൊല്ലത്തെ വേനൽക്കാലത്തേക്കുവണ്ണം ഇവിടെ മസൂരി ബാധിക്കാതിരുന്നതു ഈ ഡിപ്പാർട്ടുമെൻറുകാരുടെ പ്രത്യേകശ്രദ്ധകൊണ്ടാണെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ട് ഇങ്ങനെ ഒരു ഡിപ്പാർട്ടുമെൻറുണ്ടാക്കിയതും അതു് അഭിവൃദ്ധിപ്പെടുത്തിവരുന്നതും നമ്മുടെരാജ്യത്തിനു വളരെ നല്ലതാണെന്നുള്ളതിനു സംശയമില്ല.

[Mr. C. M. Joseph.]

മസൂരിയേയോ, വിഷൂചികയേയോ തടുത്തുകൊണ്ടുമാത്രം പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ ചുമതല തീരും എന്നു വിചാരിക്കരുതു്. എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ ഇൻഡ്യാക്കാർക്കു ദീർഘായുസ്സില്ലെന്നും ഇവിടെ മരണങ്ങൾ വളരെ വർദ്ധിച്ചുവരുന്നുവെന്നും ഉള്ളതു സമ്മതിക്കേണ്ട ഒരു പരമാർത്ഥമാണ്. പഴയകാലത്തു ഇൻഡ്യാക്കാർ മററു രാജ്യക്കാരെക്കാൾ ആയുസ്സ് കുറഞ്ഞവരായിരുന്നില്ല. ഇൻഡ്യാക്കാർ ദീർഘായുസ്സില്ലാതെയായതു എപ്പോൾമുതൽക്കാണെന്നും അതിനുള്ള കാരണമെന്താണെന്നും ഈ പബ്ലിക്ഹെൽത്തുഡിപ്പാർട്ടുമെന്റ് അന്വേഷിക്കേണ്ടാവശ്യമുണ്ട്. മസൂരി, വിഷൂചിക, മുതലായവയെല്ലാം ശീതോഷ്ണസ്ഥിതികളെ ആശ്രയിച്ചു വർദ്ധിച്ചുവരുന്നവയാണ്. കുത്തിവെപ്പും മററും കൊണ്ടു ഇവ കാലക്രമേണ നിയന്ത്രിക്കപ്പെടാവുന്നതുമാണ്. എന്നാൽ ഇതൊന്നും ബാധിക്കാത്ത ആളുകളുടേയും ആയുസ്സു ദീർഘിച്ചുകാണുന്നില്ല; അതിനുള്ള കാരണമാണ് പബ്ലിക്ഹെൽത്തു ഡിപ്പാർട്ടുമെന്റു അന്വേഷിക്കേണ്ടതു്. ഇതിന് പല കാരണങ്ങളുണ്ടായിരിക്കാം. ഒന്നാമത്തു് ഞാൻ മുമ്പൊരിക്കൽ പറഞ്ഞതുപോലെ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ന്യൂനതയാണ്. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി മാത്രമാണ് നമ്മുടെ ജനങ്ങളെ മുഴുവൻ ദുർബ്ബലരാക്കിത്തീർക്കുന്നതും ഇത്ര ആയുസ്സില്ലാതാക്കുന്നതും. ഇപ്പോഴത്തെ കുട്ടികൾ കുറഞ്ഞപക്ഷം ൫ വയസ്സുമുതൽ പാഠശാലകളിൽ പോകുന്നുണ്ട്. അങ്ങിനെ അയച്ചില്ലെങ്കിൽ വിദ്യാഭ്യാസം പൂർത്തിയാക്കി ൨൫ വയസ്സുതികയുന്നതിനുമുമ്പു ഏജ്ജുബാർ തീരുവാൻ സാദ്ധ്യമാകാതെവരും.

പഴയകാലത്താണെങ്കിൽ എട്ടോ പത്തോ വയസ്സാകുമ്പോഴാണ് കുട്ടികൾ ശിഷ്യപ്പെട്ടുതുടങ്ങുന്നതു്. അങ്ങനെയായാൽ കൂടുതൽ മനഃക്ലേശംകൂടാതെ അവർക്കു വിദ്യ അഭ്യസിക്കാൻകഴിയും. ഇന്നു് ഒരു കുഞ്ഞിനു ചുമക്കാൻ പാടില്ലാത്ത നോട്ടുബുക്കുകളും ചുമന്നു് ഉച്ചപ്പട്ടിണിയുംകിടന്നു് പഠിത്തം തുടങ്ങുന്നു. അങ്ങിനെ പത്തോ പതിനെട്ടോ ഇരുപതോ വയസ്സാകുന്നതുവരെ തുടർന്നുകൊണ്ടുപോകുന്നതു് നിശ്ചയമായും ആരോഗ്യത്തിനു ഹാനികരമാണ്. ഇപ്രകാരമുള്ള പഠിത്തമില്ലാതിരുന്ന ഒരു കാലത്താണ് നമുക്കു ദീർഘായുസ്സു കിട്ടിക്കൊണ്ടിരുന്നതു്. വലിയ വിദ്യാഭ്യാസമൊന്നും ഇല്ലാതിരുന്നിട്ടായിരിക്കാം എനിക്കു ഇതുവരെയും ഒരു ഡാക്ടരുടെ സഹായം അപേക്ഷിക്കേണ്ടതായി വന്നുചേരാത്തതു്.

Mr. Komilezhathu Sankaran : മെമ്പർക്കു എത്രവയസ്സായി?

Mr. C. M. Joseph: അറുപത്തിഒന്നുവയസ്സായി.

Mr. J. John Kattakayam: അറുപതുവയസ്സുകഴിഞ്ഞാൽ ഓർമ്മ ശരിയായി നിൽക്കുകയില്ലെന്നു പറയുന്നതു മെമ്പറെ സംബന്ധിച്ചിടത്തോളം വാസ്തവമാണോ?

Mr. C. M. Joseph: അല്ല; ഓർമ്മ നന്നായിട്ടുണ്ട്. ഇവിടെ യൂറോപ്യന്മാർവന്നു് നമ്മുടെ വിദ്യാഭ്യാസത്തിന്റെ മേധാവിത്വം കയ്യേററതോടുകൂടി നമ്മുടെ പഴയരീതിയിലുള്ള വ്യായാമമെല്ലാം പോയിക്കഴിഞ്ഞു. പുതിയതരത്തിലുള്ള വ്യായാമങ്ങളും കുട്ടികൾക്കുകൊടുത്തു. അതുകൊണ്ടു് കുട്ടികളുടെ കാലിനും മുട്ടിനും നെഞ്ചിനുമൊക്കെ കേടുവന്നുതുടങ്ങി. വിദേശസാമാനങ്ങളുംമറ്റൊക്കെ വിലകൊടുത്തു ഇപ്രകാരം ഉള്ള വ്യായാമമൊക്കെ ചെയ്യുന്നതെന്തിന്?

ഈ കുട്ടികളുടെആയുസ്സു കുറഞ്ഞുപോകുന്നതിനുള്ള മറെറാരുകാരണം അവരുടെ ബീഡിവലിയും പുകവലിയുമാണു്.

Mr. M. N. Paramesvaran Pillai: കുടിയും അവരുടെ ആരോഗ്യത്തെ ബാധിക്കുന്ന ഒരു സംഗതിയല്ലയോ?

Mr. C. M. Joseph: അതിലേക്കു ഞാൻ വരുന്നു. ബീഡിയും പുകയിലയും മാത്രമല്ല, എക്സൈസ്ഡിപ്പാർട്ടുമെന്റിൽപെട്ട സകല സാധനങ്ങളും ഉപയോഗിക്കുന്നതിൽനിന്നുവിദ്യാർത്ഥികളെതടയേണ്ടതാണു്.

Mr. Komilezhathu Sankaran: കുടിക്കുന്നതുകൊണ്ടു ശരീരത്തിന്റെ ആരോഗ്യം വർദ്ധിക്കുകയല്ലാതെ ക്ഷയിക്കുമോ?

Mr. C. M. Joseph: കുടി ആരോഗ്യത്തെ വർദ്ധിപ്പിക്കുമെങ്കിൽ എനിക്കു വിരോധമില്ല. ഏതായാലും കുടിയ്ക്കുന്ന സാധനങ്ങളുടെ യോഗ്യതകൂടി പബ്ളിക്ഹെൽത്തു ഡിപ്പാർട്ടുമെൻറുകാർ ഒന്നു പരിശോധിച്ചുനോക്കിയാൽകൊള്ളാം.

Mr. Komilezhathu Sankaran: ഏതെല്ലാം സാധനങ്ങളാണു് പരിശോധിക്കേണ്ടതു്?

Mr. C. M. Joseph: ഏതു സാധനമായാലും തരക്കേടില്ല. അവ ആരോഗ്യത്തിനു ദോഷകരമാണെന്നു് കാണുന്നെങ്കിൽ ഉടനെ അവയുടെ ഉപയോഗത്തെ തടയുന്നതിന്് ഈ ഡിപ്പാർട്ടുമെൻറു ശ്രദ്ധിക്കേണ്ടതാണു്.

പഴയകാലത്തു് വെണ്ണയും പാലും നെയ്യും ധാരാളം ഭക്ഷിച്ചും ഉപയോഗിച്ചുമിരുന്നു. ഇന്നു് നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറും മററും ആ വിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ടെങ്കിലും വളരെ ദുഷിച്ച രീതിയിലുള്ള നെയ്യും പാലുമേ കിട്ടുന്നുള്ളു; അതും വളരെ ദുർഭിക്ഷമായി

[Mr. C. M. Joseph.]

ട്ടമാത്രം. ഈവകകാര്യങ്ങളിലെല്ലാം ദൃഷ്ടിവച്ചാൽ നമ്മുടെ നഷ്ടപ്പെട്ടുപോയ ആയുസ്സ് നമുക്കു വീണ്ടെടുക്കാൻ കഴിയും.

ചായക്കടി എന്നൊരേർപ്പാടുകൊണ്ടും നമ്മുടെ ആരോഗ്യം വളരെ ദുഷിച്ചുപോയിട്ടുണ്ട്. അനവധി ചായക്കടകൾ നമ്മുടെരാജ്യത്തുണ്ട്. പലമാതിരി ദുഷിച്ചതരത്തിലുള്ള ചായകളാണ് അവിടെ ഉപയോഗിക്കുന്നത്. യാതൊരു ശുചിത്വവും ഈ കടകളിലെങ്ങും കാണുന്നില്ല. ഇതും സാനിട്ടറി ഡിപ്പാർട്ടുമെൻറിന്റെയും പബ്ളിക്ഹെൽത്തുഡിപ്പാർട്ടുമെൻറിന്റെയും ശ്രദ്ധയിൽപെടേണ്ട ഒരു സംഗതിയാണ്.

അതുകൊണ്ട് ഈ ആവശ്യത്തെ തുകയിൽനിന്നും വളരെ വർദ്ധിക്കാത്ത ഒരു തുക ആണ്ടുതോറും ഈ വകുപ്പിലേക്കു നീക്കിവയ്ക്കുകയും മററു വൈദ്യസഹായങ്ങൾക്കുള്ള തുക കാലക്രമത്തിൽ കുറയത്തക്കവണ്ണം വേണ്ടതു ചെയ്തു നമ്മുടെ ആരോഗ്യത്തെ വേണ്ടവിധം സംരക്ഷിക്കുന്നതിന് ഈ ഡിപ്പാർട്ടുമെൻറും ഗവൺമെൻറും വേണ്ടിടത്തോളം ശ്രദ്ധ പതിപ്പിക്കുകയും ചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഡിമാൻറിനെ അനുകൂലിച്ചുകൊള്ളുന്നു.

Mr. G. Narayana Aiyar : Sir, this department is not paying the necessary attention to the sanitation and public health in the rural areas. Its activities are mostly confined to important towns in the State. I cannot understand why the department should make a distinction between towns and rural areas in this matter. Rural areas deserve as much careful treatment as towns with regard to sanitation and public health. If it has been found impossible for the department to inspect and take up these rural areas for this purpose, I should like to bring to the notice of Government that Village Panchayats must be constituted under the Regulation of 1100. We see in British India that generally public health and sanitation are entrusted to the Village Panchayats. There is sufficient scope in our Regulation also for that. In the Cochin State and in British India these two important items of work are being looked after by Village Panchayats. They are entitled to collect funds from the locality and with the aid of the grant they get from Government, they are able to look after sanitation and public health in those areas. Thus the benefits of this department would reach even small out of the way places of the State. As such I have to bring to the notice of Government, Sir, that in case the Government find it impossible to bring these rural areas under the scheme of thisdepartment, at least Village Panchayats should be opened at an early date so that these functions, *i. e.*, sanitation and public health, may be entrusted to them.

Mr. M. N. Paramesvaran Pillai : In this connection, as the representative of the Municipal Councils in the State, I wish to say a few words on their behalf. The municipalities attend to the sanitary work in most of the towns in the State. As one who has some experience of municipal administration, as a member of the premier Municipal Council for the last 9 years, I know what strugle they have to make merely to keep things going. Most of these municipalities are extremely poor and consequently unable to discharge even their most elementary functions. In view of this and in view of the fact that Government do not wish to be taxed by local bodies like Municipal Councils, they have recognised the obligation to make substantial grants to these bodies for works of permanent improvements The needs of the public require such assistance from Government. But in recent years we notice a change in the attitude taken by Government towards these institutions. Some of the municipalities do not get any grant at all while in the case of others their grants have been unjustifiably reduced although their receipts have not perceptibly increased. I am ashamed to inform you that some of our municipalities get only a small pittance, *viz.* Rs. 48; 92; 150 and so on by way of grants.

Mr. C. M. Joseph : ഇപ്പോഴും ഗ്രാൻറു കിട്ടാത്തതായ മുനിസിപ്പാലിററികളുമുണ്ടെന്നറിയാമല്ലോ.

Mr. M. N. Paramesvaran Pillai : അറിയാം. അതിനെപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞതല്ലോ.

Then, Sir, the death rates in our towns are increasing and hence Government must in future years show a greater recognition of the claims of sanitation on the resources of the State than it has done in the past. Travancore being chiefly an agricultural country there is very little scope for these municipalities to increase their local revenues to meet local needs. Time has arrived, as I said last year, for Government to consider whether it will not be desirable to transfer the land revenue within municipal limits to the various Municipal Councils. So long as that is not done, these so called self-governing bodies have naturally to depend upon Government for protection and help.

Lastly I have to state that the municipalities in the State do not receive from Government that amount of consideration and support which they deserve. Some municipalities, like that of Trivandrum, have even complaints that instead of helping them liberally with funds the Government are indirectly and in some cases illegally taking away from them large sums of money.

Chairman : May I remind the member that we are now at the Demand for Public Health ?

Mr. M. N. Paramesvaran Pillai: But, Sir, grants to municipalities are put under this Demand. If we look into the accounts of the last 15 years relating to pension contributions made by the Trivandrum Municipal Council towards the pension of its officers and employees, we will find that there remains with Government a surplus, (including principal and interest), of not less than a lakh of rupees after the actual payment of the pension liabilities. Neither will the Government surrender this amount to the Council nor will they allow it to make provision for the disbursement of pension directly, just as it is giving the salaries of its officers and employees.

Mr. C. M. Joseph: മ്യൂനിസിപ്പാലിററികൾക്ക് സപ്ലൈ ചെയ്യുന്നവാക്സിനിന് വിലകൊടുക്കണമെന്നറിയാമൊ?

Mr. M. N. Paramesvaran Pillai: അറിയാം.

Mr. A. Kumara Pillai: Does the member know that Government sanctioned half the cost for vaccination work?

Mr. M. N. Paramesvaran Pillai: Sir, I do not know that. If there is any such order it is well and good. But formerly municipalities used to pay from their funds the price of the vaccine purchased by them.

Similarly, the Government have been taking away from the municipal funds pension contribution towards the pension of its official President. Under Section 36 of the Municipal Regulation, V of 1095, the Council will be bound to pay pension contributions only in the case of Government Officers whose services have been lent to the Council at its request and not otherwise. And no President is sent to the Council at its request and in very many cases the Presidents have been sent there even against the Council's wishes. How are the Government then legally entitled to this contribution? If onl the Government gracefully return these amounts, the Municipal Council, Trivandrum, can easily possess a suitable building to house its office—a building which will be quite in proportion to the growing needs of the premier municipality in the State. In this connection, permit me, Sir, to say that orders some times issued by the Dewans are not obeyed by the departmental heads. I shall only point out one instance. The Government have decided long ago to hand over the site where the P. W. D. Telephone and Exchange Office at Tuckalai is held at present to the Padmanabhapuram Municipality to construct an office building o its own and the Chief Engineer was instructed to include in his departmental budget for 1109 funds for the construction of a new Telephone and Exchange office at the site selected in the Jail compound. This order still remains a dead letter and we have yet to see what our new Chief Engineer is going to do in the matter.

Chairman : How does it arise in this Demand ?

Mr. M. N. Paramesvaran Pillai: I do not propose to develop that point further. Now there is a talk, Sir, that Government are contemplating to import one from outside as the Director of Public Health. If it is so, we strongly deprecate and condemn this move on the part of Government. When we have got in our State several highly qualified men like Dr. Gopala Pillai, Dr. Krishnan Tampi, Dr. Kumaran Nayar, Dr. Karunakaran and others, one fails to see why our Government should go out of their way to import outsiders.

Mr. Tariatu Kunjitomman : ഹെൽത്തു സാനിട്ടറിയും ഡിപ്പാർട്ടുമെൻറുകാർ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും രോഗംപിടിപെടാതെ കാക്കുന്നതിനും ചുമതലപ്പെട്ടവരാണല്ലോ. എന്നാൽ ഇവർ നാട്ടുംപുറങ്ങളിൽവന്ന് ഉപദേശം നൽകുന്നുണ്ട്. ഇവരുടെ ഛായാദിപ്രദർശനങ്ങളും പ്രസംഗങ്ങളും മററും കൊണ്ട് ചിലരെല്ലാം അണുക്രിമികളെപ്പററിയും അവകൊണ്ടുണ്ടാകുന്ന രോഗങ്ങളെ പററിയും നിവാരണമാർഗ്ഗങ്ങളെപ്പററിയും മനസ്സിലാക്കുന്നു. എന്നാൽ സാനിട്ടറിവകുപ്പുകാർ പ്രത്യേകിച്ചും ഈ കാര്യത്തിൽ നാട്ടുംപുറത്തുകാരുടെ ഉപദേശകന്മാർ മാത്രമായെ കാണുന്നുള്ളു. അവർ പ്രവർത്തകന്മാരും കൂടിയായിരിക്കുവാൻ ചുമതലപ്പെട്ടവരാണ്. ഇവരുടെ നിർദ്ദേശങ്ങളെല്ലാം വേണ്ടവിധം ഇവർതന്നെ പ്രവർത്തിച്ചു കാണിക്കാത്തതുകൊണ്ട് നാട്ടിൻപുറത്തുകാർക്ക് വിശ്വാസം കുറഞ്ഞുപോകുന്നു. ഈ ഉദ്യോഗസ്ഥന്മാരുടെ ആവാസസ്ഥാനങ്ങളും പട്ടണങ്ങളാണല്ലോ. അവർ നാട്ടിൻപുറങ്ങളിൽ വരുമ്പോൾ മലംകുഴിച്ചു മൂടണമെന്നും, അല്ലെങ്കിൽ Hookworm പിടിപെടുമെന്നും ടൈഫോയിഡ്, ഡിസൻട്രി, കാളറ, മുതലായവ മലത്തിൽക്കൂടി പകരുമെന്നും പ്രത്യേകതരം കക്കൂസുകൾ ഉണ്ടാക്കണമെന്നും മനുഷ്യർ നടക്കുന്നിടത്തു മലമൂത്രവിസർജ്ജനം ചെയ്യരുതെന്നും പ്രസംഗിക്കും. ഈ ഏർപ്പാടുകളൊന്നും അവർ താമസിക്കുന്ന പട്ടണങ്ങളിൽ നടപ്പാക്കുന്നില്ല. നാട്ടുംപുറങ്ങളിൽ കാടുകൾ കാണുന്നതുകൊണ്ട് മലവും മററും കുഴിച്ചുമൂടുകപതിവില്ല. പട്ടണങ്ങളിൽ വരുന്ന നാട്ടുംപുറത്തുകാരൻ നോക്കുമ്പോൾ പട്ടണത്തിലെ എല്ലാറോഡുകളിലും ഓടകളിലും മലമൂത്രവിസർജ്ജനം സാധാരണയായിചെയ്യാറുണ്ടെന്നു കാണുന്നു. അതിനാൽ ഇവരുടെ ഉപദേശങ്ങളെ സാരമാക്കേണ്ടെന്നുള്ള ഒരു ഉദാസീനബുദ്ധി ഉണ്ടാകുന്നു. ഏതു പട്ടണത്തിലുള്ള റോഡുകളിലും രാവിലെ സഞ്ചരിക്കുന്നവക്കു മലവും മൂത്രവും അവിടവിടെ കാണാം. കുറെ

[Mr. Tariatu Kunjitomman.]

കഴിയുമ്പോൾ അവയെ മാററുന്നുണ്ടായിരിക്കും. പക്ഷെ മാററുന്നതിനു മുമ്പുതന്നെ വിസർജ്ജനം ചെയ്ത സ്ഥലത്തുനിന്നും അവ മഴപെയ്തൊലിച്ചും മററും സർവത്രവ്യാപിച്ചുകഴിയും. ഹുക്ക്‌വോം പകരാൻ ഈ വിധം സാനിട്ടറിക്കാരുടെ വാസസ്ഥാനമായ പട്ടണങ്ങളിലാണു അധിക ഭയ കഷ്ടമുള്ളതു്. ഇവർ നാട്ടുംപുറങ്ങളിൽ ഉപദേശിക്കുന്നമാതിരി ചില ആഴമേറിയ കക്കൂസുകളും മററും പട്ടണങ്ങളിൽ മാതൃകയായി ഉണ്ടാക്കിക്കരുതോ? അതൊന്നും ചെയ്യാതെ ഉപദേശിച്ചാൽ എന്തുഫലം? ഈ തലസ്ഥാനനഗരത്തിൽപോലും പുറമേ നിന്നുവരുന്നവർക്കു മലവിസർജ്ജനത്തിനു സാധാരണമായി രാത്രിയിൽ റോഡുതന്നെ ഉപയോഗിക്കേണ്ടിവരുന്നെങ്കിൽ മററു പട്ടണങ്ങളിലെ കഥപറയേണ്ടല്ലോ.

Mr. K. Madhavan Pillai : മുനിസിപ്പാലിററികളല്ലേ ഇതെല്ലാം ശ്രദ്ധിക്കേണ്ടതു്?

Mr. Tariatu Kunjitomman : മുനിസിപ്പാലിററികൾക്കും ഗവർമ്മെൻറിനും വിദഗ്ദ്ധോപദേശം നല്കി ചെയ്യിക്കേണ്ടതു പൊതുജനാരോഗ്യവും സാനിട്ടറിയും വകുപ്പുകാരാണ് അധിക ജനവാസവും, പുറത്തുനിന്നു ധാരാളം ആളുകൾ വരാൻ ഇടയുള്ളതിനാൽ പുറത്തുരോഗം വ്യാപിപ്പിക്കുവാൻ സൌകര്യവുമുള്ള പട്ടണങ്ങളെയാണ് ആദ്യം ശരിപ്പെടുത്തേണ്ടതു്.

ഇവിടെ ഏററവുംവലിയ പട്ടണത്തിൽ ചെന്നാലും സാമാന്യജനങ്ങൾ രാത്രികാലമാകുന്നതുവരെ മലവിസർജ്ജനത്തിനായി കാത്തിരിക്കയും രാത്രി റോഡിൽ മലവിസർജ്ജനം നടത്തുകയും ചെയ്യുന്നതായിതോന്നുന്നു

Mr. P. Padmanabhan Tampi : ചന്തസ്ഥലങ്ങളിൽ ഈ വിഷമം ഇല്ലേ ?

Mr. Tariatu Kunjitomman : ചന്തസ്ഥലങ്ങൾകൂടി ഉൾപ്പെടുത്തിയാണു സാധാരണ പട്ടണങ്ങൾ എന്നു പറയുന്നതു്. സാധാരണ ചന്തകളിരിക്കുന്ന സ്ഥലങ്ങൾ ചെറിയ പട്ടണങ്ങളായിരിക്കും. അതിനാൽ മലമൂത്രവിസർജ്ജനത്തിനുള്ള സൌകര്യങ്ങൾ എല്ലാപട്ടണങ്ങളിലും വരുത്തേണ്ടതു് അത്യാവശ്യമാണ്. ഇപ്പോൾ റോഡുകളിൽ മലമൂത്രവിസർജ്ജനം ചെയ്യുന്നവർ ശിക്ഷയ്ക്കു വിധേയരാണു. രോഗങ്ങളെ തടുക്കരുതെന്നാണു വൈദ്യശാസ്ത്രം വിധിച്ചിരിക്കുന്നതു്. മലമൂത്രവിസർജ്ജനത്തിനായി എല്ലാ പട്ടണങ്ങളിലും ആവശ്യമുള്ളിടത്തോളം കക്കൂ

സുകം സാനിട്ടറിക്കാരുടേയും ഹെൽത്തുകാരുടേയും ഉപദേശം അനുസരിച്ചു ശരിയായവിധത്തിൽ ഉണ്ടാക്കേണ്ടതാണു്. ഈ വലിയപട്ടണത്തിൽ വേണ്ടസ്ഥാനങ്ങളിലായി ഇരുപതു് കക്കൂസുകാം എങ്കിലും ഉടനെ ഉണ്ടാക്കണം. നാട്ടിൻപുറത്തെക്കാരം എത്രയോ കഷ്ടതരമാണു് ഈ തലസ്ഥാനത്തെ സ്ഥിതി.

Mr. N. K. Padmanabha Pillai: ഹെൽത്തു ഡിപ്പാർട്ടുമെൻറിലെ മേധാവിയുടെ ശുപാർശ അനുസരിച്ചു് ശരിയായ വിധം ഗവമ്മെൻറിൽനിന്നും ധനസഹായം ചെയ്യാത്ത ഒന്നു കാരണം കൊണ്ടാണു് തിരുവിതാംകൂറിൽ അത്രവളരെ പ്രയോജനം ഈ ഡിപ്പാർട്ടുമെൻറുകൊണ്ടുണ്ടാകാത്തതു്? കഴിഞ്ഞ ആണ്ടത്തെ ബഡ്ജററു പ്രസംഗത്തിൽ നെയ്യാററിൻകരയിൽ ഒരു ഹെൽത്തുയൂണിററു സ്ഥാപിച്ചിരിക്കുന്നതുപോലെ വേറൊരു ഹെൽത്തുയൂണിററു വടക്കൻ തിരുവിതാംകൂറിൽ എവിടെയെങ്കിലും സ്ഥാപിക്കുന്നതാണെന്നു് പറഞ്ഞിരുന്നു. എന്നാൽ ഈ ആണ്ടത്തെ ബഡ്ജററിൽ അതിനു് ഒരു കാശുപോലും അനുവദിച്ചുകാണുന്നില്ല. ഉത്തരതിരുവിതാംകൂറിൽ എവിടെയെങ്കിലും ഒരു ഹെൽത്തുയൂണിററു സ്ഥാപിക്കണമെന്നുള്ള ഉദ്ദേശത്തിൽ നെയ്യാററിൻകര ഹെൽത്തുയൂണിററു ഡാക്ടരെ ഉത്തരതിരുവിതാംകൂറിൽ അയച്ചു് വേണ്ട അന്വേഷണങ്ങളൊക്കെ നടത്തി അതിലേക്കായി കുറെ പണവും ചെലവാക്കി.

Mr. K. Madhavan Pillai: അതിലേക്കായി കുറെ ആളുകളെ ട്രെയിൻചെയ്തു വരുത്തിയില്ലയോ?

Mr. N. K. Padmanabha Pillai: കുറെ ആളുകളെ ട്രെയിൻചെയ്തു വരുത്തിയിട്ടുണ്ടു്. എത്രതാനും പേരെ കൽക്കട്ടയിൽ അയിച്ചിരിക്കുന്നു. ഇതു കൂടാതെ അനേക നഴ്സുകളെ നെയ്യാററിൻകര ഹെൽത്തു യൂണിററിൽ ട്രെയിൻചെയ്യിച്ചുവരുന്നു. ഹെൽത്തുയൂണിററുകാം പല സ്ഥലത്തും സ്ഥാപിച്ചു് അതിൻെറ പ്രയോജനം ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയില്ലെങ്കിൽ ഹെൽത്തു് ഡിപ്പാർട്ടുമെൻറുകൊണ്ടുള്ള ഗുണങ്ങാം യാതൊന്നും ജനങ്ങാംക്കു സിദ്ധിക്കുന്നതല്ല. നെയ്യാററിൻകരയിൽ ഹെൽത്തുയൂണിററു സ്ഥാപിച്ചിട്ടു് രണ്ടു കൊല്ലമായി. എൻെറ സ്നേഹിതൻ മി. ജോസഫ് പറഞ്ഞതുപോലെ ഈ യൂണിററ് ഏരിയയ്ക്കകത്തു ഇക്കൊല്ലം ഒരൊററ മസൂരിപോലും ബാധിച്ചിട്ടില്ല. ഇതുപോലെ മററുസ്ഥലങ്ങളിലും വാക്സിനേഷൻ നടത്തുന്നതിനുവേണ്ട പ്രചരണം നട-

[Mr. N. K. Padmanabha Pillai.]

ത്തിയാൽ വളരെ താമസിയാതെ മസൂരിയെ ഈ നാട്ടിൽനിന്നും ഓടിക്കാൻ കഴിയും. ഈ ഫലപ്രാപ്തിയിൽ ഇരിക്കുന്ന ഈ ഡിപ്പാർട്ടുമെൻറിനെ എന്തുകൊണ്ടാണ് വേണ്ടതരത്തിൽ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറു മടിക്കുന്നതു്?

Mr. A. Kumara Pillai: ഇപ്പോൾ ഈ രാജ്യമൊട്ടുക്കു ഒരു Vaccination Campaign നടക്കുന്നുണ്ടെന്നറിയാമോ?

Mr. N. K. Padmanabha Pillai: നടക്കുന്നുണ്ടു്. ഇപ്പോൾ വാക്സിനേറററന്മാരെ കൊണ്ടാണ് വാക്സിനേഷൻ നടത്തുന്നതു്, അതു പോരാ, അതിലേക്കു പ്രത്യേകം ട്രെയിൻ ചെയ്തുവരെകൊണ്ടുവേണം വാക്സിനേഷൻ നടത്താൻ.

Mr. J. John Kattakayam: ഉൾനാടുകളിൽ വാക്സിനേഷൻ നടത്തുന്നവർ പ്രതിഫലംകൂടി ആവശ്യപ്പെടുന്നുവെന്നറിയാമോ?

Mr. N. K. Padmanabha Pillai: എനിക്കറിഞ്ഞുകൂടാ. അങ്ങനെയാണെങ്കിൽ അതു വളരെ കഷ്ടമാണു്.

Mr. A. N. Visvanatha Pillai: വാക്സിനേഷൻ നടത്താൻ ചെല്ലുന്ന അവസരത്തിൽ ചിലർ ഓടിക്കളയുന്നുണ്ടെന്നറിയാമോ?

Mr. N. K. Padmanabha Pillai: അറിയാം. വാക്സിനേഷൻനടത്തേണ്ടതു സാധാരണ വാക്സിനേറററന്മാരെക്കൊണ്ടല്ലാ വേണ്ടതു. നെയ്യാററിൻകരയിൽ വാക്സിനേഷൻ നടത്തുന്നതു് സാനിറററി ഇൻസ്പെക്ടറന്മാർ ആണു്.

Mr. A. Kumara Pillai: ഇവിടെയുള്ള വാക്സിനേറററന്മാരെ, പ്രത്യേകം അതിലേക്കു പരിശീലിപ്പിച്ചിട്ടുണ്ടെന്നറിയാമോ?

Mr. N. K. Padmanabha Pillai: അവിടെയുള്ള വാക്സിനേററർക്കു വിശേഷാൽ യോഗ്യതയുണ്ടെന്നു എനിക്കു തോന്നുന്നില്ല.

Mr. A. Kumara Pillai: വാക്സിനേറററന്മാരെ ആറുമാസക്കാലം special training കൊടുത്തിട്ടല്ലയോ നിയമിച്ചുവരുന്നതു്?

Mr. N. K. Padmanabha Pillai: എന്നാൽ അവർ ശരിയായി പഠിച്ചമാതിരിയിലല്ല ഇപ്പോൾ വാക്സിനേഷൻ നടത്തുന്നതു്.

Mr. A. Kumara Pillai: അവർ ഹെൽത്തുഡിപ്പാർട്ടുമെൻറുകാർ കൊടുക്കുന്ന ഇൻസ്ട്രുമെൻറു് കൊണ്ടല്ലേ വാക്സിനേഷൻ നടത്തുന്നതു്?

Mr. N. K. Padmanabha Pillai: ആയിരിക്കാം. ഏതായാലും മുമ്പിലത്തെ രീതിയിലല്ലാ ഇപ്പോൾ സാനിററിഇൻസ്പെക്ടറന്മാർ വാക്സിനേഷൻ നടത്തുന്നതു്.

Mr. M. N. Paramesvaran Pillai: മുമ്പിലത്തെ രീതിയിൽ ശരിയായി വാക്സിനേഷൻ നടത്താത്തതു കൊണ്ടു് പല ആപത്തുകളും നേരിട്ടന്നുണ്ടെന്നറിയാമോ?

Mr. N. K. Padmanabha Pillai: അതേപ്പററി ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു.

Mr. J. John Kattakayam: ഈ കൗൺസിലിലെ മെമ്പറായ മി. എം. എൻ. നാരായണ മേനവൻെറ പ്രദേശത്തു് വാക്സിനേഷൻ നടത്തി ആറുമാസക്കാലം കഴിഞ്ഞിട്ടും പനി മാറാതെ നില്ക്കുന്നുണ്ടെന്നു പറഞ്ഞ കാര്യം മെമ്പർ ഓർക്കുന്നുവോ?

Mr. N. K. Padmanabha Pillai: അങ്ങിനെ ഇരിക്കാം. അതു് എന്തുകൊണ്ടാണെന്നു അറിയാൻ പാടില്ല.

Mr. A. N. Visvanatha Pillai: ഇപ്പോൾ വാക്സിനേററന്മാർ ശരിയായി സ്റ്റെറിലൈസ് ചെയ്യുന്നില്ലെന്നറിയാമോ?

Mr. N. K. Padmanabha Pillai: എൻെറ അഭിപ്രായവും അതുതന്നെയാണ്. സാനിററി ഇൻസ്പക്ററന്മാർ സ്റ്ററിലൈസ് ചെയ്താണ വാക്സിനേറവചെയ്യുന്നതു്.

Mr. M. N. Paramesvaran Pillai: ഈ തിരുവനന്തപുരത്തു് വാക്സിനേഷൻ നടത്തിയവരിൽ ചിലർക്കു് ആറുമാസം കഴിഞ്ഞിട്ടും പനി ഭേദമായിട്ടില്ലെന്നുള്ള വിവരം മെമ്പർക്കറിയാമോ?

Mr. N. K. Padmanabha Pillai: ഉണ്ടായിരിക്കാം.

Mr. K. Madhavan Pillai: ഹെൽത്തു യൂണിററിനകത്തു വാക്സിനേഷൻ മാത്രമാണോ ചെയ്യാറുള്ളതു്? പലതും ചെയ്യാറില്ലേ?

Mr. N. K. Padmanabha Pillai: വാക്സിനേഷൻ മാത്രമല്ലാ പലതും ചെയ്യാറുണ്ടു്. ഏതായാലും ഹെൽത്തു ഡിപ്പാർട്ടുമെൻറിൻെറ ശുപാർശ അനുസരിച്ചു് ഗവ[illegible]ൻറ വേണ്ട ധനസഹായംചെയ്തു നാടൊട്ടുക്ക ഹെൽത്തുയൂണിററ[illegible] സ്ഥാപിക്കണം. അങ്ങനെ ആയാൽ മെഡിക്കൽ ഡിപ്പാർട്ടുമെൻ[illegible] വേണ്ടി ഇത്രവളരെ ധനസഹായംചെയ്യേണ്ട ആവശ്യം വരുകയില്ല.

Mr. A. Kumara Pillai രാജ്യമൊട്ടുക്ക ഹെൽത്തുയൂണിററുകൾ ഏർപ്പെടുത്തുന്നതിനു എത്രരൂപ വേണം?

Mr. N. K. Padmanabha Pillai : അതു് ഫൈനാൻഷ്യൽ സെക്രിട്ടറിയോടു ചോദിച്ചാൽ അറിയാം.

Mr. C. M. Joseph : രാജ്യമൊന്നാകെ ഹെൽത്തുയൂണിററുകൾ പെട്ടെന്നു് സ്ഥാപിക്കണമെന്നുണ്ടോ?

Mr. N. K. Padmanabha Pillai : തൽക്കാലം പ്രധാനപ്പെട്ട സ്ഥലങ്ങളിൽ മാത്രം സ്ഥാപിച്ചാൽ മതിയാകും.

Mr. M. N. Narayana Menon : സർ, വടക്കൻ തിരുവിതാംകൂറിൽ ഒരു ഹെൽത്തു യൂണിററു സ്ഥാപിക്കാമെന്നു കഴിഞ്ഞതവണത്തെ ബഡ്ജററു് പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. എന്നാൽ അതിലേക്കു് ഒരു കാശുപോലും ഇത്തവണത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. നെയ്യാററിൻകരയിൽ ഒരു ഹെൽത്തുയൂണിററു സ്ഥാപിച്ച വിവരം അറിഞ്ഞു് അവിടെ പോയിനോക്കി. അവിടത്തെ പ്രവർത്തനങ്ങൾ വളരെ തൃപ്തികരമായിരിക്കുന്നു. ഇതുപോലെയുള്ള ഹെൽത്തുയൂണിററുകൾ രാജ്യത്തിന്റെ നാനാഭാഗത്തും സ്ഥാപിക്കേണ്ടതാണു്. ഒരു നിശ്ചിതകാലത്തിനകം രാജ്യമൊട്ടുക്കു ഹെൽത്തുയൂണിററു സ്ഥാപിക്കണമെന്നുള്ള സ്ഥിരമായ ഒരു നയം ഗവർമ്മെൻറു കൈക്കൊള്ളുന്നപക്ഷം വളരെ അധികം പണം ഇതിലേക്കു ചെലവഴിക്കേണ്ടിവരുമെന്നെനിക്കു തോന്നുന്നില്ല. നാം നമ്മുടെ വിദ്യാഭ്യാസത്തെപ്പററി വളരെ അധികം അഭിമാനിക്കുന്നു. എന്നാൽ ഈ വിദ്യാഭ്യാസംകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്? ആദ്യം നെയ്യാററിൻകരയിൽ ഒരു ഹെൽത്തുയൂണിററു സ്ഥാപിച്ചു; പിന്നീടു വടക്കൻ തിരുവിതാംകൂറിൽ ഒന്നു സ്ഥാപിച്ചു; അങ്ങനെ രാജ്യത്തിൽ ചില സ്ഥലങ്ങളിൽ പ്രധാനമായി ഹെൽത്തുയൂണിററുകൾ സ്ഥാപിക്കുകയും പിന്നെ ചെറിയ ചെറിയ യൂണിററുകൾ മററു ഭാഗങ്ങളിൽ സ്ഥാപിക്കുകയും ചെയ്താൽ അതു രാജ്യത്തിനു വളരെ പ്രയോജനകരമായിരിക്കും. മി. പത്മനാഭപിള്ള നെയ്യാററിൻകരയിലെങ്ങും മസൂരി ബാധിച്ചിട്ടില്ലെന്നു പറഞ്ഞു. ഇങ്ങനെയുള്ള ഏർപ്പാടുകൾ എത്രയും എളുപ്പത്തിൽ ചെയ്താൽ അതു വളരെ ശ്ലാഘ്യമായിരിക്കും. വാക്സിനേഷൻ നിർബന്ധിതമാക്കുന്നതിനു രാജ്യമൊട്ടാകെ പ്രചരണവേല നടക്കുന്നുണ്ടെന്നു ഗവർമ്മെൻറു മെമ്പർ പറയുകയുണ്ടായി. ഞാൻ അതിൽ സന്തോഷിക്കുന്നു. മസൂരി രോഗത്തിനു വാക്സിനേഷൻ നടത്തുന്നതുപോലെ ആരോഗ്യസംരക്ഷണത്തിനായി പ്രസംഗങ്ങൾ അവർ നടത്തുന്നതുകൊണ്ടും വളരെ പ്രയോജനമുണ്ടു്. എന്നാൽ ഇവിടെ ചിലർ പ്രസ്താവിച്ചതുപോലെ

ചില ആളുകൾ വാക്സിനേഷൻ എന്നു കേൾക്കുമ്പോൾ വളരെ ഭയപ്പെടുന്നു. വാക്സിനേറ്ററന്മാരെ കണ്ടാൽ അവർ ഓടിഒളിക്കുന്നു. നമ്മുടെ രാജ്യത്തു പീരുമേട്, ദേവികുളം, രണ്ടു താലൂക്കൊഴികെ മറ്റെല്ലാ താലൂക്കുകളിലും ധാരാളം സ്കൂളുകളുണ്ട്. ഈ സ്കൂളുകളിലും സാമാന്യജനങ്ങളുടെ ഇടയിലും വാക്സിനേഷൻ നടത്തുന്നതു നല്ലതാണെന്നുള്ള വിദ്യാഭ്യാസം കൊടുത്തിരുന്നാൽ ഈ ഭയമൊക്കെ പോകുമായിരുന്നു.

ഇവിടെ മദ്യം, ബീഡി പുകയില മുതലായവ ഉപയോഗിക്കുന്നതു കൊണ്ട് നമ്മുടെ കുട്ടികളുടെ ആരോഗ്യം ക്ഷയിക്കുന്നുവെന്ന് ചില സ്നേഹിതന്മാരും പ്രസ്താവിക്കയുണ്ടായി. അങ്ങനെയുള്ള ദോഷങ്ങളുടെ നിവാരണത്തിനായി ഈ പ്രാസംഗികന്മാർ പ്രസംഗിച്ചാൽ അതു വളരെ പ്രയോജനകരമായിരിക്കും. അതോടുകൂടി കാപ്പി, ചായ, മുതലായ പാനീയങ്ങളുടെ ഉപയോഗം നിർത്തി, കരിക്ക് ഉപയോഗിക്കുന്നതിനെപ്പററിയും ഇവർ പ്രസംഗങ്ങൾ നടത്തണം.

Mr. A. N. Visvanatha Pillai : കരിക്കിൻവെള്ളം കാപ്പിയെയും തേയിലയെയുംകാൾ ആരോഗ്യത്തിനു നല്ലതല്ലേ ?

Mr. M. N. Narayana Menon : ആണെന്നാണെൻെറ വിശ്വാസം.

പബ്ലിക്ഹെൽത്തു് ഡിപ്പാർട്ടുമെൻറിൻെറ മേധാവിയായി വിദേശത്തുനിന്നും ആരെയോ വരുത്താൻ പോകുന്നുവെന്നു ഇവിടെ ചിലർ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ, ഞാൻ അതിനെ പ്രതിഷേധിക്കുന്നു. നമ്മുടെ രാജ്യത്തു് ഈ ഡിപ്പാർട്ടുമെൻറിൻെറ മേധാവിയായിരിക്കുവാൻ യോഗ്യതയുള്ള ആളുകൾ ധാരാളമുണ്ട്. അതുകൊണ്ട് വിദേശത്തുനിന്നും ഒരാളിനെ വരുത്തേണ്ട ആവശ്യമില്ല; നമ്മുടെ ഇപ്പോഴത്തെ ധനസ്ഥിതി അതിനനുവദിക്കുന്നുമില്ല.

Mr. A. Kumara Pillai : Sir, only one member, on the other side of the House, opposed this demand.

Mr. John Kattakayam brought to the notice of the House about the filth y condition of the Trivandrum City. I have to reply him that we are now moving a Demand under Public Health. There is a separate Demand under Municipalities and when that Demand is moved this question will be considered and a reply given.

Mr. M. N. Paramesvaran Pillai: May I ask the member to point out the Eemand under Municipalities ?

Mr A. Kumara Pillai : The grant to municipalities comes under 38—Miscellaneous.

Mr. M. N. Paramesvaran Pillai : May I point out to the honourable member that the grant to Municipalities is included under Demand No. XXIII at page 153 of the budget ?

Mr. A. Kumara Pillai : The Demand referred to by the honourable member relates to grants to municipalities under mosquito control and not to the municipality proper.

Then Mr. Kattakayam stressed about the unhealthy nature of the Health Unit at Neyyattinkara. He himself has admitted that he has not gone to Neyyattinkara and witnessed the condition and working of the Health Unit. Therefore his opinion on that point need not be considered.

Mr. C. M. Joseph eulogises the work of the Public Health Department. He points out the necessity for considering the activities of the Health Department which would lead to the longevity of life. I may assure him that their chief aim is towards the achievement of that point.

Mr. M. N. Paramesvaran Pillai : May I know whether there is any proposal to get down an outsider as the Director of Public Health ?

Mr. A. Kumara Pillai : Government have not considered about that.

Mr. M. N. Paramesvaran Pillai : Is there any proposal before the Government ?

Mr A. Kumara Pillai : There is a proposal ; but Government have not considered about the same.

Mr. M. N. Paramesvaran Pillai : May I know from the honourable member whether there is any application from anybody for the place from outside ?

Mr. A. Kumara Pillai : There is no application.

Mr. P. Padmanabhan Tampi : May I know from whom did the proposal come ?

Mr. A Kumara Pillai : From the Honorary Adviser of Public Health.

Mr. M. N. Paramesvaran Pillai : May I know whether he has got any superior qualification for the post ?

Mr. A. Kumara Pillai : Government have not considered about the matter.

Mr. M. N. Paramesvaran Pillai : May I know whether the application was rejected ?

Mr. A. Kumara Pillai : Government have not considered it.

Mr. M. N. Paramesvaran Pillai : May I know whether the candidate who was recommended by the Director has got more superior qualifications than the men who are now in service ?

Mr. A. Kumara Pillai : The qualifications of that particular individual are not fully known to Government.

Mr. M. N. Paramesvaran Pillai : May I know from the member whether any mention is made about the qualification of that candidate in the recommendations made by the Director ?

Mr. A. Kumara Pillai : I do not exactly remember it.

Mr. Narayana Aiyar brought to the notice of this House that the Public Health Department does not attend to the sanitation of rural areas. There are Conservancy Towns and Village Panchayats to attend to the sanitation of the rural areas. Government have sanctioned eight Village Panchayats ; and six of them are in full working condition. In course of time more Panchayats may be instituted. If Government find that they are working well the number will be increased and more powers will be given to these Panchayats and they will attend to the rural sanitation properly.

Mr. A. N. Visvanatha Pillai : കടലോരങ്ങളിൽ കുടിക്കുന്നതിനു വെള്ളം കിട്ടാത്ത സ്ഥലങ്ങളുണ്ടെന്നറിയാമോ?

Mr. A. Kumara Pillai : ചിലെടത്തു നല്ല വെള്ളം കിട്ടുകയില്ലെന്നു അറിയാം.

Mr. A. N. Visvanatha Pillai : അതിനു ഗവണ്മെൻറു എന്തുചെയ്തു?

Mr. A. Kumara Pillai : ഗവണ്മെൻറു അതേപ്പറ്റി ആലോചിക്കുന്നുണ്ട്.

Mr. M N. Paramesvaran Pillai : ചെങ്കോട്ട മുതലായ സ്ഥലങ്ങളിൽ കുടിക്കുവാൻ വെള്ളം കിട്ടുന്നില്ലെന്നും അതിനു പൈപ്പുവഴി അവിടെ വെള്ളം കൊണ്ടുവരാതെ നിവർത്തിയില്ലെന്നും മെമ്പക്കറിയാമോ?

Mr. A. Kumara Pillai : അതേപ്പറ്റി അറിയാൻ പാടില്ല.

Mr. P. Padmanabhan Tampi : Is there any proposal for sinking wells in the Eraniel taluk ?

Mr. A. Kumara Pillai : Yes ; and the Public Health Department is attending to that.

Mr. M. N. Paramesvaran Pillai brought to the notice of this House the insufficiency of grants to municipalities. As I said before the question will be answered when the Municipal Demand is taken up by the House.

[Mr A. Kumara Pillai.]

Mr. Kunjitomman brought to the notice of this House that more latrines, on scientific lines, should be constructed in the Trivandrum town. Government have recently sanctioned the construction of three or four latrines on modern lines in the town of Trivandrum and these will be constructed very soon.

Mr. K. Madhavan Pillai : Will there be separate compartments for men and women under the present system or plan?

Mr. A. Kumara Pillai : I think that there will be separate rooms in the latrines.

Then Mr N. K. Padmanabha Pillai spoke about a Health Unit in North Travancore. There is already a Health Unit at Neyyattinkara and Government are watching the progress of that Unit. When financial conditions improve and after watching the working of the Neyyattinkara Unit for sometime more, they will consider the question of starting new Health Units in North Travancore.

Mr. N. K. Padmanabha Pillai : നെയ്യാററിൻകരയിൽ സ്ഥാപിച്ച ഹെൽത്തു യൂണിററിനെപ്പററി യാതൊരഭിപ്രായവുമില്ലാതെയാണോ വടക്കൻ തിരുവിതാംകൂറിൽ ഒരു ഹെൽത്തുയൂണിററു സ്ഥാപിക്കാമെന്നു അന്നു് പറഞ്ഞതു്?

Mr. A. Kumara Pillai : Government want to watch the progress of the activities of the Neyyattinkara Health Unit for sometime more before they start another in North Travancore.

Mr. N. K. Padmanabha Pillai : ഹെൽത്തുയൂണിററുസ്ഥാപിച്ചു് ഒരു കൊല്ലം കഴിഞ്ഞിട്ടല്ല വടക്കൻതിരുവിതാംകൂറിൽ ഈ മാതിരി ഒരു ഹെൽത്തു യൂണിട്ടുസ്ഥാപിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു പറഞ്ഞതു്?

Mr. A. Kumara Pillai : Yes.

Mr. N. K. Padmanabha Pillai : മുമ്പിലത്തെക്കാളും കുറെ കുറവായിട്ടാണോ ഹെൽത്തുയൂണിററിൻെറ ഇപ്പോഴത്തെസ്ഥിതി?

Mr. A. Kumara Pillai : It is not known that the usefulness of the Neyyattinkarai Health Unit to the public is commensurate with the money spent on it.

Dr. K. Madhavan Pillai : Am I to understand that the Government are dissatisfied with the work of the Health Unit at Neyyattinkara?

Mr. A. Kumara Pillai : I do not say that the Government are dissatisfied with the working of the Health Unit.

Mr. N. K. Padmanabha Pillai : ഏതു വിധത്തിലാണു കുറവെന്നറിഞ്ഞാൽകൊള്ളാം?

Mr. A. Kumara Pillai: The usefulness of the Health Unit does not seem to be fully appreciated by the people.

Mr. N. K. Padmanabha Pillai : ഹെൽത്ത് സംഗതിയെ സംബന്ധിച്ച് അവിടെ പല ജോലികൾ നടക്കുന്നുണ്ട്. ഏതിലാണ് കൂടുതലായ ഗുണമൊന്നും കാണാത്തതെന്നറിഞ്ഞാൽകൊള്ളാം?

Mr. A. Kumara Pillai : Without spending large amounts of money similar good things can be done in other places without instituting Health Units.

Mr. A. N. Visvanatha Pillai : എന്തുമാത്രം ചെലവുചെയ്തതിന്റെ ശേഷമാണ് ഗവൺമെന്റ ഇതു മനസ്സിലാക്കിയതു്?

Mr. A. Kumara Pillai : രണ്ടുവർഷത്തെ പണം ചെലവുചെയ്തതിനുശേഷം.

Mr. N. K. Padmanabha Pillai: എന്നിട്ടെന്താണു മനസ്സിലാക്കിയതു് ?

Mr. A Kumara Pillai : കൂടുതൽ പണം ചെലവുചെയ്താൽ അതിനനുസരണമായ പ്രയോജനം ജനങ്ങൾക്ക് സിദ്ധിക്കുന്നു എന്നു അവർ അറിയാമൊ എന്നുള്ള കാര്യം സംശയമായിരിക്കുന്നു.

Mr. N. K. Padmanabha Pillai : ഹെൽത്തു യൂണിററിൽ എന്തുദോഷമാണുകണ്ടതു്?

Mr. A. Kumara Pillai : ഹെൽത്തുയൂണിററു കൊണ്ടു ദോഷം ഉണ്ടായിഎന്നു ഞാൻപറയുന്നില്ലാ.

Mr. N. K. Padmanabha Pillai : ഇപ്പോഴുള്ള ഹെൽത്തുയൂണിററിൽ കണ്ട കുറവെന്താണ്? അവിടെപലതരം ജോലിനടക്കുന്നു. അതിൽ ഏതാണു ഗവണ്മെൻറിനു തൃപ്തികരമായി തോന്നാത്തതു്?

Mr. A. Kumara Pillai : ഹെൽത്തു യൂണിററിന്റെ നടത്തിപ്പിൽ വലിയ കുറവുണ്ടെന്നു ഞാൻ പറയുന്നില്ല. ജനങ്ങൾക്കു അതിൽ നിന്നും എന്തു മാത്രം പ്രയോജനം ലഭിക്കുന്നു എന്നു അറിയാൻ പാടില്ലാ.

Chairman: I put Demand XVII—Public Health and Sanitation, for Rs. 2,45,985.

The grant was made.

DEMAND XVIII—REGISTRATION.

Rao Sahib Dr. N. Kunjan Pillai: Sir, I move that Government be granted a sum of Rs. 3,16,249 under Demand XVIII—Registration.

Mr. J John Kattakayam: സർ, ഈ ഡിമാൻറിനെ ഞാൻ എതിക്കുന്നു. ഈ സാമ്പത്തികാധഃപതനമുള്ള ഇക്കാലത്തു ആധാരം രജിസ്റ്റർ ചെയ്യുവാൻ കച്ചേരിയിൽ ചെല്ലുന്ന ആളുകൾ അനുഭവിക്കുന്ന വിഷമങ്ങളെപ്പററി അല്പമൊന്നു പറയണമെന്നു ഞാൻ വിചാരിക്കുന്നു. കച്ചേരികളിൽ ആധാരം രജിസ്റ്റർ ചെയ്യാൻ ചെല്ലുന്നവർ ആദ്യമായി ഹെഡ് ഗുമസ്ഥനെ ഒന്നു കാണണം. ആധാരം എടുക്കുന്നതിനു തന്നെ പ്രത്യേകം ചില നിബന്ധനകളെല്ലാം കാണും. ആധാരം അധികം രജിസ്റ്റർ ചെയ്യുവാനുള്ള കാലങ്ങളിൽ ആധാരം ഒന്നിനു ഇന്നതു കൊടുക്കണമെന്നു വ്യവസ്ഥയുണ്ട്. അതു നേരിട്ടു വാങ്ങിക്കുന്നതിനൊ അതില്ലെങ്കിൽ കീഴ്സിൽബന്തികൾ മൂലം നേരത്തെ നിർദ്ദിഷ്ടസ്ഥാനങ്ങളിൽ എത്തിച്ചു കൊടുക്കുന്നതിനൊ ഉള്ള സ്വാതന്ത്ര്യംകൊടുത്തിരിക്കുന്നതും ഒരു വക അനുഗ്രഹമത്രെ ഹെഡ്ഗുമസ്ഥനെ ഏല്പിക്കുന്ന പതിവും ഉണ്ടത്രെ. ഇങ്ങനെ പലവിധത്തിലാണ് ഈ വക സംഗതികൾ നടക്കുന്നതു്. അങ്ങനെ ചെയ്താലെ കക്ഷിക്കു കാര്യസാദ്ധ്യമുള്ളു. അല്ലാത്തപക്ഷം എങ്ങിനെയും അസൌകര്യം തന്നെ. ഓരോ ദിവസങ്ങളിൽ ആധാരമെടുക്കാൻ ഓരോ സമയം വച്ചുകൊണ്ടു ദക്ഷിണ കൊടുക്കാത്തവൻെറ ആധാരം ഒടുവിൽ എടുക്കയുമില്ല. ഇങ്ങനെ എട്ടും പത്തും ദിവസങ്ങൾ കക്ഷികൾ ആധാരം രജിസ്റ്റർ ചെയ്തു കിട്ടുവാൻ വേണ്ടി കാത്തുകെട്ടി കിടക്കണം. ഇതു കൂടാതെ ഒത്തുനോക്കു ഫീസ് എന്നൊരു ഫീസുണ്ട്. ഈ ഫീസ് ആഫീസ് ഹെഡ്ഗുമസ്ഥനു കൊടുക്കണം. ഉത്തരതിരുവിതാംകൂറിലെ കണക്കു പറയുകയാണെങ്കിൽ സാധാരണ നാലുചക്രമാണു ഒത്തു നോക്കു ഫീസായിവച്ചിരിക്കുന്നതു്. പിന്നെ വട്ടവാശി എന്നൊരു ഇനമുണ്ട്. മുദ്രവിലയും രജിസ്റ്റർ ഫീസുമെല്ലാം ബ്രിട്ടീഷു രൂപയായി കൊടുക്കും. അവയുടെ വട്ടവാശി അങ്ങെടുത്തുകൊള്ളും.

Mr. K. Madhavan Pillai: വട്ടവാശി തിരിയെ കൊടുക്കുന്ന രജിസ്ത്രാരന്മാരും ഉണ്ടെന്നു മെമ്പൎക്കറിയാമോ?

Mr. J. John Kattakayam: കൊടുക്കാത്തവരെയാണ് എനിക്കു അധികപരിചയമുള്ളതു. നല്ല ആളുകൾ തിരിയെ കൊടുക്കുമാ

യിരിക്കാം. അവരെപ്പററിയല്ല ഞാൻ പറഞ്ഞതു്. നല്ല ആളുകൾ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കാണാം. അതു അംഗുലപരിമിതമത്രെ.

Mr. R. Nilakanta Pillai: രജിസ്ട്രേഷൻ ഫീസ് ബ്രിട്ടീഷ്രൂപയാക്കുന്നതിൽ വിരോധമുണ്ടോ?

Mr. J. John Kattakayam: ഇപ്പോഴത്തെ പ്രസ്താവനകൾ നൂപമായി മേലാലും നടന്നുകൊണ്ടിരിക്കുന്ന പക്ഷം അങ്ങിനെ ചെയ്യുന്നതിൽ ഒരു വിരോധവുമില്ല. നമ്മുടെ ഗവണ്മെൻറിനല്ലേ അതും കൂടി കിട്ടുന്നതു് എന്നെങ്കിലും സമാശ്വസിക്കാമെല്ലൊ.

Mr. A. N. Visvanatha Pillai: ഇപ്പോഴുള്ള ഫീസ്സിൽ കുറവായി വരുന്ന ബ്രിട്ടീഷ് രൂപ ഫീസു ചുമത്തണമെന്നല്ലേ മെമ്പർ പറഞ്ഞതു്?

Mr. J. John Kattakayam: അങ്ങനെ ചെയ്താൽ അതു ഒരു വലിയ ഉപകാരമാകും.

